# നവകേരളത്തിനായി നഗരസഭകൾ

നഗരസഭ ജനപ്രതിനിധികൾക്കുള്ള
കൈപ്പുസ്തകം

3

## വികേന്ദ്രീകൃതാസൂത്രണവും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും

Decentralized Planning & Centre-State Sponsored Schemes

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
KERALA INSTITUTE OF LOCAL ADMINISTRATION (KILA)

www.kila.ac.in
ഡിസംബർ 2020

| | |
|---|---|
| വികേന്ദ്രീകൃതാസൂത്രണവും<br>കേന്ദ്രസംസ്ഥാനാവിഷ്കൃത<br>പദ്ധതികളും | Decentralized Planning<br>& Centre-State Sponsored<br>Schemes |
| *ചീഫ് എഡിറ്റർ*<br>ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | *Chief Editor*<br>Dr. Joy Elamon<br>Director General, KILA |
| *എഡിറ്റർ*<br>ഡോ. സണ്ണി ജോർജ്ജ്<br>പ്രൊഫസർ, അർബൻ പ്ലാനിംഗ്, കില | *Editor*<br>Dr. Sunny George<br>Professor, Urban Planning, KILA |
| *അസോസിയേറ്റ് എഡിറ്റേഴ്സ്:*<br>ശ്രീ. എം. രേണുകുമാർ<br>ശ്രീ. പി.എം. ദേവരാജൻ<br>അഡ്വ. ടി.എസ്. സെയ്ഫുദ്ദീൻ<br>ശ്രീ.ആർ. ബാലഗംഗാധരൻ | *Associate Editors:*<br>Shri. M. Renukumar<br>Shri. P.M. Devarajan<br>Adv. T.S. Saifudeen<br>Shri. R. Balagangadharan |
| *രചനയിൽ സഹായിച്ചവർ:*<br>ശ്രീ. കെ.വി.ഗോവിന്ദൻ<br>ശ്രീ.കെ.കെ.രവി<br>ശ്രീ.എം.രേണുകുമാർ<br>ശ്രീമതി.നേഹ മിറിയം കുര്യൻ<br>ശ്രീ.സുബോധ് സുന്ദരേശൻ<br>പ്രൊഫ.കെ.ബാലഗോപാലൻ<br>ശ്രീ. പി. അജയകുമാർ<br>ശ്രീമതി. എസ്. ശരണ്യ<br>ശ്രീ. കെ.വി. അബ്ദുൽ മാലിക് | *Contributors:*<br>Shri. K.V. Govindan<br>Shri. K.K. Ravi<br>Shri.M.Renukumar<br>Smt. Neha Mariyam Kurian<br>Shri. Subodh Sundharesan<br>Prof. K. Balagopalan<br>Shri. P. Ajayakumar<br>Smt. S. Saranya<br>Shri. K.V. Abdul Malik |
| *നിർവഹണ ഏകോപനം*<br>മാത്യു ആൻഡ്രൂസ്<br>അസിസ്റ്റന്റ് ഡയറക്ടർ, കില | *Production Coordination*<br>Mathew Andrews<br>Assistant Director, KILA |
| *പ്രസാധനം*<br>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ<br>അഡ്മിനിസ്ട്രേഷൻ (കില)<br>മുളംകുന്നത്തുകാവ്, തൃശൂർ 680581<br>ഫോൺ: +914872207000, 2201312<br>ഫാക്സ്: +914872201062<br>ഇമെയിൽ: info@kila.ac.in<br>വെബ്സൈറ്റ്: http://www.kila.ac.in | *Published by*<br>Kerala Institute of Local<br>Administration (KILA)<br>Mulamkunnathukavu,Thrissur- 680581<br>Phone: +91-487-2207000-, 2201312<br>Fax: +91-487-2201062<br>Email: info@kila.ac.in<br>Website: http://www.kila.ac.in |
| *കവർ ഡിസൈൻ*<br>ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ് | *Cover Design*<br>Godfrey's Graphics |
| *അച്ചടി*<br>ഗ്രാമലക്ഷ്മി മുദ്രാലയം<br>ഡിസംബർ 2020 | *Printed at*<br>Gramalakshmi Mudralayam<br>December 2020 |


*Copyright: Everyone can use this for noncommercial public purpose with acknowledgement to KILA*



കേരള സർക്കാർ


**പിണറായി വിജയൻ**
മുഖ്യമന്ത്രി


നം.662/പ്രസ്/സി.എം.ഒ/2020. ഡിസംബർ 4, 2020.

# സന്ദേശം

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ജനങ്ങളുമായി നേരിട്ട് ഇടപെടുവാനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനും കഴിയുന്നത് പ്രാദേശികഭരണ സംവിധാനത്തിലൂടെയാണ്. അതുകൊണ്ടു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്.

സുസ്ഥിരവും സർവ്വതോമുഖവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസന പ്രക്രിയയിലൂന്നിയ ഒരു നവകേരള സൃഷ്ടിക്കായാണ് 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. നവകേരള കർമ്മപരിപാടിയുടെ ഭാഗമായുള്ള ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം തുടങ്ങിയവയെല്ലാം നടപ്പാക്കുന്നതും തദ്ദേശസ്വയംഭരണ സംവിധാനം വഴിയാണ്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് സാധിക്കണം.

പ്രാദേശിക ഭരണസംവിധാനം ശക്തമാക്കുന്നതിന് കാര്യശേഷി വികസനം അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ട് കില തയ്യാറാക്കിയ എട്ട് കൈപ്പുസ്തകങ്ങളുടെ സമാഹാരം ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ 695 001
വസതി ക്ലിഫ് ഹൗസ്, ഫോ 0471 2318406, 2314853
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489
chiefminister@kerala.gov.in | facebook.com/cmokerala twitter.com/cmokerala | www.keralacm.gov.in



കേരള സർക്കാർ

**എ.സി. മൊയ്തീൻ**

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി
കേരള സർക്കാർ

# സന്ദേശം

**2020–2025** കാലയളവിലേക്ക് കേരളത്തിലെ പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ഹൃദ്യമായ ആശംസകൾ! ജനങ്ങൾ തങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രതീക്ഷകളും സാക്ഷാത്ക്കരിക്കുവാൻ നിങ്ങളോരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് കരുതുന്നു.

1996–ൽ അധികാരത്തിൽ വന്ന നായനാർ സർക്കാർ നടപ്പിലാക്കിയ ജനകീയാസൂത്രണ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തീക മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ മാതൃകാപരമാണ്. കേരളം നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണത്തിലൂടെ ശക്തമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. ഇതിന്റെ ഫലമായി, ജനാഭിലാഷം കണ്ടറിഞ്ഞ് ഒട്ടേറെ നൂതനാശയങ്ങൾ പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കി വരുന്നു. 2017–ൽ ആരംഭിച്ച നവകേരളത്തിനായി ജനകീയാസൂത്രണവും നവകേരള കർമ്മപരിപാടിയും വിവിധ ദൗത്യങ്ങളും ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകർന്ന് മുമ്പോട്ടു പോകുന്നു. 25 വർഷം പൂർത്തിയായ ജനകീയാസൂത്രണ പ്രസ്ഥാനം ഇന്ന് രാജ്യത്തിന് തന്നെ മാതൃകയാണ്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഭരണ സംവിധാനങ്ങളെ അപേക്ഷിച്ച് ജനങ്ങളുമായി കൂടുതൽ ഇഴുകിചേർന്ന് അവരുടെ വികസനാവശ്യങ്ങളെ യഥാർത്ഥ ബോധത്തോടെ സമീപിക്കാനും ഉൾക്കൊള്ളാനും പഞ്ചായത്തുരാജ് ഭരണ സംവിധാനത്തിന് കഴിയുമെന്നത് നിസ്തർക്കമാണ്. ഇപ്രകാരം ജനപ്രതീക്ഷയ്ക്ക് ഒത്ത് ഉയരാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും തക്കവിധം ജനാധിപത്യ ഭരണസംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ അതിന്റെ രണ്ടു ഘടകങ്ങളായ ജനപ്രതിനിധി സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും ഒരേപോലെ കാര്യക്ഷമമാകണം.

നമുക്കെല്ലാം അറിയാവുന്നതുപോലെ ലോകം ഇന്ന് കോവിഡ് 19 എന്ന മഹാമാരിയുടെ പിടിയിലാണ്. തീർച്ചയായും മനുഷ്യകുലം ഈ മഹാമാരിയെ അതിജീവിക്കുക തന്നെ ചെയ്യും. പുതിയ കാലത്തിനനുസൃതമായ തരത്തിൽ തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ ആവശ്യമായ പരിശീലനം നല്കുന്നതിന് കില, കൈപ്പുസ്തകങ്ങളും പുതിയ പഠനരീതികളും ഒരുക്കിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഈ കൈപ്പുസ്തകങ്ങൾ പ്രാപ്തരാക്കും എന്നതും നിസ്തർക്കമാണ്. ജനപ്രതിനിധികൾക്കായി വികേന്ദ്രീകൃതാസൂത്രണവും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയെ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തണമെന്ന് എല്ലാ ജനപ്രതിനിധികളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം
01.12.2020

സസ്നേഹം,



എ.സി. മൊയ്തീൻ



**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# അവതാരിക

കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം കാൽ നൂറ്റാണ്ട് പൂർത്തീകരിച്ചിരിക്കുന്നു. കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ഭരണത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനും രാജ്യവും ലോകവും ഉറ്റുനോക്കുന്ന വികസനത്തിന്റെ മാതൃകാ സംസ്ഥാനമായി മാറാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി നിലകൊള്ളുകയാണ്. 73, 74 ഭരണഘടനാ ഭേദഗതികൾക്ക് ശേഷം, ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ കേരളത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനമാണ് നമ്മുടെ സംസ്ഥാനത്തെ രാജ്യത്തിന്റെ ഇതര പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമാക്കിയത്. ഒട്ടേറെ വികസന മാതൃകകൾ സൃഷ്ടിക്കാൻ നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. പ്രാദേശിക സർക്കാരുകളുടെ ഏറ്റവും മഹത്തായ സ്വഭാവവിശേഷം അവയ്ക്ക് ജനങ്ങളുമായുള്ള അടുപ്പം തന്നെയാണ്. ജനകീയാസൂത്രണത്തിനൊപ്പം മറ്റ് നിരവധി നടപടികളും അന്നുമുതൽ കൈക്കൊള്ളുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനമാണ് 1996-ൽ തന്നെ രൂപീകരിച്ച സെൻ കമ്മിറ്റിയും അവരുടെ റിപ്പോർട്ടിൻപ്രകാരമുള്ള തുടർ നടപടികളും. 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. അതോടൊപ്പം, പുതിയ കേരള സൃഷ്ടിക്കായി നവകേരള കർമ്മ പരിപാടി പ്രഖ്യാപിക്കപ്പെട്ടു. അതിന്റെ ഭാഗമായി ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിത കേരളം എന്നീ ദൗത്യങ്ങളും പ്രവർത്തനമാരംഭിച്ചു. ഇവയെല്ലാം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഔന്നത്യത്തിലെത്തിച്ചു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭാ ജനപ്രതിനിധികൾക്ക് അവരുടെ പ്രവർത്തന തുടക്കത്തിൽ തന്നെ ഈ പരിശീലനം നൽകേണ്ടതുണ്ട്. മുൻകാലങ്ങളിൽ കില ഈ പ്രവർത്തനം സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുണ്ട്.

ഇന്ന് നമ്മെ വലയം ചെയ്തിരിക്കുന്ന കോവിഡ്-19 എന്ന മഹാമാരിയുടെ കാലത്തിനും വരാനിരിക്കുന്ന കോവിഡാനന്തര കാലത്തിനും അനുയോജ്യ മായ പ്രവർത്തനങ്ങൾക്കുതകുന്ന പരിശീലന പരിപാടികളും കൈപ്പുസ്തക ങ്ങളുമാണ് കില രൂപം നല്കിയിരിക്കുന്നത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭാ ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും വിധം തയ്യാറാക്കിയ വി കേന്ദ്രീകൃതാസൂത്രണവും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും എന്ന ഈ കൈപ്പുസ്തകം രൂപപ്പെടുത്തുന്നതിന് നേതൃത്വം നല്കിയ പ്രൊഫ. സണ്ണിജോർജ്ജിനെയും അദ്ദേഹത്തോടൊപ്പം ഈ സംരംഭത്തിൽ പങ്കാളിക ളായ കില ടീം അംഗങ്ങളെയും അഭിനന്ദിച്ചുകൊണ്ട് ഈ പുസ്തകം ഞാൻ കിലയ്ക്കുവേണ്ടി സമൂഹത്തിന് മുമ്പാകെ സമർപ്പിക്കുന്നു.

ഡോ. ജോയ് ഇളമൺ



**ഡോ. സണ്ണി ജോർജ്ജ്**
പ്രൊഫസർ, അർബൻ പ്ലാനിംഗ്, കില

# ആമുഖം

**73, 74** ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ നടപ്പിൽ വന്ന അധികാരവികേന്ദ്രീകരണ ഭരണസംവിധാനങ്ങളും വികേന്ദ്രീകരണ ആസൂത്രണവും മറ്റ് രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും മാതൃകയായി തീരുകയും വിജയം കൈവരിക്കുകയും ചെയ്തതിന്റെ പ്രധാന ഹേതുക്കളിൽ ഒന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവർക്കും വിവിധ മേഖലകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരന്തര പരിശീലനങ്ങളാണ്. ഇതിന് നേതൃത്വം നല്കിയ സ്ഥാപനങ്ങളിൽ മുൻനിരയിൽ നില്ക്കുന്നത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ അഥവാ കില യാണ്. ഓരോ തെരഞ്ഞെടുപ്പിനു ശേഷവും പുതിയ ജനപ്രതിനിധികൾക്ക് പരിശീലനം ആരംഭിക്കുകയും അവരുടെ ഭരണ കാലാവധി അവസാനിക്കും വരെ തുടർപരിശീലനം നല്കി കൊണ്ടിരിക്കുകയും ചെയ്യുക എന്നത് കില വർഷങ്ങളായി തുടർന്നു വരുന്ന നടപടിക്രമമാണ്. അടുത്ത തെരഞ്ഞെടുപ്പിനുശേഷം വരുന്ന ജനപ്രതിനിധികൾക്കും ഈ രീതിയിലുള്ള പരിശീലനം നല്കുന്നതിനുള്ള തയ്യാറെടുപ്പുകൾ കില ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

സാങ്കേതിക മുന്നേറ്റത്തിന് വിധേയമായി കാലാകാലങ്ങളിൽ പഠനരീതിയിൽ ഉണ്ടാവുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് കില പഠനസമ്പ്രദായങ്ങൾ പരിഷ്ക്കരിക്കുന്നു. ഈ കാര്യത്തിൽ പഠിതാക്കൾ  മുതിർന്നവരാണെന്ന കാര്യവും കണക്കിലെടുക്കുന്നു. നീണ്ട അവതരണ രീതികൾക്ക് പകരം പങ്കാളിത്ത പഠന രീതിക്ക് അനുയോജ്യമായ ദൃശ്യശ്രവ്യ സങ്കേതങ്ങൾ, ഗ്രൂപ്പ് ചർച്ച, ബ്രെയിൻ സ്റ്റോമിംഗ് തുടങ്ങിയ രീതികൾ കാലാകാലങ്ങളിൽ ഉപയോഗിക്കുന്നു.

എന്നാൽ ഇന്ന് സ്ഥിതി മറ്റെല്ലാ കാലത്തേക്കാൾ സങ്കീർണ്ണമാണ്. കോവിഡ് 19 എന്ന മഹാമാരി മറ്റെല്ലാ ജീവിത മേഖലകളിലുമെന്നതുപോലെ അറിവിന്റേയും പഠനത്തിന്റേയും തലങ്ങളിലും പുതിയ മാറ്റങ്ങൾ ആവശ്യപ്പെടുന്നു. പഴയ രീതിയിൽ പഠിതാക്കളെ ഒരു കേന്ദ്രത്തിൽ ഒന്നിച്ചു കൂട്ടി ക്ലാസ്സുകൾ നല്കുക എന്നത് പ്രായോഗികമായി ഇപ്പോൾ പ്രയാസമാണ്. സ്വാഭാവിക

മായും ഡിജിറ്റൽ ഓൺലൈൻ രീതികൾ അടക്കം പരീക്ഷിക്കേണ്ടി വരും. അങ്ങനെയാകുമ്പോൾ കൈപ്പുസ്തകങ്ങൾ അടക്കമുള്ള പഠന സാമഗ്രികൾക്ക് പ്രാധാന്യം ഏറുന്നു. ഈ പുതിയ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് കഴിയുന്നത്ര സമഗ്രമായി ഈ കൈപ്പുസ്തകങ്ങൾ രൂപപ്പെടുത്താൻ കില പരമാവധി ശ്രമിച്ചിട്ടുണ്ട്.

പുതുതായി തെരഞ്ഞെടുത്തു വരുന്ന നഗരസഭാ ജനപ്രതിനിധികൾക്ക് നഗരഭരണത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ഏകദേശം പൂർണ്ണമായ ധാരണ കിട്ടുന്ന രീതിയിൽ എട്ട് വാല്യങ്ങൾ അടങ്ങുന്ന ഒരു സെറ്റ് ആയിട്ടാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ഓരോ പുസ്തകവും ഓരോ വിഷയത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നു. ഇതിൽ മൂന്നാമത്തേതായ 'വികേന്ദ്രീകൃതാസൂത്ര ണവും കേന്ദ്രസംസ്ഥാന പദ്ധതികളും' എന്ന ഈ പുസ്തകത്തിൽ ഒമ്പത് അദ്ധ്യായങ്ങളാണ് ഉള്ളത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ചരിത്രവും വളർ ച്ചയും തുടങ്ങി ദുരന്തനിവാരണ പ്രവർത്തനങ്ങൾ വരെ പുസ്തകം ചർച്ച ചെയ്യുന്നു. ജനകീയാസൂത്രണ പ്രവർത്തനങ്ങളും കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളും കേരള സർക്കാർ പ്രവർത്തിപഥത്തിലെത്തിച്ച നാലു മിഷനു കളെല്ലാം വിവിധ ലേഖനങ്ങളിൽ വിശകലനം ചെയ്യപ്പെടുന്നു. ഓരോ മേഖ ലയിലും കാലങ്ങളായി പ്രവർത്തിച്ചു വരുന്ന വിദഗ്ധരാണ് എല്ലാ ലേഖന കർത്താക്കളും. ഇത് ഈ രീതിയിൽ രൂപകല്പന ചെയ്യാനും സമയബന്ധി തമായി തയ്യാറാക്കാനും കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളും ജീവനക്കാരും വിശ്രമലേശമന്യേ പ്രവർത്തിച്ചിട്ടുണ്ട്. അവർക്കും സമയാ സമയങ്ങളിൽ ഉചിതമായ നിർദ്ദേശങ്ങൾ തന്ന് ഞങ്ങളെ പ്രോത്സാഹിപ്പിച്ച ബഹുമാന്യനായ കില ഡയറക്ടർക്കും നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കട്ടെ.

ഡോ. സണ്ണി ജോർജ്ജ്

# ഉള്ളടക്കം


**1 വികേന്ദ്രീകൃതാസൂത്രണം.................................................................17**

1.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യം, സമീപനം, മുൻഗണന ....................17

1.2 പൊതു സമീപനം ..........................................................18

1.3 വികസന രേഖ ..........................................................19

1.4 നഗരസഭാതല ആസൂത്രണ സമിതി ..........................................19

1.5 വർക്കിംഗ് ഗ്രൂപ്പുകൾ ..........................................................19

1.6 വാർഡ് സഭകൾ..........................................................21

1.7 ഊരുകൂട്ട യോഗങ്ങൾ..........................................................22

1.8 വികസന സെമിനാറും കരട് പദ്ധതിരേഖയും..................................22

1.9 വിഭവ സ്രോതസ്സുകളും വകയിരുത്തലും ......................................22

1.10 വികസന ഫണ്ടിന്റെ വകയിരുത്തലുകൾ......................................23

1.11 വാർഷിക പദ്ധതിയും ബഡ്ജറ്റും ..........................................24

1.12 പ്രത്യേക വിഭാഗങ്ങൾക്കും മേഖലകൾക്കുമുള്ള പദ്ധതികൾ ..................24

1.13 അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി....................................25

1.14 ആസ്തി പരിരക്ഷണ പദ്ധതി (Asset Maintenance Plan) ......................25

1.15 സന്തുലന പദ്ധതി..........................................................25

1.16 വാർഷിക പദ്ധതിക്കും പ്രോജക്റ്റുകൾക്കും ഭരണസമിതി അംഗീകാരം ..............25

1.17 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം.......25

1.18 പ്രോജക്റ്റുകളുടെ പരിശോധനയും വെറ്റിംഗും..................................26

1.19 പ്രോജക്റ്റുകളുടെ അനുമതി നിരീക്ഷണവും മോണിറ്ററിംഗും.................26

1.20 പദ്ധതി നിർവ്വഹണം..........................................................26

1.21 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ..........................................28

1.22 പ്രോജക്റ്റുകളുടെ പൂർത്തീകരണ പത്രം......................................29

1.23 മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും .......... 29
1.24 തദ്ദേശഭരണ സ്ഥാപനങ്ങൾ 2020-21വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നല്കുന്ന 12 ഇനം പരിപാടികൾ .......... 29
1.25 സുഭിക്ഷ കേരളം പദ്ധതി .......... 32

**2 ജില്ലാപദ്ധതി .......... 34**

2.1 ജില്ലാപദ്ധതി എന്ത് ? എന്തിന് ? .......... 34
2.2 ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി) .......... 35
2.3 ജില്ലാപദ്ധതി മുൻകാല ഉദ്യമങ്ങൾ .......... 36
2.4 ജില്ലാപദ്ധതിയുടെ ഘടന .......... 38
2.5 ജില്ലാതല ആസൂത്രണ പ്രക്രിയ .......... 38
2.6 ജില്ലാതല ഏകോപനവും വൈദഗ്ധ്യ വിനിയോഗവും .......... 39
2.7 ജില്ലയുടെ വികസന പരിപ്രേക്ഷ്യം തയ്യാറാക്കൽ .......... 40
2.8 വിഭവ വിലയിരുത്തലും മുൻഗണന നിശ്ചയിക്കലും .......... 41
2.9 പ്രാദേശിക പദ്ധതികളുമായി ഏകോപനം .......... 42
2.10 കരട് ജില്ലാപദ്ധതി അന്തിമമാക്കൽ .......... 42
2.11 സർക്കാർ അംഗീകാരം .......... 43

**3 കേന്ദ്രാവിഷ്കൃത പദ്ധതികൾ .......... 44**

3.1 സ്മാർട്ട് സിറ്റി മിഷൻ .......... 44
3.2 അമൃത് പദ്ധതി (AMRUT) .......... 45
3.3 സ്വച്ഛ് ഭാരത് മിഷൻ .......... 46
3.4 ദേശീയ നഗര ഉപജീവന മിഷൻ (National Urban Livelihood Mission NULM) .......... 48
3.5 പദ്ധതിയുടെ ഘടകങ്ങൾ .......... 48
3.6 പ്രധാനമന്ത്രി ആവാസ് യോജന (PMAY) .......... 51

**4 സംസ്ഥാനാവിഷ്കൃത പദ്ധതികൾ .......... 54**

4.1 കൃഷി .......... 54
4.2 ക്ഷീരവികസനം .......... 57
4.3 മത്സ്യത്തൊഴിലാളിക്ഷേമം .......... 58
4.4 സാമൂഹ്യക്ഷേമം .......... 60
4.5 വിദ്യാഭ്യാസം .......... 61
4.6 പട്ടികജാതി / പട്ടികവർഗക്ഷേമം .......... 62
4.7 റവന്യൂ വകുപ്പ് .......... 63
4.8 വനിതശിശു വികസന വകുപ്പ് .......... 63

**5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി .......... 64**

5.1 ലക്ഷ്യവും പ്രധാന സവിശേഷതകളും .......... 64
5.2 അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ പങ്കാളികൾ .......... 64
5.3 പ്രധാന സവിശേഷതകൾ .......... 65
5.4 വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ .......... 66
5.5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഏറ്റെടുക്കാവുന്ന പ്രവർത്തികൾ .......... 68
5.6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ .......... 71

5.7 ഹരിത കേരളം പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും ........ 72
5.8 ശുചിത്വമേഖലയിലെ പ്രവർത്തനങ്ങളും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും ........ 72
5.9 ജൈവകൃഷിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും ........ 72
5.10 വേതന - സാധന അനുപാതം ........ 72
5.11 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രദാനം ചെയ്യുന്ന അവകാശങ്ങൾ ........ 73
5.12 പ്രോജക്ട് ആരംഭം ........ 75
5.13 പ്രവൃത്തിയുടെ അളവെടുക്കൽ ........ 76
5.14 പ്രോജക്ട് പൂർത്തീകരണ റിപ്പോർട്ട് ........ 76
5.15 വേതനം നല്കലും തൊഴിലില്ലായ്മ വേതനവും ........ 76
5.16 ഫണ്ട് അനുവദിക്കൽ ........ 77
5.17 പദ്ധതി ദിശാഗതി നിയന്ത്രണവും വിലയിരുത്തലും ........ 78
5.18 പൊതുവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ........ 79
**6 നവകേരള കർമ്മ പരിപാടി ........ 80**
6.1 ആമുഖം ........ 80
6.2 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ ........ 81
6.3 ഹരിതകേരള മിഷൻ ........ 81
6.4 ആർദ്രം മിഷൻ ........ 82
6.5 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ........ 83
6.6 ലൈഫ് മിഷൻ ........ 84
6.7 ഗുണഭോക്താക്കൾ ........ 85
6.8 പ്രവർത്തന സമീപനം ........ 85
**7 ശുചിത്വം, മാലിന്യ സംസ്കരണം ........ 86**
7.1 സംസ്ഥാന നയം ........ 86
7.2 മുഖ്യ ലക്ഷ്യങ്ങൾ ........ 86
7.3 തന്ത്രങ്ങൾ ........ 87
7.4 പരിസ്ഥിതി സംരക്ഷണങ്ങളും മാലിന്യ പരിപാലനവും (കേന്ദ്ര നിയമങ്ങളും ചട്ടങ്ങളും) ........ 88
7.5 മാലിന്യ സൃഷ്ടാക്കളുടെ ചുമതലകൾ ........ 91
7.6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ ........ 92
7.7 സാങ്കേതികവിദ്യ ........ 93
7.8 സാനിട്ടറി ലാന്റ് ഫില്ലുകൾ ........ 94
7.9 മാലിന്യം ശേഖരിക്കുന്നവർ ........ 94
7.10 ആതറൈസേഷൻ, വാർഷിക റിപ്പോർട്ട് ........ 95
7.11 ബോധവൽക്കരണം ........ 95
7.12 മാലിന്യ സംസ്കരണം ........ 95
7.13 ശാസ്ത്രീയ ഖരമാലിന്യ മാനേജ്മെന്റ് തത്വങ്ങൾ ........ 96
7.14 ഹരിത കർമ്മ സേന ........ 97
7.15 അജൈവ മാലിന്യ സംസ്ക്കരണം ........ 99
**8 നഗര ശുചിത്വ പദ്ധതി (സിറ്റി സാനിറ്റേഷൻ പ്ലാൻ CSP) ........ 100**
8.1 എന്താണ് സിറ്റി സാനിറ്റേഷൻ പ്ലാൻ? ........ 100

8.2 CSP യുടെ പ്രധാന ശുചിത്വ മേഖലകൾ......104
8.3 പൊതു ടോയ്‌ലറ്റുകൾ (Public Toilets)......104
8.4 സ്റ്റോം വാട്ടർ മാനേജ്മെന്റ്......105
8.5 വെള്ളക്കെട്ട് / വെള്ളപ്പൊക്കം......105
8.6 മലിനജല പരിപാലനം (Liquid waste management)......105
8.7 സെപ്റ്റേജ് മാനേജ്മെന്റ്......106
8.8 ജലവിതരണം (Water Supply)......106
8.9 പ്രവർത്തന പദ്ധതി......107
**9 പ്രളയാനുഭവങ്ങളും കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമവും......109**
9.1 2018-19 ലെ പ്രളയാനുഭവങ്ങൾ......109
9.2 കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമം......112
9.3 പങ്കാളിത്ത പ്രക്രിയ......114
9.4 വിവിധ വകുപ്പുകളും പ്രവർത്തന പദ്ധതിയും......116
9.5 ജലവിഭവ വികസനം......117
9.6 ജലവിതരണം......118
9.7 ശുചിത്വം......118
9.8 നഗരകാര്യം......118
9.9 വനം......120
9.10 കൃഷി......120
9.11 മൃഗപരിപാലനവും ക്ഷീരവികസനവും......120
9.12 മത്സ്യബന്ധനം......121
9.13 ഉപജീവനം......121
9.14 ഭൂവിനിയോഗം......121
9.15 എംപവേർഡ് കമ്മിറ്റി (Empowered Committee)......122
9.16 റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP)......124
9.17 ‘നമ്മൾ നമുക്കായി’......125
9.18 ജനകീയ പങ്കാളിത്ത പദ്ധതി......125
9.19 ദുരന്ത മാനേജ്മെന്റ്......126
9.20 Disaster Risk Management Plan......127

# പ്രവേശിക

പ്രാദേശിക വികസന പദ്ധതികൾ തയാറാക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്വവുമാണ്. ഈ സാഹചര്യത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാന ബജറ്റിൽ നീക്കിവയ്ക്കുന്ന ഫണ്ടുകളും തനത് വരുമാനവും കേന്ദ്രസംസ്ഥാന പദ്ധതി വിഹിതങ്ങളും ഉപയോഗിച്ച് പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഒമ്പതാം പദ്ധതി കാലയളവ് മുതൽ അനുഭവജ്ഞാനവും മികവും കൈവരിച്ചിട്ടുണ്ട്. അനുഭവ സമ്പത്തിലൂടെയും ലളിതമായ മാർഗങ്ങളിലൂടെയും കാലതാമസം കൂടാതെ ജനപങ്കാളിത്തത്തോടെ വിദഗ്ധരും സന്നദ്ധപ്രവർത്തകരും ചേർന്ന് പ്രാദേശിക മാനവ വിഭവ ശേഷി പ്രയോജനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. നവകേരള നിർമാണത്തിനായി ജനകീയാസൂത്രണ പ്രക്രിയയിലൂടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന നടപടികളെക്കുറിച്ചും, നഗരങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനും, പശ്ചാത്തല വികസനത്തിനും സേവനങ്ങളുടെ കാര്യക്ഷമതയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനും പ്രയോജനപ്പെടുന്ന കേന്ദ്രസംസ്ഥാന പദ്ധതികൾ പരിചയപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു. കൂടാതെ കേരള വികസന മാതൃകയുടെ സാധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് കേരളത്തിന്റെ പുനർനിർമ്മാണ പ്രക്രിയയുടെ തുടക്കം കുറിക്കാൻ ഉദ്ദേശിച്ച് ആവിഷ്കരിച്ചിട്ടുള്ള 'റീബിൽഡ് കേരള' ഉദ്യമത്തെയും വിശദമായി പരിചയപ്പെടുത്തുന്നതിനും ഈ കൈപ്പുസ്തകത്തിലൂടെ ലക്ഷ്യമിടുന്നു.

# 1
# വികേന്ദ്രീകൃതാസൂത്രണം

സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തുകൊണ്ട് ജനക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് പ്രാദേശിക സർക്കാരുകളുടെ പ്രാഥമിക ഉത്തരവാദിത്വം. ഈ ദൗത്യം ഫലവത്തായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന നമ്മുടെ വികേന്ദ്രീകൃതാസൂത്രണം ഇന്ന് ലോകത്തിനുതന്നെ ഒരു മാതൃകയായിരിക്കുകയാണ്. ഇതിന്റെ സവിശേഷതകളും രീതി സമ്പ്രദായവുമാണ് ഈ അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്നത്.

കൃത്യമായ ലക്ഷ്യങ്ങളെ മുൻനിർത്തി ലഭ്യമായ വിഭവങ്ങളെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുന്ന ഒന്നാണ് ആസൂത്രണം. മുൻകാല പരിചയവും ഭാവിയിലെ വെല്ലുവിളികളും സാധ്യതകളും ഇതിൽ പരിഗണിക്കപ്പെടുന്നു. ഏതൊരു സർക്കാരിന്റെയും മുൻഗണനകൾ അതിന്റെ പദ്ധതികളിലും പരിപാടികളിലും പ്രതിഫലിക്കുന്നതുപോലെ തന്നെ പ്രാദേശിക സർക്കാരുകളായ നഗരസഭകളുടെ മുൻഗണനകൾ പദ്ധതിരേഖയിൽ പ്രതിഫലിക്കുന്നു.

കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ സവിശേഷത അതിന്റെ സംയോജിത സ്വഭാവവും (കേന്ദ്രാവിഷ്കൃത പദ്ധതികളും, സംസ്ഥാനാവിഷ്കൃത പദ്ധതികളും, മറ്റു പദ്ധതികളും സംയോജിപ്പിക്കുന്നു) വിശാലമായ ജനപങ്കാളിത്തവുമാണ്. ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടങ്ങളും വിവിധ തലത്തിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## 1.1. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യം, സമീപനം, മുൻഗണന

സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യം പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും, സാമൂഹിക നീതി നടപ്പാക്കിക്കൊണ്ടും, ഉയർന്ന സാമ്പത്തിക വളർച്ചയിലേക്ക് കേരളത്തെ എത്തിക്കുക എന്നതാണ്. മതനിരപേക്ഷത, സമുദായ സൗഹാർദ്ദം, സമാധാനാന്തരീക്ഷം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യം, മെച്ചപ്പെട്ട മനുഷ്യ വിഭവ

ശേഷി, പരിസ്ഥിതി വൈവിദ്ധ്യം എന്നിവ ഉയർത്തി കാണിച്ചുകൊണ്ട് നിക്ഷേപം ആകർഷിക്കുകയും ഒപ്പം പൊതുനിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് പതിമൂന്നാം പദ്ധതി സ്വീകരിക്കുക. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മറ്റു ലക്ഷ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1. പൊതുജനാരോഗ്യ പൊതു വിദ്യാഭ്യാസ സൗകര്യങ്ങൾ മികവുറ്റതാക്കിക്കൊണ്ടും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യത്തിനും ഉയർന്ന പരിഗണന നല്കികൊണ്ടും മനുഷ്യവിഭവശേഷിയുടെ സാദ്ധ്യത വലിയ തോതിൽ ഉയർത്തുക.
2. വളർച്ചയോടൊപ്പം പരിസ്ഥിതി സുരക്ഷ ഉറപ്പാക്കാൻ മണ്ണും, ജലവും, ഇതര പ്രകൃതി വിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക.
3. സംസ്ഥാനത്തിന്റെ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക.
4. ഭൂരഹിതരും, ഭവന രഹിതരും, അഗതികളും ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക.
5. ജനനം മുതൽ മരണം വരെയുള്ള ജീവിത ചക്രത്തിലെ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സംസ്ഥാനത്തിന്റെ സാമൂഹ്യസുരക്ഷാ സംവിധാനത്തെ സമഗ്രമായി മാറ്റുക.
6. കേവല ദാരിദ്ര്യം നിർമ്മാർജനം ചെയ്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക.

മേല്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്ന് പ്രവർത്തിക്കേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകളുടെ പതിമൂന്നാം പഞ്ചത്സര പദ്ധതി പ്രവർത്തനത്തിലൂടെയാണ് സർക്കാർ വിഭാവനം ചെയ്യുന്ന നാലു മിഷനുകളുടെ (ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം) പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത്. ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള ലക്ഷ്യങ്ങളെ പ്രാദേശിക തലത്തിൽ അതാതിടത്തെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് നിർവ്വചിക്കുകയും പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തുകൊണ്ട് ആവശ്യമായ തനതു ലക്ഷ്യങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യേണ്ടതുണ്ട്.

## 1.2 പൊതു സമീപനം

നഗരപ്രദേശത്തു താമസിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിനും നഗരസഭകൾക്കും ഉത്തരവാദിത്വമുണ്ട്. നഗരവികസനം ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. അതിനാൽ, നഗര വികസനത്തിനുവേണ്ടി തയ്യാറാക്കിയ, മാസ്റ്റർ പ്ലാനിന്റെ സഹായത്തോടെയും അതിലെ നിർദ്ദേശങ്ങൾക്കനുസരണമായും വേണം നഗരസഭയുടെ പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും തയ്യാറാക്കുവാൻ.

## 1.3 വികസന രേഖ

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാന വിവരങ്ങളും വികസന പരിപ്രേക്ഷ്യവും അതിന്റെ വികസനരേഖയിൽ പ്രതിപാദിക്കുന്നു. ഈ വികസനരേഖ അഞ്ചുവർഷത്തിൽ ഒരിക്കൽ പരിഷ്ക്കരിക്കുന്നു. ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കുന്ന ഈ അടിസ്ഥാന രേഖ പ്രാദേശിക സർക്കാരുകളിലെ ഓരോ ജനപ്രതിനിധിയും ഉദ്യോഗസ്ഥനും നന്നായി പഠിക്കേണ്ടതാണ്. പദ്ധതിയാസൂത്രണത്തിന് ഈ അറിവ് വലിയ തോതിൽ സഹായകമാകുന്നതാണ്.

## 1.4 നഗരസഭാതല ആസൂത്രണ സമിതി

തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതിയാസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള സഹായം നല്കുക എന്നതാണ് ആസൂത്രണ സമിതിയുടെ ദൗത്യം. ആസൂത്രണസമിതിയുടെ അദ്ധ്യക്ഷൻ നഗരസഭയുടെ ചെയർപേഴ്സണും കൺവീനർ സെക്രട്ടറിയുമാണ്. ഉപാദ്ധ്യക്ഷൻ ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്ന വിദഗ്ധനാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും അംഗങ്ങളാണ്. കൂടാതെ സന്നദ്ധസേവകരായ വിദഗ്ധരെ അംഗങ്ങളായി ചേർക്കാവുന്നതാണ്.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സഹായം നല്കുക, പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നല്കുക, വിഭവസമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണവുമായി ബന്ധപ്പെട്ട ആലോചനാ യോഗങ്ങൾക്ക് കുറിപ്പുകൾ തയ്യാറാക്കുക, വിശകലനങ്ങൾ നടത്തി ഭരണസമിതിക്ക് സമർപ്പിക്കുക എന്നിവയാണ് ആസൂത്രണസമിതിയുടെ പ്രധാന ചുമതലകൾ.

## 1.5 വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രിത വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലകളെ വിവിധ വിഷയമേഖലകളായി വിഭജിക്കുന്നു. ഓരോ വിഷയമേഖലയ്ക്കും ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നു. ആസൂത്രണ നിർവ്വഹണ പ്രക്രിയയ്ക്ക് അതത് മേഖലകളിൽ സഹായം നല്കുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. ഓരോ വർക്കിംഗ് ഗ്രൂപ്പും അതിന്റെ വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. മുനിസിപ്പാലിറ്റികളിൽ പതിനാറും, കോർപ്പറേഷനുകളിൽ പതിനേഴും വർക്കിംഗ് ഗ്രൂപ്പുകൾ നഗരസഭയ്ക്ക് രൂപീകരിക്കാവുന്നതാണ്. താഴെ പറയുന്നവയാണ് നഗരസഭകളിൽ അനിവാര്യമായ വർക്കിംഗ് ഗ്രൂപ്പുകൾ.

### നഗരസഭകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ

| ക്രമനം | വർക്കിംഗ് ഗ്രൂപ്പ് | ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | ധനകാര്യം |
| 2 | കൃഷിയും അനുബന്ധ മേഖലകളും | വികസന കാര്യം |

| | | |
|---|---|---|
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | വികസന കാര്യം |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | വികസന കാര്യം |
| 5 | ദാരിദ്ര്യ ലഘൂകരണം, ചേരിപരിഷ്ക്കരണം | ക്ഷേമ കാര്യം |
| 6 | സാമൂഹ്യനീതി | ക്ഷേമ കാര്യം |
| 7 | വനിതാ വികസനം | ക്ഷേമ കാര്യം |
| 8 | പട്ടികജാതി/പട്ടിക വർഗ്ഗ് വികസനം | ക്ഷേമ കാര്യം |
| 9 | ആരോഗ്യം | ആരോഗ്യ കാര്യം |
| 10 | ശുചിത്വം, മാലിന്യ സംസ്ക്കരണം | ആരോഗ്യ കാര്യം |
| 11 | വിദ്യാഭ്യാസം, കലസംസ്ക്കാരം, കായികം, യുവജനക്ഷേമം (കോർപ്പറേഷനിൽ വിദ്യാഭ്യാസം, കായികം, യുവജന ക്ഷേമം) | വിദ്യാഭ്യാസം, കല, കായിക കാര്യം |
| 12 | പാർപ്പിടം | മരാമത്തു കാര്യം |
| 13 | കുടിവെള്ളം | മരാമത്തു കാര്യം |
| 14 | പൊതുമരാമത്ത്, ഊർജ്ജം | മരാമത്തു കാര്യം |
| 15 | നഗരാസൂത്രണം | മരാമത്തു കാര്യം (കോർപ്പറേഷനിൽ നഗരാസൂത്രണ കാര്യം) |
| 16 | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം. | മരാമത്തു കാര്യം |
| 17 | കല, സംസ്ക്കാരം, പുരാവസ്തു സംരക്ഷണം (കോർപ്പറേഷനിൽ മാത്രം) | നഗരാസൂത്രണ കാര്യം |

തീരദേശ മേഖല ഉൾപ്പെടുന്നതും ഫിഷറീസ് ഉദ്യോഗസ്ഥൻ നിലവിലുള്ളതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യമേഖലയ്ക്കു പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. പട്ടികവർഗ്ഗ വികസന ഫണ്ട് ലഭ്യമാക്കുന്നതോ ഇരുപതോ അതിലധികമോ പട്ടികവർഗ്ഗക്കാരോ, ഒരു ഊരെങ്കിലുമോ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ വികസനത്തിന് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം.

വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ഒരു ജനപ്രതിനിധിയും ബന്ധപ്പെട്ട മേഖലയിലെ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥൻ കൺവീനറും ആയിരിക്കും. വനിതാ വികസനം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ യഥാക്രമം വനിത, പട്ടികജാതി, പട്ടിക വർഗ്ഗ ജനപ്രതിനിധികളായിരിക്കണം. ഇത്തരത്തിലുള്ള ജനപ്രതിനിധി ഇല്ലെ

ങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സണായിരിക്കും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ. ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പു കളുടെ ഉപസമിതികൾ രൂപീകരിക്കാവുന്നതും ആയതിന്റെ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിനായിരിക്കും.

### 1.5.1 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ

#### *1.5.1.1 അവസ്ഥാരേഖ (Status Report) തയ്യാറാക്കൽ*

1. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന മേഖലകളുടെ അവസ്ഥാരേഖകൾ വർക്കിംഗ് ഗ്രൂപ്പുകൾ പരിഷ്ക്കരിക്കണം. ഓരോ വികസന മേഖലയിലും കഴിഞ്ഞ ഇരുപതു വർഷത്തെ നേട്ടങ്ങളും പോരായ്മ കളും ഈ രേഖയിൽ ഉണ്ടായിരിക്കണം. അവസ്ഥാവിശകലനത്തെ അടിസ്ഥാ നമാക്കി വികസനമേഖല നേരിടുന്ന വെല്ലുവിളികളും വികസനം മെച്ച പ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളും, സ്വീകരിക്കാവുന്ന തന്ത്രങ്ങളും അവസ്ഥാ രേഖയിൽ ഉണ്ടായിരിക്കേണ്ടതാണ്.
2. കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ– വാർഡ്സഭ/ഊരുകൂട്ട യോഗങ്ങളിൽ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ അവതരിപ്പിച്ച് ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെ പരിഗണന യ്ക്ക് സമർപ്പിക്കുക.
3. പ്രോജക്റ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക.
4. വാർഡ്സഭാ യോഗം/ ഊരുകൂട്ട യോഗം തുടങ്ങിയവയിൽ വിഷയഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചർച്ചയ്ക്ക് നേതൃത്വം നല്കുക.
5. വാർഡ്സഭയിൽ അച്ചടിച്ചു നല്കുന്നതിനാവശ്യമായ രേഖകൾ എഴുതി തയ്യാറാക്കുക.
6. വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർ ക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുക.

### 1.6 വാർഡ് സഭകൾ

വാർഡ് സഭകൾ ഭരണഘടനാ സ്ഥാപനമാണ്. ജനപങ്കാളിത്തത്തിനുള്ള അടിസ്ഥാന ശിലയാണിത്. ഇതിനു തുല്യമായി തന്നെ ഊരുകൂട്ടങ്ങളും മത്സ്യ സഭകളും വികേന്ദ്രീകൃതാസൂത്രണത്തിൽ പങ്കാളികളാകുന്നു. വികസന പരി പ്രേക്ഷ്യവും പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറാക്കി വാർഡുസഭകളിൽ അവ തരിപ്പിക്കണം. പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന വാർഡ്തലത്തിൽ നിർണ്ണയിക്കണം. വ്യക്തിഗത ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് വാർഡ് സഭകൾ അംഗീകരിക്കണം.

ആസൂത്രണ വാർഡ് സഭകൾക്ക് മുന്നോടിയായി ചർച്ചകൾ : അയൽസ ഭകളിലും മറ്റു വേദികളിലും ചർച്ച നടത്തേണ്ടതാണ്. കർഷകർ, കാർഷിക തൊഴിലാളികൾ, പാടശേഖര സമിതികൾ, കുടുംബശ്രീ. എ.ഡി.എസ്., സി.ഡി.എസ്., പി.ടി.എ., സ്ക്കൂൾ വികസന സമിതികൾ, അങ്കണവാടി പ്രവർ ത്തകർ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, യുവജന ക്ലബ്ബുകൾ, വായനശാ

ലകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വന സംരക്ഷണ സമിതികൾ, പരിസ്ഥിതി പ്രവർത്തകർ, രാഷ്ട്രീയ സംഘടനകൾ, തൊഴിലാളി സംഘടന കൾ, തുടങ്ങിയവരുമായി ചർച്ചകൾ നടത്തുന്നത് ഉചിതമായിരിക്കും.

### 1.7 ഊരുകൂട്ട യോഗങ്ങൾ

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന നഗരസഭകൾ പദ്ധതി ആസൂ ത്രണ വാർഡുസഭകൾ ചേരുന്നതിനു മുമ്പായി പട്ടികവർഗ്ഗ ഊരുകളിൽ ഊരു മൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരിലെ ആകെ വോട്ടർമാരുടെ 50 ശതമാനത്തിലധികം അംഗങ്ങൾ യോഗ ത്തിൽ പങ്കെടുക്കേണ്ടതുണ്ട്. ബന്ധപ്പെട്ട കൗൺസിലർ എല്ലാ ഊരുകൂട്ട യോഗങ്ങളിലും പങ്കെടുക്കേണ്ടതാണ്.

### 1.8 വികസന സെമിനാറും കരട് പദ്ധതിരേഖയും

വാർഡ്സഭാ യോഗങ്ങളിലും ഊരുകൂട്ട യോഗങ്ങളിലും നടന്ന ചർച്ചക ളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ആസൂത്രണസമിതി കരടു വാർഷിക പദ്ധതി തയ്യാറാക്കുന്നു. ഈ കരട് പദ്ധതി ഭരണസമിതിയിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നു. ഇപ്രകാരം ഭരണസമിതി അംഗീകരിച്ച കരട് വാർഷിക പദ്ധതിയാണ് വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടത്. ചർച്ച ചെയ്യുമ്പോൾ നിലവിലുള്ള വികസനരേഖയിൽ പരാമർശിച്ചിട്ടുള്ള ദീർഘകാല ഹ്രസ്വകാല ഉദ്ദേശലക്ഷ്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്. വികസനരേഖ ഓരോ അഞ്ചു വർഷത്തിലും പരിഷ്ക്കരിക്കേണ്ടതുണ്ട്. അങ്ങനെ പരിഷ്ക്കരിക്കേണ്ടി വരുന്ന വർഷത്തിലെ വികസന സെമിനാറിൽ പരിഷ് ക്കരിച്ച വികസന രേഖയുടെ കരട് ചർച്ച ചെയ്യേണ്ടതാണ്. കരട് പദ്ധതിരേഖ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യണം. കരട് പദ്ധതിരേഖ യിൽ താഴെ പറയുന്ന 10 അദ്ധ്യായങ്ങളാണുള്ളത്.

1. നഗരസഭയുടെ വികസന അവസ്ഥ.
2. നടപ്പ് സാമ്പത്തിക പദ്ധതി അവലോകനം
3. പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും
4. വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ
5. വിഭവ സ്രോതസ്സുകളും വിലയിരുത്തലുകളും
6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും.
7. പ്രത്യേക പദ്ധതികൾ / പരിപാടികൾ
8. വായ്പ ബന്ധങ്ങൾ
9. സമഗ്ര പദ്ധതികളും സംയോജന സാധ്യതകളും
10. മോണിറ്ററിംഗ് സംവിധാനം

### 1.9 വിഭവ സ്രോതസ്സുകളും വകയിരുത്തലും

സാമ്പത്തിക സാമൂഹിക നീതിക്കായുള്ള ആസൂത്രണത്തിൽ പരിമിതമായ വിഭവങ്ങളെ ഫലവത്തായി ഉപയോഗിക്കുക ഒരു വെല്ലുവിളിയാണ്. ആമുഖ ത്തിൽ സൂചിപ്പിച്ചതു പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക

പദ്ധതി ഒരു സംയോജിത പദ്ധതിയാണ്. വരുമാനത്തിൽ നിന്നും ചെലവുകൾ കഴിച്ച് നഗരസഭയുടെ മിച്ചത്തോടൊപ്പം എല്ലാ സ്രോതസ്സിൽ നിന്നുമുള്ള വിഭവങ്ങളേയും ഉപയോഗപ്പെടുത്തുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളും, സംസ്ഥാനാവിഷ്കൃത പദ്ധതികളും ഉൾപ്പെടെ എല്ലാ പദ്ധതികളെയും സംയോജിപ്പിക്കുന്നു.

പദ്ധതിയാസൂത്രണത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട വിഭവസ്രോതസ്സ് സംസ്ഥാന ഗവണ്മെന്റ് ബഡ്ജറ്റ് അലോക്കേഷന്റെ ഭാഗമായി നല്കുന്ന പണമാണ്. കേരള ബഡ്ജറ്റ് രേഖയുടെ അനുബന്ധം 4-ൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള വകയിരുത്തലുകൾ വിശദമായി നല്കണം. ഇത്തരം ഒരു വകയിരുത്തൽ കേരളത്തിന്റെ സവിശേഷതയാണ്. സംസ്ഥാന ഗവണ്മെന്റിന്റെ വികസന വിഭവസ്രോതസ്സിന്റെ ഏതാണ്ട് മൂന്നിലൊന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വിതരണം ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. ഡെവലപ്മെന്റ് ഫണ്ട്, ഗ്രാന്റ് ഫോർ എസ്.സി, ഗ്രാന്റ് ഫോർ എസ്.ടി. എന്നിവയാണ് പ്രധാന വകയിരുത്തലുകൾ. ഇതിൽ ആദ്യം സൂചിപ്പിച്ചിരിക്കുന്ന ഡെവലപ്മെന്റ് ഫണ്ട്, പദ്ധതി ആസൂത്രണ മാർഗരേഖ നിർദ്ദേശങ്ങളിൽ നിന്നു കൊണ്ട്, ജനാഭിപ്രായത്തിനനുസരിച്ച് ആസൂത്രണം വഴി ഉപയോഗിക്കാവുന്നതാണ്.

## 1.10 വികസന ഫണ്ടിന്റെ വകയിരുത്തലുകൾ

വികസനഫണ്ടിൽ നിന്നും അങ്കണവാടി പോഷകാഹാര വിതരണം, സർക്കാർ നിശ്ചയിക്കുന്ന S.S.A. & R.M.S.A പ്രോജക്റ്റുകൾക്കുള്ള വിഹിതം, പാലിയേറ്റീവ് കെയർ പ്രോജക്റ്റിനുള്ള വിഹിതം, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, P.M.A.Y. ക്കുള്ള അധിക വിഭവ വിഹിതം, ആശ്രയ പദ്ധതി തുടങ്ങിയവയ്ക്കായി ആദ്യം തന്നെ പണം വകയിരുത്തണം.

### 1.10.1 മേഖല വിലയിരുത്തൽ

സംസ്ഥാന ബജറ്റിന്റെ ഭാഗമായി നല്കുന്ന വികസന ഫണ്ടിന്റെ ഫലവത്തായ ഉപയോഗത്തിനായി താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. പശ്ചാത്തല മേഖലയിലേക്ക് ആവശ്യത്തിൽ കൂടുതൽ തുക വകയിരുത്താതിരിക്കുന്നതിനും, പ്രധാനപ്പെട്ട മേഖലകളായ കുട്ടികളുടെ വികസനം, വയോജനങ്ങളുടെ വികസനം തുടങ്ങി അത്യാവശ്യ മേഖലകൾക്കു വകയിരുത്തലുകൾ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ നിബന്ധനകൾ.

പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് 50 ശതമാനത്തിൽ കൂടുതൽ തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. ആകെ തുകയുടെ (പൊതുവിഭാഗം വികസന ഫണ്ടിന്റെ സാധാരണ വിഹിതം S.C.S.P., TSP എന്നിവ കൂട്ടിയ തുക) 10% വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ആകെ തുകയുടെ 5% കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനായി ഉപയോഗിക്കണം. 5% വയോജനങ്ങളുടെ ക്ഷേമത്തിനായും ഉപയോഗിക്കണം.

## 1.11 വാർഷിക പദ്ധതിയും ബഡ്ജറ്റും

തദ്ദേശഭരണ സ്ഥാപനത്തിന്റെ ബഡ്ജറ്റ് വാർഷിക പദ്ധതി കൂടി ഉൾക്കൊള്ളുന്നതായിരിക്കണം. ഏതെങ്കിലും കാരണവശാൽ ബഡ്ജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതികൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കി അംഗീകരിക്കേണ്ടതാണ്.

## 1.12 പ്രത്യേക വിഭാഗങ്ങൾക്കും മേഖലകൾക്കുമുള്ള പദ്ധതികൾ

### 1.12.1 പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan)

സംസ്ഥാന ബഡ്ജറ്റിലുടെ ലഭിക്കുന്ന ഫണ്ട് ഒരു പട്ടികജാതി ഉപപദ്ധതി പ്രത്യേകം തയ്യാറാക്കി വാർഷിക പദ്ധതിയിൽ ചേർക്കണം.

### 1.12.2 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)

സംസ്ഥാന ബജറ്റിലൂടെ ലഭിക്കുന്ന ഫണ്ട് ഒരു പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ പ്രത്യേകം തയ്യാറാക്കി വാർഷിക പദ്ധതിയിൽ ചേർക്കണം.

### 1.12.3 വനിതാ ഘടക പദ്ധതി

വനിതകളുടെ സാമൂഹ്യസാമ്പത്തിക വികസനത്തിനായി വനിത ഘടക പദ്ധതി തയ്യാറാക്കണം. ഈ പദ്ധതിയിൽ ഉല്പാദനാധിഷ്ഠിതവുമായതും വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്റ്റുകൾ ഉൾപ്പെടുത്താവുന്നതാണ്. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതും കൗൺസിലിംഗ് നടത്തുന്ന കാര്യവും ഉൾപ്പെടുത്താവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളെ ചെറുക്കുന്നതിനുള്ള പ്രവർത്തനം നടത്താവുന്നതാണ്. സ്ത്രീകൾക്ക് മാത്രമായുള്ള പൊതു ഇടങ്ങൾ സ്ഥാപിക്കാവുന്നതാണ്.

പൊതു സ്ഥലങ്ങളിൽ സ്വകാര്യത ഉറപ്പുവരുത്തുന്നതിനായി മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേകം സൗകര്യം ഒരുക്കാവുന്നതാണ്. വാർഷിക പദ്ധതിയുടെ ചുരുങ്ങിയത് 10% വനിതാ ഘടക പദ്ധതി വഴിയാണ് ചെലവഴിക്കേണ്ടത്.

### 1.12.4 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി

ഈ പദ്ധതിയിൽ കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്.

### 1.12.5 വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും

വയോജനങ്ങൾക്ക് ശാരീരിക, മാനസിക, സാംസ്ക്കാരിക പിന്തുണാ സംവിധാനവും സുരക്ഷിതത്വവും, ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്.

### 1.13 അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി

പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് താഴെപ്പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി ഒരു ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്.

1. കുടിവെള്ള പ്രോജക്റ്റുകൾ
2. ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം
3. മലിനജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം
4. ആശുപത്രികൾ, സ്ക്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

### 1.14 ആസ്തി പരിരക്ഷണ പദ്ധതി (Asset Maintenance Plan)

ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനു അനുയോജ്യമായ കാര്യങ്ങളാണ് 'ആസ്തി സംരക്ഷണം' പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തിയാണ് റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

### 1.15 സത്ഭരണ പദ്ധതി

സുതാര്യത, ജന പങ്കാളിത്തം, കാര്യക്ഷമത, നീതിപൂർവ്വവും നിയമവാഴ്ചയിലധിഷ്ഠിതവുമായ ഭരണം എന്നിവ ഉറപ്പുവരുത്തുന്നതിനാണ് പ്രത്യേക സത്ഭരണ പദ്ധതി. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനം ഇടപെടേണ്ട അടിയന്തിര പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള പരാതിപരിഹാര സംവിധാനം ആവിഷ്ക്കരിക്കുകയും വേണം.

### 1.16 വാർഷിക പദ്ധതിക്കും പ്രോജക്റ്റുകൾക്കും ഭരണസമിതി അംഗീകാരം

സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കിയ പദ്ധതികളും പ്രോജക്റ്റുകളും ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കേണ്ടതാണ്. ഓരോ പ്രോജക്റ്റിന്റേയും പേരും വകയിരുത്തൽ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങളടങ്ങുന്ന കരട് എല്ലാ ജനപ്രതിനിധികൾക്കും വിതരണം ചെയ്യേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം നല്കിയതിനു ശേഷം അന്തിമ പദ്ധതിരേഖ അച്ചടിക്കേണ്ടതും അതിന്റെ പകർപ്പ് ജില്ലാ ആസൂത്രണ സമിതിക്കും മറ്റു ബന്ധപ്പെട്ട ഏജൻസികൾക്കും നല്കേണ്ടതുമാണ്.

### 1.17 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം

പ്രോജക്റ്റുകൾ തയ്യാറാക്കി ഡാറ്റാ എൻട്രി നടത്തുകയും ഭരണസമിതി വാർഷിക പദ്ധതിക്ക് അംഗീകാരം നല്കുകയും ചെയ്തു കഴിഞ്ഞാൽ ജില്ലാ

ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് വാർഷിക പദ്ധതി സമർപ്പിക്കാവുന്നതാണ്. ചുവടെ പ്രതിപാദിക്കുന്ന രേഖകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിഷ്ക്കരിച്ച അവസ്ഥാ രേഖ (Status Report)
2. അന്തിമ പദ്ധതി രേഖ
3. തനത് ഫണ്ട് സ്റ്റേറ്റ്മെന്റ്
4. ഭരണസമിതി തീരുമാനങ്ങൾ
5. വാർഷിക പദ്ധതിയിലെ പ്രോജക്ടുകളും അനുബന്ധ റിപ്പോർട്ടുകളും

ജില്ലാ ആസൂത്രണ സമിതി അംഗീകാരം നല്കുന്നത് വാർഷിക പദ്ധതിക്കാണ്. പ്രോജക്റ്റുകളുടെ വിശദമായ പരിശോധന നടത്തി അംഗീകാരവും സാങ്കേതികാനുമതിയും നല്കുന്നത് അതിനായി ചുമതലപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥർ ആണ്. വാർഷിക പദ്ധതി അംഗീകരിക്കുന്നതിനു ശേഷമാണ് ഈ പ്രക്രിയ നടക്കുന്നത്.

### 1.18 പ്രോജക്റ്റുകളുടെ പരിശോധനയും വെറ്റിംഗും

മുനിസിപ്പാലിറ്റിയുടെ പ്രോജക്റ്റുകൾ ജില്ലാതല ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് അംഗീകാരം നല്കേണ്ടത്. കോർപ്പറേഷന്റെ കാര്യത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥനാണ് അംഗീകാരം നല്കുന്നത്. ഒരു പ്രോജക്ടിന് ആ പ്രോജക്റ്റ് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ അംഗീകാരം നല്കാൻ പാടില്ല.

നൂതന (Innovative) പ്രോജക്റ്റുകളിൽ പലതും സർക്കാർ വകുപ്പുകളുടെ ഉത്തരവിൽ നിർദ്ദേശിക്കുന്ന സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായി തയ്യാറാക്കാൻ പറ്റുന്നവയാകണമെന്നില്ല. അത്തരം നൂതന പ്രോജക്റ്റുകൾ പരിശോധിച്ച് അനുമതി നല്കുന്നതിന് ജില്ലാ ആസൂത്രണസമിതി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്. അതിന്റെ ചെയർപേഴ്സൺ ജില്ലാ കളക്ടറും കൺവീനർ പ്ലാനിംഗ് ഓഫീസറുമായിരിക്കും.

### 1.19 പ്രോജക്റ്റുകളുടെ അനുമതി നിരീക്ഷണവും മോണിറ്ററിംഗും

ജില്ലാ കളക്ടർ സെക്രട്ടറിയും ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനുമായുള്ള ജില്ലാതല നിരീക്ഷണ സമിതിയാണ് പ്രോജക്റ്റുകൾക്ക് അനുമതി നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായുള്ള നിരീക്ഷണവും മോണിറ്ററിംഗും അതാതു ജില്ലയിൽ നടത്തുന്നത്. ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടേയും മോണിറ്ററിംഗ് സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയാണ് നിർവ്വഹിക്കുന്നത്.

### 1.20 പദ്ധതി നിർവ്വഹണം

വാർഷിക പദ്ധതിക്ക് ജില്ല ആസൂത്രണസമിതി അംഗീകാരവും പ്രോജക്റ്റുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരവും സാങ്കേതിക പ്രോജക്റ്റു

കൾക്ക് സാങ്കേതികാനുമതിയും ലഭിച്ചു കഴിഞ്ഞാൽ ഭരണസമിതി യോഗം ചേർന്ന് സാമ്പത്തികാനുമതി (financial sanction)നല്കുന്ന പ്രമേയം പാസ്സാക്കി പ്രോജക്റ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നു. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ നിർവ്വഹണ പരിപാടികൾ തദ്ദേശഭരണ തലത്തിൽ ക്രോഡീകരിച്ച് ഒരു നിർവ്വഹണ പദ്ധതി തയ്യാറാക്കണം. നിർവ്വഹണ പദ്ധതി പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഭരണ സമിതി അനുമതി നല്കേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടവും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അടിക്കടി മോണിറ്റർ ചെയ്യേണ്ടതുമാണ്.

### 1.20.1 നിർമ്മാണ പ്രോജക്റ്റുകളുടെ നിർവ്വഹണം

നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുമ്പോൾ നിർവ്വഹണ ഏജൻസി/ സ്ഥാപനവുമായി/കരാറുകാരനുമായി തദ്ദേശസ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട ഏജൻസികളോ നിഷ്ക്കർഷിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണെന്ന് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യണം. ഒരു പൊതു മരാമത്തു പ്രവർത്തിയുടെ നിർവ്വഹണം ഏതു രീതയിൽ വേണമെന്ന് താഴെ പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനത്തിന് തീരുമാനിക്കാവുന്നതാണ്.

(എ) ഗുണഭോക്തൃ സമിതി - 50000/ രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്നതാണ്.

(ബി) അംഗീകൃത സമിതികൾ അദ്ധ്യാപകരക്ഷാകർതൃ സമിതികളേയും, അങ്കണവാടി ക്ഷേമസമിതികളേയും ബന്ധപ്പെട്ട സ്ക്കൂളിന്റെ/അങ്കണവാടിയുടെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ കൂടാതെ, ഗുണഭോക്തൃ സമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം നിർവ്വഹണ ചുമതല ഏല്പിക്കാവുന്നതാണ്.

ഈ രീതി അവലംബിച്ച് നടപ്പാക്കാവുന്ന പ്രോജക്റ്റുകളുടെ അടങ്കൽ തുകയുടെ പരിധി 25 ലക്ഷം രൂപയാണ്.

### (സി) അക്രഡിറ്റഡ് ഏജൻസികൾ

ധനകാര്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്താവുന്നതാണ്.

### (ഡി) ഡെപ്പോസിറ്റ് വർക്കുകൾ

വൈദ്യുതി ലൈൻ ദീർഘിപ്പിക്കാനുള്ള വർക്കുകൾ കെ.എസ്.ഇ.ബി. മുഖേനയും, കുടിവെള്ള സ്കീമുകൾ കേരള ജല അതോറിറ്റി/ഭൂജല വകുപ്പ് മുഖേനയും ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാവുന്നതാണ്.

### (ഇ) ഇടെണ്ടർ/ടെണ്ടർ

തദ്ദേശഭരണ സഥാപനത്തിന് നേരിട്ട് നിർവ്വഹണം നടത്താൻ കഴിയാത്തതോ, മുകളിൽ പ്രതിപാദിച്ച മറ്റ് നിർവ്വഹണ രീതികൾ അവലംബിക്കാൻ കഴിയാത്തതോ ആയ എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യേണ്ടതാണ്.

## 1.21 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ആനുകൂല്യം നല്കുന്നതിനു വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന നടപടിക്രമം പാലക്കേണ്ടതാണ്.

1. അർഹരായ മുഴുവൻ പേർക്കും അപേക്ഷ നല്കാൻ അവസരം ലഭിക്കുന്ന രീതിയിൽ തീയതിയും സമയവും. നിശ്ചയിച്ച് വാർഡ് കേന്ദ്രം തുടങ്ങി എല്ലാ പൊതു സാമൂഹ്യ സംഘടനാ സംവിധാനങ്ങളിലൂടേയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യുകയും വ്യാപകമായ പ്രചാരണം നടത്തുകയും വേണം.
2. അർഹരായവരുടെ ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം.
3. മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം. ഒന്നിലധികം ഗുണഭോക്താക്കൾക്ക് ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകണം.
4. അപേക്ഷകളുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം.
5. കരട് ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കണം.
6. പരിഷ്കരിച്ച കരട് മുൻഗണനാ ലിസ്റ്റ് വാർഡ്സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം മിനിറ്റ്സിൽ രേഖപ്പെടുത്തണം.
7. വാർഡ്സഭ /വാർഡ്കമ്മിറ്റി അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ ക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്.
8. അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം.
9. ഓരോ വാർഡിലെയും അർഹരായ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി ആനുകൂല്യം നൽകേണ്ടതാണ്
10. അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിനു ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവു.
11. തയ്യാറാക്കിയ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ (അനർഹർ ലിസ്റ്റിൽ ഉണ്ടെന്നോ അർഹർ ഒഴിവായി പോയെന്നോ കരുതുന്നുവെങ്കിൽ) ആവശ്യമായ പരിശോധന നടത്തിയതിനു ശേഷം മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തി അനർഹരെ ഒഴിവാക്കുകയോ അർഹരെ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്. അനർഹരെ ഒഴിവാക്കുന്ന കാര്യത്തിൽ വാർഡ്സഭ/ വാർഡ്കമ്മിറ്റിയുടെ സാധൂകരണം തേടിയാൽ മതിയാകും. എന്നാൽ ഒഴിവായി പോയ അർഹരായവരെ കൂട്ടിച്ചേർക്കുന്നത് വാർഡ്സഭ/ വാർഡ്കമ്മിറ്റിയുടെ അംഗീകാരത്തോടെ ആകണം.

## 1.22 പ്രോജക്റ്റുകളുടെ പൂർത്തീകരണ പത്രം

പ്രോജക്റ്റുകളുടെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ രേഖപ്പെടുത്തണം, വിഷയമേഖലാടിസ്ഥാനത്തിലും തദ്ദേശ ഭരണ സ്ഥാപനാടിസ്ഥാനത്തിലും ക്രോഡീകരിച്ച് സാമ്പത്തിക വർഷാവസാനത്തിൽ പദ്ധതി വിലയിരുത്തലിന് ഉപയോഗിക്കാവുന്നതാണ്. പൂർത്തീകരണ പത്രം തയ്യാറാക്കുന്നതോടൊപ്പം ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 1.23. മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും

പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ തന്നെയാണ് നിർവ്വഹിക്കേണ്ടത്. അതിനായി പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ സമിതികളെയും പ്രാദേശിക മോണിറ്ററിംഗ് ചുമതലപ്പെടുത്താവുന്നതാണ്.

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന നിർവ്വഹണ ഏജൻസിയുടെ /കരാറുകാരന്റെ പേരും ഫോൺ നമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്രദർശിപ്പിക്കണം. Display Boardകൾക്കു വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ചതിനു തെളിവായി സൂക്ഷക്കേണ്ട എല്ലാ രേഖകളും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓഫീസിൽ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

## 1.24 തദ്ദേശഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നല്കുന്ന 12 ഇനം പരിപാടികൾ

### 1.24.1 വിശപ്പുരഹിത കേരളം : ജനകീയ ഹോട്ടൽ

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ചെറിയ നഗരസഭകളിൽ ഒന്നും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന ക്രമത്തിലും 25 രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാകുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതാണ്. ജനകീയ ഹോട്ടലിൽ 10 ശതമാനം ഊണ് സൗജന്യമായി നല്കണം. ഇതിനുവേണ്ട തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണം. പണം തന്നു ഭക്ഷണം കഴിക്കുന്നവർ മറ്റൊരു ഊണ് സ്പോൺസർ ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുക. ഒരു ഹോട്ടൽ സംരംഭം എന്ന നിലയിൽ തന്നെയായിരിക്കും ജനകീയ ഹോട്ടലിന്റെയും പ്രവർത്തനം. ഉച്ചയൂണിനൊഴികെ ഭക്ഷണ സാധനങ്ങളുടെ നിരക്ക് പ്രാദേശിക നിലവാരം അടിസ്ഥാനപ്പെടുത്തി യൂണിറ്റിനു തന്നെ തീരുമാനിക്കാവുന്നതാണ്.

### 1.24.2 വയോക്ലബ്ബുകൾ

സമ്പൂർണ്ണ വയോസൗഹൃദ തദ്ദേശസ്ഥാപനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആരംഭിക്കേണ്ടതാണ്. ചെറിയ നഗരസഭകളിൽ മൂന്നു വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന കണക്കിലും വയോക്ലബ്ബുകൾ ആരംഭിക്കേണ്ടതാണ്. വയോക്ലബ്ബിന് പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതാണ്.

### 1.24.3 ശുചിത്വ കേരളം

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സമ്പൂർണ്ണ ശുചിത്വ പദവി നേടുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം, സമ്പൂർണ്ണ ശുചിത്വ പദവി (ഖരമാലിന്യ സംസ്ക്കരണം) കൈവരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1) മാലിന്യങ്ങൾ സ്രോതസിൽ തന്നെ വേർ തിരിക്കണം.
2) ജൈവമാലിന്യം വീട്ടിലോ സമീപത്തോ സംസ്ക്കരിക്കണം.
3) അജൈവ മാലിന്യം ശേഖരിക്കാൻ എം.സി.എഫും തുടർപരിപാലനത്തിന് ആവശ്യമായ റിസോഴ്സ് റിക്കവറി സെന്ററും സജ്ജമാക്കണം.
4) കടകളിലെ മാലിന്യം ശേഖരിക്കാനും സംസ്ക്കരിക്കാനും പ്രത്യേക സംവിധാനമുണ്ടാകണം.
5) ഹരിതകർമ്മസേനയുടെ പ്രവർത്തനം ലഭ്യമാക്കണം.
6) എല്ലാ പൊതു ഓഫീസുകളും, സ്ഥാപനങ്ങളും ശുചിയായിരിക്കണം.
7) ഗ്രീൻ പ്രോട്ടോകോൾ പാലിക്കണം.
8) നിരത്തുകൾ വൃത്തിയുള്ളതാകണം
9) ഡമ്പിംഗ് കേന്ദ്രങ്ങൾ പാടില്ല.

### 1.24.4 പൊതു ടോയിലറ്റുകളും ടേക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും

പൊതു ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ വിവിധ സ്ഥലങ്ങളിൽ 12,000ത്തോളം പൊതു ടോയിലറ്റുകളും ടേക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ചെറിയ മുനിസിപ്പാലിറ്റികളിൽ രണ്ടു വീതവും കോർപ്പറേഷനുകളിൽ അഞ്ചു വീതവും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കണം. വിശ്രമ കേന്ദ്രങ്ങളിൽ വിശ്രമ സ്ഥലം, കുടിവെള്ളം, നാപ്കിൻ വെൻഡിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

### 1.24.5 തോടുകളുടെ ശുചീകരണം

ഹരിതകേരള മിഷൻ നടപ്പാക്കിയ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിനിലൂടെ നടത്തിയ പ്രവർത്തനങ്ങളുടെ മാതൃകയിൽ തോടുകൾ ശുചിയാക്കുന്നതാണ് ഈ പരിപാടി. തോടുകളുടേയും നീർച്ചാലുകളുടേയും ശുചീക

രണം ഏറ്റെടുക്കുമ്പോൾ നീർച്ചാൽ ശൃംഖല പൂർണ്ണമായും പുനഃസ്ഥാപിക്കുന്നതിന് മുൻഗണന നല്കണം. തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

### 1.24.6 ഫലവൃക്ഷ തൈകൾ നട്ട് പരിപാലിക്കൽ

പ്രതിവർഷം ഒരു കോടി ഫലവൃക്ഷ തൈകൾ വീതം നട്ടുവളർത്തുന്ന ഒരു ദശവത്സര പരിപാടിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പു പദ്ധതി, കൃഷിവകുപ്പ്, സോഷ്യൽ ഫോറസ്ട്രി, ഹരിത കേരള മിഷൻ എന്നീ ഏജൻസികൾ വഴിയാണ് ഈ പദ്ധതി പ്രാദേശികമായി നടപ്പാക്കുക. പൊതുസ്വത്ത് ആയാലും സ്വകാര്യ ഭൂമിയിൽ ആയാലും വൃക്ഷങ്ങൾ നടുന്നത് കൂട്ടായ ഒരു ജനകീയ പരിപാടിയാക്കുന്നതിനാണ് പരിശ്രമിക്കേണ്ടത്. പുരയിടങ്ങളിൽ വ്യാപകമായി ഫലവൃക്ഷങ്ങൾ നടാം. തെങ്ങ്, മുരിങ്ങ, കറിവേപ്പില, അവക്കാഡോ, റംബൂട്ടാൻ, മാങ്കോസ്റ്റിൻ, സപ്പോട്ട, ഡ്രാഗൺ ഫ്രൂട്ട് തുടങ്ങിയവയും നടാം. സർക്കാർ അംഗീകൃത സ്വകാര്യ നേഴ്സറികളിൽ നിന്നും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി നിശ്ചയിക്കുന്ന വിലക്ക് തൈകൾ വാങ്ങാവുന്നതാണ്. വൃക്ഷതൈകൾ വാങ്ങുന്നതിനുള്ള ചെലവ് തൊഴിലുറപ്പു പദ്ധതിയുടെ സാധന സാമഗ്രി ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

### 1.24.7 ജൈവ പച്ചക്കറി കൃഷി

പച്ചക്കറി ഉല്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുന്നതിനും വിഷരഹിത നല്ല ഭക്ഷണം ഉറപ്പു വരുത്തുന്നതിനും വേണ്ടി സംസ്ഥാനത്ത് പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിച്ചു വരുന്നു. ഈ ലക്ഷ്യവുമായി കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'ജീവനി'. കൃഷി വകുപ്പിന്റെ സ്കീമുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകൾ, കുടുംബശ്രീ, ജെ.എൽ.ജി. സംരംഭങ്ങൾ, സഹകരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഇവയെല്ലാം തദ്ദേശഭരണ സ്ഥാപനത്തിൽ ഏകോപിപ്പിക്കണം.

### 1.24.8 ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP)

പ്രാദേശിക സർക്കാരുകളുടെ ആഭിമുഖ്യത്തിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം. തൊഴിൽ ഗ്രൂപ്പുകൾ, സ്വയം സഹായക സംഘങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവ വഴിയാണ് തൊഴിൽ സൃഷ്ടിക്കേണ്ടത്. കുടുംബശ്രീയാണ് തൊഴിൽ സംരംഭങ്ങളുടെ ഒരു പ്രധാന ഏജൻസി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും താഴെ പറയുന്ന ഏതാനും തൊഴിൽ സംരംഭങ്ങളെങ്കിലും ആരംഭിക്കേണ്ടതാണ്.

- പ്ലാസ്റ്റിക് ബദൽ ഉല്പന്നങ്ങൾ
- ഹരിതകർമ്മസേനകളുടെ ആഭിമുഖ്യത്തിലുള്ള സംരംഭങ്ങൾ
- ഹോം ഷോപ്പുകൾ
- ഇറച്ചിക്കോഴി യൂണിറ്റുകൾ
- ന്യൂട്രിമിക്സ് ബ്രാൻഡിൽ പൊതു പോഷക ഭക്ഷണങ്ങൾ

- കരകൗശല ഉല്പന്നങ്ങൾ
- റിപ്പയറിംഗിനും മറ്റു സർവ്വീസുകൾക്കും വേണ്ടിയുള്ള മൾട്ടി ടാസ്ക് ടീമുകൾ
- ഇവന്റ് മാനേജ്മെന്റ് ടീമുകൾ
- കാർഷിക സംസ്ക്കരണ യൂണിറ്റുകൾ

### 1.24.9 പൊതു വിദ്യാഭ്യാസ യജ്ഞം

പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ അക്ഷരവും അക്കവും ഉറച്ചിട്ടില്ലാത്തവരെ കണ്ടെത്തി റമഡിയൽ വിദ്യാഭ്യാസം നല്കുന്ന ഒരു പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

### 1.24.10 പാലിയേറ്റീവ് പരിചരണം

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും എല്ലായിടത്തും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

### 1.24.11പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വികസനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള കോളനി/സങ്കേത നവീകരണ പദ്ധതികളുടേയും വീടുകളുടേയും പഠന മുറികളുടേയും സാമൂഹ്യ പഠന കേന്ദ്രത്തിന്റെയും സമയബന്ധിതമായ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. സാമൂഹ്യപഠന കേന്ദ്രം പൂർത്തിയാക്കി കഴിഞ്ഞാൽ അതിന്റെ ഫലപ്രദമായ വിനിയോഗത്തിന് നിർദ്ദേശിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും പഠനകേന്ദ്രത്തിനെ കുട്ടികളുടെ മെഡിക്കൽ കോച്ചിംഗ് സെന്ററായും വയോജന സേവന കേന്ദ്രമായും ഉപയോഗപ്പെടുത്തുന്നന്നതിനു വേണ്ട നടപടി സ്വീകരിക്കണം.

### 1.24.12 ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ

വരൾച്ച, പ്രളയം, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് എന്നിവയെ അതിജീവിക്കുന്നതിനും ദുരന്തമുഖത്ത് പകച്ചു നില്ക്കാതെ ഇടപെടുന്നതിനും സാധിക്കുന്ന തരത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ദുരന്ത മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിനെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 1.25 സുഭിക്ഷ കേരളം പദ്ധതി

കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിന്റെ ഭക്ഷ്യോല്പാദന വിപണിയെ ഉപയോഗിച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുകയും വരുമാനവും സംരംഭങ്ങളും തൊഴിലും സൃഷ്ടിച്ചുകൊണ്ടുമാണ് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തേണ്ടത്. വിപു

ലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പാക്കി കാമ്പയിൻ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുക. താഴെപ്പറയുന്നവയാണ് ലക്ഷ്യങ്ങൾ.

1) നെല്ല്, പഴവർഗ്ഗങ്ങൾ, മരച്ചീനി ഉൾപ്പെടേയുള്ള കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി, പയറു വർഗ്ഗങ്ങൾ, ഇലക്കറികൾ, ഇറച്ചിക്കോഴി, മുട്ടക്കോഴി, പാൽ, ആട്, പോത്ത്, പന്നി, മത്സ്യം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉപ്പാക്കുക.
2) ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിച്ചു കൊണ്ട് ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുക..
3) പരമ്പരാഗത കൃഷി വിജ്ഞാനം ഉൾക്കൊണ്ടു കൊണ്ടു തന്നെ നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാർഷിക അനുബന്ധ മേഖലകൾക്ക് പുതുജീവൻ നല്കുകയും അതു വഴി കർഷകരുടേയും കർഷക തൊഴിലാളികളുടേയും വരുമാനം വർദ്ധിപ്പിക്കുകയും ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.
4) യുവജനങ്ങൾ, തൊഴിൽ നഷ്ടപ്പെട്ടു മടങ്ങി വരുന്ന പ്രവാസികൾ, വിശ്രമജീവിതം നയിക്കുന്നവർ തുടങ്ങി കൂടുതൽ പേരെ കൃഷി അനുബന്ധ മേഖലകളിലേക്ക് ആകർഷിക്കുക. അവർക്ക് ന്യായമായ വരുമാനം ഉറപ്പു വരുത്തുക.
5) സമ്പദ് വ്യവസ്ഥയിൽ കാർഷികാനുബന്ധ മേഖലകളുടെ സംഭാവന വർദ്ധിപ്പിക്കുക. കേരളത്തിന്റെ ഭക്ഷ്യോത്പന്ന വിപണിയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുക.
6) കാർഷികോല്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നല്കുക.
7) പരിസ്ഥിതി സംരക്ഷിക്കുക.

### 1.25.1 സമീപനം

തരിശുനിലവും തരിശുഭൂമിയും പുരയിടങ്ങളും വീട്ടു വളപ്പും ടെറസും എല്ലാം ഉല്പാദന കേന്ദ്രങ്ങളാക്കുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്വം.

തരിശുഭൂമി കൃഷി യോഗ്യമാക്കൽ തുടങ്ങിയ ഭൂവികസന പ്രവർത്തനങ്ങൾ അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നടപ്പാക്കാവുന്നതാണ്.

# 2
# ജില്ലാപദ്ധതി

## 2.1 ജില്ലാപദ്ധതി എന്ത്? എന്തിന്?

ഇൻഡ്യയിൽ അധികാര വികേന്ദ്രീകരണത്തിനും ജില്ലാതല ആസൂത്രണ ത്തിനുമുള്ള ഉദ്യമങ്ങൾ ഒന്നാം പഞ്ചവത്സ പദ്ധതി കാലത്തു തന്നെ ആരംഭിച്ചി രുന്നു. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആവിർഭാവത്തോടെ ജില്ലാതല ആസൂത്രണം ഉദ്യോഗസ്ഥ കേന്ദ്രീകൃതമായി. വ്യത്യസ്ഥ സർക്കാർ വകുപ്പുകളും മിഷനുകളും ജില്ലാ തലത്തിൽ പദ്ധതി തയ്യാറാക്കുന്നുണ്ട്. എന്നാൽ അവയുടെ രൂപീകരണത്തിൽ ജനാധിപത്യ പ്രക്രിയയോ പങ്കാളിത്ത സ്വഭാവമോ അവലംബിക്കുന്നില്ല. പ്രൊഫ. എം.എൽ ദന്തേവാല കമ്മിറ്റിയും (1978) പ്രൊഫ. ഹനുമന്തറാവു കമ്മിറ്റിയും (1984) ജനാധിപത്യപരമായി ജില്ലാ പദ്ധതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിരുന്നു. ഭരണ ഘടനയുടെ 74 ഭേദഗതിയോടെയാണ് ജില്ലാപദ്ധതി ജനാധിപത്യപങ്കാളിത്ത രീതിയിൽ രൂപീകരിക്കുക എന്നത് ഭരണഘടനാപരമായി വ്യവസ്ഥ ചെയ്യപ്പെട്ടത്.

ഇൻഡ്യയിലെ ഫെഡറൽ സംവിധാനത്തിൽ, കേന്ദ്രതലം (Macro) സം സ്ഥാനതലം (Messo) ജില്ലാതലം (Micro) പ്രാദേശിക തലം (Local) എന്നീ ശൃംഖലയിലൂടെയാണ് ആസൂത്രണ പ്രക്രിയ നിർവ്വഹിക്കപ്പെടേണ്ടത്. എന്നാൽ കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും ആസൂത്രണം യഥാകാലം നടക്കു ന്നുണ്ട്. കേരളത്തിൽ ഇൻഡ്യക്കു തന്നെ മാതൃകയായി പങ്കാളിത്ത രീതിയിൽ ജനകീയമായി പ്രാദേശികാസൂത്രണവും നടന്നു വരുന്നു. എന്നാൽ പ്രയോ ഗക്ഷമമായ ഒരു ജില്ലാപദ്ധതിയുടെ അഭാവം പതിമൂന്നാം പദ്ധതി വരെ നില നിന്നിരുന്നു.

നിലവിലുള്ള വികസന പ്രക്രിയയിൽ ഓരോ ജില്ലയേയും സംസ്ഥാനത്തി ന്റെ പൊതുവായ വികസനത്തിലെ പ്രധാനപ്പെട്ട സാമൂഹിക സാമ്പത്തിക വികസന ഘടകമായി പരിഗണിക്കേണ്ടതുണ്ട്. ഓരോ ജില്ലക്കും തനതായ വികസന പശ്ചാത്തലവും വ്യത്യസ്ഥമായ ഭൂമിശാസ്ത്രഘടകങ്ങളും ഉണ്ടെ ന്നിരിക്കെ സമഗ്രമായ ജില്ലാ പദ്ധതി രൂപീകരണത്തിന്റെ പ്രസക്തി ഏറെയാണ്.

ജില്ലയുടെ സമഗ്ര വികസനത്തിന് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും അപ്പുറത്ത് ഒരു ദീർഘകാല വീക്ഷണത്തിന്റെ ആവശ്യകത

ലക്ഷ്യമിട്ടുകൊണ്ടുള്ള വിഷൻ 2030 ന് സംസ്ഥാന സർക്കാർ രൂപം നൽകി യിട്ടുണ്ട്. ഈ ദീർഘകാല വികസന കാഴ്ചപ്പാടിലൂന്നിയാണ് ജില്ലാ പദ്ധതി രൂപീകരിക്കുന്നത്.

## 2.2 ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി)

ഭരണഘടനയുടെ 243 ജി, 243 ഡബ്ല്യു അനുഛേദങ്ങൾ പ്രകാരം സാമൂഹ്യ നീതിക്കും സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പ്രാഥമിക ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുവാനും ജില്ലക്കാകെ ബാധക മായ കരട് വികസന പദ്ധതി തയ്യാറാക്കുവാനും വേണ്ടി ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കണമെന്ന് ഭരണഘടനയുടെ അനു ഛേദം 243ZD അനുശാസിക്കുന്നു. അതായത് പ്രാദേശിക പദ്ധതി തയ്യാറാ ക്കുന്നതിനുള്ള ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പദ്ധതിയുടെ ഏകോപന സംയോജന ചുമതല ജില്ലാ ആസൂത്രണ സമിതിക്കുമാണ്.

1994 ലെ കേരള മുനിസിപ്പൽ നിയമത്തിലെ അൻപത്തിമൂന്നാം വകുപ്പി ലാണ് ജില്ല ആസൂത്രണ സമിതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്. പതിനഞ്ച് അംഗങ്ങളാണ് ജില്ലാ ആസൂത്രണ സമിതി യിൽ ഉണ്ടാവേണ്ടത്. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും, ജില്ല കളക്ടർ മെമ്പർ സെക്രട്ടറിയും കൂടാതെ സർക്കാർ നിർദ്ദേശിക്കുന്ന ഒരു വിദഗ്ധൻ, കൂടാതെ ജില്ലാ പഞ്ചായത്ത്, നഗരസഭ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരിൽ 12 ജനപ്രതിനിധികൾ എന്നിവരാണ് 15 അംഗങ്ങൾ. തെരഞ്ഞെടുക്കുന്നവരിൽ പകുതിപ്പേർ സ്ത്രീകളായിരിക്കണം. ജില്ലയിലെ എം.പി, എം.എൽ.എ മാർ സ്ഥിരം ക്ഷണിതാക്കളും ഗ്രാമപഞ്ചാ യത്ത് അസോസിയേഷന്റെ രണ്ടും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസോ സിയേഷന്റെ ഒന്നും പ്രതിനിധികൾ പ്രത്യേക ക്ഷണിതാക്കളുമാണ്. ജില്ലാതല ഉദ്യോഗസ്ഥർ ജോയിന്റ് സെക്രട്ടറിമാരാണ്.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകേണ്ടതും, ജില്ലയിലെ അംഗീകൃത പദ്ധതികളുടേയും ജില്ലയെ സംബ ന്ധിക്കുന്ന സംസ്ഥാന പദ്ധതികളുടേയും നടത്തിപ്പും ഗുണനിലവാരവും വിലയിരുത്തി അതിന്റെ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യം എത്ര നേടാൻ കഴിഞ്ഞു എന്ന് മോണിട്ടർ ചെയ്യേണ്ടതും ജില്ലാ ആസൂത്രണ സമിതി യാണ്.

ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.)
കേരള മുനിസിപ്പാലിറ്റി നിയമം
1994 സെക്ഷൻ 53
15 അംഗങ്ങൾ
ചെയർപെഴ്സൻ: ജില്ലാപഞ്ചായത്ത് പ്രസിഡന്റ്
മെമ്പർ സെക്രട്ടറി : ജില്ലാകളക്ടർ

ത്രിതല പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന വികസനപദ്ധതി സംയോജിപ്പിക്കുക, ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുക എന്നതും ജില്ല ആസൂത്രണ സമിതിയുടെ പ്രധാന ചുതല യാണ്. ഈ ചുമതല നിർവ്വഹിക്കുന്നതിനുള്ള സുപ്രധാന ഉപാധിയാണ് ജില്ലാപദ്ധതി.

## 2.3 ജില്ലാപദ്ധതി മുൻകാല ഉദ്യമങ്ങൾ

ഒമ്പതാം പദ്ധതിക്കാലയളവിൽത്തന്നെ ജില്ലാപദ്ധതി രൂപീകരണത്തിനാ യുള്ള രീതിശാസ്ത്രം സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിക്കുകയു ണ്ടായി. 2000 ൽ ഇതുപ്രകാരം ഏതാനും ജില്ലകളിൽ ജില്ലാപദ്ധതി തയ്യാറാക്കി. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തിന് പൂർണ്ണമായും പ്രയോജനപ്രദമാ കുന്ന ഒരു രേഖയാക്കി അതിനെ മാറ്റാനായില്ല. 2003 ൽ കൊല്ലം ജില്ലയിൽ നഗരഗ്രാമാസൂത്രണ വകുപ്പിന്റെ നേതൃത്വത്തിൽ ഉദ്ഗ്രഥിത ജില്ലാപദ്ധതി തയ്യാറാക്കി. 2014 ൽ ആലപ്പുഴ, ഇടുക്കി, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിലും ജില്ലാപദ്ധതികൾ രൂപീകരിച്ചു. ഈ പദ്ധതികൾ പ്രധാന മായും സ്ഥലപരമായ ആസൂത്രണത്തിന് ഊന്നൽ നൽകിയിട്ടുള്ളവയാണ്. സാമൂഹ്യസാമ്പത്തിക ആസൂത്രണത്തിന് ഉതകുന്ന രേഖയായി പ്രയോജന പ്പെട്ടില്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തിന് പ്രയോജനപ്പെടുന്ന ജില്ലാ പദ്ധതിയിലേയ്ക്കുള്ള ചുവടുവയ്പുകളായി ഇവയെല്ലാം മാറുകയും ചെയ്തു.

### 2.3.1 ജില്ലാപദ്ധതി

2017-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പതിമൂന്നാം പഞ്ച വത്സ പദ്ധതിയിൽ എല്ലാ ജില്ലകളിലും ജില്ലാ വികസന പദ്ധതി തയ്യാറാക്കും എന്നും കേന്ദ്രസംസ്ഥാന പദ്ധതികളുടെ ജില്ലാവിഹിതം വ്യക്തമാക്കുന്ന രേഖ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിനു ശേഷം പ്രസിദ്ധീകരിക്കുമെന്നും പ്രഖ്യാപിച്ചു. അതുപ്രകാരം സ.ഉ. (അച്ചടി) നം. 19/2017/ പ്ലാനിംഗ്, തീയതി 23.09.2017 ഉത്തരവു പ്രകാരം ജില്ലാ ആസൂത്രണ സമിതികൾ തയ്യാറാക്കിയ ജില്ലാ പദ്ധതികളാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്.

ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര മേഖലകളിൽ സ്വതന്ത്രമായി പദ്ധതി ആവിഷ്ക്കരിക്കു ന്നതിൽ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. എന്നാൽ പ്രാദേ ശിക പദ്ധതികളുടെ സമന്വയവും ഏകോപനവും ഉറപ്പാക്കി വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോ ജനപ്പെടുത്തിന്നതിന് വേണ്ടത്ര കഴിഞ്ഞിട്ടില്ല എന്നത് ഒരു പോരായ്മയാണ്. ഇത് പരിഹരിക്കുന്നതിന് പതിമൂന്നാം പദ്ധതിയിൽ നിശ്ചയദാർഢ്യത്തോടെ യുള്ള പ്രവർത്തനമാണ് സർക്കാർ നടത്തി വരുന്നത്. സമഗ്ര വികസനം സാധ്യമാവണമെങ്കിൽ മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളെ ഫല പ്രദമായി ഉപയോഗിക്കുകയും പരിപാടികളുടെ സമന്വയം പരമാവധി ഉറപ്പാ ക്കുകയും വേണം. അതുപോലെ, വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ ഈ ഭരണഘടനാ ചുമതല നിറവേറ്റുന്നതിനുള്ള പ്രധാന ഉപാധിയാണ് ജില്ലാപദ്ധതി.

പ്രാദേശിക പദ്ധതികളിൽ വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകാവുന്ന സ്ഥലമാനാസൂത്രണം, ജലത്തിന്റെയും പ്രകൃതിദത്ത വിഭവങ്ങളുടെയും പങ്കിടൽ, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനം മുതലായവ ജില്ലാപദ്ധതിയിൽ പരിഗണിക്കപ്പെടുന്നു. (ഉദാ: പുഴ, കായൽ, കടൽ സംരക്ഷണം, കാർബൺന്യൂട്രൽ വികസനം മുതലായവ) ഇത്തരത്തിൽ ജില്ലാപദ്ധതി തയ്യാറാക്കുമ്പോൾ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോടും സംഘടനകളോടും കൂടിയാലോചിച്ചു വേണം അവ തയ്യാറാക്കേണ്ടതെന്ന് നിയമം അനുശാസിക്കുന്നുണ്ട്,.

വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രൊജക്ടുകൾ ക്രോഡീകരിച്ച ഒരു രേഖ എന്നതിനേക്കാളുപരി ജില്ലയുടെ സമഗ്രവികസനം വിഭാവനം ചെയ്യുന്ന ഒരു രേഖയാണ് ജില്ലാപദ്ധതി.

- വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുന്നതിന്
- വികസന പ്രക്രിയയിൽ ഇടപെടുന്ന ഓരോ യൂണിറ്റിന്റെയും സാധ്യതകളും പ്രവർത്തനങ്ങളും അറിയുന്നതിന്
- സംയുക്തമായി ഏറ്റെടുക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ഓരോ യൂണിറ്റും ഏറ്റെടുക്കേണ്ട ഘടകങ്ങൾ നിർണ്ണയിക്കുന്നതിന്
- സംയോജന ഏകോപന സാധ്യതകൾ പ്രയോജനപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന്
- പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിന് മുതലായവക്ക് ജില്ലാപദ്ധതി മാർഗ്ഗ ദർശകമാകുന്നു.
- പ്രത്യേകമായ സ്കീമുകളോ വകയിരുത്തലുകളോ ഇല്ലാത്ത പദ്ധതിയാണ് ജില്ലാപദ്ധതി.
- വിവിധതട്ട് ഭരണ സ്ഥാപനങ്ങൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുക.
- കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുക
- ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുക
- നല്ല മാതൃകകളെ വ്യാപിപ്പിക്കുക
- തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുക
- വിവിധ തട്ടു സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന വികസന പ്രോജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുക എന്നിവയും ജില്ലാപദ്ധതിയിലൂടെ നിർവ്വഹിക്കപ്പെടുന്നു.

ജില്ലാപദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ട്. ജില്ലയുടെ വികസനം സംബന്ധിച്ച വിശാല കാഴ്ചപാട് വ്യക്തമാക്കുന്ന ജില്ലാ വികസന പരിപ്രേക്ഷ്യമാണ് ആദ്യ ഭാഗം. കേന്ദ്രസംസ്ഥാന വകുപ്പുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നടപ്പു വാർഷിക പദ്ധതിയും വിശകലനം ചെയ്ത് ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് രണ്ടാം ഭാഗം.

## 2.4 ജില്ലാപദ്ധതിയുടെ ഘടന

### 2.4.1 മുഖവുരയും ഉള്ളടക്കവും

### ഭാഗം I : ജില്ലാ വികസന പരിപ്രേക്ഷ്യം

അദ്ധ്യായം 1 :. ആമുഖം: ജില്ലയുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും, വിസ്തൃതി, ജനസംഖ്യ, ഭൂപ്രകൃതി, പ്രാഥമിക സ്ഥിതി വിവരക്കണക്കുകൾ, ജനസംഖ്യാ വളർച്ചയും കുടിയേറ്റവും, വികസന ചരിത്രം, ജില്ലയുടെ ഭൂപടം

അദ്ധ്യായം 2 :. വിഭവ ലഭ്യത (മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ)

അദ്ധ്യായം 3 :. വികസനത്തിന്റെ സ്ഥലമാനങ്ങൾ

അദ്ധ്യായം 4 :. വികസനമേഖലകൾ : അവസ്ഥയും പരിപ്രേക്ഷ്യവും

1. ഉൽപ്പാദന മേഖല
2. സേവന മേഖല
3. പശ്ചാത്തല മേഖല
4. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

### ഭാഗം II : ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അദ്ധ്യായം 5 : കേന്ദ്ര,സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും.

അദ്ധ്യായം 6 : തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നടപ്പു വാർഷിക പദ്ധതി അവലോകനവും മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും.

അദ്ധ്യായം 7 : പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും.

**ജില്ലാപദ്ധതി-ഘടന**

ഭാഗം I : ജില്ലാ വികസന പരിപ്രേക്ഷ്യം

4 അദ്ധ്യായങ്ങൾ

ഭാഗം II : ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

3 അദ്ധ്യായങ്ങൾ

## 2.5 ജില്ലാതല ആസൂത്രണ പ്രക്രിയ

കരട് ജില്ലാപദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിനായി 1995 ലെ കേരള ജില്ലാ ആസൂത്രണ സമിതി ചട്ടങ്ങളിലെ ചട്ടം 16 ൽ പറയുന്നതു പ്രകാരം ഉപസമിതികൾ രൂപീകരിക്കുകയാണ് ആദ്യപടി. താഴെപ്പറയുന്ന വിഷയ മേഖലകളിലാണ് ഉപസമിതികൾ രൂപീകരിക്കുന്നത്.

1. ആമുഖ വിവരങ്ങൾ
2. വിഭവലഭ്യത (മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ)
3. വികസനത്തിന്റെ സ്ഥലമാനങ്ങൾ
4. ഉല്പാദന മേഖല (5)
   4.1 നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ്ജല സംരക്ഷണം ഉൾപ്പെടെ)
   4.2 മൃഗ സംരക്ഷണം, ക്ഷീരവികസനം
   4.3 മത്സ്യ വികസനം
   4.4 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം
   4.5 വ്യവസായം, വാണിജ്യം, തൊഴിൽ സംരംഭങ്ങൾ
5. സേവന മേഖല (3)
   5.1 ആരോഗ്യം, കുടിവെള്ളം, ശുചിത്വം, (ഖരദ്രാവക മാലിന്യ സംസ്കരണം ഉൾപ്പെടെ)
   5.2 പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം.
   5.3 വിദ്യാഭ്യാസം (അങ്കണവാടി വിദ്യാഭ്യാസം ഉൾപ്പെടെ) സംസ്കാരം, കായികം, യുവജന കാര്യം)
6. പശ്ചാത്തല മേഖല (2)
   6.1 ഊർജ്ജം
   6.2 ഗതാഗതം, വാർത്താവിനിമയം, വിനോദ സഞ്ചാരം
7. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ (2)
   7.1 പട്ടികജാതി, പട്ടികവർഗ്ഗ വികസനം
   7.2 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റർ വിഭാഗം എന്നിവരുടെ വികസനം.

പതിനഞ്ച് ഉപസമിതികൾ രൂപീകരിക്കണമെന്നാണ് നിർദ്ദേശിക്കുന്നതെങ്കിലും ജില്ലകളുടെ സാഹചര്യങ്ങൾക്ക് അനുസരിച്ച് കൂടുതൽ ഉപസമിതികൾ ആകാവുന്നതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള സംയോജിത വിഷയങ്ങൾക്ക് പ്രത്യേകമായും (ഉദാ: ആരോഗ്യം, കുടിവെള്ളം) നിർദ്ദേശിച്ചിട്ടില്ലാത്ത വിഷയ മേഖലകൾക്കും (ഉദാ: ദാരിദ്ര്യലഘൂകരണം, നഗരവൽക്കരണം) ആവശ്യമെങ്കിൽ ഉപസമിതികൾ രൂപീകരിക്കാം.

## 2.6 ജില്ലാതല ഏകോപനവും വൈദഗ്ധ്യ വിനിയോഗവും

ഉപസമിതികളുടെ ചെയർപേഴ്സൺ ഒരു ഡി.പി.സി. അംഗവും കൺവീനർ ആ വികസന മേഖലയുടെ ജില്ലാതല ഉദ്യോഗസ്ഥനും അംഗങ്ങൾ ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും ആയ വിഷയ മേഖലയിലെ വിദഗ്ധരും ആയിരിക്കും. ഉപസമിതിയിലെ ആകെ അംഗസംഖ്യ 7 മുതൽ 15 വരെ ആണ്. മിഷനുകളുമായുള്ള സംയോജനവും ഏകോപനവും സാധ്യമാകുന്നതിന് എല്ലാ വികസന മിഷനുകളുടെയും ജില്ലാകോഓർഡിനേറ്റർമാരെയും കേന്ദ്രാ

വിഷ്കൃത വിദ്യാഭ്യാസ പ്രൊജക്ടുകളുടെ പ്രോജക്ട് ആഫീസർമാരെയും ബന്ധപ്പെട്ട ഉപസമിതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ജനകീയാസൂത്രണ പ്രവർത്തനങ്ങളെ സഹായിക്കാൻ സന്നദ്ധ സേവന ത്തിനു തയ്യാറുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ജില്ലാ റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ ഉപസമിതിയിൽ അംഗങ്ങളാക്കി അവരുടെ വൈദഗ്ധ്യവും പങ്കാളിത്തവും ജില്ലാപദ്ധതി രൂപീകരണത്തിന് ഉപയോഗപ്പെടുത്തുന്നു. പ്രാദേശിക സർക്കാ രുകളുടെ ആസൂത്രണ സമിതി അംഗങ്ങളെ ഉൾപ്പെടുത്തി വിവിധ തട്ടുകൾ തമ്മിലുള്ള ഫലപ്രദമായ ഏകോപനവും ഉറപ്പു വരുത്തിയിട്ടുണ്ട്.

**ജില്ലാപദ്ധതിയും ഏകോപനവും**

- സാധാരണ പദ്ധതികളിൽ നിന്ന് വ്യത്യസ്തം
- പ്രത്യേകം അടങ്കലുകളോ പ്രോജക്ടുകളോ ഇല്ല
- വിവിധ തട്ട് ഗവൺമെന്റുകൾ വികസന മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുക

## 2.7 ജില്ലയുടെ വികസന പരിപ്രേക്ഷ്യം തയ്യാറാക്കൽ

ജില്ലയുടെ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനു മുന്നോടിയായി ഓരോ വികസന മേഖലയുടെയും നിലവിലെ അവസ്ഥ വിശകലനം ചെയ്യണം. ലഭ്യമായ സ്ഥിതി വിവരകണക്കുകളുടെ വിശകലനം, ഫോക്കസ് ഗ്രൂപ്പ് ചർ ച്ചകൾ, സ്ഥല സന്ദർശനം, തുടങ്ങിയ രീതികളാണ് ഇതിന് അവലംബിക്കു ന്നത്. ഇതിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ സ്ഥിതി വിവര ക്കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് ബന്ധപ്പെട്ട ഉപസമിതിക്ക് നൽകുന്നു.

അവസ്ഥ വിശകലനത്തിന്റെ ഭാഗമായി വികസനത്തിലെ വിടവുകൾ, വികസന പ്രശ്നങ്ങൾ, ജനങ്ങളുടെ ആവശ്യങ്ങൾ, മുൻഗണനകൾ, വികസന സാധ്യതകൾ, ഏകോപന സാധ്യതകൾ, പുതിയ പ്രശ്ന പരിഹാര ആവശ്യ ങ്ങൾ എന്നിവ കണ്ടെത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നു.

വികസന മേഖലയിൽ പദ്ധതി കാലയളവിലും ദീർഘകാലാടിസ്ഥാനത്തി ലും എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കണം. ഇപ്രകാരം വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുമ്പോൾ കേന്ദ്രസംസ്ഥാന പ്രാദേശിക സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ കൂടി കണക്കിലെടുക്കുന്നു. വിവിധ തട്ടു ഗവൺമെന്റുകളുടെ വികസന ലക്ഷ്യങ്ങളെ, ജില്ലയുടെ സാധ്യതകളും പരിമിതികളും, മുൻഗണനകളും പരിഗണിച്ചുകൊണ്ട് ക്രമീകരിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ജില്ലയുടെ ഭൂമിശാസ്ത്രം, പരിസ്ഥിതി, ജനസംഖ്യ, സ്ഥലമാനങ്ങൾ എന്നിവയും സാമൂഹികവും സാംസ്കാരികവുമായ സവി ശേഷതകളും പരിഗണിച്ചുകൊണ്ട് മാത്രമേ വിവിധ തട്ടു സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ ഓരോ പ്രദേശത്തും ക്രമീകരിച്ച് നടപ്പിലാക്കാനാവൂ.

ജില്ലാ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ജില്ലയിലൊ ജില്ലക്ക് പുറത്തോ പ്രവർത്തിക്കുന്ന വികസന ഗവേഷണ സ്ഥാപനങ്ങൾ, മറ്റ് വിദഗ്ധ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ എന്നിവയുടെ ഉപദേശങ്ങൾ സ്വീകരിക്കുന്നതിന് ഉപസമിതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ട താണ്. ഇത്തരം സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി നേരിട്ടോ അല്ലാതെയൊ ചർച്ചകൾ സംഘടിപ്പിച്ചാണ് ഇത് സാധിക്കേണ്ടത്. അതേപോലെ വ്യത്യസ്ഥ വിഷയ മേഖലകളുടെ മുൻപിൻ ബന്ധങ്ങൾ ഉറപ്പിക്കുന്നതിന് മറ്റ് ഉപസമി തികളുമായും ചർച്ച ചെയ്യേണ്ടതാണ്.

## 2.8 വിഭവ വിലയിരുത്തലും മുൻഗണന നിശ്ചയിക്കലും

വിഭവ ലഭ്യത എന്ന രണ്ടാം അദ്ധ്യായത്തിൽ മാനവ, പ്രകൃതി, സ്ഥാപന വിഭവങ്ങളുടെ സാധ്യതകൾ വിശദമായി വിശകലനം ചെയ്യേണ്ടതുണ്ട്. ധനവിഭ വത്തെ സംബന്ധിച്ചിടത്തോളം 5 വർഷക്കാലയളവിൽ ജില്ലയിലെ ഓരോ വികസന യൂണിറ്റിനും വിവിധ ശ്രോതസ്സുകളിൽ നിന്നും ലഭിക്കാവുന്നു തുക ഏറെക്കുറെ കൃത്യമായി കണക്കാക്കി ഒരു പട്ടികയായി നൽകിയിരിക്കും. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, കേന്ദ്രസംസ്ഥാന പദ്ധതികളുടെ വിഹിതം എന്നിവ ഓരോ വർഷവും 10 ശതമാനം വർദ്ധിക്കുമെന്ന് കണക്കാ ക്കിയാണ് 2021-22 വരെയുള്ള വിഹിതം നിശ്ചയിച്ചിരിക്കുന്നത്. അതോടൊപ്പം സാമൂഹ്യ പ്രതിബദ്ധതാ ഫണ്ടുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളും സ്വകാര്യ സംരഭങ്ങളുടെ സാധ്യതകളും പരിശോധിച്ച് ഉൾപ്പെടുത്തുന്നു.

കേന്ദ്രസംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന വികസന പ്രവർ ത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തു ന്നതിനുള്ള നിർദ്ദേശങ്ങളും അതിനായി ജില്ലയിലെ പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും രണ്ടാം ഭാഗത്തിലെ അദ്ധ്യായം 5 ൽ ഉൾപ്പെടു ത്തിയിരിക്കും. ഇതിന് കേന്ദ്രസംസ്ഥാന പദ്ധതികളുടെ ജില്ലാ വിഹിതം വ്യക്തമാക്കുന്ന രേഖ ഉപയോഗപ്പെടുത്തുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അതാത് വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിച്ച രീതി, ജനപങ്കാളിത്തം, വാർഷിക പദ്ധതി യുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ എന്നീ ഘടകങ്ങൾ വിശകലനം ചെയ്ത് ഭാവിയിൽ അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അദ്ധ്യാ യം 6 ൽ ഉൾപ്പെടുത്തുന്നു. അതോടൊപ്പം മാതൃകാ പ്രോജക്ടുകളും നൂതന പ്രോജക്ടുകളും പ്രത്യേകം പട്ടികപ്പെടുത്തുകയും വേണം. കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും പ്രാദേശിക പദ്ധതികളുടെയും അവലോകനങ്ങളുടെ അടി സ്ഥാനത്തിൽ മേൽത്തട്ട് സർക്കാരുകൾക്കുള്ള നിർദ്ദേശങ്ങളും ഭാഗം രണ്ടിൽ 5, 6 അദ്ധ്യായങ്ങളിലാണ് വരുന്നത്.

ലഭ്യമായതും ശേഖരിച്ചതുമായ സ്ഥിതി വിവരക്കണക്കുകൾ, കേന്ദ്രസം സ്ഥാന പദ്ധതികളുടെയും പ്രാദേശിക പദ്ധതികളുടെയും വിശകലനം, വിവിധ ങ്ങളായ വിഭവ സാധ്യതകൾ, സംബന്ധിച്ച വിലയിരുത്തൽ, സ്ഥലമാന ആസൂത്രണത്തെക്കുറിച്ചുള്ള വിദഗ്ധരുമായുള്ള കൂടിയാലോചനകൾ എന്നി വയെല്ലാം പരിഗണിച്ച് തയ്യാറാക്കുന്ന പരിപ്രേക്ഷ്യവും അതിന്റെ അടിസ്ഥാ

നത്തിൽ രൂപീകരിക്കുന്ന കീഴ്ത്തട്ട് മേൽത്തട്ട് നിർദ്ദേശങ്ങളും സംയുക്ത പദ്ധതി നിർദ്ദേശങ്ങളുമാണ് കരട് ജില്ലാ പദ്ധതിയുടെ കാതൽ. കീഴ്തട്ട് നിർദ്ദേശങ്ങൾ അനിവാര്യമായവ, ഉപദേശ രൂപത്തിലുള്ളവ എന്നിങ്ങനെ രണ്ടു വിഭാഗമായിരിക്കും.

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

1. മുകൾത്തട്ട് പദ്ധതിയിൽ വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുന്നു
2. പ്രാദേശിക പദ്ധതിയിൽ വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുന്നു
   - അനിവാര്യ നിർദ്ദേശങ്ങൾ
   - ഉപദേശ നിർദ്ദേശങ്ങൾ
3. ഏകോപിത / സംയോജിത പ്രോജക്റ്റുകൾക്കുള്ള നിർദ്ദേശങ്ങൾ
4. നവീന ആശയങ്ങൾ, വലിയ ചിന്തകൾ

## 2.9 പ്രാദേശിക പദ്ധതികളുമായി ഏകോപനം

അഭിപ്രായ രൂപീകരണത്തിനും മുൻഗണനകൾ ഉറപ്പാക്കുന്നതിനുമായി കരട് ജില്ലാപദ്ധതി തദ്ദേശ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കുന്നു. അത് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചക്ക് വിധേയമാക്കണം. ചർച്ചകളിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരെയും പ്രഗത്ഭരായ സ്വകാര്യ സംരംഭകരെയും ലീഡ്ബാങ്ക് പ്രതിനിധികളെയും പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലാപദ്ധതിയുടെ കീഴ്ത്തട്ടു നിർദ്ദേശങ്ങൾ പരിശോധിക്കുകയും ജില്ലാ തലത്തിൽ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിൽ തങ്ങളുടെ സ്ഥാപനത്തിന് എത്ര കൈവരിക്കാൻ കഴിയും എന്നു വിലയിരുത്തി നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കുകയുമാണ് വേണ്ടത്.

കരട് ജില്ലാപദ്ധതിയിന്മേൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓൺലൈൻ ആയും ലഭിക്കുന്ന അഭിപ്രായങ്ങൾ ഉപസമിതികൾ ചർച്ച ചെയ്ത് ക്രോഡീകരിച്ച് ജില്ലാതല ലക്ഷ്യവും മുൻഗണനകളും ആവശ്യമെങ്കിൽ പരിഷ്കരിക്കേണ്ടതാണ്.

## 2.10 കരട് ജില്ലാപദ്ധതി അന്തിമമാക്കൽ

പ്രാദേശിക സർക്കാരുകളുമായുള്ള ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനും ശേഷം പരിഷ്കരിക്കുന്ന കരട് ജില്ലാപദ്ധതി ജില്ലാ ആസൂത്രണ സമിതി പരിഗണിച്ച് ജില്ലാ വികസന സെമിനാറിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണം. ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക്ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാർ, മുനിസിപ്പൽ ചെയർപെഴ്സൻമാർ, മേയർ, ഉപസമിതികളുടെ ചെയർപെഴ്സൻമാർ, വൈസ് ചെയർപെഴ്സൻമാർ, കൺവീനർമാർ, ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജില്ല ജനറൽ മാനേജർ, ഗവേഷണവികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ,

വിദഗ്ധർ, ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന മറ്റുള്ളവർ എന്നിവരാണ് വികസന സെമിനാറിൽ പങ്കെടുക്കുന്നത്.

ജില്ലാ വികസന സെമിനാറിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഉപസമിതികളുടെ സഹായത്തോടെ ജില്ലാ ആസൂത്രണ സമിതി കരട് രേഖ പരിഷ്കരിക്കുകയും ഇത്തരത്തിൽ അന്തിമമാക്കിയ കരട് ജില്ലാ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു.

**ജില്ലാപദ്ധതി തയ്യാറാക്കൽ പ്രക്രിയ അഞ്ച് ഘട്ടങ്ങൾ**

1. ഉപസമിതിയുടെ രൂപീകരണം
2. ജില്ലാതല കൂടിയാലോചന യോഗം
3. കരട് ജില്ലാപദ്ധതി തയ്യാറാക്കൽ ഉപസമിതികൾ
4. കരട് ജില്ലാപദ്ധതി അഭിപ്രായ ശേഖരണം പ്രാദേശിക സർക്കാരുകൾ

## 2.11 സർക്കാർ അംഗീകാരം

ജില്ലാ ആസൂത്രണ സമിതി അന്തിമമാക്കുന്ന ജില്ലാ പദ്ധതി കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53 ൽ അനുശാസിക്കുന്നതു പ്രകാരം സംസ്ഥാന സർക്കാരിന് സമർപ്പിക്കണം. ഇത് സംസ്ഥാന വികസന കൗൺസിൽ ചർച്ച ചെയ്ത് കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അംഗീകാരം നൽകുന്നു.

ജില്ലാപദ്ധതിയുടെ ഒന്നാം ഭാഗം വികസന പരിപ്രേക്ഷ്യം കൂടുതൽ സ്ഥിര സ്വഭാവമുള്ളതായതുകൊണ്ട് എല്ലാ പഞ്ചവത്സര പദ്ധതികളുടെയും തുടക്കത്തിൽ പുതുക്കിയാൽ മതിയാകും. മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ അടങ്ങുന്ന രണ്ടാം ഭാഗം എല്ലാ വർഷവും പുതുക്കേണ്ടതാണ്.

ജില്ലാപദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും മാർഗ്ഗനിർദ്ദേശങ്ങളും പരിഗണിച്ചു വേണം തദ്ദേശ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രൊജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്.

# 3
# കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ആമുഖം**

ഇന്ത്യയുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയിൽ നഗരങ്ങൾക്ക് നിർണായകമായ പങ്കാണുള്ളത്. നഗരങ്ങളെ വികസനത്തിന്റെ യന്ത്രങ്ങളായാണ് കണക്കാക്കി വരുന്നത്. ഇന്ത്യയിലെ മൊത്തം ആഭ്യന്തര വരുമാനത്തിൽ ഏതാണ്ട് 68 ശതമാനവും വരുന്നത് നഗര പ്രദേശങ്ങളിൽ നിന്നാണ്. നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും നഗരങ്ങളെ ആധുനികവൽക്കരിക്കുകയും ഉത്പാദനക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം വികസനത്തിന്റെ സദ്ഫലങ്ങൾ നഗരങ്ങളിലെ ദരിദ്രവിഭാഗങ്ങൾക്കു കൂടി നീതിപൂർവ്വം ലഭിക്കുന്നതിനുള്ള ഇടപെടൽ ബോധപൂർവ്വം നടത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് വലിയ തോതിൽ മൂലധന നിക്ഷേപവും സാമ്പത്തിക സ്രോതസും അനിവാര്യമാണ്. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെയും കേന്ദ്ര പാർപ്പിട നഗര ദാരിദ്ര്യ ലഘൂകരണ മന്ത്രാലയത്തിന്റെയും നേതൃത്വത്തിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മാത്രമേ നഗരസഭകൾക്ക് നിലവിലുള്ള പരിമിതികൾ അതിജീവിച്ച് വികസനവും ക്ഷേമവും കൈവരിക്കാൻ കഴിയൂ.

നഗരങ്ങളുടെ വികസനാവസ്ഥയും വലിപ്പവും സാധ്യതകളും പരിഗണിച്ച് വൻനഗരങ്ങൾ എന്നും ഇടത്തരം നഗരങ്ങൾ എന്നും തരംതിരിച്ചിരിക്കുന്നു.

ഇത്തരത്തിൽ വികസിച്ച മെട്രോപോളിറ്റൻ നഗരങ്ങൾക്കും വൻ നഗരങ്ങൾക്കുമായി 'സ്മാർട്ട് സിറ്റി മിഷനും' അതിനു താഴെ വരുന്ന ഇടത്തരം നഗരങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 'അമൃത് മിഷൻ' പദ്ധതിയും കേന്ദ്ര നഗര വികസന മന്ത്രാലയം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

## 3.1 സ്മാർട്ട് സിറ്റി മിഷൻ

2015 വർഷത്തിൽ രാജ്യത്ത് 100 വലിയ നഗരങ്ങളിൽ സ്മാർട്ട് സിറ്റി മിഷൻ പദ്ധതി നടപ്പാക്കുന്നതിന് തുടക്കം കുറിച്ചു. കേരളത്തിൽ നിലവിൽ കൊച്ചി,

തിരുവനന്തപുരം എന്നീ നഗരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. നഗരത്തിന്റെ വികസന പരിപാടികൾ സംയോജിപ്പിക്കുക, വിഭവ വിനിയോഗവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് പൗരന്മാരുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. നഗര സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, സുരക്ഷ ഉറപ്പു വരുത്തുക, വിജ്ഞാന വിനിമയ സാങ്കേതിക വിദ്യ (Information and Communication Technology (ICT)) പ്രയോജനപ്പെടുത്തി നഗരത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, സുസ്ഥിരത കൈവരിക്കുക, എന്നീ ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നല്കിയിരിക്കുന്നത് (livabiltiy, workabiltiy, sustainabiltiy) ഇതിനായി 24 പ്രവർത്തനമേഖലകൾ തിരഞ്ഞെടുത്തിട്ടുള്ളതും ഈ മേഖലയിൽ നഗരങ്ങൾക്ക് 'Smart Ctiy Plan' സമർപ്പിക്കാവുന്നതുമാണ്. ഇവയിൽ കുടിവെള്ള വിതരണവും അനുബന്ധ മേഖലകൾക്കും ഊന്നൽ നൽകുന്നുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ(Sustainable Development Goals - SGD) ആയ അടിസ്ഥാന സേവനങ്ങൾ എന്നിവയ്ക്ക് പദ്ധതി പ്രാധാന്യം നൽകുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതവും, സ്വകാര്യ പങ്കാളിത്തവും (21%), വായ്പകളും (5%) നഗരസഭകളുടെ തനത് സ്രോതസ്സുകളും വിനിയോഗിച്ചാണ് പദ്ധതിക്ക് ധനം സമാഹിക്കുന്നത്.

നഗര പ്രദേശത്തെ വികസന പദ്ധതികൾ, നഗര ചലനാത്മകത, കുടിവെള്ള വിതരണം, സീവേജ് (മലിന ജലം) സംസ്ക്കരണം, ഡ്രെയിനേജ് നെറ്റ് വർക്ക്, സൗരോർജ്ജം എന്നീ മേഖലകളിലാണ് പ്രൊജക്റ്റുകൾ നടപ്പാക്കുന്നത്. ആധുനികവും പരിഷ്കൃതവുമായ സേവന ഗുണനിലവാരത്തിലേക്കും സ്വയംപര്യാപ്തതയിലേക്കും നഗരത്തിന്റെ ഗുണമേന്മ ഉയർത്തുകയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

### 3.2 അമൃത് പദ്ധതി (AMRUT)

Atal Mission for Rejuvenation and Urban Transformation (AMRUT) പദ്ധതിക്ക് 2015 ജൂൺ മാസത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു. ഇന്ത്യയിലെ നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താനും ഇതുവഴി പൗരന്മാരുടെ ജീവിത ഗുണ നിലവാരം ഉയർത്താനും ലക്ഷ്യമിടുന്നു. ദരിദ്രരും അവഗണിക്കപ്പെട്ടവരുമായവരുടെ ഉന്നതിക്കും ക്ഷേമത്തിനും പ്രത്യേക ഊന്നൽ നല്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

നഗരങ്ങളിൽ ജലവിതരണം, സീവേജ് നെറ്റ്‌വർക്ക് എന്നീ ആരോഗ്യസേവനങ്ങൾ കാര്യക്ഷമവും പ്രയോജനകരമാക്കുക എന്നതിനാണ് പ്രഥമ പരിഗണന. നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന മറ്റ് പദ്ധതികളായ ശുചിത്വഭാരത യജ്ഞം, PMAY തുടങ്ങിയവയും സംസ്ഥാന സ്കീമുകളുമായി പദ്ധതിയെ സംയോജിപ്പിച്ച് നടപ്പാക്കാം. കുടിവെള്ള വിതരണം, സീവേജ് സൗകര്യം എന്നിവ എല്ലാ കുടുംബങ്ങൾക്കും, പച്ചപ്പും സൗകര്യവുമുള്ള പൊതു ഇടങ്ങളുടെ പരിപാലനവും വികസനവും, പൊതു ഗതാഗത സൗകര്യ വികസനം, യന്ത്രരഹിത ഗതാഗതം മുഖേന മലിനീകരണം കുറയ്ക്കൽ, എന്നീ മേഖലകളിൽ പ്രൊജക്റ്റുകൾ നടപ്പാക്കാം. ഇന്ത്യയിലെ അഞ്ഞൂറോളം വരുന്ന ഇട

ത്തരം (1 ലക്ഷം ജനസംഖ്യയിൽ കൂടുതൽ വരുന്ന) നഗരസഭകളിലാണ് പദ്ധതി നടപ്പാക്കുന്നത്. നഗരത്തിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനം, ഭരണപരിഷ്കാര നടപടികൾ, അടിസ്ഥാന സേവനങ്ങളുടെ ഗുണനിലവാര വർദ്ധന, പൊതുഗതാഗത സൗകര്യ വികസനം, പൊതു ഇടങ്ങളുടെ പരിപാലനം എന്നിവയാണ് ഊന്നൽ നല്കുന്ന മേഖലകൾ. കേരളത്തിൽ 6 കോർപ്പറേഷനുകൾ കൂടാതെ ഗുരുവായൂർ, പാലക്കാട്, ആലപ്പുഴ, കോട്ടയം നഗരസഭകളും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്.

മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവ ഇന്ത്യയിലെ എല്ലാ നഗരസഭകൾക്കും ബാധകമാണ്.

## 3.3 സ്വച്ഛ് ഭാരത് മിഷൻ

സ്വച്ഛ് ഭാരത് മിഷൻ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെയും, കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരേ പോലെ നടപ്പിലാക്കുന്നതാണ് ഈ പദ്ധതി.

**പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ:**

- തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം നിർമ്മാർജ്ജനം ചെയ്യുക
- മലം ചുമന്നുകൊണ്ടുപോകുന്ന രീതി നിർമാർജ്ജനം ചെയ്യുക
- ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ രീതി നടപ്പിലാക്കുക
- ശുചിത്വ ശീലങ്ങൾ ജീവിതചര്യയുടെ ഭാഗമാക്കുക
- ശുചിത്വ ശീലങ്ങളുടെ അഭാവത്തിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക
- നഗരസഭകളുടെ കാര്യശേഷി ഉയർത്തുക
- ശുചിത്വമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുക.

### 3.3.1 പദ്ധതിയുടെ ഘടകങ്ങൾ

#### *3.3.1.1 വ്യക്തിഗത ശൗചാലയം*

ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം നിർമാർജ്ജനം ചെയ്യുക എന്നതാണ്. കൂടാതെ, മിഷൻ കാലയളവിൽ ശുചിത്വ സംവിധാനം ഇല്ലാത്ത വീടുകളിൽ ശൗചാലയങ്ങളുടെ നിർമ്മാണം നടത്തുക, എല്ലാവരേയും ശുചിത്വ സംവിധാനത്തിലേക്ക് മാറ്റുക എന്നിവയും ലക്ഷ്യമിടുന്നു. വ്യക്തിഗത ശൗച്യാലയ നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം ധനസഹായം നൽകുന്നു.

| | | |
|---|---|---|
| വ്യക്തിഗത ശൗചാലയം Unit cost | - | 15,400 രൂപ |
| കേന്ദ്രസർക്കാർ വിഹിതം | - | 4,000 രൂപ |
| സംസ്ഥാന സർക്കാർ വിഹിതം | - | 1,333 രൂപ |
| നഗരസഭയുടെ വിഹിതം | - | 10,067 രൂപ |

### *3.3.1.2 സാമൂഹിക ശൗചാലയം (Communtiy Toilet)*

നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന ഓരോ കുടുംബത്തിനും സ്വന്ത മായി ശൗചാലയം പണിയുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സാമൂഹിക ശൗചാലയം പണിയുക എന്നതാണ് പദ്ധതിയി ലൂടെ വിഭാവനം ചെയ്യുന്നത്. സ്ത്രീകൾക്കും, പുരുഷൻമാർക്കും പ്രത്യേകം ടോയിലെറ്റും ബാത്റൂം സൗകര്യങ്ങളും ഏർപ്പെടുത്തുന്നു.

| | | |
|---|---|---|
| യൂണിറ്റ് കോസ്റ്റ് | - | 98000 രൂപ |
| കേന്ദ്ര സർക്കാർ വിഹിതം | - | 40 % (39,200 രൂപ) |
| നഗരസഭയുടെ വിഹിതം | - | 60% (58,800 രൂപ) |

പദ്ധതിയുടെ ഭാഗമായി ഉണ്ടാക്കുന്ന സാമൂഹിക ശൗചാലയത്തിന് 5 വർഷത്തെ മെയിന്റനൻസ് കോൺട്രാക്റ്റ് ഉണ്ടായിരിക്കേണ്ടതാണ്.

### *3.3.1.3 പൊതു ശൗചാലയം (Public Toilet)*

നഗരത്തിൽ വന്ന് പോകുന്നതായ പൊതുജനത്തിന് ആവശ്യമായ പൊ തുശൗചാലയം പണിയുക എന്നതാണ് ലക്ഷ്യമിടുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ടോയിലെറ്റും, യൂറിനൽസ്, വാഷ്ബേസിൻ എന്നിവയും ഉൾപ്പെട്ടതായിരിക്കണം പൊതു ശൗചാലയം.

| | | |
|---|---|---|
| യൂണിറ്റ് കോസ്റ്റ് | - | 98000 രൂപ |
| കേന്ദ്ര സർക്കാർ വിഹിതം | - | 40 % (39,200 രൂപ) |
| നഗരസഭയുടെ വിഹിതം | - | 60% (58,800 രൂപ) |

### *3.3.1.4 ഖരമാലിന്യ സംസ്ക്കരണം*

ഖരമാലിന്യ സംസ്ക്കരണം എന്നത് മാലിന്യങ്ങളുടെ collection, segragation, storage, transportation, processing and treatment എന്നിവ ഉൾപ്പെടുന്നതാണ്. ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് ഉൾപ്പെടെ സ്ഥാപിക്കണം. ചെലവിന്റെ 20 മുതൽ 35 ശതമാനം വരെ തുക കേന്ദ്രവിഹിതമായി ലഭിക്കുന്നതാണ്.

### *3.3.1.5 വിവര, വിജ്ഞാന, വിനിമയവും പൊതു അവബോധവും (Information, Education, Communication & Public Awareness)*

ശുചിത്വത്തിന്റെ കാര്യത്തിൽ സ്വഭാവ രൂപീകരണം എന്നത് പ്രധാനപ്പെ ട്ടതാണ്, തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം ഒഴിവാക്കുക, ശുചിത്വ ശീലങ്ങൾ വളർത്തുക, ശരിയായ രീതിയിൽ ഉള്ള ശൗചാലയങ്ങളുടെ ഉപ യോഗം ശീലമാക്കുക എന്നിവ സംബന്ധിച്ച് ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ടിന്റെ 12 ശതമാനം തുക ഇത്തരം പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേ ണ്ടതാണ്.

### *3.3.1.6 ഭരണ ചെലവുകൾ (Adminitsrative & Office Expenses)*

കേന്ദ്ര വിഹിതത്തിന്റെ മൂന്ന് ശതമാനം തുക നഗരസഭകളുടെ കാര്യശേഷി ഉയർത്തുന്നതിനും പദ്ധതിയുടെ ഭരണച്ചെലവുകൾക്കുമായി നീക്കിവെയ്ക്കേണ്ടതാണ്.

## 3.4 ദേശീയ നഗര ഉപജീവന മിഷൻ (National Urban Livelihood Mission NULM)

നഗര ദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം. 1992ലെ ഭരണഘടന (ഭേദഗതി 74) ആക്റ്റ് പ്രകാരം, നഗരദാരിദ്ര്യ നിർമ്മാർജ്ജനം നഗരസഭകളുടെ നിയമപരമായ ബാധ്യതയാണ്. അതിനാൽ, വൈദഗ്ധ്യങ്ങളുടെയും ജീവനോപാധികളുടെയും വികസനം ഉൾപ്പെടുന്ന പരിപാടികളിലും നഗരസഭകൾ നേതൃത്വപരമായ പങ്കുവഹിക്കേണ്ടത് ആവശ്യമാണ്.

## 3.5 പദ്ധതിയുടെ ഘടകങ്ങൾ

### 3.5.1 സാമൂഹ്യ സംഘാടനവും, സ്ഥാപനങ്ങൾ വികസിപ്പിക്കലും

നഗര പ്രദേശങ്ങളിലെ ദരിദ്രരെ സംഘടിപ്പിച്ച് അവരുടെതായ കൂട്ടായ്മകൾ രൂപീകരിച്ച് സ്ഥാപനവൽക്കരിക്കുവാൻ സഹായിക്കുക (Institutionalisation) എന്നത് ഫലപ്രദവും സുസ്ഥിരവുമായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിലെ ഒരു പ്രധാന ഘടകമാണ്.

### 3.5.2 ദരിദ്രജന വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ

നഗര പ്രദേശങ്ങളിലെ ദരിദ്രരുടെ സാമ്പത്തികശേഷി വർദ്ധിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

### 3.5.3 സ്വയം സഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട്

അംഗങ്ങളിൽ 70 ശതമാനം പേരും നഗര പ്രദേശങ്ങളിലെ ദരിദ്രർ ആയിരിക്കുകയും, മുമ്പ് റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടില്ലാത്തതുമായ സ്വയം സഹായ സംഘങ്ങൾക്ക് സംരംഭകത്വ പ്രവർത്തനങ്ങൾക്കായി 10,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകുന്നു. കൂടാതെ ഏരിയ ഫെഡറേഷന് (എ.എ.എഫ്) അവരുടെ പ്രവർത്തനങ്ങൾ നടത്തികൊണ്ടു പോകുന്നതിനായി 50,000 രൂപ വരെയുള്ള റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതാണ്.

### 3.5.4 നഗര ഉപജീവന കേന്ദ്രങ്ങൾ

നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അവരുടെ സേവനങ്ങളും ഉത്പന്നങ്ങളും വിപണനം ചെയ്യുന്നതിനും, പ്രയോജനകരമായ വിവരങ്ങളും മറ്റ് സേവനങ്ങളും പ്രാപ്യമാക്കുന്നതിനും സൗകര്യപ്രദമായ ഒരു വേദി ലഭ്യമാക്കുക എന്നതാണ് നഗര ഉപജീവന കേന്ദ്രങ്ങളുടെ ലക്ഷ്യം.

### 3.5.5 കാര്യശേഷി വികസനവും പരിശീലനവും

കേന്ദ്ര ഭവനനഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയത്തെയും, സംസ്ഥാനങ്ങളിലെ ദാരിദ്ര്യ ലഘൂകരണ യജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളെയും ഉപജീവനോപാധി വികസനം, നഗരദാരിദ്ര്യ നിർമാർജ്ജനം എന്നീ മേഖലകളിൽ അതീവ ഗുണമേന്മയുള്ള സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യുക എന്നതാണ് പരിശീലനവും കാര്യശേഷി വികസനവും എന്ന ഈ ഘടകത്തിന്റെ പ്രധാന ലക്ഷ്യം.

### 3.5.6 ദേശീയസംസ്ഥാന നഗരതല സാങ്കേതിക സഹായം

പദ്ധതി നിർവ്വഹണത്തിനായി കേന്ദ്രതലത്തിൽ നാഷണൽ മിഷൻ മാനേജ്മെന്റ് യൂണിറ്റ് (എൻ.എം.എം.യു) സ്ഥാപിക്കുന്നതാണ്. ഇതിനു പുറമെ, സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും (എസ്.എം.എം.യു) നഗരങ്ങളിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റും (സി.എം.എം.യു) സ്ഥാപിക്കുന്നതിനുള്ള സഹായം കൂടി പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 3.5.7 നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പാക്കലും

സ്വയം തൊഴിൽ ചെയ്യുവാനും ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുമുള്ള സാധ്യതകൾ മെച്ചപ്പെടുത്തുവാനുമായി നഗരങ്ങളിലെ പാവപ്പെട്ടവരുടെ തൊഴിൽ വൈദഗ്ദ്യം ഉയർത്തുന്നതിനാണ് ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിപണി സാധ്യതകൾക്കനുസരിച്ച് നഗരങ്ങളിലെ ദരിദ്രർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനും അങ്ങനെ അവരെ സ്വയം തൊഴിൽ സംരംഭങ്ങൾ പടുത്തുയർത്താനോ ശമ്പളം ലഭിക്കുന്ന ജോലികൾ നേടാനോ പ്രാപ്തരാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിൽ സ്ഥിരതയില്ലാത്ത നഗര ദരിദ്രരെയാണ് ഈ ഘടകം ലക്ഷ്യമിടുന്നത്.

### 3.5.8 സ്വയം തൊഴിൽ പദ്ധതി വ്യക്തിഗതവും കൂട്ടുസംരംഭങ്ങളും

നഗരങ്ങളിലെ ദരിദ്രർക്ക്, അവരുടെ നൈപുണ്യത്തിനും ലഭിച്ചിരിക്കുന്ന പരിശീലനത്തിനും വാസനയ്ക്കും പ്രാദേശിക പരിതസ്ഥിതികൾക്കും അനുയോജ്യമായ വിധത്തിൽ ഒറ്റയ്ക്കും കൂട്ടായും ഉള്ള ലാഭകരമായ സ്വയം തൊഴിൽ സംരംഭങ്ങളും സൂക്ഷ്മസംരംഭങ്ങളും സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായിരിക്കും ഈ ഘടകം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ ഘടകത്തിനു കീഴിൽ വ്യക്തിഗതവും കൂട്ടമായുള്ളതുമായ സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും പലിശ സബ്സിഡിയും നൽകപ്പെടും. പദ്ധതി ചെലവിനുള്ള കൂടിയ പരിധി വ്യക്തിഗത സംരംഭത്തിന് 2 ലക്ഷം രൂപയും കൂട്ടായുള്ള സംരംഭങ്ങൾക്ക് 10 ലക്ഷം രൂപയുമാണ്. വ്യക്തിഗത സംരംഭങ്ങളും കൂട്ടു സംരംഭങ്ങളും തുടങ്ങുന്നതിനുള്ള ബാങ്കുവായ്പകളിൽ 7 ശതമാനത്തിൽ കൂടുതൽ വരുന്ന പലിശ, പദ്ധതിയുടെ കീഴിൽ സഹായധനമായി (പലിശ സബ്സിഡി) ലഭ്യമാക്കുന്നതാണ്.

### 3.5.9 തെരുവ് വ്യാപാരക്കാർക്ക് അനുകൂലമായ നഗരാസൂത്രണം

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ സംസ്ഥാനങ്ങളും നഗരങ്ങളും തെരുവു കച്ചവടക്കാരുടെ സർവ്വെ കൃത്യമായ ഇടവേളകളിൽ നടത്തുകയും

അവരെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡുകൾ നൽകുകയും ചെയ്യും. സംസ്ഥാനങ്ങളും നഗരസഭകളും തെരുവു കച്ചവടക്കാർക്ക് അനുകൂലമായ നഗരാസൂത്രണം നടത്തുന്നതിനും തെരുവു കച്ചവടക്കാർക്ക് നഗരത്തിൽ അനുയോജ്യമായ സ്ഥാനം ലഭ്യമാക്കുന്നതിനും ഇത് ഇടയാക്കും.

തെരുവു കച്ചവടക്കാർക്കുള്ള നൈപുണ്യ വികസനവും സൂക്ഷമസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും അതായത് വായ്പകൾ ലഭ്യമാക്കൽ, തെരുവ് വ്യാപാര കേന്ദ്രങ്ങളുടെ വികസനം, സാമൂഹ്യ സുരക്ഷാപരിപാടികൾ സമന്വയിപ്പിക്കൽ എന്നിവ ഈ പദ്ധതിയുടെ ഉപഘടകങ്ങളാണ്.

### 3.5.10 നൂതനാശയ-സവിശേഷ പദ്ധതികൾ

നൂതനാശയങ്ങളോടുകൂടിയ പുത്തൻ പദ്ധതികളിലാണ് ഈ ഘടകം ശ്രദ്ധ വയ്ക്കുന്നത്. നഗരദരിദ്രരുടെ കൂട്ടായ്മകളെ ഉൾക്കൊള്ളുന്നവയോ നൂതനമായ നൈപുണ്യ വികസന പരിപാടിയോ അടിസ്ഥാന സൗകര്യ വികസനമോ പുതിയ സാങ്കേതികവിദ്യയോ വിപണനതന്ത്രമോ അല്ലെങ്കിൽ ഇതിന്റെയെല്ലാം സമ്മിശ്ര രൂപമോ ആവാം നൂതനാശയം.

സ്വകാര്യമേഖല, വ്യവസായ സംഘടനകൾ സമൂഹാധിഷ്ഠിത സംഘടനകൾ, സന്നദ്ധസംഘടനകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ, ഏജൻസികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയ സംസ്ഥാന നഗര വിഭവ കേന്ദ്രങ്ങൾ, അന്തർദ്ദേശീയ സംഘടനകൾ ഇവർക്കെല്ലാം പങ്കാളിത്ത രീതിയിൽ നൂതനാശയ സവിശേഷ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

### 3.5.11 സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് (സി.എം.എം.യു)

നഗരതലത്തിൽ, നഗര ഉപജീവന മിഷൻ നടത്തിപ്പിന്റെ ചുമതല കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മറ്റിക്കാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന താഴെ പറയുന്ന വിധം ആയിരിക്കും.

| ക്ര.നം. | ഉദ്യോഗപ്പേര്/സ്ഥാനപ്പേര് | അംഗത്വം |
|---|---|---|
| 1 | മുനിസിപ്പൽ സെക്രട്ടറി | അദ്ധ്യക്ഷൻ |
| 2 | എൻ.യു.എൽ.എം ചുമതലയുള്ള ഓഫീസർ | അംഗം |
| 3 | വ്യവസായങ്ങളുടെ ചുമതലയുള്ള ഓഫീസർ | അംഗം |
| 4 | മോഡുലാർ എംപ്ലോയബിൾ സ്കീമിന്റെ ചുമതലയുള്ള ഓഫീസർ | അംഗം |
| 5 | ചീഫ് മെഡിക്കൽ ഓഫീസർ | അംഗം |
| 6 | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | അംഗം |
| 7 | പൊതുമരാമത്തു വകുപ്പിന്റെ ഏറ്റവും സീനിയറായ ജില്ലാ സി.ഇ/എസ്സ്.ഇ/ഇ.ഇ | അംഗം |

| | | |
|---|---|---|
| 8 | പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള ജില്ലാതലത്തിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥൻ | അംഗം |
| 9 | ഡിസ്ട്രിക്റ്റ് സപ്ലൈ ഓഫീസർ | അംഗം |
| 10 | ബാങ്കുകളുടെ പ്രതിനിധികൾ | 2 അംഗങ്ങൾ |
| 11 | സ്വയം സഹായ സംഘങ്ങളുടെ/ ഫെഡറേഷന്റെ പ്രതിനിധികൾ | 2 അംഗങ്ങൾ |
| 12 | സിറ്റി പ്രോജക്ട് ഓഫീസർ | അംഗം & കൺവീനർ |
| 13 | അധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് അംഗം(ങ്ങൾ) | അംഗം(ങ്ങൾ) |

ദേശീയ നഗര ഉപജീവന മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നഗരതലത്തിൽ പരിപാടികൾ നടപ്പിലാക്കുക, നഗരത്തിന്റെ ഉപജീവന വികസനരേഖ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, നഗരതലത്തിൽ ദേശീയ നഗര ഉപജീവന മിഷന്റെ ഭരണവും ധനകാര്യ മാനേജ്മെന്റും നിർവ്വഹിക്കുക തുടങ്ങിയവയെല്ലാം സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്വമായിരിക്കും.

## 3.6 പ്രധാനമന്ത്രി ആവാസ് യോജന (PMAY)

2022 ആണ്ടോടെ, ഭാരതത്തിന്റെ 75മത് സ്വാതന്ത്രദിനാഘോഷ വേളയിൽ ഭാരതത്തിലെ എല്ലാവർക്കും ഭവനം ലഭ്യമാകണം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന(പി.എം.എ.വൈ). ഈ പദ്ധതിയിൽ വീടില്ലാത്ത എല്ലാവരേയും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കാവുന്നതുമാണ്. കേരളത്തിൽ പദ്ധതി നിർവ്വഹണത്തിനായി തെരെഞ്ഞെടുത്തിരിക്കുന്ന നോഡൽ ഏജൻസി അർബ്ബൻ ഹൗസിംഗ് മിഷൻ ആണ്.

### 3.6.1 പദ്ധതി ലക്ഷ്യം

എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തി 2015-2022 കാലയളവിലേക്ക് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത്, സംസ്ഥാന/കേന്ദ്രഭരണ പ്രദേശ സർക്കാരുകൾ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. അർഹരായ എല്ലാ കുടുംബങ്ങൾക്കും/ ഗുണഭോക്താക്കൾക്കും കേന്ദ്ര ധനസഹായത്തോടെ 2022-ഓടെ വാസയോഗ്യമായ വീട് ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യം.

പലിശ സബ്സിഡിയോടുകൂടിയ ഭവനവായ്പ പദ്ധതി ഒഴികെ മറ്റു ഘടകങ്ങൾ കേന്ദ്ര ധനസഹായത്തോടു കൂടിയാണ് നടപ്പിലാക്കുന്നത്.

ഭർത്താവ്, ഭാര്യ, അവിവാഹിതരായ മക്കൾ എന്നിവർ ചേർന്നതാണ് ഒരു കുടുംബം എന്നതുകൊണ്ട് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഈ നിർവ്വചനത്തിൽ ഉൾപ്പെട്ടതും രാജ്യത്തിന്റെ ഒരു ഭാഗത്തും വാസയോഗ്യമായ വീടില്ലാത്തവരെയുമാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുക.

അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെ 30 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണം (കാർപ്പറ്റ് ഏരിയ) ഉള്ള വീട് നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. വീടിന്റെയും മറ്റ് സൗകര്യങ്ങളുടെയും വലിപ്പത്തിൽ കേന്ദ്രമന്ത്രാലയത്തിന്റെ അനുമതിയോടെ മാറ്റം വരുത്തുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് ഉണ്ടായിരിക്കും. ഇതിനായി വരുന്ന അധിക സാമ്പത്തിക ബാധ്യത അതാതു സംസ്ഥാന/നഗര സർക്കാരുകൾ വഹിക്കേണ്ടതാണ്. ചേരി പുനരുദ്ധാരണം, നഗരദരിദ്രർക്ക് സാമ്പത്തികമായി വഹിക്കാൻ കഴിയുന്ന വിധത്തിൽ പങ്കാളിത്തത്തോടു കൂടിയുള്ള പാർപ്പിട നിർമ്മാണം എന്നിവയോടൊപ്പം അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ള ലഭ്യത, വൈദ്യുതി, ശൗചാലയം, റോഡ്, ഓടകൾ, എന്നിവ ഉറപ്പാക്കേണ്ടതാണ്. പലിശ സബ്സിഡിയോടുകൂടിയ ഭവന വായ്പാ പദ്ധതിയിലും ഗുണഭോക്തൃ കേന്ദ്രീകൃതമായ ഭവന നിർമ്മാണത്തിലും മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണ്.

### 3.6.2 PMAY ഉപഘടകങ്ങൾ

#### *3.6.2.1 ചേരി പുന:രുദ്ധാരണം*

**സവിശേഷതകൾ**

- ഭൂമിയെ വിഭവമായി പരിഗണിക്കുന്നു.
- സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നു
- പദ്ധതി പ്രായോഗികമാക്കുന്നതിന് ആവശ്യമെങ്കിൽ ഭൂവിനിയോഗ വ്യവസ്ഥ/ സോണിംഗ് നിയമം/എഫ്.എ.ആർ എന്നിവയിൽ ഇളവുകൾ നൽകുന്നു.

#### *3.6.2.2 ഭവന നിർമ്മാണ പലിശ സബ്സിഡി (Credited Linked Subsidy for Housing - CLSH)*

- പലിശ സബ്സിഡിയോടു കൂടിയുള്ള ഭവന വായ്പയിലൂടെ നഗര ദരിദ്രർക്ക് സാമ്പത്തികമായി വഹിക്കാൻ കഴിയുന്ന ഭവനങ്ങളുടെ നിർമ്മാണം ലക്ഷ്യമിടുന്നു.
- സാമ്പത്തിക ദുർബല വിഭാഗത്തിനും താഴ്ന്ന വരുമാന വിഭാഗക്കാർക്കും പലിശ സബ്സിഡിയോടു കൂടിയ ധനസഹായം ലഭ്യമാണ്.
- സാമ്പത്തിക ദുർബല വിഭാഗത്തിന് (3 ലക്ഷം വരെ വാർഷിക വരുമാനം) നിർമ്മിക്കാവുന്ന ഭവനത്തിന്റെ പരമാവധി വലിപ്പം 30 ച.മീ
- താഴ്ന്ന വരുമാനക്കാർക്ക് (3 ലക്ഷം മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാനം) നിർമ്മിക്കാവുന്ന ഭവനത്തിന്റെ പരമാവധി വലിപ്പം 60 ച.മീ.

### *3.6.2.3 പങ്കാളിത്ത ഭവന പദ്ധതി (Affordable Housing in Partnership)*

- നഗര ദരിദ്രർക്ക് സാമ്പത്തികമായി (കുറഞ്ഞ നിരക്കിൽ) വാങ്ങാൻ കഴിയുന്ന വിധത്തിൽ പങ്കാളിത്തത്തോടുകൂടിയുള്ള പാർപ്പിടങ്ങൾ ലഭ്യമാക്കുക.
- സ്വകാര്യ/പൊതു മേഖലാ സംരംഭകരുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന വീടുകളിൽ 35 ശതമാനം സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കായി നീക്കി വയ്ക്കുകയാണെങ്കിൽ ഈ ഭവനങ്ങളുടെ നിർമ്മാണത്തിന് കേന്ദ്ര ധനസഹായം ലഭിക്കും.

### *3.6.2.4 ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണവും വിപുലീകരണവും*

- വ്യക്തിഗത ഭവനം ആവശ്യമായ സാമ്പത്തിക ദുർബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം
- ഇങ്ങനെയുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ പ്രത്യേക പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്.
- ഈ പ്രോജക്ടിൽ ഉൾപ്പെടാത്തവരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവായി പരിഗണിക്കാൻ സാധിക്കുകയില്ല.

സംസ്ഥാനത്ത് ലൈഫ് മിഷനുമായി സംയോജിപ്പിച്ച് ഒരു വീടിന് നിലവിൽ നാല് ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. 60 ച. മീറ്റർ കാർപ്പറ്റ് ഏരിയയാണ് പരമാവധി വലിപ്പം അനുവദിക്കുന്നത്.

# 4
# സംസ്ഥാനാവിഷ്കൃത പദ്ധതികൾ

**ആമുഖം**

നഗരസഭകളുടെയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാമ്പത്തികവും സാമൂഹികവുമായ വികസന പദ്ധതികൾ പോലെ തന്നെ സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന വികസന സാമൂഹ്യ ക്ഷേമ പ്രോജക്ടുകളും സ്കീമുകളും കൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. നഗരസഭകളുടെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി കൈമാറി കിട്ടിയിട്ടുള്ള വിവിധ വകുപ്പുകളുടെ ഓഫീസുകളും വകുപ്പുകളും മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള സാമാന്യമായ അറിവ്, അവയുടെ പ്രയോജനം നഗരസഭാ പ്രദേശത്തെ അർഹരായ ജനങ്ങൾക്കു ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്താനും ജനക്ഷേമം ഉറപ്പുവരുത്തുന്നതിനും ജനപ്രതിനിധികൾക്കു സഹായകമാവും. വിവിധ വകുപ്പുകൾ മുഖേന കേരള സംസ്ഥാനത്ത് നടപ്പാക്കുന്ന സംസ്ഥാനതല പദ്ധതികൾ പരിചയപ്പെടാം.

## 4.1 കൃഷി

### 4.1.1 പ്രത്യേക കാർഷിക വികസന മേഖല (എസ്.എ.ഇസഡ്) പദ്ധതി

അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 15 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ മിനിമം വിസ്ത്രൃതി, ഉത്പാദനശേഷി, മണ്ണിന്റെയും കാലാവസ്ഥയുടെയും സ്ഥിതി മുതലായവ അടിസ്ഥാനമാക്കി ഓരോ ജില്ലയിലും മേഖലകൾ തെരഞ്ഞെടുത്ത് കൃഷി നടത്തുവാനുള്ള പദ്ധതിയാണ് ഇത്. ഓരോ മേഖലയിലും ഉത്പാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം, ജലസേചനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രത്യേക കാർഷിക മേഖലയിലുമുള്ള കർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതും പലിശ സബ്സിഡി ഗവണ്മെന്റ് വഹിക്കുന്നതുമാണ്.

ഓരോ പ്രത്യേക കാർഷിക മേഖലയിലും മണ്ണ് പരിശോധനാ ലാബുകളും, കാൾ സെന്ററുകൾ ഉൾപ്പെടെയുള്ള കാർഷിക സേവന കേന്ദ്രങ്ങൾ,

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, കാലാവസ്ഥാ കേന്ദ്രങ്ങളും, ഉപദേശക സംവിധാനവും, ഓൺ ഫാം പ്രൊഡക്ഷൻ യൂണിറ്റ് ഉൾപ്പെടെയുള്ള ബയോഫാർമസികൾ, നടീൽ വസ്തുക്കളുടെ ഉത്പാദന യൂണിറ്റുകൾ, വിപണികൾ, സംസ്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള യൂണിറ്റുകൾ, ജലസേചന സഹായം, വായ്പ ലഭ്യമാകുന്നതിന് ആവശ്യമായ ഇടപെടീലുകൾ, ഐ.സി.റ്റി അടിസ്ഥാനമാക്കിയുള്ള വിഞ്ജാനവ്യാപനം, കമ്മ്യൂണിറ്റി റേഡിയോ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള കർഷക വിപണികൾ, അധിക ഉത്പ്പന്നങ്ങൾ സംഭരിക്കുന്നതിനായുള്ള സംവിധാനം, സംയോജിത രീതിയിൽ കർഷകർക്ക് സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് പരിശീലനം നൽകുക എന്നീ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലയിലെ പ്രോജക്റ്റുകൾക്ക് ഒരു പ്രത്യേക മേൽനോട്ട സംവിധാനവുമുണ്ട്. നെല്ല്, പച്ചക്കറി, വാഴ, നാളികേരം, പൂക്കൾ എന്നിവയ്ക്കായിട്ടാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്.

### *4.1.1.1 പുഷ്പ കൃഷിക്കായുള്ള പദ്ധതി*

പുഷ്പകൃഷിയുടെ വികസനത്തിനായി ഉള്ള ഈ പദ്ധതിയിൽ ഫ്ളോറികൾച്ചറിന്റെ സാധ്യതകളെക്കുറിച്ച് ആളുകളിലേക്ക് എത്തിച്ചു കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം സർക്കാർ വഴി അന്യസംസ്ഥാനങ്ങളിൽ നിന്ന് കയറ്റുമതിയായി നല്ല വിത്ത് ഇനങ്ങൾ ലഭ്യമാക്കും. ഇതിലൂടെ അന്താരാഷ്ട്ര വിപണിയിലേക്ക് ആവശ്യമുള്ള പൂക്കളെ കേരളത്തിൽ ഉത്പാദിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

### *4.1.1.2 കൃഷി ഇൻഷുറൻസ് പദ്ധതി*

പ്രകൃതി ദുരന്തങ്ങൾ മുഖാന്തിരവും, വന്യജീവി ആക്രമം മുഖാന്തിരവും, മറ്റ് കീടങ്ങൾ മുഖാന്തിരവും ഉണ്ടാകുന്ന കൃഷി നാശത്തിന് എതിരായുള്ള ഇൻഷുറൻസ് പദ്ധതിയാണ് ഇത്. 27 പ്രധാന വിളകൾക്കാണ് ഇത് ലഭ്യമാകുന്നത്. ഓരോ പഞ്ചായത്തിലും കൃഷി വകുപ്പും കൃഷി ഭവനുകളും ചേർന്നായിരിക്കും ഇത് നടപ്പിലാക്കുക. പാടശേഖര സമിതികൾ ഉള്ള പക്ഷം അതാതിന്റെ സെക്രട്ടറിമാർക്കും, പ്രസിഡന്റുമാർക്കും കൂട്ടമായി പാടശേഖരത്തെ ഇൻഷുറൻസിൽ ചേർക്കാവുന്നതാണ്. ഇതിൽ ഒരാൾക്ക് പോലും നഷ്ടം വന്നാലും അതിന് ഇൻഷുറൻസ് അർഹം ആകുന്നതാണ്.

### *4.1.1.3 പച്ചക്കറി കൃഷി*

നഗരത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വികസനത്തിനായുള്ള പദ്ധതികളാണ് ഇതിനടിയിൽ വരുന്നത്. റെസിഡൻസ് അസോസിയേഷനുകൾ വഴി ഗ്രോബാഗുകളുടെ വിതരണം, ടെക്നിക്കൽ സഹായങ്ങൾ മുതലായവയും ഇതിൽക്കൂടി ചെയ്യുന്നതാണ്. ടെറസ്സിൽ ചെയ്യുന്ന പച്ചക്കറി കൃഷിക്കായി 25 ഗ്രോബാഗുകൾ വരുന്ന ഒരു യൂണിറ്റ്, കോർപ്പറേഷനിലെയും, നഗരസഭയിലെയും എല്ലാ വീടുകളിലും നല്കുന്നതാണ്. ഇതിന്റെ കൂടെ തന്നെ ജൈവ മാലിന്യ സംസ്കരണത്തിനും മലിനജല സംസ്കരണത്തിനുമായുള്ള യൂണിറ്റുകളും ലഭ്യമാക്കുന്നതാണ്.

### *4.1.1.4 2018-ലെ പ്രളയാനന്തര കൃഷി വികസന പദ്ധതി*

പ്രളയത്തിൽ വന്ന കൃഷി നാശം പരിഹരിക്കുന്നതിനായുള്ള പദ്ധതിയാണ് ഇത്. കൃഷി ഭവനുകളുടെ നേതൃത്വത്തിലുള്ള ഈ പദ്ധതിയിൽക്കൂടി കൃഷിക്കാവശ്യമായ സാധന സാമഗ്രികൾ, വിത്തുകൾ മുതലായവ കൃഷി വകുപ്പ് തന്നെ സംഘടിപ്പിക്കുന്നതാണ്.

### *4.1.1.5 വയനാട് പാക്കേജ്*

വയനാട് പാക്കേജിന്റെ ഭാഗമായി പല തരം വികസന പദ്ധതികൾ ആവിഷ്കരിചിട്ടുണ്ട്. കുരുമുളക് കൃഷിക്ക് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇതിൽ ഒന്ന്. ഇതിൽക്കൂടി പുതിയ ഇനങ്ങൾ ഉത്പാദിപ്പിക്കുന്നതിനും, കൃഷി ഇടം വർദ്ധിപ്പിക്കുന്നതിനും, ജൈവ രീതിയിലുള്ള കൃഷി രീതികൾക്കും, 'ക്വിക്ക്വിൽറ്റ് (Quickwilt)' എന്ന രോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായും ധന സഹായം ലഭ്യം ആക്കുന്നതാണ്. മറ്റു പദ്ധതികൾ സ്ഥലത്തിന് ചേർന്ന വിളകൾ കൃഷി ചെയ്യുന്നതിനായാണ്. പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന വിളകൾക്കുള്ള സഹായം, തണുപ്പ് കാലാവസ്ഥക്ക് അനുയോജ്യമായ പച്ചക്കറികൾക്കുള്ള സഹായം, പഴവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനുള്ള സഹായം, കിഴങ്ങ് വർഗ്ഗങ്ങൾക്കുള്ള സഹായം, കൂൺ കൃഷിക്കുള്ള സഹായം, പരിപ്പ് വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനുള്ള സഹായം എന്നിവ വയനാട് പാക്കേജ്ന്റെ ഭാഗമായി ലഭ്യമാണ്. ചെറുകിട കർഷകർക്ക് മാത്രമാണ് ഇത് അനുവദിച്ചിരിക്കുന്നത്. 10% സഹായം പട്ടിക ജാതി/ പട്ടിക വിഭാഗത്തിൽ പെട്ടവർക്ക് മാത്രം ലഭിക്കാൻ അർഹത ഉള്ളതാണ്. ഇത് കൂടാതെ ജീരകശാല, ഗന്ധകശാല മുതലായ വാസനയുള്ള നെൽ ഇനങ്ങളുടെ കൃഷിക്കും സഹായം ലഭിക്കുന്നതാണ്. ഇതിന്റെ വിൽപ്പനക്കായി സംഘടിപ്പിക്കുന്ന 'Wayanad Specialtiy Rice Producers Company'യിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ ധനസഹായം ലഭ്യമാവുകയുള്ളൂ. കൃഷി ഭവനുകളിൽ കൂടിയാണ് ഇതിന്റെ വിതരണം.

### *4.1.1.6 മണ്ണ് സംരക്ഷണവും ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തലും ഊന്നൽ നൽകുന്ന പദ്ധതികൾ*

മണ്ണിന്റെ അസിഡിറ്റി ശരിയാക്കാനും ഫലഭൂയിഷ്ഠത കൂട്ടുന്നതിനുമായിട്ടുള്ള പല പദ്ധതികൾ നിലവിലുണ്ട്. മണ്ണിലെ മൈക്രോന്യൂട്രിയന്റ്സ് കൂട്ടുന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. വയനാട് പാക്കേജിന്റെ ഭാഗമായി ഈ പദ്ധതിക്ക് സമാനമായ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവർക്ക് ഇതിന് അർഹത ഉണ്ടാകില്ല. അഗ്രിക്കൾച്ചറൽ ഓഫീസർമാർ ആയിരിക്കും ഇത് നടപ്പിലാക്കുക.

Trichoderma, Vascular Arbuscular Mycorrhizae, Phosphate Solubilizing Bacteria മുതലായ ജൈവ രീതികൾ ഉപയോഗിച്ച് വിത്തുകളെ ചികിത്സിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമുണ്ട്. സ്വന്തമായി കൃഷി ചെയുന്നവർക്കും, കർഷകകൂട്ടങ്ങൾക്കും, കർഷക ക്ലബ്ബുകൾക്കും, കുടുംബശ്രീ/ജനശ്രീ യൂണിറ്റുകൾക്കും ഇത് കൈവരിക്കാവുന്നതാണ്.

മണ്ണിന്റെ ഫലഭൂയിഷ്ഠത കൂട്ടുന്നതിനും അസിഡിറ്റി കുറക്കുന്നതിനും മണ്ണിൽ കുമ്മായം ചേർക്കുന്നത് അത്യാവശ്യം ആണ്. അതിനാവശ്യമായ കുമ്മായം വിതരണം ചെയ്യുന്നതിനായുള്ള പദ്ധതിയും ഇതിന്റെ കൂടെ ഉണ്ട്.

#### *4.1.1.7 തെങ്ങ് കൃഷി*

ഡ്വാർഫ്/ പൊക്കം കുറഞ്ഞ തെങ്ങ് കൃഷിക്കായി തുടങ്ങിയിരിക്കുന്ന പദ്ധതികൾ ലഭ്യമാണ്. ഇത്തരം തെങ്ങിൻ തൈകൾ വളർത്തുവാൻ ഉള്ള ഫാമുകൾ തുടങ്ങാനും, അതിനെ കുറിച്ച് കർഷകരിലേക്ക് പ്രചാരണം എത്തിക്കുവാനും ആണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ കൂടെ തന്നെ കേരഗ്രാമങ്ങൾ തുടങ്ങാനുള്ള പദ്ധതികളും ലഭ്യമാണ്. ഇതിനടിയിൽ ജൈവവളങ്ങൾ ഉപയോഗിക്കുന്നതിനും, ഫല ലഭ്യതയില്ലാത്ത പ്രായമായ മരങ്ങളെ മുറിച്ചു മാറ്റുന്നതിനുമെല്ലാം ഉള്ള സഹായം ലഭ്യമാണ്.

#### *4.1.1.8 രാഷ്ട്രീയ കൃഷി വികസന യോജന*

കേരളത്തിലെ നെൽകൃഷിയുടെ മെച്ചപ്പെടുത്തലിനായാണ് ഈ പദ്ധതി. അത്യുൽപാദന ശേഷിയുള്ള വിത്തുകൾ വാങ്ങുന്നതിനും, മണ്ണിന്റെ ഫലഭൂയിഷ്ഠത കൂട്ടുന്ന പ്രവർത്തികൾക്കും, യന്ത്രവൽക്കരണത്തിനുമെല്ലാമായുള്ള പ്രവർത്തികൾക്കാണ് ഇതിനടിയിൽ സഹായം ലഭ്യമാകുക. പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ് മുതലായ ജില്ലകളിൽ മാത്രം ഇത് ലഭ്യമല്ല. അവിടെ സംസ്ഥാന പദ്ധതിയായ 'Sustainable Development of Rice'എന്ന പദ്ധതിയുടെ കീഴിലാണ് സഹായം ലഭ്യമാക്കുക.

## 4.2 ക്ഷീരവികസനം

### 4.2.1 പാൽ സംഭരണ കേന്ദ്രങ്ങൾ

പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ ക്ഷീര കർഷകർക്ക് സഹായം ലഭ്യമാക്കാനും അതിലൂടെ പാലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും വേണ്ടിയാണ് ഈ പദ്ധതി. കൂടുതൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പാൽ ഉൽപ്പാദനം നടത്തുവാനുള്ള ഈ പദ്ധതിയിൽ 2, 5, 10-ഉം 20-ഉം മൃഗങ്ങൾ ഉള്ള dairyfarm unitsന് സഹായം നൽകുന്നതാണ്. 5ൽ കൂടുതൽ കന്നുകാലികൾ ഉള്ള കർഷകർക്ക് ആവശ്യത്തിനനുസരിച്ച് സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നതാണ്. ആട്ടോമാറ്റിക് പാൽ സംഭരണ ഉപകരണങ്ങൾ വാങ്ങാനും ഇതിലൂടെ സാധിക്കുന്നതാണ്.

### 4.2.2 സഹകരണ സംഘങ്ങളുടെ നവീകരണം

പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സൊസൈറ്റികൾക്കും ധനസഹായം നൽകാനുള്ള പദ്ധതികളുമുണ്ട്. പാൽ സംഭരണ മുറികൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയും ലഭ്യമാണ്. അതുപോലെ പ്രവർത്തന രഹിതമായ സൊസൈറ്റികൾ പുനരുജ്ജീവിപ്പിക്കുവാനുള്ള സംവിധാനവും ഇതിലുണ്ട്.

### 4.2.3 വയ്ക്കോൽ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതി

- വിവിധ ഹൈബ്രിഡ് ഇനങ്ങൾ ഉപയോഗിച്ച് സ്വന്തം ഭൂമിയിൽ വയ്ക്കോൽ കൃഷിക്ക് സഹായം ലഭ്യമാകുന്നതാണ്. ഇതിൽ ഏർപ്പെടുന്ന 30 സെന്റിൽ

താഴെ ഭൂമിയുള്ള കർഷകർക്ക് ക്ഷീര വകുപ്പ് തന്നെ വിത്ത് സൗജന്യമായി ലഭ്യമാക്കുന്നതാണ്. കൂടാതെ 10,000 രൂപ ധന സഹായം ആയിട്ടും നൽകും.

- അസോള നട്ട് വളർത്തുന്നതിനും ഇത് പോലെ സഹായം ലഭിക്കുന്നതാണ്.
- DCS മുഖേന എല്ലാ ജില്ലയിലും വയ്ക്കോൽ യൂണിറ്റുകൾ സ്ഥാപിക്കുവാനും പദ്ധതി ഉണ്ട്. ഇതിലൂടെ 15,000 രൂപ ധനസഹായം ലഭിക്കുന്നതാണ്.
- അഗതി,സുബാബുൽ മുതലായ മരങ്ങൾ നട്ട് പിടിപ്പിക്കാനുള്ള പദ്ധതികളുമുണ്ട്.
- കുറച്ചു സമയം കൊണ്ട് വളരുന്ന വയ്ക്കോൽ ഇനങ്ങളുടെ വിത്തുകൾ നെൽകൃഷിയുടെ ഇടവിളയായി നടാനായി നൽകുന്നതാണ്
- ജലലഭ്യതയുള്ള മാതൃകാ കൃഷി ഇടങ്ങളിൽ ജലസേചനത്തിനായുള്ള സഹായവും ഇതിൽ കൂടെ ലഭ്യമാണ്
- വയ്ക്കോൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള സംവിധാനവും ഇതിൽ ലഭ്യമാണ്.
- വയ്ക്കോൽ കൃഷിയിൽ യന്ത്രവൽക്കരണത്തിനായുള്ള ധനസഹായവും ലഭ്യമാക്കുന്നതാണ്.

#### *4.2.4 കാലിത്തീറ്റ സബ്സിഡി പദ്ധതി*

കാലിത്തീറ്റയുടെ വിലക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയാണ് ഇത്. പാൽ സംഭരിക്കുന്നതിനനുസരിച്ചാണ് ഈ സബ്സിഡി നൽകുന്നത്.

## 4.3 മത്സ്യത്തൊഴിലാളി ക്ഷേമം

### 4.3.1 ഭവന പദ്ധതി

പാവപ്പെട്ട മത്സ്യബന്ധന കുടുംബത്തിന് അഭയസ്ഥാനം നൽകുന്നതിനായുള്ള പദ്ധതി. ഇതിൽപ്പെടുത്തി ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മറ്റി 18-നും 60-നും ഇടയ്ക്ക് പ്രായമുള്ള, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട, കുറഞ്ഞത് 1.5സെന്റ് സ്ഥലമെങ്കിലുമുള്ള, വീടില്ലാത്ത ശരിയായ മത്സ്യതൊഴിലാളികൾക്കായി ഭവനം നിർമ്മിച്ചു നൽകുന്നതാണ്. മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 4.3.2 വിദ്യാഭ്യാസ കൺസെഷൻ പദ്ധതി

രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ഇളവുകൾ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ലംപ്സംഗ്രാന്റ്, ഹോസ്റ്റൽ ഫീസ്, സ്റ്റൈപെൻഡ്, ടൂഷൻ ഫീസ്, പോക്കറ്റ് മണി തുടങ്ങിയവ രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് നൽകപ്പെടും. ബന്ധപ്പെട്ട സ്ഥാപനം ജില്ലാ ട്രഷറി ഓഫീസർക്ക് ബില്ല് അയക്കണം. ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യ ഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 4.3.3 സമ്പാദ്യവും, ആശ്വാസവും പദ്ധതി

സാമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനും, വരുമാനമില്ലാത്ത സമയങ്ങളിൽ ആശ്വാസം എത്തിക്കുന്നതിനും മത്സ്യത്തൊഴിലാളികളിൽ നിന്നും സംഭാവന ശേഖരിക്കലും വരുമാനമില്ലാത്ത കാലയളവിൽ ഇരട്ടി തുക വിതരണം ചെയ്യലുമാണ് ഇതിന്റെ ഉദ്ദേശം. രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളി

കൾ (ഉൾനാടനും, കടൽമത്സ്യ തൊഴിലാളികളും) ആണ് ഇതിന്റെ ഉപഭോക്താക്കൾ. മാസം 75/ രൂപാ നിരക്കിൽ 8 മാസം അടയ്ക്കണം, തുടർന്നുള്ള 4 മാസങ്ങളിൽ 300/ രൂപാ വീതം തിരികെ നൽകുന്നു. ഉൾനാടൻ മത്സ്യ തൊഴിലാളികൾ മാസം 50/ രൂപാ നിരക്കിൽ 9 മാസം അടയ്ക്കണം. തുടർന്നുള്ള 3 മാസങ്ങളിൽ 300/ രൂപാ വീതം തിരികെ നൽകുന്നു. ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസർനെയാണ് സമീപിക്കേണ്ടത്.

### 4.3.4 മത്സ്യ ബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി

പരമ്പരാഗതമായ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, അതായത് ചെറുതോണികൾക്കും, എൻജിനുകൾക്കും. രജിസ്റ്റർ ചെയ്ത പരമ്പരാഗത മത്സ്യതൊഴിലാളികൾക്കാണ് ഇത് ലഭ്യമാകുക. മത്സ്യബോർഡ് ഓഫീസർ/ ജില്ലാ ഫിഷറീസ് ഓഫീസർ/ ഫിഷറീസ് ഓഫീസർ/ മത്സ്യഭവൻ ഓഫീസർമാരെയാണ് ഇതിന് സമീപിക്കേണ്ടത്. പ്രീമിയത്തിന്റെ 75% സംസ്ഥാന ഗവൺമെന്റ് നൽകും.

### 4.3.5 മത്സ്യ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

വാർദ്ധക്യകാല, വിധവാ പെൻഷൻ ആയി മാസം 200/ രൂപ അധികമായി നൽകുന്ന പദ്ധതിയാണ് ഇത്. രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾ/മത്സ്യതൊഴിലാളികളുടെ വിധവകൾക്കാണ് ഇത് ലഭ്യമാകുക. 60 വയസിന് മുകളിൽ പ്രായമുള്ള ഉത്സാഹികളായ രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികൾക്കും, രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യതൊഴിലാളികളുടെ വിധവകൾക്കും പ്രതിമാസം 200/ രൂപ നിരക്കിൽ നൽകുന്നു. മത്സ്യബോർഡ് ഓഫീസർ/ ജില്ലാ ഫിഷറീസ് ഓഫീസർ/ ഫിഷറീസ് ഓഫീസർ/ മത്സ്യഭവൻ ഓഫീസറെയാണ് ഇതിനായി സമീപിക്കേണ്ടത്.

### 4.3.6 മത്സ്യ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണം സംഭവിക്കുന്ന കർമ്മനിരതരായ മത്സ്യതൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശം. മത്സ്യബന്ധന വേളയിൽ സംഭവിക്കുന്ന അപകട മരണം / ഹാർട്ട് അറ്റാക്ക് എന്നിവ സംഭവിക്കുന്നവർക്കാണ് ഇത്. രജിസ്ററർ ചെയ്തിട്ടുള്ള കർമ്മനിരതരായ മത്സ്യതൊഴിലാളികൾക്ക് ഇത് ലഭ്യമാണ്. മത്സ്യബോർഡ് ഓഫീസർ/ ജില്ലാ ഫിഷറീസ് ഓഫീസർ/ മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 4.3.7 ബന്ധപ്പെട്ട ജോലിക്കാർക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

അനുബന്ധ ജോലിക്കാർക്ക് അപകട മരണത്തിനുള്ള ഇൻഷ്വറൻസ് പരിരക്ഷയാണ് ഇതിന്റെ ഉള്ളടക്കം. മത്സ്യമേഖലയിലെ അനുബന്ധ ജോലിക്കാർക്കാണ് ഇത്. മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ബന്ധപ്പെട്ട ജോലിക്കാർക്കും ഇൻഷ്വറൻസ് നൽകുന്നു.മരണപ്പെട്ടയാളിന്റെ അടുത്ത ബന്ധുവിന് ഒരു ലക്ഷം രൂപാ നൽകുന്നു. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 4.3.8 നാടൻ വള്ളങ്ങളുടെ നവീകരണ പദ്ധതി

ഒ.ബി.എം മാറ്റുന്നതിനുള്ള സഹായം നൽകുന്നതാണ് ഇതിന്റെ ഉദ്ദേശം. ഔട്ട് ബോർഡ് എൻജിൻ വാങ്ങുന്നതിന് പരമാവധി 10,000/ രൂപ സബ്സിഡി ലഭ്യമാക്കും. മത്സ്യഫെഡുമായി സംയോജിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഇത് ലഭ്യമാക്കുക. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് പഴയ ഔട്ട്ബോർഡ് മോട്ടോർ മാറ്റി മത്സ്യഫെഡ് മുഖാന്തിരം പുതിയത് ഘടിപ്പിക്കുന്നതിന് പരമാവധി 10,000/ രൂപ നൽകുന്നു. മത്സ്യഫെഡ് ഓഫീസ് / ജില്ലാ മത്സ്യഫെഡ് ഓഫീസറെയാണ് സമീപിക്കേണ്ടത്

### 4.3.9 മത്സ്യ ബന്ധന വല വാങ്ങൽ പദ്ധതി

മത്സ്യബന്ധന വല വാങ്ങുന്നതിന് സഹായമായി സബ്സിഡിയായി പരമാവധി 6000/ രൂപ നൽകുന്നതാണ്. മത്സ്യഫെഡുമായി സംയോജിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഇത് ലഭ്യമാകുന്നത്. 10 എച്ച് പിയിൽ താഴെ ശക്തിയുള്ള എൻജിൻ ഘടിപ്പിച്ച വള്ളങ്ങളുടെ ഉടമകളാണ് ഗുണഭോക്താക്കൾ. ഇവർക്ക് വല വാങ്ങുന്നതിന് ഒറ്റത്തവണ സബ്സിഡി നൽകുന്നു.മത്സ്യഫെഡ് ഓഫീസ്/ ജില്ലാ മത്സ്യഫെഡ് ഓഫീസർമാരെയാണ് സമീപിക്കേണ്ടത്.

## 4.4 സാമൂഹ്യക്ഷേമം

### 4.4.1 നിർമാല്യ ഹെൽത്ത് ഇൻഷുറൻസ്

വൈകല്യം അനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ഇത്. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം മുതലായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് 1,00,000 രൂപയുടെ ഇൻഷുറൻസ് ലഭിക്കുന്നതാണ്.

### 4.4.2 ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടിയുള്ള പദ്ധതികൾ

ട്രാൻസ്ജെൻഡർ ആയവർക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കാനുള്ള ധനസഹായം ലഭ്യമാക്കുന്ന പല പദ്ധതികൾ നിലവിലുണ്ട്. തയ്യൽ മെഷീൻ വാങ്ങുന്നതിനായുള്ള ധനസഹായം നൽകുന്ന പദ്ധതി, തന്നത്താൻ ചെറിയ തൊഴിലുകൾ സ്വീകരിക്കുന്നതിനായി 50,000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതികളും ഉണ്ട്. അതുപോലെ തന്നെ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതികളും, പഠിക്കുന്ന കാലത്ത് ഹോസ്റ്റൽ ഫസിലിറ്റി ഉപയോഗിക്കുന്നതിന് ധനസഹായവും ലഭ്യമാണ്. കൂടാതെ പഠിത്തം നിർത്തിയവർക്കായി പഠനം പൂർത്തിയാക്കാനുള്ള സൗകര്യങ്ങളും. അത് പോലെ തന്നെ സെക്സ്തിരുത്തൽ ശസ്ത്രക്രിയ (Sex Reassignment Surgery) നടത്തണം എന്നുള്ളവർക്ക് ശസ്ത്രക്രിയക്കുള്ള സഹായവും നൽകുന്നതാണ്. നിയപരമായി വിവാഹം കഴിച്ചിട്ടുള്ള ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് ധനസഹായവും ലഭ്യമാണ്. ഡ്രൈവിംഗ് ക്ലാസ്സുകൾക്കുള്ള ധനസഹായം നൽകാനുള്ള പദ്ധതിയും ലഭ്യമാണ്.

### 4.4.3 തടവുകാരുടെ കുട്ടികൾക്കും മറ്റ് ആശ്രിതർക്കുമായുള്ള സഹായം

തടവുകാരുടെ കുട്ടികൾക്ക് ഡിഗ്രി വരെ പഠിക്കാനുള്ള ധനസഹായം ലഭ്യമാണ്. ഇത് ലഭിക്കാൻ അവർ ദാരിദ്ര്യ രേഖക്ക് താഴെ ആയിരിക്കണം, ജീവ പര്യന്താമോ,തൂക്കുകയർ ലഭിച്ച തടവുകാരുടെയോ മക്കൾ ആയിരിക്കണം, 70% മുകളിൽ മാർക്ക് ഹയർസെക്കൻഡറി പരീക്ഷയിൽ ലഭിച്ചിട്ടുണ്ടാവണം.

### 4.4.4 വൈകല്യം ഉള്ളവർക്കായുള്ള സഹായം

ഈ പദ്ധതിയിലൂടെ 40 ശതമാനത്തിൽ കൂടുതൽ അംഗ പരിമിതി അനുഭവിക്കുന്നവർക്ക് എന്തെങ്കിലും ചികിത്സക്കായി സഹായം ലഭ്യമാക്കുന്നതാണ്. പ്രകൃതി ദുരന്തങ്ങളും, ആസിഡ് അറ്റാക്കിന് ഇരയായവർക്കും, പൊള്ളൽ ഏറ്റവർക്കും ലഭ്യമാണ്. ഇങ്ങനെയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും ലഭ്യമാണ്. വീൽ ചെയർ, സ്ക്രീൻ റീഡറോഡുകൂടിയ സ്മാർട്ട് ഫോൺ മുതലായ സഹായ ഉപകരണങ്ങൾ വാങ്ങാനുള്ള പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതികൾ പ്രകാരമുള്ള സഹായങ്ങൾ കുടുംബത്തിലെ വരുമാനം അനുസരിച്ചാണ് ലഭ്യമാകുന്നത്.

### 4.4.5 വൈകല്യം ഉള്ളവരുടെയും, ബുദ്ധിമാന്ദ്യം ഉള്ളവരുടെയും അമ്മമാർക്ക് ഉള്ള സഹായം

സ്വാശ്രയ എന്ന പദ്ധതിയിൽക്കൂടി ബുദ്ധിമാന്ദ്യം അനുഭവിക്കുന്ന, അല്ലെങ്കിൽ സാരമായ വൈകല്യം അനുഭവിക്കുന്ന കുട്ടികളുടെ അമ്മമാർക്ക് സ്വയം തൊഴിൽ സ്വീകരിക്കുന്നതിനായുള്ള ധനസഹായം ലഭ്യമാണ്. 70 ശതമാനത്തിൽ കൂടുതൽ വൈകല്യം ഉള്ളവരുടെ അമ്മമാർ ആയിരിക്കണം. ദാരിദ്ര്യ രേഖക്ക് താഴെ ആയിരിക്കണം.

### 4.4.6 വയോധികർക്കായുള്ള സഹായങ്ങൾ

വയോമിത്രം പദ്ധതിയിലൂടെ മൊബൈൽ ക്ലിനിക് സർവീസ്, പാലിയേറ്റിവ്കെയർ, ഹെല്പ്ഡസ്ക് മുതലായ സഹായങ്ങൾ വയോധികർക്കായി ലഭ്യമാണ്. മൊബൈൽ ക്ലിനിക് സർവിസിൽ കൂടി 65ന് മുകളിൽ പ്രായം ഉള്ളവർക്ക് മരുന്നുകൾ വീടുകളിലേക്ക് സൗജന്യമായി ലഭ്യമാക്കുന്നതാണ്. മന്ദഹാസം എന്ന പദ്ധതിയിൽ കൂടി വയോധികർക്ക് സൗജന്യമായി പല്ലുകളുമായി ബന്ധപ്പെട്ട ചികിത്സക്കുള്ള ധനസഹായം ലഭ്യമാണ്.

### 4.4.7 മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം നൽകാനുള്ള ഒരു പദ്ധതിയാണ് ഇത്. കുടുംബ വരുമാനം 1,00,000 രൂപയിൽ കൂടുതൽ ആകാൻ പാടുള്ളതല്ല. വീട് വെക്കാനും, ചെറുകിട സംരംഭങ്ങൾ തുടങ്ങാനും, ഭൂമി വാങ്ങുന്നതിനുമായി ഈ പണം ഉപയോഗിക്കാവുന്നതാണ്.

## 4.5 വിദ്യാഭ്യാസം

### 4.5.1 സൗജന്യ സ്കൂൾ യൂണിഫോം സ്കീം രജിസ്ട്രേഷൻ

സൗജന്യ സ്കൂൾ യൂണിഫോം സ്കീം, സംസ്ഥാന സർക്കാരിന്റെയും സർവ്വശിക്ഷാ അഭിയാന്റെയും സംയുക്ത സംരംഭമാണ്. ഒന്നാം ക്ലാസ്സ് മുതൽ

എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഇത് ലഭ്യമാണ്. എല്ലാ പെൺ കുട്ടികളും പട്ടികവർഗ്ഗ/ പട്ടികജാതി വിദ്യാർത്ഥികളും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ ആൺകുട്ടികൾക്കും ഇത് ലഭ്യമാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്എസ്എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ടെക്സ് റ്റൈൽ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെടുന്ന ഒരു എംപവേർഡ് കമ്മിറ്റി പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്.

## 4.6 പട്ടികജാതി / പട്ടികവർഗക്ഷേമം

### *4.6.1.1 സ്വയം തൊഴിൽ*

സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ താൽപ്പര്യം ഉള്ള വ്യക്തി കൾക്കും, സ്വയം സഹായ കൂട്ടങ്ങൾക്കും വായ്പ്പക്ക് അപേക്ഷിക്കാവുന്ന താണ്. അതിൽ 1/3 ഭാഗം സർക്കാർ സബ്സിഡി ആയി നൽകുന്നതാണ്. വരുമാനം സംബന്ധമായ നിബന്ധനകൾ ഇല്ല. അപേക്ഷ പട്ടിക ജാതി ഡെവലപ്മെന്റ് ഓഫീസർക്ക് അയക്കാവുന്നതാണ്.

### *4.6.1.2 അഭിഭാഷകരായി തൊഴിൽ സ്വീകരിക്കുന്നതിനുള്ള സഹായം*

ജൂനിയർ അഭിഭാഷകർ ആയി തൊഴിൽ സ്വീകരിക്കുന്നവർക്ക് ഗ്രാന്റ് രൂപ ത്തിൽ പുസ്തകങ്ങൾ വാങ്ങാനും, കോടതി വേഷം വാങ്ങാനും, മുറിയുടെ വാടകയ്ക്കും പണം നൽകുന്നതാണ്.

### *4.6.1.3 ടെക്നിക്കൽ അപ്രന്റിസ്ഷിപ്പ്*

കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദധാരിയായവർക്ക് ഒരു വർഷത്തേക്ക് ക്ലാർക്ക് ടൈപ്പിസ്റ്റ് ആയി ജോലി നോക്കുന്നതിന് 10,000 രൂപ ഹോണറേറിയം ആയി നൽകുന്നതാണ്.

### *4.6.1.4 ടൂൾ കിറ്റ്*

ITI സർട്ടിഫിക്കറ്റ് ഉള്ളവർക്ക് ടൂൾ കിറ്റ് വാങ്ങാനുള്ള സഹായം ലഭിക്കു ന്നതാണ്.

### *4.6.1.5 പുറം രാജ്യങ്ങളിൽ ജോലി നോക്കുന്നതിനുള്ള ധനസഹായം*

പുറം രാജ്യങ്ങളിൽ ജോലിക്ക് ശ്രമിക്കുന്നവർക്ക് 1,00,000 രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്. ഈ പദ്ധതി കൈവരിക്കണമെങ്കിൽ കുടുംബ വരുമാനം 2.5 ലക്ഷത്തിൽ താഴെ ആയിരിക്കണം. അപേക്ഷകൾ ജില്ല ഡെവ ലപ്പ്മെന്റ് ഓഫീസർമാർക്ക് കൊടുക്കാവുന്നതാണ്.

### 4.6.2 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

### 4.6.3 ശരണ്യ സ്വയംതൊഴിൽ പദ്ധതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവർ, അവിവാഹിതർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്. 50,000/-

രൂപ വരെ പലിശരഹിത വായ്പ ലഭിക്കും. അപേക്ഷ നൽകേണ്ടത് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ ആണ്.

## 4.7 റവന്യൂ വകുപ്പ്

### 4.7.1 നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു കുടുംബത്തിലെ വരുമാനം ഉള്ള വ്യക്തി മരിക്കുമ്പോൾ 20,000/ രൂപ ധനസഹായം ലഭിക്കും. താലൂക്ക് ഓഫീസിലാണ് അപേക്ഷ നൽകേണ്ടത്.

## 4.8 വനിത ശിശു വികസന വകുപ്പ്

### 4.8.1 അഭയകിരണം പദ്ധതി

50 വയസ്സിനു മുകളിൽ പ്രായമുള്ള മറ്റു ആശ്രയങ്ങൾ ഒന്നുമില്ലാത്ത വിധവകൾക്കുള്ള ധനസഹായം.

### 4.8.2 മംഗല്യ പദ്ധതി

18 നും 50 നും ഇടയിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിധവകളുടെ പുനർ വിവാഹത്തിന് 25000/ രൂപ സഹായധനം ലഭിക്കുന്നു.

### 4.8.3 സഹായഹസ്തം

ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള വിധവകളുടെ കുടുംബത്തിന്റെ പുനരധിവാസത്തിനുള്ള പദ്ധതിയാണിത് .

### 4.8.4 സ്ത്രീകൾ ഗൃഹനാഥ ആയിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായധനം

അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് 300 രൂപ വരെയും ആറു മുതൽ 10 വയസ് വരെ ക്ലാസുകളിലെ കുട്ടികൾക്ക് 500 രൂപവീതവും പ്ലസ് വൺ പ്ലസ് ടു ക്ലാസ്സുകൾക്ക് 750 രൂപ വീതവും സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവർക്ക് 1000 രൂപ വീതവും ധനസഹായം.

### 4.8.5 പടവുകൾ

വിധവകളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള ട്യൂഷൻ ഫീസ് നൽകുന്ന പദ്ധതി. സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് സഹായം ലഭിക്കും.

> മേൽ വിവരിച്ചത് പോലെയുള്ള വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളുടെ പ്രയോജനം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള പരിശ്രമം ജനപ്രതിനിധികളുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

# 5
# അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

## 5.1 ലക്ഷ്യവും പ്രധാന സവിശേഷതകളും

കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചുവട് പിടിച്ച് നഗര പ്രദേശങ്ങളിലെ അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്ന കുടുംങ്ങളുടെ തൊഴിലും ജീവിതസുരക്ഷയും ഉറപ്പ് വരുത്തുന്ന ഒരു സംസ്ഥാനവിഷ്കൃത പദ്ധതിയാണിത്. ഇത്തരത്തിൽ നഗര പ്രദേശങ്ങൾക്ക് കൂടി തൊഴിലുറപ്പ് പദ്ധതി ബാധകമാക്കിക്കൊണ്ട് കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് കൂടി മാതൃക കാണിച്ചിരിക്കുന്നു.

നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറായുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

## 5.2 അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ പങ്കാളികൾ

1. തൊഴിലന്വേഷകർ
2. വാർഡുസഭ
3. നഗരസഭകൾ (മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ (നഗരകാര്യം) മേഖലാതലം
5. നഗരകാര്യ ഡയറക്ടർ
6. സംസ്ഥാന നഗര തൊഴിലുറപ്പു കൗൺസിൽ (നഗരകാര്യ വകുപ്പു മന്ത്രി അദ്ധ്യക്ഷൻ)
7. സംസ്ഥാന സർക്കാർ

#### 5.2.1 നഗരസഭാ സെക്രട്ടറി

ഓരോ കോർപ്പറേഷനിലും അഡീഷണൽ സെക്രട്ടറിയും മുനിസിപ്പാലിറ്റിയിൽ സെക്രട്ടറിയുമായിരിക്കും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

#### 5.2.2 തൊഴിലുറപ്പ് അസിസ്റ്റന്റ്

ഓരോ നഗരസഭയിലും തൊഴിലുറപ്പു പദ്ധതിക്കുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനായി ഒരു നഗരസഭാ ഉദ്യോഗസ്ഥനെ തൊഴിലുറപ്പ് അസിസ്റ്റന്റായി നഗരസഭയ്ക്ക് ചുമതലപ്പെടുത്താവുന്നതാണ്..

#### 5.2.3 എൻജിനീയർ / ഓവർസിയർ

തൊഴിലുറപ്പു പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പ്രവർത്തി നിർവ്വഹണത്തിനുള്ള സാങ്കേതിക സഹായം, അളവു രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ എന്നീ ചുമതലകൾ അതതു ഡിവിഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ / തൊഴിലുറപ്പു പദ്ധതിക്കായി നിയമിക്കപ്പെട്ട അക്രഡിറ്റഡ് എഞ്ചിനീയർ ചെയ്യേണ്ടതാണ്.

### 5.3 പ്രധാന സവിശേഷതകൾ

1. നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും, ഉചിതമായ അന്വേഷണ നടപടികൾ പൂർത്തിയാക്കിയ ശേഷം 15 ദിവസത്തിനകം തൊഴിൽ കാർഡ് നല്കുന്നതാണ്.
2. തൊഴിൽ കാർഡ് ലഭിച്ച ശേഷം, കാർഡിൽ പേരുള്ള ഓരോ അംഗത്തിനും തങ്ങൾക്ക് തൊഴിലാവശ്യമുള്ള അവസരങ്ങളിൽ സ്വമേധയാ തൊഴിലിനായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
3. പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭ്യമാക്കുന്നതിൽ വനിതകൾക്ക് മുൻഗണന ഉറപ്പാക്കും. ആകെ ലഭ്യമാക്കുന്ന തൊഴിലവസരങ്ങളുടെ 50% വനിതകൾക്കായിരിക്കും.
4. പദ്ധതിയിൽ വനിതകൾക്കും പുരുഷന്മാർക്കും തുല്യ കൂലിക്ക് അർഹതയുണ്ടായിരിക്കും.
5. തൊഴിലാളിക്ക് പണി സ്ഥലത്തുവച്ച് തൊഴിലിന്റെ ഭാഗമായി മുറിവ്/അപകടം/ അസുഖം ഉണ്ടായാൽ അയാൾക്ക് സൗജന്യ മെഡിക്കൽ ചികിത്സ ലഭ്യമാക്കുന്നതാണ്.
6. തൊഴിലപകടങ്ങളുടെ ഭാഗമായി ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ ആശുപത്രിയിൽ കിടക്കുന്ന അത്രയും ദിവസം തൊഴിലാളിക്ക് പദ്ധതിയിൽ അനുവദനീയമായ കൂലിയുടെ പകുതിയിൽ കുറയാത്ത തുക ദിവസ വേതനമായി ലഭിക്കാൻ അർഹതയുണ്ട്.
7. ഒരു തൊഴിലാളി പണിസ്ഥലത്തു വച്ച് തൊഴിലിന്റെ ഭാഗമായി അപകടത്തിൽ സ്ഥായിയായി വികലാംഗനാകുകയോ മരണപ്പെടുകയോ ചെയ്താൽ അയാളുടെ നിയമാനുസൃത അനന്തരാവകാശിക്ക് രൂ. 50,000/ എക്സ്ഗ്രേഷ്യ തുകയായി ലഭിക്കുന്നതാണ്.

8. തൊഴിൽ സ്ഥലത്ത് തൊഴിലെടുക്കുന്നവരോടൊപ്പം 6 വയസ്സിൽ താഴെ യുള്ള അഞ്ചോ അതിലധികമോ കുട്ടികൾ എത്തുകയാണെങ്കിൽ അവർക്ക് ക്രെഷ് സൗകര്യം

## 5.4 വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ

### 5.4.1 ഘട്ടം 1 കുടുംബശ്രീ അയൽകൂട്ട തല ചർച്ച

ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനം കുടുംബശ്രീ അയൽകൂട്ടതലത്തിലുള്ള ചർച്ചയാണ്.

- തൊഴിൽ ആവശ്യമുള്ള മുഴുവൻ പേരെയും കണ്ടെത്തുന്നതിനും 100 ദിവസത്തെ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും
- അയൽകൂട്ട പ്രദേശത്തെ പൊതുവികസനത്തിന് ഉതകുന്ന തരം പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലുടെ ഉറപ്പാക്കുന്നതിനും വേണ്ടി

### 5.4.2 ഘട്ടം 2 വാർഡ് / ഡിവിഷൻ തല ക്രോഡീകരണം

കുടുംബശ്രീ അയൽകൂട്ടതലത്തിൽ തയ്യാറാക്കുന്ന പ്രവൃത്തികളുടെ ക്രോഡീകരണം എ.ഡി.എസുകളുടെ സഹായത്തോടെ വാർഡ് / ഡിവഷൻ തലത്തിൽ നടത്തേണ്ടതാണ്.

### 5.4.3 ഘട്ടം 3 നഗരസഭാ ഫെസിലിറ്റേറ്റർമാരുടെ പരിശീലനം

ഓരോ നഗരസഭയിലും ഒരേ സമയം 3 - 4 വാർഡ് സഭകൾ സംഘടിപ്പി ക്കുന്നതിനും വാർഡ് സഭാ നടത്തിപ്പിൽ സഹായിക്കുന്നതിനും വാർഡ് സഭ യിൽ ഈ വിഷയം അവതരിപ്പിക്കുന്നതിനും ശേഷിയും സന്നദ്ധതയുമുള്ള 10-15 പേരടങ്ങിയ ഒരു ടീമിനെ ഫെസിലിറ്റേറ്റർമാരായി കണ്ടെത്തേണ്ടതാണ്.

#### *5.4.3.1 ഫെസിലിറ്റേറ്റർമാരായി ചുവടെ പറയുന്നവരെ ചുമതലപ്പെടുത്താവുന്നതാണ്*

- സന്നദ്ധ സംഘടനാ പ്രവർത്തകർ
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർ
- റിട്ടയർ ചെയ്ത സാങ്കേതിക വിദഗ്ദ്ധർ
- ജനകീയാസൂത്രണ പ്രവർത്തനത്തിലെ റിസോഴ്സ് പേഴ്സൺമാർ
- അദ്ധ്യാപകർ
- സാക്ഷരതാ പ്രേരക്മാർ
- എ.ഡി.എസ്, സി.ഡി.എസ് ഭാരവാഹികൾ

വാർഡ് സഭാ സംഘടനാതലത്തിലും നടത്തിപ്പിലും സഹായിക്കുന്നതി നായി ഓരോ നഗരസഭയും കണ്ടെത്തുന്ന ഫെസിലിറ്റേറ്റർമാർക്ക് നഗരസഭാ അടിസ്ഥാനത്തിൽ ഒരു ദിവസത്തെ പരിശീലനം നല്കേണ്ടതാണ്

### 5.4.4 ഘട്ടം 4 തൊഴിലാളികളുടെ പ്രത്യേക വാർഡ് സഭ

തൊഴിലാളികളുടെ കാഴ്ചപ്പാടും ആശയാഭിലാഷങ്ങളും ലേബർ ബഡ്ജ റ്റിലും വാർഷിക കർമ്മപദ്ധതിയിലും ഉൾച്ചേർക്കാനായി തൊഴിലുറപ്പ് പദ്ധതി

യിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ പ്രത്യേക വാർഡ് സഭ വിളിച്ചു ചേർക്കേണ്ടതാണ്. ഇത് വാർഡ് / ഡിവിഷൻ അടിസ്ഥാനത്തിലോ, 3–4 വാർഡുകൾക്ക് ഒരുമിച്ചോ, നഗരസഭാ അടിസ്ഥാനത്തിലോ വിളിച്ചു ചേർക്കാം.

### 5.4.5 ഘട്ടം 5 പൊതു വാർഡ്സഭ

തൊഴിലാളികളുടെ വാർഡ് സഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് വാർഡുതല ലേബർ ബഡ്ജറ്റിൽ വേണ്ടുന്ന കൂട്ടിച്ചേർക്കലുകൾ നടത്തണം. തുടർന്ന് ഓരോ വാർഡിലും പൊതു വാർഡ് സഭകൾ സംഘടിപ്പിക്കേണ്ടതും പ്രസ്തുത വാർഡ് സഭയിൽ വാർഡുതല ലേബർ ബഡ്ജറ്റ് വായിച്ച് ചർച്ച ചെയ്യുകയും ഭേദഗതികൾ ഉണ്ടെങ്കിൽ അവയും കൂടി ചേർത്ത് അംഗീകരിക്കണം. ഇപ്രകാരമുള്ള ലേബർ ബഡ്ജറ്റ് വിശദാംശങ്ങളോടെ വാർഡ് സഭാ മിനിട്ട്സ് പുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പ്രസ്തുത മിനിട്ട്സ്, ലേബർ ബഡ്ജറ്റിന്റെ അംഗീകാരം ലഭിച്ച ശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എം.ഐ.എസിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

### 5.4.6 ഘട്ടം 6 നഗരസഭാതല ലേബർ ബഡ്ജറ്റ് രൂപീകരണം

ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യാൻ നഗരസഭാതല ശില്പശാല സംഘടിപ്പിക്കണം. ഈ ശില്പശാലയിൽ (i) ലേബർ ബഡ്ജറ്റും നഗരസഭയുടെ വാർഷിക പദ്ധതിയുമായുള്ള സംയോജനം (ii) നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലനാവശ്യങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യണം. ശില്പശാലയുടെ ശുപാർശകൾ കൂടി പരിഗണിച്ച ശേഷം നഗരസഭ കൗൺസിൽ ലേബർ ബഡ്ജറ്റിനും വാർഷിക കർമ്മ പരിപാടിക്കും അംഗീകാരം നൽകണം.

നഗരതല ലേബർ ബഡ്ജറ്റ് അനുബന്ധമായി തയ്യാറാക്കി നഗരസഭാ കൗൺസിൽ അംഗീകാരത്തോടെ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് നൽകണം.

### 5.4.7 ഘട്ടം 7 ജില്ലാതല സൂക്ഷ്മ പരിശോധനയും തുടർ നടപടികളും

നഗരസഭാ കൗൺസിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും അതാതു ജില്ലകളിലെ ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിനായി നല്കേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന് ശേഷം നഗരസഭാ ലേബർ ബഡ്ജറ്റും, വാർഷിക കർമ്മപദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ അംഗീകാരത്തിനായി നഗരകാര്യ ഡയറക്ടർക്ക് നൽകണം.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണ പ്രക്രിയ. ഓരോ നഗരസഭയും ഓരോ സാമ്പത്തിക വർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്.

## 5.5. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

### 5.5.1 ജലസംരക്ഷണം

1. കിണർ റീചാർജ്ജിംഗ്
2. ഗള്ളിപ്ലഗ്ഗിങ്ങ്, തടയണ, ബ്രഷ് വുഡ് തടയണ, കമ്പിവലയ്ക്കുള്ളിൽ കല്ലടുക്കിയുള്ള (Gabion) തടയണ, കല്ലടുക്ക് തടയണ, മഴക്കുഴി, അടിയണ, ജലാഗീകരണ ട്രഞ്ച്, കോണ്ടൂർട്രഞ്ച്, കോണ്ടൂർ മൺബണ്ഡ്, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കല്ല്കയ്യാല (stone pitched bund), HDPE (High Denstiy Poly Ethilene) ഗാബിയോൺ തടയണ, കുളങ്ങളുടെ പുനരുദ്ധാരണം (ചെളിനീക്കം ചെയ്യൽ) വശഭിത്തി, പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും.

### 5.5.2 കുടിവെള്ളം

റീചാർജ്ജ് കുഴികൾ, കിണർ, നിർമ്മാണം

### 5.5.3 വരൾച്ച പ്രതിരോധം

1. വനങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണം
2. വനവത്ക്കരണം
3. വനഭൂമി സംരക്ഷണം
4. സിൽവി പാസ്ചർ
5. കാർഷിക നഴ്സറി സ്ഥാപിക്കൽ
6. സർക്കാർ ഭൂമിയിൽ വനവത്ക്കരണം
7. റോഡ്, കനാൽ വശങ്ങളിൽ വനവൽക്കരണം
8. ഭൂവികസനം

### 5.5.4 സൂക്ഷ്മ ജലസേചനം

1. കനാൽ, ജലവിതരണ ചാലുകളുടെ നിർമ്മാണം
2. ലിഫ്റ്റ് ഇറിഗേഷൻ
3. കനാൽ വശഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ
4. ജലസേചനത്തിനായി പൊതു കിണർ നിർമ്മാണം

### 5.5.5 ഭൂവികസന പ്രവർത്തനങ്ങൾ

കല്ല്കയ്യാല, മൺവരമ്പ്, കല്ല് ബണ്ട്, ടെറസ്സിങ്ങ് (നിരപ്പാക്കൽ) തരിശ്ശു ഭൂമി വികസനം

### 5.5.6 സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ

1. കൃഷി ആവശ്യത്തിന് കുളം കുഴിക്കൽ
2. കിണർ പരിപോഷണം
3. കല്ല് അണ

4. കോണ്ടൂർ ബണ്ട് നിർമ്മാണം
5. ഗള്ളി പ്ലഗ്ഗിങ്ങ്
6. ജലപരിപോഷണ കുഴികൾ
7. കക്കൂസ് കുഴി നിർമ്മാണം
8. നീരൊഴുക്ക്, ചാൽ നിർമ്മാണം
9. പുരയിടത്തിൽ ബണ്ട് നിർമ്മാണം
10. കിണർ കുഴികൾ
11. കല്ല് കയ്യാല
12. തരിശായ ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള ഇടപെടലുകൾ
13. കോണ്ടൂർ ബണ്ടുകളുടെ നിർമ്മാണം
14. ഗ്രേഡഡ് ബണ്ടുകളുടെ നിർമ്മാണം
15. ജലനിർഗ്ഗമന ചാലുകൾ
16. ഭൂമി നിരപ്പാക്കൽ
17. ചാലുകളുടെ ചോർച്ച അടക്കുന്നതിന് ലൈനിംഗ്
18. ക്രോസ്സ് ബണ്ട്
19. വെള്ളപ്പൊക്ക നിവാരണ ചാലുകളുടെ ആഴം കൂട്ടൽ
20. ഡൈവേർഷൻ ചാനൽ
21. വെള്ളക്കെട്ട് പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തൽ
22. പെരിഫെറൽ ബണ്ടിംഗ്
23. പതിനഞ്ച് മുതൽ ഇരുപത്തഞ്ച് കൊല്ലക്കാലം നിലനിൽക്കുന്ന തരത്തിലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
24. കടലോരങ്ങളിൽ കടൽ ക്ഷോഭത്തിന്റെ ആഘാതം കുറക്കുന്നതിനുള്ള മരം വച്ച് പിടിപ്പിക്കൽ
25. നഴ്സറികൾ, ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കൽ
26. പുരയിടങ്ങളിലെ അതിർത്തിയിൽ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് കൊല്ലം വരെ നിലനിൽക്കാവുന്ന വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിക്കൽ
27. പതിനഞ്ച് മുതൽ ഇരുപത്തയഞ്ച് കൊല്ലക്കാലം വരെ നിലനിൽക്കുന്ന ഫലവൃക്ഷങ്ങളുടെ തോട്ടം
28. പട്ടുനൂൽകൃഷി, പുഷ്പകൃഷി, ഔഷധകൃഷി
29. തരിശുഭൂമി കൃഷിയോഗ്യമാക്കൽ
30. ഭൂമിയിലെ ക്ഷാരം/ലവണ അംശങ്ങൾ നീക്കം ചെയ്ത് ഭൂമി കൃഷിയോഗ്യമാക്കൽ
31. കംപോസ്റ്റ് കുഴികൾ
32. വിൻഡ്രോ കമ്പോസ്റ്റ്
33. ബർക് ലി കമ്പോസ്റ്റ്

34. മണ്ണിര കമ്പോസ്റ്റ്
35. ഭവന നിർമ്മാണം (ലൈഫ് പദ്ധതി)
36. അസ്സോള കൃഷി
37. തൊഴുത്ത്
38. ആട്ടിൻകൂട്
39. പന്നിക്കൂട്
40. കോഴിക്കൂട്

**5.5.7 ഭൂവികസന പ്രവർത്തനങ്ങൾ (പൊതുഭൂമിയിൽ)**

1. കല്ല് നിരത്തി തറ ഉറപ്പാക്കൽ
2. തരിശ് ഭൂമി വികസിപ്പിക്കൽ
3. കരഭൂമി വികസിപ്പിക്കൽ (Land Reclamation)

**5.5.8 കെട്ടിട നിർമ്മാണം**

1. അയൽക്കൂട്ടങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾക്കുള്ള workshed
2. അങ്കണവാടി കെട്ടിട നിർമ്മാണം
3. ADS/CDS എന്നിവയ്ക്കുള്ള കെട്ടിടം
4. കാർഷികോല്പന്ന സംഭരണം കേന്ദ്രം
5. സ്കൂളുകൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം
6. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായുള്ള ഷെൽട്ടറുകൾ
7. ശ്മശാന നിർമ്മാണം

***5.5.8.1 ശൗചാലയം***

1. കമ്പോസ്റ്റ് കുഴി
2. അങ്കണവാടി ടോയിലറ്റ് നിർമ്മാണം
3. സ്കൂളുകളിലെ ടോയിലറ്റ് നിർമ്മാണം
4. സോക്കേജ് ചാനൽ / പിറ്റ് നിർമ്മാണം
5. ഓടകളുടെ നിർമ്മാണം
6. മാലിന്യ ശേഖരണവും സംസ്കരണവും

**5.5.9 വെള്ളപ്പൊക്ക നിയന്ത്രണം**

1. വരിവെള്ളം ഒഴുകുന്നതിനുള്ള ചാലുകളുടെ നിർമ്മാണം
2. നീരൊഴുക്ക് ചാലുകളുടെ ആഴം വർദ്ധിപ്പിക്കലും പരിപാലനവും
3. വെള്ളക്കെട്ട് പ്രദേശങ്ങളിലെ നീരൊഴുക്ക് സംവിധാനം
4. നീരൊഴുക്ക് ചാലുകളുടെ വശഭിത്തി ബലപ്പെടുത്തൽ
5. പൊതു ആസ്തികളുടെ സംരക്ഷണം

**5.5.10 മത്സ്യമേഖല**

1. മീൻ ഉണക്കുന്ന തറകളുടെ നിർമ്മാണം
2. കുളങ്ങളുടെ നിർമ്മാണം

***5.5.10.1തീരദേശ സംരക്ഷണം***

മത്സ്യം ഉണക്കുന്ന ഷെഡ്ഡുകൾ / തറകൾ

**5.5.11 മറ്റു പ്രവൃത്തികൾ**

1. പൊതു ആസ്തികളുടെ പരിപാലനം
2. കളിസ്ഥലങ്ങളുടെ നിർമ്മാണം
3. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം
4. വിൻഡ്രോ/ വെർമി കമ്പോസ്റ്റുകൾക്കുള്ള അടിസ്ഥാന സൗകര്യം
5. സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ
6. മാലിന്യ ശേഖരണവും സംസ്കരണവും
7. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.ഡബ്ല്യു.ഡി റോഡിന് ഇരുവശങ്ങളിലുമുള്ള ഓട വൃത്തിയാക്കൽ, പാഴ്ചെടികളും മറ്റും നീക്കം ചെയ്യൽ.

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്.

(എ) പട്ടികജാതി

(ബി) പട്ടികവർഗ്ഗം

(സി) നാടോടികളായ ആദിവാസികൾ

(ഡി) ഡീനോട്ടിഫൈഡ് ആദിവാസികൾ

(ഇ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ

(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ

(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥമാരായിട്ടുള്ള കുടുംബങ്ങൾ

(എച്ച്) ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ

(ഐ) ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ

(ജെ) 2006ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും,

## 5.6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ

പ്രകടമല്ലാത്തതും, അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ തുടങ്ങി ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

## 5.7 ഹരിത കേരളം പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും

ഹരിതകേരളം പദ്ധതി ശുചിത്വമേഖല, നീർത്തടാധിഷ്ഠിത വികസനം, ജൈവകൃഷി എന്നീ വിശാലമായ മൂന്ന് മേഖലകളിലാണ് ഇടപെടലുകൾ നടത്തി നേട്ടം കൈവരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികളും നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങളിൽ സംയോജിപ്പിച്ച് ഏറ്റെടുക്കാവുന്നതാണ്.

## 5.8 ശുചിത്വമേഖലയിലെ പ്രവർത്തനങ്ങളും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ, മാലിന്യ സംഭരണവും സംസ്കരണവും, കമ്പോസ്റ്റുകുഴികൾ, അങ്കണവാടി ശുചിമുറികൾ, ഓടകൾ, വ്യക്തിഗത ശുചിമുറി നിർമ്മാണം, സ്കൂളുകളിലെ ശുചിമുറികൾ, സോക്കേജ് പിറ്റുകൾ എന്നിവ ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഓരോ നഗരസഭയും ശുചിത്വ പദ്ധതി രൂപീകരിക്കുന്നവേളയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംയോജിപ്പിക്കുന്നതിന്റെ സാധ്യത നിശ്ചയമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

## 5.9 ജൈവകൃഷിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും

കാർഷിക മേഖലയിൽ സംസ്ഥാനത്ത് സാധ്യതയുള്ള മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് പഴകൃഷി (Horticulture). തൊഴിലുറപ്പ് പദ്ധതിയിൽ ചുരുങ്ങിയത് 15 വർഷമെങ്കിലും നിലനില്ക്കുന്ന ഇനം മരങ്ങളാണ് പഴകൃഷിയിൽ ഉൾപ്പെടുത്തേണ്ടത്. പ്ലാവ്, മാവ്, പുളി, മാങ്കോസ്റ്റീൻ, തെങ്ങ്, കശുവണ്ടി തുടങ്ങിയവ ഇതിൽ പരിഗണിക്കാവുന്നതാണ്. അതുപോലെ നമ്മുടെ ഭൂപ്രദേശങ്ങൾ ഹരിതാഭമാക്കുന്നതിന് വൃക്ഷയിനങ്ങളായ മുള, തേക്ക്, മഹാഗണി, ആഞ്ഞിലി, വേങ്ങ, വേപ്പ് തുടങ്ങിയവ നട്ടുവളർത്താവുന്നതാണ്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന മുകളിൽ സൂചിപ്പിച്ച പഴകൃഷി (Horticulture) പ്രവർത്തനങ്ങൾക്ക് നിലമൊരുക്കൽ, കുഴികുത്തൽ, നട്ടുപിടിപ്പിക്കൽ തുടങ്ങി തുടക്കംമുതൽ 5 വർഷകാലത്തേയ്ക്ക് സംരക്ഷണവും പരിപാലനവും ഉൾപ്പെടുത്താവുന്നതാണ്.

## 5.10 വേതന - സാധന അനുപാതം

പദ്ധതിയുടെ ഭാഗമായി ഏറ്റടുക്കുന്ന പ്രവൃത്തികളുടെ വേതന സാധന അനുപാതം പൊതുവെ 60 : 40 ആയിരിക്കണം. അതായത് വേതനഘടകം ഒരു കാരണവശാലും 60% ൽ കുറയാൻ പാടില്ല. എന്നാൽ ഓരോ വർഷവും വേതന സാധന അനുപാതം കണക്കാക്കുന്നതിനുള്ള തലം നഗരസഭയിലെ വാർഡ് / ഡിവിഷൻ ആയിരിക്കും. സാധന ഘടകം മാത്രമുള്ള പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലാത്തതാണ്. ഇക്കാര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥർക്കും (കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി / മുനിസിപ്പൽ സെക്രട്ടറി) ബന്ധപ്പെട്ട എഞ്ചിനീയർക്കും ആയിരിക്കും.

## 5.11 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രദാനം ചെയ്യുന്ന അവകാശങ്ങൾ

- തൊഴിൽ കാർഡുള്ള ഒരു കുടുംബത്തിന് (തൊഴിലിനായി അപേക്ഷിക്കുന്ന അംഗങ്ങൾക്കാകെ) സംസ്ഥാന പദ്ധതി സഹായത്തോടെ 100 ദിവസം തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശം.
- അപേക്ഷ തീയതി മുതൽ 15 ദിവസത്തിനകമോ അയാൾ തൊഴിൽ ആവശ്യപ്പെടുന്ന തീയതിയോ ഏതാണ് രണ്ടാമതു വരുന്നത് പ്രസ്തുത ദിവസം മുതൽ അയാൾക്ക് തൊഴിൽ ലഭ്യമാകുവാനുള്ള അവകാശം
- 15 ദിവസത്തിനകം തൊഴിൽ ലഭ്യമായില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം ലഭിക്കുവാനുള്ള അവകാശം.
- തൊഴിലപേക്ഷകന്റെ വീട്ടിൽ നിന്നും പരമാവധി 5 കി.മീ. ചുറ്റളവിനുള്ളിൽ തന്നെ തൊഴിൽ ലഭ്യമാക്കുവാനും, എന്നാൽ ഏതെങ്കിലും കാരണത്താൽ 5 കി.മീ. പരിധിക്കപ്പുറത്ത് തൊഴിൽ നല്കേണ്ടി വന്നാൽ 10% അധിക കൂലി ലഭ്യമാകുന്നതിനുള്ള അവകാശം.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടുന്ന അതേ നിരക്കു പ്രകാരമുള്ള കൂലി അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയിൽ ലഭ്യമാകുവാനുള്ള അവകാശം.
- പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓരോ ആഴ്ചയിലും (പരമാവധി 14 ദിവസത്തിനകം) കൂലി ലഭ്യമാക്കുന്നതിനും, കൂല്യ ലഭ്യമാക്കുന്നതിന് 14 ദിവസത്തിലധികം കാലതാമസം വന്നാൽ തൊഴിലാളിക്ക് 1936-ലെ വേതനവിതരണ നിയമം(സെക്ഷൻ 4) പ്രകാരം നഷ്ടപരിഹാര തുക (compensation for delayed payment) ലഭ്യമാകുന്നതിനുള്ള അവകാശം.
- തൊഴിൽ സ്ഥലത്ത് കുടിവെള്ളം, വിശ്രമിക്കുവാനുള്ള ഷെഡ്, പ്രാഥമിക ശുചിത്വ സൗകര്യം, പ്രഥമ ശുശ്രൂഷാകിറ്റ് എന്നീ സൗകര്യങ്ങൾ ലഭ്യമാകുവാനുള്ള അവകാശം.
- പദ്ധതി സംബന്ധിച്ച ഏതൊരു വിവരവും രേഖയും പൗരന് ലഭ്യമാകുവാനുള്ള അവകാശം.
- ഓരോ നഗരസഭയിലും അതാത് വാർഡ് സഭകളിൽ വച്ച് പ്രവർത്തികൾ തെരഞ്ഞെടുക്കുവാനുള്ള അവകാശം.
- പദ്ധതി നിർവ്വഹണം വാർഡ് സഭകളിൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുവാനുള്ള അവകാശം.

### 5.11.1 അയ്യങ്കാളി നഗര തൊഴിൽ പദ്ധതി കുടുംബം

- നഗരസഭാ പ്രദേശത്ത് സ്ഥിരമായി താമസ്സിക്കുന്ന ഏതൊരു കുടുംബത്തിനും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ തൊഴിൽ അർഹത കുടുംബത്തിലെ ഒരാളോ ഒന്നിലധികം പേർക്കോ ചേർത്താകാം.
- നഗരസഭാതിർത്തിയിലെ താമസക്കാരായിരിക്കണം.
- കുടുംബമെന്നാൽ അമ്മ, അച്ഛൻ, അവരുടെ കുട്ടികൾ കൂടാതെ പ്രസ്തുത കുടുംബനാഥനെ ആശ്രയിച്ചുകഴിയുന്ന ഏതൊരാളും ആകാം. ഒറ്റ അംഗമുള്ള കുടുംബവും ഈ നിർവചനത്തിൽ ഉൾപ്പെടും.

### 5.11.2 രജിസ്ട്രേഷനുള്ള അപേക്ഷ

- രജിസ്ട്രേഷനുള്ള അപേക്ഷ വെള്ള പേപ്പറിൽ അതാത് നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷ വെരിഫിക്കേഷൻ നടപടികൾ അപേക്ഷ ലഭിച്ചാൽ എത്രയും നേരത്തെ പരമാവധി 14 ദിവസത്തിനകം നടത്തേണ്ടതും വിവരം ബന്ധപ്പെട്ട രജിസ്ട്രേഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

### 5.11.3 തൊഴിൽ കാർഡ്

- രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ കുടുംബത്തിനും ഓരോ തൊഴിൽ കാർഡ് നല്കുന്നതാണ്.
- തൊഴിൽ കാർഡ് ഉടമ തന്നെ എല്ലായിപ്പോഴും സൂക്ഷിക്കണം. തൊഴിൽ കാർഡിന്റെ കാലാവധി 5 വർഷമായിരിക്കും. അപേക്ഷ നല്കി തൊഴിൽ കാർഡിൽ നിന്നും ആളെ നീക്കം ചെയ്യുകയോ പുതുതായി കൂട്ടിചേർക്കുകയോ ചെയ്യുവാൻ അവകാശമുണ്ടായിരിക്കും. ഇതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കേണ്ടതാണ്.

### 5.11.4 തൊഴിലിനുള്ള അപേക്ഷ

തൊഴിലിനുള്ള അപേക്ഷ നഗരസഭയുടെ ഫ്രണ്ട് ഓഫീസിലും നഗരസഭാ സോണൽ ഓഫീസിലും സമർപ്പിക്കാവുന്നതാണ്. അപേക്ഷ സ്വീകരിച്ച ശേഷം തത്സമയം തന്നെ തീയതി വച്ച് രസീത് നഗരസഭയിൽ നിന്നും നല്കണം. ഇത് തൊഴിലപേക്ഷിക്കുന്നയാളിന്റെ അവകാശമാണ്.

### 5.11.5 തൊഴിലവസരങ്ങൾ അനുവദിക്കൽ

- ഓരോ നഗരസഭയും തൊഴിലപേക്ഷകർക്ക് തൊഴിൽ നല്കിയതിന്റെ വിവരം കൃത്യമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കണം. ഈ വിവരങ്ങൾ തൊഴിലപേക്ഷകന്റെ തൊഴിൽ കാർഡിലും രേഖപ്പെടുത്തണം.
- ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരാൾ തൊഴിലിനപേക്ഷിച്ചാൽ അയാളുടെ ശേഷിക്കനുസൃതമായ പ്രവൃത്തികൾ തന്നെ കണ്ടെത്തി നല്കേണ്ടതാണ്.

### 5.11.6 പ്രവൃത്തികൾക്ക് അനുമതി നൽകൽ

പ്രവൃത്തികളുടെ ഭരണാനുമതി നഗരസഭയും സാങ്കേതികാനുമതി നഗരസഭയുടെ വാർഷിക പ്രോജക്ടുകളുടെ സാങ്കേതികാനുമതി നൽകാൻ ക്ഷണതയുള്ള എൻജിനീയറും നൽകേണ്ടതാണ്.

### 5.11.7 പ്രവൃത്തി നിർവ്വഹണം

#### *5.11.7.1 മസ്റ്റർ റോൾ*

- ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിനുമുമ്പേ പ്രവൃത്തിക്ക് വേണ്ടി മസ്റ്റർറോൾ നൽകണം. മസ്റ്റർറോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ (കോർപ്പറേഷൻ അഡീ. സെക്രട്ടറി / മുനിസിപ്പൽ സെക്രട്ടറി) ഒപ്പു വച്ചാണ് നൽകേണ്ടത്.

- നിർവ്വഹണ ഉദ്യോഗസ്ഥനായ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി / മുനിസിപ്പൽ സെക്രട്ടറിയുടെ ഒപ്പും സീലും നമ്പരുമില്ലാത്ത മസ്റ്റർ റോൾ ഉപയോഗിക്കുവാൻ പാടില്ല.
- മസ്റ്റർറോളുകൾ പ്രവൃത്തിസ്ഥലത്ത് ലഭ്യമായിരിക്കേണ്ടതും ഹാജരുകൾ തത്സമയം രേഖപ്പെടുത്തേണ്ടതുമാണ്.
- മസ്റ്റർറോളുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭയുടെ ചെലവ് രേഖ കളുടെ ഭാഗമായി സൂക്ഷിക്കേണ്ടതും ഫോട്ടോകോപ്പി പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

***5.11.7.2 മെയ്റ്റ്***

പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ഹാജർ രേഖപ്പെടുത്തു ന്നതിനും പ്രവൃത്തി സംഘടിപ്പിക്കുന്നതിനുമായി കുടുംബശ്രീ ഏരിയാ ഡവ ലപ്മെന്റ് സൊസൈറ്റിയിൽ നിന്നും ഒരു മെയ്റ്റിനെ പരിശീലനം നൽകി ചുമതലപ്പെടുത്തേണ്ടതാണ്. ഓരോ നഗരസഭയിലും ആവശ്യത്തിന് മെയ്റ്റ് മാരെ കണ്ടെത്തി പരിശീലിപ്പിച്ച് ചുമതല നൽകിയെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പാക്കണം. പരിശീലനം നൽകുന്നതിനുള്ള മേൽനോട്ടം അതാതു നഗര സഭാ സെക്രട്ടറിമാർക്ക് ആയിരിക്കും.

പ്രവൃത്തി സ്ഥലത്തെ മെയ്റ്റ് തൊഴിലാളി അനുപാതം 1:40ആയിരിക്കും. ഒരു പ്രവൃത്തിസ്ഥലത്ത് 40 തൊഴിലാളികളിൽ കുറവാണ് ഉള്ളതെങ്കിൽ പ്രവൃത്തിയെടുക്കുന്നവരിൽ നിന്നും ഒരാളെ ചുമതലപ്പെടുത്തുകയും അയാൾ പ്രവൃത്തിയുടെ ഭാഗമായി മെയ്റ്റിന്റെ ചുമതലകൂടി നിർവ്വഹിക്കണം. സമീപ ങ്ങളിലായി സംഘടിപ്പിക്കുന്ന ഒന്നിലധികം പ്രവൃത്തികളിലായി ആകെ 40 ലധികം തൊഴിലാളികളുണ്ടെങ്കിൽ ഒരു മെയ്റ്റിനെ ചുമതലപ്പെടുത്താവുന്ന തുമാണ്.

മസ്റ്റർറോളിലെ രേഖപ്പെടുത്തലുകൾ മെയ്റ്റിന്റെ ചുമതലയിലായിരിക്കും. മസ്റ്റർ റോളിൽ തിരുത്തലുകൾ പാടില്ല.

**5.12 പ്രോജക്ട് ആരംഭം**

ഓരോ പ്രവൃത്തിക്കും സാധാരണ ജനങ്ങൾക്ക് വായിച്ചു മനസ്സിലാക്കു വാൻ തരത്തിലുള്ള പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയ ജനകീയ എസ്റ്റി മേറ്റും എസ്റ്റിമേറ്റ് റിപ്പോർട്ടും ഉണ്ടാകണം. ഇത് തയ്യാറാക്കേണ്ടത് പ്രവൃത്തി യുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയറാണ്. എസ്റ്റിമേ റ്റിൽ ഓരോ പ്രവൃത്തി ഇനങ്ങളും രേഖപ്പെടുത്തണം.പ്രവൃത്തി പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുള്ള ചെലവുകൾ, പ്രാഥമിക ശുശ്രൂഷാകിറ്റ്, ആരോഗ്യ ശുചിത്വ സൗകര്യങ്ങൾ, പണിയായുധങ്ങളുടെ വാടക, മെയ്റ്റിനുള്ള കൂലി എന്നീ ഇനങ്ങൾക്കുള്ള വകയിരുത്തലുകൾ ആവശ്യാനുസരണം ഉൾക്കൊള്ളി ക്കണം.

**5.12.1 പണിയായുധങ്ങൾ**

പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ പണിയായുധങ്ങൾ തൊഴിലാളികൾ തന്നെ കൊണ്ടുവരേണ്ടതാണ്. പണിയായുധങ്ങൾക്ക് വാടക നല്കാവുന്ന

താണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കുവേണ്ടി ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ നിശ്ചയിച്ചു നല്കുന്ന വാടക അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയിലും സ്വീകരിക്കാവുന്നതാണ്. പണിയായുധങ്ങളുടെ വാടക തുക എഞ്ചിനീയർ കണക്കാക്കി ബില്ലിൽ രേഖപ്പെടുത്തുകയും പണിയായുധത്തിന്റെ ഉടമയായ തൊഴിലാളിക്ക് കൂലിയോടൊപ്പം നല്കേണ്ടതുമാണ്.

### 5.13 പ്രവൃത്തിയുടെ അളവെടുക്കൽ

പ്രവൃത്തികളുടെ അളവുകൾ യഥാസമയമെടുക്കേണ്ടത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർമാരാണ്. ഓരോ ആഴ്ചയിലും തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കും വിധം അളവു രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധനാ അളവെടുപ്പ് (check measurement) യഥാസമയം നടത്തേണ്ടതാണ്.

### 5.14 പ്രോജക്ട് പൂർത്തീകരണ റിപ്പോർട്ട്

പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടത് എഞ്ചിനീയർ / ഓവർസിയർ തന്നെയാണ്. പ്രവർത്തി ആരംഭത്തിലും മധ്യേയും പൂർത്തീകരിച്ച ശേഷവുമുള്ള ഫോട്ടോ ഗ്രാഫുകളും ഓരോ പ്രവൃത്തിയുടെയും ഫയലിൽ ഉണ്ടാകണം.

### 5.15 വേതനം നല്കലും തൊഴിലില്ലായ്മ വേതനവും

#### 5.15.1 വേതനം നല്കൽ

അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന ഏതൊരാൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ കാലാകാലങ്ങളിൽ ലഭ്യമാകുന്ന അതേ വേതനം ലഭിക്കുവാൻ അവകാശമുണ്ടായിരിക്കും.

പ്രവൃത്തിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും സേവിംഗ്സ് ബാങ്ക് / പോസ്റ്റാഫീസ് അക്കൗണ്ടുണ്ടായിരിക്കണം. തൊഴിലാളികളുടെ വേതനം അതാത് സമയം അവരുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നതിനുള്ള ക്രമീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ (കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി / മുനിസിപ്പൽ സെക്രട്ടറി) സ്വീകരിക്കേണ്ടതാണ്. നഗരസഭയുടെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം ലഭ്യമാക്കുന്നതിന് ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ രീതി അവലംബിക്കണം.

#### 5.15.12 ഭരണച്ചെലവുകൾ

പദ്ധതി നിർവ്വഹണത്തിനായി നഗരസഭ, മേഖലാതലം, സംസ്ഥാനതലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ നിയമിക്കുന്നവർക്കുള്ള ശമ്പളം, അലവൻസുകൾ എന്നിവയും പ്രവൃത്തിസ്ഥല സൗകര്യങ്ങളും (worksite facilities) ഫോറങ്ങളും രജിസ്റ്ററുകളും അച്ചടിച്ചെലവുകളും, മോണിറ്ററിംഗ് ചെലവുകളും, ട്രയിനിംഗ് ചെലവുകളും.

### 5.16 ഫണ്ട് അനുവദിക്കൽ

പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്ക് ആവശ്യമായ തുക (seed money) നഗരസഭകൾക്ക് നഗരകാര്യ ഡയറക്ടർ അനുവദിക്കുന്നതാണ്. ഇപ്രകാരം അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ മേഖലാ ജോയിന്റ് ഡയറക്ടറേയും നഗരകാര്യ ഡയറക്ടർ അറിയിച്ചിരിക്കണം. നഗരസഭകൾ ലേബർ ബഡ്ജറ്റും, വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കി മേഖലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം നഗരകാര്യ ഡയറക്ടർക്ക് സമർപ്പിക്കുകയും നഗരകാര്യ ഡയറക്ടർ ക്രോഡീകരിച്ച ലേബർ ബഡ്ജറ്റ് സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിൽ അംഗീകാരത്തിന് സമർപ്പിക്കുന്നു. സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിലുള്ള തുക നഗരസഭകൾക്ക് ഘട്ടംഘട്ടമായി മാനദണ്ഡ പ്രകാരം നല്കുന്നു.

#### 5.16.1 ഒന്നാം ഗഡു

ആദ്യത്തെ 6 മാസ കാലത്തേയ്ക്ക് ലേബർ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട മനുഷ്യാധ്വാന ദിനങ്ങളുടെ ശതമാനത്തിന് ആനുപാതികമായ തുകയായിരിക്കും ആദ്യ ഗഡുവായി അനുവദിക്കുന്നത്. ആയത് തത്വത്തിൽ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റ് അടങ്കലിന്റെ 50%-ൽ അധികമാകാൻ പാടില്ല. അതാതു നഗരസഭയിലെ തൻവർഷത്തെ പ്രാരംഭബാക്കിയും ധനലഭ്യതയും കൂടി ഇതിലേയ്ക്ക് പരിഗണിക്കണം.

ഒരു നഗരസഭയ്ക്ക് അനുവദനീയമായ ഒന്നാം ഗഡു തുകയേക്കാളും ഉപരിയായ തുക മുൻവർഷ നീക്കിയിരിപ്പ് ഉള്ള സാഹചര്യത്തിൽ ഒന്നാംഗഡു തുക സംബന്ധിച്ച ഉചിത തീരുമാനം സർക്കാർ കൈക്കൊള്ളും.

ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും അംഗീകരിച്ചുകൊണ്ടുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം മേഖലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം ജില്ല തിരിച്ച് നഗരകാര്യ ഡയറക്ടർക്ക് നല്കണം.

മുൻവർഷത്തിന് തൊട്ടുമുന്നേയുള്ള വർഷം വരെയുള്ള പൂർത്തിയാക്കിയ ഓഡിറ്റ് റിപ്പോർട്ടും (ചാർട്ടേഡ് അക്കൗണ്ടന്റ് തയ്യാറാക്കിയത്) ഒന്നാം ഗഡു അനുവദിക്കുന്നതിനായി സമർപ്പിക്കേണ്ടതുണ്ട്.

#### 5.16.2 രണ്ടാം ഗഡു തുക അനുവദിക്കൽ

ഒന്നാം ഗഡുവായി അനുവദിക്കപ്പെട്ട തുകയുടെ (പ്രാരംഭ നീക്കിയിരിപ്പ് സഹിതം) 60% ഒരു നഗരസഭ ചെലവാക്കിയാൽ പ്രസ്തുത നഗരസഭ രണ്ടാം ഗഡുവിന് അർഹത നേടും.

രണ്ടാം ഗഡുവിനുള്ള അപേക്ഷകൾ നഗരസഭകൾ തയ്യാറാക്കി അതാതു മേഖലാ ജോയിന്റ് ഡയറക്ടർക്ക് നല്കണം. മേഖലാ ജോയിന്റ് ഡയറക്ടർമാർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശയോടെ നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

രണ്ടാം ഗഡു തുക അനുവദിക്കുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പരിശോധനാ വിധേയമാക്കും.

- മുൻവർഷ നീക്കിബാക്കിയും തൻവർഷം ലഭ്യമായതുമായ തുകയുടെ 60% ൽ കുറയാതെയുള്ള ചെലവ്.
- 60:40 വേതന – സാധന ഘടക ചെലവനുപാതം. വേതന ഘടകാനുപാത ചെലവ്
- 60% ൽ കൂടാമെങ്കിലും സാധന ഘടകാനുപാത ചെലവ് 40% ൽ അധികരിക്കാൻ പാടില്ല.
- മോണിറ്ററിംഗ് : 100% പ്രവർത്തികൾ നഗരസഭാ തലത്തിലും 10% പ്രവർത്തികൾ ജില്ലാതലത്തിലും മോണിറ്റർ ചെയ്തുവെന്ന റിപ്പോർട്ട്.
- പ്രതിമാസ പുരോഗതി റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കൽ
- പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തിയ വിവരങ്ങൾ

### *5.16.12.1 രണ്ടാം ഗഡു തുക അനുവദിക്കുന്നതിന് ആവശ്യമായ രേഖകളും നിബന്ധനകളും*

മുൻ വർഷം മാർച്ച് 31 വരെ ലഭ്യമായ തുകയുടെ ധനവിനിയോഗം സർട്ടിഫിക്കറ്റും തൻവർഷ പ്രാരംഭ നീക്കിയിരിപ്പ് തുക (ഏപ്രിൽ 1 ലേത്) സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

ധനം വക മാറ്റി ചെലവഴിക്കുകയോ ദുർവിനിയോഗം ചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ലായെന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ്.

അതാതു സമയങ്ങളിൽ സർക്കാർ നിഷ്കർഷിക്കുന്ന സർട്ടിഫിക്കറ്റുകൾ

ഏതൊരു നഗരസഭയും മാർഗ്ഗനിർദ്ദേശ പ്രകാരമല്ലാതെ ധനവിനിയോഗം നടത്തിയാൽ നഗരസഭയ്ക്കുള്ള പദ്ധതി സഹായം സംസ്ഥാന സർക്കാർ താല്ക്കാലികമായി നിർത്തി വയ്ക്കുന്നതായിരിക്കും. നഗരസഭ പരിഹാര നടപടികൾ സ്വീകരിച്ച ശേഷം മാത്രമേ തുടർന്ന് തുക അനുവദിക്കുകയുള്ളൂ.

## 5.17 പദ്ധതി ദിശാഗതി നിയന്ത്രണവും വിലയിരുത്തലും

### 5.17.1 മോണിറ്ററിംഗ് രീതി

നഗരസഭാ തലത്തിൽ നടത്തുന്ന പ്രവൃത്തികളുടെ മോണിറ്ററിംഗ് ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ അതാത് തലങ്ങളിൽ

I. നഗരസഭാതലത്തിൽ 100% പ്രവൃത്തികളുടെ മോണിറ്റർ ചെയ്യണം

II. മേഖലാ തലത്തിൽ 10% പ്രവൃത്തികൾ മോണിറ്റർ ചെയ്യണം

III. സംസ്ഥാനതലത്തിൽ 1% പ്രവൃത്തികൾ മോണിറ്റർ ചെയ്യണം

നഗരസഭാ തലത്തിൽ 100% പ്രവൃത്തികളും മോണിറ്റർ ചെയ്യുവാൻ കഴിയും വിധം നഗരസഭാ ഉദ്യോഗസ്ഥരെയും നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കണം

മേഖലാ തലത്തിൽ 10% പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിന് ആവശ്യമായ ഉത്തരവ് നഗരകാര്യ ഡയറക്ടർ പുറപ്പെടുവിക്കണം.

സംസ്ഥാനതലത്തിൽ 1% പ്രവൃത്തികൾക്ക് മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതല ഉദ്യോസ്ഥരെ ചുമതലപ്പെടുത്തി നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കണം

## സുതാര്യതയും അക്കൗണ്ടബിലിറ്റിയും സോഷ്യൽ ഓഡിറ്റും

### 5.17.2 സോഷ്യൽ ആഡിറ്റ്

വികസന പ്രവർത്തനത്തിന്റെ ഗുണനിലവാരം, സമയബന്ധിതമായ നിർവ്വഹണം, ഗുണഭോക്തൃ പ്രദേശം /ഗുണഭോക്താക്കൾ നീതിയുക്തമായ തെരഞ്ഞെടുപ്പ് എന്നിവ ഉറപ്പാക്കി മികച്ച ഫലപ്രാപ്തി കൈവരിക്കാൻ സഹായകമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപാധിയാണ് സോഷ്യൽ ആഡിറ്റ്. വാർഡ് സഭാ പ്രദേശത്തെ ജനങ്ങൾ അവരുടെ അനുഭവത്തിന്റെയും ലഭ്യമായ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നേരിട്ട് നടത്തുന്ന വിലയിരുത്തലാണ് സോഷ്യൽ ഓഡിറ്റ്.

രണ്ട് സോഷ്യൽ ഓഡിറ്റ് വാർഡ്സഭകളുടെ ഇടവേളകളിൽ സോഷ്യൽ ഓഡിറ്റ് ടീം വിവരശേഖരണത്തിന് മുഖ്യമായും ആശ്രയിക്കുക മുകളിൽ സൂചിപ്പിച്ചിട്ടുള്ള സാമൂഹ്യ പരിശോധന വേദികളെ ആയിരിക്കും. മേലിടങ്ങളിൽ നടക്കുന്ന സോഷ്യൽ ഓഡിറ്റ് വിവരങ്ങൾ സോഷ്യൽ ഓഡിറ്റ് വാർഡ് സഭയിലേയ്ക്കുള്ള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

പ്രവൃത്തികളുടെ ഗുണനിലവാരവും ആസ്തികളും രേഖപ്പടുത്താൻ ആവശ്യമായ വിവരങ്ങൾ വാർഡ്സഭയിൽ ലഭ്യമാക്കേണ്ടതാണ്. ലളിതമായ ഭാഷയിൽ അനിവാര്യമായ പട്ടികകൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി വാർഡ് സഭയിൽ ലഭ്യമാക്കേണ്ട ചുമതല സോഷ്യൽ ആഡിറ്റ് ടീമിന് ആയിരിക്കും സോഷ്യൽ ഓഡിറ്റ് ടീമിന് ഇതിനാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കേണ്ട ഉത്തരവാദിത്വവും ചുമതലയും നഗരസഭാ സമിതിക്കും ചുമതലപ്പെട്ട ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായിരിക്കും.

### 5.18 പൊതുവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സോഷ്യൽ ഓഡിറ്റ് വേദിയായ വാർഡ്സഭയിൽ ഓഡിറ്റ് പ്രക്രിയ നടത്തുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

- തൊഴിലാളികളുടെ അവകാശങ്ങൾ ശാക്തീകരണം
- സുസ്ഥിരത
- സുതാര്യതാ ഘടകങ്ങൾ ഉറപ്പാക്കൽ
- വാർഡ്സഭാ റിപ്പോർട്ടുകൾ അച്ചടിച്ചു പ്രസിദ്ധീകരിക്കേണ്ടതാണ്.
- മറ്റു ഓഡിറ്റ് ഏജൻസികൾക്ക് റിപ്പോർട്ട് ലഭ്യമാക്കൽ
- നല്ല പ്രവർത്തനങ്ങളെ അഭിനന്ദിക്കുക

# 6
# നവകേരള കർമ്മപരിപാടി

## 6.1 ആമുഖം

മാനവ വികസന സൂചിക അനുസരിച്ച് ലോകത്തിലെ മികച്ച പ്രദേശങ്ങളിൽ ഒന്നാണ് കേരളം. ഉയർന്ന സാക്ഷരത, ഉന്നതമായ വിദ്യാഭ്യാസ നിലവാരം, പൊതുജനാരോഗ്യം, പൊതുവിതരണ സമ്പ്രദായം, അധികാര വികേന്ദ്രീകരണം തുടങ്ങിയ മേഖലകളിലെല്ലാം കേരളം മുന്നിട്ടു നിൽക്കുന്നു.

എന്നാൽ, ഉൽപ്പാദന മേഖലയിലുണ്ടായ മുരടിപ്പ് മൂലം എല്ലാവർക്കും, പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് കേരള സമ്പദ് വ്യവസ്ഥയിൽ സാധ്യമായില്ല. മെച്ചപ്പെട്ട വരുമാനവും ജോലിയും തേടി വിദേശ രാജ്യങ്ങളിൽ പോയവർ അയച്ച പണം ഉൽപ്പാദന രംഗത്ത് വിനിയോഗിക്കുന്നതിലും പരാജയമുണ്ടായി. പ്രവാസികൾ അയച്ച പണം കെട്ടിട നിർമ്മാണത്തിനും റിയൽ എസ്റ്റേറ്റ് ബിസിനസ്സിലുമാണ് കേന്ദ്രീകരിക്കപ്പെട്ടത്. അമിതമായ പ്രകൃതിവിഭവ ചൂഷണത്തിലൂന്നിയ വികസന രീതി ഉണ്ടായി വരുന്നതിലേക്കാണ് ഇത് നയിച്ചത്. മണ്ണിനും ജലത്തിനുമുണ്ടായ ശോഷണം, മദ്യപാനവും ജീവിതശൈലീരോഗങ്ങളും, ആത്മഹത്യാ പ്രവണതയും വളർന്നു വന്നു.പലവിധ കാരണങ്ങളാൽ ജലനിർഗ്ഗമനം തടസ്സപ്പെട്ടതും വലിച്ചെറിയലുകൾ കൂടിയതും മൂലം മാലിന്യ പ്രശ്നം അതിരൂക്ഷമായി. ഇത് പകർച്ച വ്യാധികൾ വീണ്ടും പടർന്നു പിടിക്കുന്നതിന് കാരണമാകുന്നു.

എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം പ്രാപ്തമായെങ്കിലും പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് കൂടുതൽ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ജീവിത ഗുണത ഉയർത്തുകയും എല്ലാവർക്കും സുരക്ഷിതമായ താമസ സൗകര്യം ഉണ്ടാക്കേണ്ടതും അടിയന്തിരമായ ആവശ്യമായിരുന്നു. നേടിയ ജീവിത ഗുണനിലവാരം പിടിച്ചു നിർത്തുന്നതിനും എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യം ഉറപ്പു വരുത്തുന്നതിനും ഗ്രാമതലത്തിലെ ആരോഗ്യസേവനങ്ങൾ പൊളിച്ചെഴുതുന്ന പ്രക്രിയ അടിയന്തിരമായി ആരംഭിക്കേണ്ടതും ആവശ്യമായിരുന്നു. ഇനിയും ഗുരുതരമായി ബാക്കിയായിരുന്ന പാർപ്പിട പ്രശ്നവും അടിയന്തിരമായി പരിഹരിക്കേണ്ട

തുണ്ടായിരുന്നു. വികസനത്തിന്റെ ഈ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായാണ് കേരളത്തിലെ അടിസ്ഥാന വികസന പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിൽ നാല് മിഷനുകൾ പ്രഖ്യാപിക്കപ്പെട്ടത്. ഹരിത കേരള മിഷൻ കൃഷി, മണ്ണുജല സംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ ഊന്നുന്നു. ആർദ്രം മിഷൻ ആരോഗ്യ മേഖലയിലും ലൈഫ് മിഷൻ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കും. അന്താരാഷ്ട്ര നിലവാരത്തിലേക്ക് കേരളത്തിന്റെ വിദ്യാഭ്യാസം ഉയർത്തുന്നതിനാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിരിക്കുന്നത്. ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഉറച്ച തീരുമാനമാണ് നവകേരള മിഷനുകളുടെ പ്രവർത്തനത്തിന് ഊർജ്ജം പകരുന്നത്.

## 6.2 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ

1. ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നിങ്ങനെ നാല് മിഷനുകൾ ആണ് കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
2. ശുചിത്വം, മാലിന്യസംസ്കരണം, മണ്ണ്ജല സംരക്ഷണം, ജൈവകൃഷി വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നതാണ് ഹരിത കേരള മിഷൻ.
3. ജനസൗഹൃദ സർക്കാർ ആശുപത്രികൾ എന്നതാണ് ആർദ്രം മിഷൻ മുന്നോട്ടു വയ്ക്കുന്നത്.
4. പൊതുവിദ്യാലയങ്ങളുടെ മികവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും ആണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ടു വയ്ക്കുന്നത്.
5. എല്ലാവർക്കും പാർപ്പിടം എന്നതാണ് ലൈഫ് മിഷനിലെ ലക്ഷ്യം.

## 6.3 ഹരിതകേരള മിഷൻ

വൃത്തി, വെള്ളം, വിളവ് എന്നിവയെ മുൻനിർത്തിക്കൊണ്ട് മൂന്ന് ഉപ മിഷനുകളായാണ് ഹരിതകേരളം രൂപീകരിച്ചിരിക്കുന്നത്. ഒന്നാമത്തേത് ശുചിത്വവും മാലിന്യ സംസ്കരണവും രണ്ടാമത്തേത് ജലസംരക്ഷണവും, മൂന്നാമത്തേത് ജൈവരീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിവികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

### 6.3.1 ശുചിത്വം, മാലിന്യ സംസ്കരണം

#### *6.3.1.1 ലക്ഷ്യങ്ങൾ*

- എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം അനുകൂല മനോഭാവങ്ങളും ശീലങ്ങളും സമൂഹത്തിൽ സൃഷ്ടിക്കുക
- സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങളെ സഹായിക്കുക.
- ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥിരം സംവിധാനമാക്കുക

*6.3.1.2 പ്രവർത്തനങ്ങൾ*

| വിഷയം | പ്രവർത്തനം | ചുമതല |
|---|---|---|
| ജൈവ മാലിന്യങ്ങൾ | ഉറവിട മാലിന്യ സംസ് ക്കരണം | വീടുകളും സ്ഥാപനങ്ങ ളും |
| അജൈവ മാലിന്യങ്ങൾ | തരംതിരിച്ച് വൃത്തിയാ ക്കി ശേഖരിക്കൽ | ഹരിതകർമ്മ സേന |
| ദ്രവ മാലിന്യം | വികേന്ദ്രീകൃത പരി പാലന സംവിധാനങ്ങൾ | വീടുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ |
| വലിയ നഗര മാലിന്യം | കേന്ദ്രീകൃത സംവിധാ നങ്ങൾ | നഗരസഭ |
| പൊതുസ്ഥലങ്ങൾ | സ്ഥലത്തിന് യോജിച്ച സംവിധാനം | തദ്ദേശ ഭരണ സ്ഥാപന ങ്ങൾ |
| ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം തട യൽ | നിയമ പരിപാലനം | തദ്ദേശ ഭരണസ്ഥാപന ങ്ങൾ |

*6.3.1.3 ജലസംരക്ഷണം*

സുസ്ഥിരമായ ജലസംരക്ഷണ വിനിയോഗ സംസ്കാരം ഉയർത്തിക്കൊണ്ട് വരികയും അതിനെ ജനജീവിതത്തിന്റെ ഭാഗമാക്കുകയും അതുവഴി ജല സുരക്ഷയും പരിസ്ഥിതി സംരക്ഷണവും നടത്തുകയുമാണ് മിഷൻ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി, ജലസ്രോതസ്സുകളുടെ നവീകരണം, ശുദ്ധീകരണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.

*6.3.1.4 കാർഷിക വികസനം*

പച്ചക്കറി, നെല്ല്, പഴവർഗ്ഗങ്ങൾ എന്നിവയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം അടിയന്തിര സ്വഭാവത്തോടെ കൈവരിക്കണം. കൃഷിയെ മാത്രം ആശ്രയിക്കുന്ന കർഷകർക്ക് സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തണം. ഭൂജല വിഭവങ്ങളെ സംയോജിതമായി ഉപയോഗപ്പെടുത്തിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകിയും വിപണന സൗകര്യങ്ങൾ വികസിപ്പിച്ചും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. ഇതിനായി വകുപ്പുതല പദ്ധതികളുടെ ഫലപ്രദമായ സംയോജനം, കാർഷിക കർമ്മസേനകളെ ശക്തിപ്പെടുത്തൽ, സഹകരണമേഖലയുമായി സഹകരിച്ച് വായ്പ വിപണന സൗകര്യങ്ങൾ ഒരുക്കൽ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും അവയുടെ പ്രചാരണവും ഏറ്റെടുത്തിട്ടുണ്ട്.

## 6.4 ആർദ്രം മിഷൻ

സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാ തലത്തിലും രോഗീ സൗഹൃദമാക്കുന്നതിനായാണ് ആർദ്രം മിഷനിലൂടെ ശ്രമിക്കുന്നത്. പൊതു

മേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ഒരു കുടുംബത്തിലെ എല്ലാ പ്രാഥമിക ആരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി മോണിറ്റർ ചെയ്യാവുന്ന രീതിയിൽ ഈ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടംഘട്ടമായി മാറ്റിക്കൊണ്ടിരിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന പ്രദേശത്തുള്ള ഓരോ വ്യക്തിക്കും സമഗ്രമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങളും കാലോചിത മാറ്റങ്ങളോടെ പരിഷ്ക്കരിക്കുന്നു.

ഇതോടൊപ്പം ജില്ലാതാലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടു കൂടിയ സൗകര്യങ്ങൾ ഒരുക്കുന്ന നടപടികളും പൂർത്തീകരിച്ചു വരികയാണ്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, ആദിവാസി ആരോഗ്യ പരിപാടി നടപ്പാക്കുക എന്നീ പ്രവർത്തനങ്ങളും തുല്യ പ്രാധാന്യത്തോടെ നടന്നു വരുന്നു. സമകാലിക ആരോഗ്യ പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനോടൊപ്പം ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും, പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനു മിഷൻ ലക്ഷ്യമിടുന്നു. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മികച്ച പ്രവർത്തനം, ജീവിതശൈലി രോഗങ്ങളിൽനിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്ന് ലഭ്യമാക്കുക, മികച്ച നഴ്സിംഗ് വിദ്യാഭ്യാസം, ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ തദ്ദേശ സ്ഥാപങ്ങൾക്ക് വർധിച്ച ചുമതലകൾ എന്നിവയും മിഷന്റെ സവിശേഷതകളാണ്.

### 6.5 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഈ മിഷന്റെ ലക്ഷ്യം. മികവ് എന്നാൽ അക്കാദമിക്ക് മികവാണ്. ഇതിനായാണ് ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കുന്നത്. കേരളീയ സമൂഹം പൊതു വിദ്യാലയങ്ങളിലൂടെ ആർജ്ജിച്ചെടുത്തതാണ് നമ്മുടെ മതനിരപേക്ഷ ജനാധിപത്യ ബോധവും അതിനനുസരിച്ച ജനാധിപത്യ മൂല്യങ്ങളും.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എറ്റെടുത്ത പ്രവർത്തനങ്ങളെ താഴെ പറയുന്നതു പ്രകാരം മനസ്സിലാക്കാം.

- പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുക
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക
- കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഒരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക
- വായനശാല, ലാബോറട്ടറി എന്നിവ ആധുനികവൽക്കരിക്കുക

- വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക
- പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന ഉറപ്പാക്കുക
- ക്ലാസ് മുറികൾ ഹൈടെക് ആക്കുക
- സ്മാർട്ട് ക്ലാസ് റൂമുകൾ, ലബോറട്ടറികൾ എന്നിവ സജ്ജീകരിക്കുക.
- സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

അക്കാദമികമായി വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ പൊതുസമൂഹം ഇന്നു കാണിക്കുന്ന ഉത്സാഹം നിലനിർത്താൻ കഴിയൂ. ഇതിനായി അധ്യാപകർ, രക്ഷാകർതൃസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം, ഭരണനിർവ്വഹണ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിക്കലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സവിശേഷത.

## 6.6 ലൈഫ് മിഷൻ

കേരളത്തിലെ ഭൂരഹിതരും ഭവന രഹിതരുമായ മുഴുവൻ കുടുംബത്തിനും വീടുകൾ ലഭ്യമാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയാണ് ലൈഫ് മിഷൻ. സാമൂഹിക വികസനം വേഗത്തിലാക്കുന്നതിന് അടിസ്ഥാനമായ അനിവാര്യമായ ഘടകം എന്ന നിലയിലാണ് എല്ലാവർക്കും വീട് എന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

അഞ്ച് വർഷം കൊണ്ട് ഏകദേശം 4.30 ലക്ഷം ഭവനരഹിതർക്ക് വീട് വച്ച് നൽകുക എന്ന ലക്ഷ്യവുമായാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. വിവിധ കാരണങ്ങളാൽ മുൻകാലത്ത് ഭവനപദ്ധതികളിൽ നിന്ന് ഒഴിവായിപ്പോയിരുന്ന 1.60 ലക്ഷം കുടുംബങ്ങളും ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

ഭവന നിർമ്മാണത്തോടൊപ്പം കുടുംബങ്ങൾക്ക് അവരുടെ ഉപജീവന സൗകര്യങ്ങൾ ഒരുക്കുക വഴി സാമ്പത്തിക ശക്തീകരണം ഉറപ്പ് വരുത്തലാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രധാന ഊന്നൽ. വീട് വയ്ക്കാൻ സ്വന്തമായി ഭൂമിയുള്ളവർക്ക് ഉറപ്പുള്ള വീടുകൾ നിർമ്മിച്ച് നൽകുക, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് താമസ സൗകര്യം ഒരുക്കുക എന്നതാണ് പരിപാടി. ഇതോടൊപ്പം ഉപജീവനത്തിനുള്ള പദ്ധതികളും പ്രാഥമിക ആരോഗ്യം, വയോജനങ്ങൾക്കുള്ള പിന്തുണാ പരിപാടികൾ, വിദഗ്ധ ജോലികൾക്കുള്ള പരിശീലനം എന്നിവ നൽകുകയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഭൂമി കണ്ടെത്തുന്നതും പദ്ധതിക്കുള്ള അധിക സാമ്പത്തിക ബാധ്യത നിറവേറ്റുന്നതും വിവിധ സംഘടനകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ്.

ഒരു നിശ്ചിത കാലയളവിൽ സമയബന്ധിതമായി ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കർമ്മ പരിപാടിയാണ് ഈ മിഷനുകളിലൂടെ മുന്നോട്ട് വച്ചത്. പഴയ കേരളം പുതുക്കി പണിയലല്ല, പ്രത്യുത, പുതിയൊരു കേരളത്തിന്റെ നിർമ്മിതിയാണ് ഈ പരിപാടിയിലൂടെ സാധ്യമാവുക.

### 6.7 ഗുണഭോക്താക്കൾ

- സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ
- ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനെ തുടർന്ന് ഭവനരഹിതരായി തുടരുന്നവർ
- വാസയോഗ്യമല്ലാത്ത വീടുള്ളവർ
- പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ
- ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരെയാണ് മിഷൻ ലക്ഷ്യമാക്കുന്നത്

### 6.8 പ്രവർത്തന സമീപനം

- സ്ഥല ലഭ്യതയുള്ളവർക്ക് നഗരസഭകൾ/ പഞ്ചായത്തുകൾ മുഖേന ധനസഹായം
- ഭൂമിയില്ലാത്തവർക്ക് ബ്ലോക്ക് / നഗരസഭ അടിസ്ഥാനത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുക
- പാർപ്പിട സൗകര്യത്തോടൊപ്പം ഉൽപാദന സേവന മേഖലകളിൽ സ്വയം തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ഉപജീവന സുരക്ഷ (Livelyhood Securtiy) ഉറപ്പുവരുത്തുന്ന സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക
- പാർപ്പിട സ്ഥലത്ത് വെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ, പാചക ഇന്ധനം എന്നീ സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക

# 7
# ശുചിത്വം, മാലിന്യ സംസ്കരണം

## ആമുഖം

നഗരവല്ക്കരണത്തിന്റെയും വർദ്ധിച്ച ഉപഭോഗ സംസ്ക്കാരത്തിന്റെയും ജീവിത ശൈലിയുടെയും ഉപോല്പന്നം എന്ന നിലയിൽ മാലിന്യം ഒരു പ്രധാന ഭീഷണിയായി കേരള സമൂഹം തിരിച്ചറിയുകയാണ്. ഈ പ്രശ്ന ത്തിന് പരിഹാരം കണ്ടെത്തുന്നത്, പ്രാദേശിക ഭരണ സംവിധാനമെന്ന നില യിൽ നഗരസഭകളുടെ പ്രധാന വെല്ലുവിളിയാണ്. പ്രശ്നത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞു 2016ലെ ദേശീയ ഖരമാലന്യ പരിപാല ചട്ടങ്ങളിലെയും, ദേശീയ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളിലെയും, മുനിസിപ്പാലിറ്റി നിയമത്തിലെ അദ്ധ്യായം XVIന്റെയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 2018-ൽ മാലിന്യ പരിപാലനത്തിനായുള്ള സംസ്ഥാന നയവും തുടർന്ന് ഖരമാലിന്യ പരിപാലനത്തിനായുള്ള തന്ത്രങ്ങളും ആവിഷ്ക്കരിച്ച് വിജ്ഞാപനം ചെയ്തി ട്ടുണ്ട്. കേരള സംസ്ഥാനത്തെ മാലിന്യ സംസ്ക്കരണത്തെ സംബന്ധിച്ച അടിസ്ഥാന തത്വങ്ങൾ പരിശോധിക്കാം.

## 7.1 സംസ്ഥാന നയം

- മാലിന്യം വിഭവം
- മാലിന്യം കുറക്കുക
- മാലിന്യം പുനരുപയോഗിക്കുക
- മാലിന്യം പുനചംക്രമണം ചെയ്യുക
    - ശുചിത്വം ഉറപ്പാക്കുകയും പരിസ്ഥിതി സംരക്ഷിക്കുകയും ചെയ്യുക എന്നത് മാലിന്യം ഉല്പാദിപ്പിക്കുന്ന ഓരോരുത്തരുടേയും ചുമതല.
    - മാലിന്യം ഉല്പാദിപ്പിക്കുന്നവർ സംസ്ഥാന നയം പിന്തുടരുന്നില്ലെ ങ്കിൽ ശിക്ഷ.

## 7.2 മുഖ്യ ലക്ഷ്യങ്ങൾ

- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുക-വ്യക്തി, സ്ഥാപനങ്ങൾ, സമൂഹം

- ഉറവിടത്തിൽ മാലിന്യം തരംതിരിക്കുന്നതിന്റെ ശീലം കൊണ്ടുവരിക
- മാലിന്യത്തേയും പൊതുജനാരോഗ്യത്തെയും സംബന്ധിച്ചുള്ള അവബോധമുണ്ടാക്കുക
- ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള ഉപാധികളുടേയും അനുയോജ്യ സാങ്കേതികവിദ്യകളുടേയും പ്രചാരണവും ലഭ്യമാക്കലും
- അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായ സംസ്കരണം നടപ്പാക്കുക
- സാമ്പത്തികഞെരുക്കവും സ്ഥലപരിമിതിയുമുള്ളവർക്കായി ജൈവ മാലിന്യ സംസ്കരണത്തിന് പൊതു സംവിധാനമൊരുക്കൽ
- മാലിന്യത്തിന്റെ അളവു കുറക്കലും പുനചംക്രമണവും പുനരുപയോഗവും പരമാവധിയാക്കൽ
- മാലിന്യ സംസ്കരണത്തെ സംരംഭമായി വളർത്തൽ
- വ്യത്യസ്ഥ വികസന മേഖലയുമായി സംയോജിപ്പിച്ച് സമഗ്ര മാലിന്യ സംസ്കരണ പരിപാടി ആവിഷ്ക്കരിക്കൽ-കൃഷി, ചെറുകിട വ്യവസായം, ജലസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ പരിപാലനത്തിനായുള്ള ആസൂത്രണ നിർവ്വഹണ പരിപാലനശേഷി ശക്തിപ്പെടുത്തൽ
- പാരിസ്ഥിതികവും സാമൂഹ്യവുമായ സുരക്ഷ, മാലിന്യം കൈകാര്യം ചെയ്യുന്നവർക്ക് ഉറപ്പാക്കൽ
- മാലിന്യ സംസ്കരണ രംഗത്തേക്കാവശ്യമായ മനുഷ്യശേഷി ഉറപ്പാക്കലും വികസിപ്പിക്കലും

## 7.3 തന്ത്രങ്ങൾ

1. ഉറവിടത്തിൽ തരംതിരിക്കൽ.
2. ജൈവ മാലിന്യങ്ങൾ ഉറവിടത്തിലോ സമീപത്തോ സംസ്കരിച്ചു വളമാക്കി രൂപാന്തരപ്പെടുത്തൽ
3. അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും ശാസ്ത്രീയ സംസ്കരണവും
4. അപകടകരമായ ഗാർഹിക മാലിന്യങ്ങൾ സമാഹരണത്തിനും സംസ്കരിക്കുന്നതിനും ശാസ്ത്രീയമായ പ്രക്രിയ നടപ്പിലാക്കൽ
5. എല്ലാ സ്ഥാപനങ്ങൾക്കും ജൈവ അജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കൽ
6. കൂടുതലായി മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കൽ
7. വൻകിട നഗരങ്ങൾക്ക് മികച്ചതും ശാസ്ത്രീയമായതുമായ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കൽ

8. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള ഏകോപനത്തിലൂടെ മാലിന്യ സംസ്കരണവും ജൈവകൃഷിയും ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കുക
9. ഒരു തരത്തിലും സംസ്കരണം നടത്താൻ കഴിയാത്ത മാലിന്യങ്ങൾക്കായി റീജിയണൽ തലത്തിൽ ശാസ്ത്രീയമായ സാനിട്ടറി ലാന്റ്ഫിൽ ഒരുക്കുക
10. ഒറ്റ പ്രാവശ്യം ഉപയോഗിച്ചു വലിച്ചെറിയുന്ന വസ്തുക്കളുടെ ഉപയോഗം തടയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.
11. പൊതു സ്ഥലങ്ങൾ സ്ഥിരമായി വൃത്തിയാക്കുകയും സൗന്ദര്യവൽക്കരിക്കുകയും ചെയ്യുക.
12. കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ പുനരുപയോഗിക്കുകയോ പുനചംക്രമണം ചെയ്യുകയോ മൂല്യവർദ്ധിത വസ്തുക്കൾ നിർമ്മിക്കുകയോ ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക.
13. തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമ നടപടിയും പിഴ ചുമത്തുകയും ചെയ്യുന്നതു ശക്തിപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യും.
14. ഫലപ്രദമായ രീതിയിലുള്ള തർക്ക പരാതി പരിഹാര സംവിധാനം ബഹുജനങ്ങൾക്കായി സജ്ജമാക്കും.
15. മനോഭാവ വ്യതിയാനത്തിനും ശീലവൽക്കരണത്തിനുമായി ശക്തമായ ബഹുജന വിദ്യാഭ്യാസം നടപ്പിലാക്കും.
16. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കും ഫലപ്രദമായ ശേഷി വികസന പരിപാടി നടപ്പിലാക്കും.
17. മാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാൻ നിരന്തരമായ സാമൂഹ്യ വിലയിരുത്തൽ പ്രക്രിയ ആവിഷ്ക്കരിക്കും.
18. സാങ്കേതിക വിദ്യയുടേയും പ്രവർത്തന പ്രോട്ടോക്കോളുകളുടേയും നടപ്പാക്കലിനായി ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുമായി ശൃംഖലാവൽക്കരണം (Net working) നടത്തും.
19. മാലിന്യ സംസ്കരണ മേഖലയിലെ സേവനദാതാക്കളുടെ വിപുലീകരണത്തിന് വൈദഗ്ദ്ധ്യമുള്ള ചെറുപ്പക്കാരുടേയും, സ്റ്റാർട്ടപ്പുകളുടേയും സാധ്യത പ്രയോജനപ്പെടുത്തും.

## 7.4 പരിസ്ഥിതി സംരക്ഷണങ്ങളും മാലിന്യ പരിപാലനവും (കേന്ദ്ര നിയമങ്ങളും ചട്ടങ്ങളും)

### 7.4.1 പൊതുവിവരങ്ങൾ

ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 47 പ്രകാരം ജീവിതനിലവാരം, പോഷകാഹാരം, ആരോഗ്യം എന്നിവയുടെ നിലവാരം ഉറപ്പുവരുത്തുന്നത് അതാത് സംസ്ഥാനത്തിന്റെ ചുമതലയാണ്. പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആർട്ടിക്കിൾ 48 എ പ്രകാരം സംസ്ഥാ

നത്തിൽ നിക്ഷിപ്തമായിരിക്കുന്നു. കാട്, കായൽ, നദി, വന്യജീവി എന്നിവ ഉൾപ്പെട്ട നമ്മുടെ പ്രകൃത്യായുള്ള പരിസ്ഥിതി സംരക്ഷിക്കുന്നതും മെച്ചപ്പെടുത്തുന്നതും ആർട്ടിക്കിൾ 51 എ(ജി) പ്രകാരം ഓരോ പൗരന്റെയും ചുമതലയാണ്. പരിസ്ഥിതി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ആർട്ടിക്കിൾ 253 പ്രകാരം പാർലമെന്റിൽ നിക്ഷിപ്തമാണ്.

നമ്മുടെ പരിസ്ഥിതിക്ക് വിവിധ തരത്തിലുള്ള മാലിന്യങ്ങൾ അപകടം ഉണ്ടാക്കുന്നുണ്ട്. മലിനജലം (ഗാർഹിക, വ്യവസായിക, കാർഷിക) ഖരമാലിന്യങ്ങൾ (ജൈവ, അജൈവ മാലിന്യങ്ങൾ) പ്ലാസ്റ്റിക്, പാഴ് വസ്തുക്കൾ, കെട്ടിട നിർമ്മാണ/പൊളിക്കൽ അവശിഷ്ടങ്ങൾ, ആപൽക്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയാണ് പ്രധാന മാലിന്യങ്ങൾ.

### 7.4.2 നിലവിലുള്ള നിയമങ്ങൾ

1. ഇന്ത്യൻ പീനൽ കോഡ് 1860
2. പരിസ്ഥിതി (സംരക്ഷണ) നിയമം 1986
3. ജലമലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974
4. ജല (സംരക്ഷണവും മലിനീകരണ നിയന്ത്രണവും) നിയമം 1974
5. വായു (മലിനീകരണവും നിയന്ത്രണവും) നിയമം 1981
6. കേരള മുനിസിപ്പാലിറ്റി നിയമം 1994
7. കേരള പോലീസ് ആക്ട് 2010

### 7.4.3 ചട്ടങ്ങൾ

1. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016
2. പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016
3. ഇമാലിന്യ പരിപാലന ചട്ടങ്ങൾ 2016
4. നിർമ്മാണം/പൊളിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ 2016
5. ആപത്കരവും മറ്റു മാലിന്യങ്ങൾ (കൈകാര്യവും ട്രാൻസ് ബൗണ്ടറി മൂവ്മെന്റും) ചട്ടങ്ങൾ 2016
6. ബയോ മെഡിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ 2016
7. വായു (മലിനീകരണവും നിയന്ത്രണവും) ചട്ടങ്ങൾ 1982
8. Manufacture, Storage and Import of Hazardous Chemical Rules 1989.
9. Manufacture, Use, Import, Export and Storage of Hazardous Micro Organisms, Genetically Engineered Organisms or Cell Rules, 1989.
10. ശബ്ദ മലിനീകരണം (പരിപാലനവും നിയന്ത്രണവും) ചട്ടങ്ങൾ 2000

പരിസ്ഥിതിയുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ലംഘിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് എന്നിവയിലെ അധികാര സ്ഥാനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### 7.4.4 മാലിന്യ സംസ്കരണം

സംസ്ഥാനത്തെ ആകെ വാർഷിക മാലിന്യ ഉല്പാദനത്തിന്റെ അളവ് 3.7 ദശലക്ഷം ടൺ ആണ്. ഇതിൽ ജൈവ മാലിന്യത്തിന്റെയും അജൈവ മാലിന്യത്തിന്റെയും പങ്ക് യഥാക്രമം 69% വും 31% വുമാണ്. നമ്മുടെ നാട്ടിൽ ഈർപ്പത്തിന്റെ തോത് ഏകദേശം 70% വരും. ആകെ മാലിന്യത്തിന്റെ 31% ത്തോളം വരുന്ന അജൈവ മാലിന്യത്തിൽ ജ്വലന ശേഷിയുള്ളവയുടെയും അല്ലാത്തവയുടെയും പങ്ക് യഥാക്രമം 79.2% വും 20.8% വുമാണ്.

ജൈവ മാലിന്യങ്ങൾ ആളുകൾ സ്വന്തം ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന രീതിയാണ് നിലവിൽ മാലിന്യ പരിപാലനത്തിൽ സംസ്ഥാനത്ത് സ്വീകരിച്ചിരിക്കുന്നത്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന രീതിയിൽ ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും ജൈവമാലിന്യം സ്വന്തം പരിസരത്ത് സംസ്കരിക്കുകയും അജൈവ മാലിന്യം ഹരിതകർമ്മസേനക്ക് കൈമാറുകയോ പൊതു നിക്ഷേപ കേന്ദ്രങ്ങളിൽ എത്തിക്കുകയോ ചെയ്യുക എന്ന സമീപനമാണ് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുള്ളത്.

മാലിന്യ പരിപാലനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം എന്നു പറയുന്നത് അജൈവമാലിന്യം ശേഖരിച്ച് അവ പുനചംക്രമണത്തിനായി കൈമാറുന്നതിനും വൻകിട മാലിന്യ ഉത്പാദകരിൽ നിന്നുള്ള ജൈവമാലിന്യ ശേഖരണത്തിലുമായി പരിമിതപ്പെട്ടിരിക്കുന്നു.

മാലിന്യ സംസ്കരണം 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 30 വകുപ്പ് പ്രകാരം നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് പ്രസിദ്ധീകരിച്ചിട്ടുള്ള 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം ബാധകമായ മേഖലകൾ ചുവടെ ചേർക്കുന്നു.

- എല്ലാ അർബൻ തദ്ദേശ സ്ഥാപനങ്ങൾ
- നഗര പ്രാന്തത്തിലുള്ള ജനവാസ മേഖലകൾ
- സെൻസസ് ടൗണുകൾ
- ഇൻഡസ്ട്രിയൽ ടൗൺഷിപ്പുകൾ
- ഇന്ത്യൻ റയിൽവേ
- എയർപോർട്ട്
- പോർട്ട്, ഹാർബർ
- രാജ്യരക്ഷയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ
- തീർത്ഥാടന കേന്ദ്രങ്ങൾ
- പ്രത്യേക സാമ്പത്തിക മേഖലകൾ
- ഗാർഹികമോ വ്യാവസായികമോ വാണിജ്യപരമോ ആയ മാലിന്യ ഉല്പാദകർ
- പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ദോഷകരമായ മാലിന്യങ്ങൾ ഇമാലിന്യങ്ങൾ, ലെഡ് ആസിഡ് ബാറ്ററി, ആണവ വികിരണ ശേഷിയുള്ള മാലിന്യങ്ങൾ എന്നിവ ഒഴികെ ഗാർഹികേതരമായ മറ്റു മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്ന ഇടങ്ങൾ

### 7.5 മാലിന്യ സൃഷ്ടാക്കളുടെ ചുമതലകൾ

1. മാലിന്യങ്ങൾ സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലത്തിന് പുറത്ത്, പൊതു നിരത്തുകൾ, തുറസ്സായ പൊതു സ്ഥലങ്ങൾ, തോടുകൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലേക്ക് വലിച്ചെറിയാനോ കത്തിക്കാനോ കുഴിച്ചു മൂടാനോ പാടില്ല.
2. തദ്ദേശ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ജൈവ, അജൈവ, ആപത്കര മാലിന്യങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് അംഗീകൃത മാലിന്യം ശേഖരിക്കുന്ന ഏജൻസികൾക്ക് കൈമാറുക.
3. സാനിട്ടറി പാഡുകൾ, ഡയപ്പറുകൾ തുടങ്ങിയ സാനിട്ടറി മാലിന്യങ്ങൾ അതിന്റെ നിർമ്മാതാക്കൾ നൽകിയിട്ടുള്ള പൗച്ചുകളിൽ ശേഖരിച്ച് അജൈവ മാലിന്യങ്ങൾക്കായുള്ള ബിന്നിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്കനുസൃതമായി നിക്ഷേപിക്കുക.
4. റസിഡന്റ്സ് വെൽഫയർ അസോസിയേഷനുകൾ, മാർക്കറ്റ് അസോസിയേഷനുകൾ, ഗേറ്റഡ് കമ്മ്യൂണിറ്റികൾ, 5000 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ കൂടുതലുള്ള ഇൻസ്റ്റിറ്റ്യൂഷനുകൾ, എല്ലാ ഹോട്ടലുകളും റസ്റ്റോറന്റുകളും എന്നിവ 2017 ഏപ്രിൽ 8 ന് മുമ്പായി തന്നെ റൂൾ പ്രകാരം ഉറവിടത്തിൽ വച്ചു തന്നെ തരംതിരിച്ചു റീ സൈക്കിൾ ചെയ്യാൻ പറ്റുന്ന മാലിന്യങ്ങൾ അംഗീകൃതമായ മാലിന്യ സംസ്കരണ ഏജൻസിക്കോ റീസൈക്കിൾ ചെയ്യുന്നവർക്കോ നൽകുക. ജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിനായി കമ്പോസ്റ്റിംഗ്/ ബയോമെഥനൈസേഷനോ കഴിവതും ഉറവിടത്തിൽ തന്നെ പ്രവർത്തിപ്പിക്കേണ്ടതാണ്. അവശേഷിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദേശം പ്രകാരം മാലിന്യം ശേഖരിക്കുന്ന വ്യക്തികൾക്കോ ഏജൻസികൾക്കോ നൽകണം.
5. ഓരോ തെരുവു കച്ചവടക്കാരനും അവരുടെ പ്രവർത്തനങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന ഭക്ഷണ മാലിന്യങ്ങൾ ഡിസ്പോസിബിൾ പ്ലേറ്റ്, കപ്പുകൾ, കാനുകൾ, റാപ്പറുകൾ, ചിരട്ടകൾ, മിച്ചം വന്ന ഭക്ഷണ പദാർത്ഥങ്ങൾ, പച്ചക്കറികൾ, ഫലങ്ങൾ തുടങ്ങിയവ ശേഖരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിച്ചതു പ്രകാരമുള്ള മാലിന്യ ശേഖരണ ഇടങ്ങളിലോ സംഭരണിയിലോ വാഹനങ്ങളിലോ കൈമാറേണ്ടതാണ്.
6. നൂറു പേരിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ഇല്ലാത്ത സ്ഥലത്ത് സംഘടിപ്പിക്കുന്നുണ്ടെങ്കിൽ കുറഞ്ഞത് മൂന്നു ദിവസം മുമ്പു തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ചിരിക്കണം. ഉറവിടത്തിൽ വച്ചു തന്നെ മാലിന്യങ്ങൾ തരംതിരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന മാലിന്യ ശേഖകർക്ക് അത് കൈമാറുകയും ചെയ്യേണ്ടതാണ്.
7. പച്ചക്കറി കൃഷിയിൽ നിന്നും ഉദ്യാനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നിടത്തു തന്നെ സംഭരിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്കനുസൃതമായി നീക്കം ചെയ്യേണ്ടതുമാണ്.

8. കെട്ടിട നിർമ്മാണ/പൊളിക്കൽ മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്ന സ്ഥലത്തുതന്നെ പ്രത്യേകമായി സംഭരിക്കേണ്ടതും നീക്കം ചെയ്യേണ്ടതുമാണ്.
9. എല്ലാ മാലിന്യ സൃഷ്ടാക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബൈലോയിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിരക്കിൽ ഖര മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള യൂസർഫീ നൽകേണ്ടതാണ്.

### 7.6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

1. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും കടലാസ്, വാട്ടർ ബോട്ടിലുകൾ, മദ്യക്കുപ്പികൾ, സോഫ്ട് ഡ്രിംങ്ക്സ് കാനുകൾ, ടെട്രാ പാക്കുകൾ, പഴത്തൊലി, റാപ്പേഴ്സ് തുടങ്ങിയവ റോഡിലേക്കോ തുറസ്സായ സ്ഥലങ്ങളിലേക്കോ തോടുകളിലേക്കോ ജലസ്രോതസ്സുകളിലേക്കോ വലിച്ചെറിയുകയോ കത്തിക്കുകയോ കുഴിച്ചു മൂടുകയോ ചെയ്യരുതെന്ന് മാലിന്യ സൃഷ്ടാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും മാലിന്യങ്ങൾ അവയുടെ ഉറവിടത്തിൽ തന്നെ ചട്ടങ്ങൾ പ്രകാരം വേർതിരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ചിട്ടുള്ള മാലിന്യ ശേഖരണം നടത്തുന്നവർക്ക് കൈമാറ്റം ചെയ്യുന്നുവെന്നും ഉറപ്പ് വരുത്തുക.
2. തരംതിരിച്ച ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് പ്ലാന്റ്, ബയോ മെഥനൈസേഷൻ പ്ലാന്റ് എന്നിങ്ങനെയുള്ള സംവിധാനങ്ങളിൽ എത്തിക്കുക. കഴിവതും അതാതു സ്ഥലത്തു തന്നെ മാലിന്യങ്ങൾ കൈകാര്യം ചെയ്യുക
3. Informal Settlment ഉൾപ്പെടെയുള്ള എല്ലാ വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, ഗാർഹികേതര ഇടങ്ങൾ എന്നിവിടങ്ങളിൽ നിന്നും തരംതിരിച്ച ഖരമാലിന്യങ്ങൾ അവയുടെ പ്രവേശന കവാടത്തിൽ നിന്നു തന്നെ ശേഖരിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കുക
4. കമ്മ്യൂണിറ്റി തലത്തിൽ വികേന്ദ്രീകൃതമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സംവിധാനം ഉറപ്പു വരുത്തുക. പരിസരത്ത് ദുർഗന്ധം ഉണ്ടാകാതെയും ആരോഗ്യ കരമായ അവസ്ഥ നിലനിറുത്തുന്നതിനും ഉറപ്പ് വരുത്തുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പാർക്കുകളിലും പൂന്തോട്ടങ്ങളിലും രാസവളങ്ങൾ ഉപയോഗിക്കുന്നത് രണ്ടു വർഷത്തിനുള്ളിൽ നിറുത്തലാക്കുകയും അതിനു പകരം കമ്പോസ്റ്റ് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. Internal Waste Recycling Sectors/Recycling നുള്ള ഇൻസെന്റീവ് നൽകുക.
6. അജൈവ മാലിന്യങ്ങൾ അതതു പ്രോസസിംഗ് സെന്ററിലോ എം.സി. എഫിലോ ആർ.ആർ.എഫിലോ കൊണ്ടുപോവുക.
7. പേപ്പർ, പ്ലാസ്റ്റിക്, ഗ്ലാസ്, തുണിത്തരങ്ങൾ തുടങ്ങിയവ അടക്കമുള്ള പുനചംക്രമണ ക്ഷമതയുള്ളവ വേർതിരിക്കുന്നതിനായി ആവശ്യമുള്ള സ്ഥലം ലഭ്യമുള്ള ആർ.ആർ.എഫുകളോ സെക്കന്ററി സ്റ്റോറേജ് സംവിധാനങ്ങളോ ഏർപ്പെടുത്തുകയും അവിടെ Informalലോ അംഗീകൃതമോ ആയ waste pickersനും waste collectorsനും തരംതിരിക്കുന്നതിനുള്ള സംവി

ധാനങ്ങൾ ഒരുക്കുക. ജൈവ മാലിന്യങ്ങൾ പച്ചനിറത്തിലുള്ള ബിന്നുകളിലും പുനചംക്രമണം ചെയ്യുന്ന മാലിന്യങ്ങൾ വെള്ള ബിന്നുകളിലും മറ്റു മാലിന്യങ്ങൾ കറുപ്പു ബിന്നുകളിലും സംഭരിക്കുന്നതിന് തയ്യാറാക്കി വയ്ക്കേണ്ടതാണ്.

8. 20 ചതുരശ്ര കിലോമീറ്ററിനുള്ളിൽ ഗാർഹിക ആപത്കര മാലിന്യങ്ങൾ സംഭരിക്കുന്നതിനുള്ള സെന്റർ സ്ഥാപിക്കുക. പ്രസ്തുത സ്ഥലത്ത് അവ ഏറ്റെടുക്കുന്നതിനുള്ള സമയവും മാലിന്യ ഉല്പാദകരെ അറിയിക്കുക.
9. ഗാർഹിക ആപത്കര മാലിന്യങ്ങൾ സുരക്ഷിതമായി സംഭരിക്കുന്നതും കൊണ്ടുപോകുന്നതും മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള സംവിധാനത്തിൽ ആണെന്ന് ഉറപ്പു വരുത്തുക
10. മാർക്കറ്റിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ എല്ലാ ദിവസവും ശേഖരിക്കുകയും മാർക്കറ്റിനുള്ളിലോ അനുയോജ്യമായ സ്ഥലത്തോ കമ്പോസ്റ്റ് പ്ലാന്റ്/ബയോമെഥനൈസേഷൻ പ്ലാന്റ് സ്ഥാപിച്ച് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുക
11. പഴം പച്ചക്കറി വിപണന കേന്ദ്രങ്ങൾ, പാർക്കുകൾ, പൂന്തോട്ടങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പ്രത്യേകമായി സംഭരിക്കുകയും അവ പാർക്കുകളിലോ പൂന്തോട്ടങ്ങളിലോ കൈകാര്യം ചെയ്യുക.
12. പൊതു നിരത്തുകൾ വൃത്തിയാക്കുന്നതിൽ നിന്നുമുണ്ടാകുന്ന മാലിന്യങ്ങൾ താത്ക്കാലികമായി സംഭരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുകയും തോടുകളിൽ നിന്നും മാറ്റുന്ന ചെളി സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുക.
13. പൊതു നിരത്തു വൃത്തിയാക്കുന്നവരോട് കരിയില കത്തിക്കരുതെന്നും നിർദ്ദേശം നൽകുക. അതു പ്രത്യേകമായി തരംതിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശം നൽകുക.
14. ജനസാന്ദ്രത, വാണിജ്യപരത തദ്ദേശാവസ്ഥ എന്നിവയും കണക്കിലെടുത്ത് ദിവസേനയോ ഇടവിട്ട ദിവസങ്ങളിലേക്കോ ആയി മാലിന്യം സംഭരിക്കുന്നതു ക്രമീകരിക്കുക
15. കെട്ടിട നിർമ്മാണ/പൊളിക്കൽ മാലിന്യങ്ങൾ 2016-ലെ നിർമ്മാണം/പൊളിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം കൊണ്ടുപോവുക.
16. ഹൗസിംഗ് സൊസൈറ്റി, മാർക്കറ്റ് കോംപ്ലക്സ് എന്നിവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അംഗീകരിക്കുന്ന സമയത്ത് മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിനുള്ള സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

### 7.7 സാങ്കേതികവിദ്യ

ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന്നുള്ള ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സ്വന്തം നിലയിലോ സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ചോ ഏജൻസി മുഖാന്തിരമോ നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും അറ്റകുറ്റപ്പണി ചെയ്യുന്നതിനുമുള്ള സൗകര്യം ഒരുക്കണം.

യാത്രാചെലവു കുറക്കുന്നതിനും പരിസ്ഥിതി ആഘാതം കുറക്കുന്നതിനും വികേന്ദ്രീകൃത പ്ലാന്റുകൾക്ക് മുൻഗണന നൽകുക.

Bio methanization, Micro bail composting, Vermi composting, Aerobic digester/ജൈവ മാലിന്യങ്ങൾ bio sterilizations ചെയ്യുന്നതിനുള്ള പര്യാപ്ത മായ പ്രോസസിംഗ് നടത്തണം. Refused derived fuels (RDF) for compostable fractions, solid waste power plant ലേക്കുള്ള feed stock cement kiln waste to energy plants എന്നിവയാണ് ജൈവ മാലിന്യ സംസ്ക രണത്തിനുള്ള ഉപാധികൾ.

### 7.8 സാനിട്ടറി ലാന്റ് ഫില്ലുകൾ

1. തരംതിരിക്കാത്ത മാലിന്യങ്ങൾ ലാന്റ്ഫില്ലിൽ ഇടാൻ പാടുള്ളതല്ല.
2. പുനരുപയോഗിക്കാൻ പറ്റാത്തതും അജൈവമായതും കത്തിക്കാൻ പറ്റാ ത്തതും പ്രതിപ്രവർത്തിക്കാത്തതും നിർജീവമായതുമായ (Inert) മാലി ന്യങ്ങളും pre processing reject കളും മാലിന്യ സംസ്കരണ സംവിധാന ത്തിലുണ്ടാകുന്ന അവശിഷ്ടങ്ങളും മാത്രമേ ലാന്റ് ഫില്ലിൽ കൊണ്ടു പോകാൻ അനുവദിക്കാവൂ. തിരസ്കൃത വസ്തുവായിട്ടുള്ള എല്ലാ മാലിന്യ ങ്ങളും പുനരുപയോഗിക്കുന്നതിനും പുന ചംക്രമണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.
3. എല്ലാ പഴകിയതും തുറസ്സായതും നിലവിൽ പ്രവർത്തിക്കുന്നതുമായ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും ബയോമൈനിംഗ് ചെയ്യുന്നതിനും bio remediation ചെയ്യുന്നതിനുമുള്ള സാഹചര്യം തിട്ടപ്പെടുത്തേണ്ടതാണ്.
4. ഇതിനുള്ള സാഹചര്യം ഇല്ലെങ്കിൽ ലാന്റ് ഫിൽ, ശാസ്ത്രീയമായ capping സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
5. ബാക്കി വരുന്ന അവശിഷ്ടങ്ങൾ ഷെഡ്യൂൾ 1 പ്രകാരം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സാനിട്ടറി ലാന്റ് ഫില്ലുകളും ബന്ധപ്പെട്ട നിർമ്മിതികളും സ്ഥാപിക്കുന്നതിനന് സ്വന്തം ഫണ്ടിലോ ഏജൻസി മുഖാന്തിരമോ നടപ്പി ലാക്കുന്നതിന് ചട്ടം വ്യവസ്ഥ ചെയ്യുന്നു.

### 7.9 മാലിന്യം ശേഖരിക്കുന്നവർ

1. മാലിന്യം ശേഖരിക്കുന്നവരുടെ കൂട്ടായ്മകളേയും സംഘടനകളേയും കൂട്ടിയോജിപ്പിക്കണം. അവരെ അംഗീകൃത മാലിന്യ ശേഖകരായി മാറ്റണം. ഇവരുടെ പങ്കാളിത്തത്തോടെ വാതിൽപ്പടികളിൽ നിന്നും മാലിന്യ ശേഖ രണമടക്കമുള്ള ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പിലാക്കണം.
2. വാതിൽപ്പടികളിൽ നിന്നുള്ള മാലിന്യശേഖരണം അടക്കമുള്ള ഖരമാലിന്യ പരിപാലന പദ്ധതികളുടെ ഭാഗമാക്കാൻ തക്കവണ്ണം സ്വയം സഹായ സംരംഭകരുടെ രൂപീകരണത്തിന് അവസരം ഒരുക്കിക്കൊടുക്കുകയും അവർക്കു തിരിച്ചറിയൽ കാർഡുകൾ നൽകുകയും പ്രോത്സാഹിപ്പിക്കു കയും ചെയ്യണം.

### 7.10 ആതറൈസേഷൻ, വാർഷിക റിപ്പോർട്ട്

1. സാനിട്ടറി ലാന്റ്ഫിൽ ഉൾപ്പെടെ ദിനംപ്രതി 5 മെട്രിക് ടണ്ണിൽ കൂടുതൽ ഉണ്ടാകുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള സംവിധാനത്തിനും വേണ്ടി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓതറൈസേഷൻ ആവശ്യമാണ്.
2. ഓതറൈസേഷന്റെ കാലാവധി തീരുന്നതിന് 60 ദിവസം മുമ്പ് തന്നെ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കണം.
3. മുൻവർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി എല്ലാ വർഷവും ഏപ്രിൽ 30 നകം നഗരകാര്യ ഡയറക്ടർക്ക് സമർപ്പിക്കണം.
4. വാർഷിക റിപ്പോർട്ട് എല്ലാ വർഷവും മെയ് 31 നകം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു സമർപ്പിക്കണം.

### 7.11 ബോധവൽക്കരണം

മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുക, മാലിന്യം ഉണ്ടാകുന്നതു കുറക്കുക, മാലിന്യം കഴിവതും പുനരുപയോഗിക്കുക, മാലിന്യങ്ങൾ ജൈവം, അജൈവം (പുനരുപയോഗിക്കുന്നതും, compostable) സാനിട്ടറി മാലിന്യങ്ങൾ, ഗാർഹിക ആപത്കര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുക, വീടുകളിൽ ജൈവവള നിർമ്മാണം, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് ഉത്പാദനം, സാമൂഹ്യ കമ്പോസ്റ്റിംഗ് എന്നിവ നടപ്പിലാക്കുക, ബ്രാന്റ് ഉടമസ്ഥർ നൽകുന്ന കവറുകളിൽ നിറച്ച സാനിട്ടറി മാലിന്യം തദ്ദേശസ്വയംഭരണ സ്ഥാപനം നിഷ്കർഷിക്കുന്ന ബിന്നുകളിൽ ശേഖരിക്കുക, തരം തിരിച്ച മാലിന്യം; മാലിന്യം ശേഖരിക്കുന്ന ഏജൻസികൾക്കോ വ്യക്തികൾക്കോ കൈമാറുക, മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തിയവർക്ക് യൂസർഫീ നൽകുക, മാലിന്യം ശേഖരിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ബോധവൽക്കരണം നടത്തണം. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബൈലോയും പോളിസിയും ഉണ്ടാക്കേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

### 7.12 മാലിന്യ സംസ്കരണം

ഉപയോഗ ശൂന്യമായ വസ്തുവാണ് മാലിന്യം. അസംസ്കൃത വസ്തുവിൽ തുടങ്ങി അന്തിമ ഉല്പന്നം വരെയുള്ള വിവിധ ഘട്ടങ്ങളിലെ ഉൽപ്പാദന പ്രക്രിയകളുടേയും ആ ഉല്പന്നത്തിന്റെ ഉപയോഗത്തിന്റെയും മനുഷ്യന്റെ മറ്റു പ്രവൃത്തികളുടെയും പരിണിത ഫലമാണ് മാലിന്യം. ഏതൊരു വസ്തുവും ഉപയോഗശേഷം സ്ഥാനം തെറ്റി കാണപ്പെട്ടാൽ അതിനെ മാലിന്യം എന്നു വിശേഷിപ്പിക്കാം..

#### 7.12.1 മാലിന്യം പ്രധാനമായും മൂന്നായി തരംതിരിക്കാം

1. ജൈവ മാലിന്യം
2. അജൈവ മാലിന്യം
3. ആരോഗ്യത്തിനു ഹാനികരമാകുന്ന മാലിന്യങ്ങൾ

### 7.12.2 കേരളത്തിലെ മാലിന്യ സംസ്കരണത്തിലെ വെല്ലുവിളികൾ

- ഉയർന്ന അളവിലെ ഈർപ്പം (70% വരെ)
- കുറഞ്ഞ കലോറി മൂല്യം
- ഘനലോഹത്തിന്റെ സാന്നിധ്യം
    - വേഗത്തിൽ അഴുകുന്നതു മൂലം കാർബൺ ഡയോക്സൈഡ്, മീഥേൻ എന്നീ വാതകങ്ങൾ അന്തരീക്ഷത്തിലേക്ക് വ്യാപിക്കുന്നു. കത്തിക്കാൻ പറ്റുന്നവ കുറവ്.
    - ശാസ്ത്രീയമായി തരംതിരിക്കാതെ ജൈവ അജൈവ മാലിന്യങ്ങളും അപകടകരമായവയും കൂട്ടിച്ചേർത്ത് പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് പൊതു ഇടത്തും ജലാശയങ്ങളിലും വലിച്ചെറിയുന്നു.
    - ജൈവ മാലിന്യങ്ങളെ ഊർജ്ജം, ജൈവവളം എന്നിവയാക്കി മാറ്റാവുന്നതാണ്. എന്നാൽ ഇതിനാവശ്യമായ സംവിധാനങ്ങളുടെ കുറവും, ജനങ്ങളുടെ പ്രതികൂല മനോഭാവവും.
    - പരിസര മലിനീകരണവും മാലിന്യം വലിച്ചെറിയലും ജനവാസ കേന്ദ്രങ്ങളെ വാസയോഗ്യമല്ലാതാക്കുന്നു.

## 7.13 ശാസ്ത്രീയ ഖരമാലിന്യ മാനേജ്മെന്റ് തത്വങ്ങൾ

ഓരോ വ്യക്തിയും സ്ഥാപനവും അല്പം ശ്രദ്ധിക്കുന്ന പക്ഷം മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാവുന്നതാണ്. ഇതിനായി 3 R തത്വം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

### 7.13.1 മാലിന്യത്തിന്റെ അളവ് കുറയ്ക്കുക (Reduce)

അത്യാവശ്യമുള്ള വസ്തുക്കൾ മാത്രം വാങ്ങുക, ആവശ്യമില്ലാത്ത പാക്കിംഗ് ഒഴവാക്കുക, വീണ്ടും ഉപയോഗിക്കാവുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുക, ഉപയോഗിച്ച് വലിച്ചെറിയുന്ന തരം വസ്തുക്കൾ നിരുത്സാഹപ്പെടുത്തുക.

### 7.13.2 പുനരുപയോഗിക്കുക (Reuse)

ഒരു വസ്തു മാലിന്യമായി കണക്കാക്കി ഉപേക്ഷിക്കുന്നതിന് മുമ്പ് മറ്റുള്ളവർക്ക് ഉപയോഗമോ, സ്വന്തം പുനരുപയോഗമോ സാധ്യതയുണ്ടോ എന്ന് പരിശോധിക്കുക. ദീർഘകാലം ഉപയോഗിക്കാവുന്നവ വാങ്ങുക.

### 7.13.3 പുന:ചംക്രമണം (Recycle)

പ്ലാസ്റ്റിക് പേപ്പർ, ലോഹം തുടങ്ങിയ പാഴ് വസ്തുക്കൾ പുന:ചംക്രമണം ചെയ്ത് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കാം. ഇവ വലിച്ചെറിയാതെ പുന:ചംക്രമണ വ്യവസായത്തിന് തിരികെ നല്കാൻ നടപടി സ്വീകരിക്കുക.

ഇവ കൂടാതെ മാലിന്യങ്ങൾ ഉത്ഭവ സ്ഥാനത്ത് തന്നെ തരംതിരിച്ച് (Segregation) സംഭരിക്കുകയും ചീയുന്നവയും ചീയാത്തതും, അപകടകരവുമായവ പ്രത്യേക കണ്ടെയിനറുകളിൽ ശേഖരിച്ച് സംസ്ക്കരണത്തിനായി കയ്യൊഴിയുകയും ചെയ്യണം.

ചീയുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കമ്പോസ്റ്റ് ആക്കുകയോ, ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് ഗ്യാസ് ഉല്പാദിപ്പിക്കുകയോ ചെയ്യുക.

ഇത്തരം കാര്യങ്ങൾക്ക് ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും ഉപയോഗിക്കാവുന്ന മോഡലുകൾ ലഭ്യമാണ്.

അഴുകാത്ത വസ്തുക്കളിൽ അപകടകരമായ ബാറ്ററികൾ, രാസ വസ്തുക്കൾ, ട്യൂബ ലൈറ്റ്, CFL lamps, പെയിന്റ്, ടിന്നർ,കീടനാശിനികൾ, മെർക്കുറി എന്നിവ അടങ്ങിയവയും കാലാവധി കഴിഞ്ഞ മരുന്നുകളും സാനിറ്ററി പാഡുകളും അപകടകരമായ മാലിന്യങ്ങളാണ്. ഇവ പ്രത്യേക പൗച്ചുകളിൽ സംഭരിച്ച് ശാസ്ത്രീയ സംസ്ക്കരണത്തിന് ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾക്ക് കൈമാറണം.

പ്ലാസ്റ്റിക്, പേപ്പർ, കുപ്പികൾ, ലോഹങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ പുനരുപയോഗവും പുന:ചംക്രമണവും സാധ്യമായവയാണ്. ഇവ നഗരസഭയുടെ ഹരിതകർമ്മസേന മുഖേന നിശ്ചിത ഇടവേളകളിൽ തരം തിരിച്ച് ശേഖരിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ (MRFCetnre) ശേഖരിക്കുകയും Recycle യൂണിറ്റുകൾക്ക് കൈമാറുകയും ചെയ്യണം.

ഗാർഹിക/സ്ഥാപനതല ജൈവമാലിന്യങ്ങൾ ഉല്പാദകന്റെ/സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ ഉറവിട മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ മുഖേന കമ്പോസ്റ്റിംഗ്/ബയോമെഥനേഷൻ സാധ്യമാകാത്ത ഇടങ്ങളിൽ നഗരസഭ കമ്മ്യൂണിറ്റി തലത്തിൽ വികേന്ദ്രീകൃത സംവിധാനം ഒരുക്കുകയും ഇപ്രകാരം ശേഖരിക്കുന്നതിന് യൂസർഫീ ചുമത്തുകയും ചെയ്യുക.

ദ്രവമാലിന്യ പരിപാലനത്തിന് സീവേജ്/സെപ്റ്റേജ് സംവിധാനങ്ങൾ ഉചിതമായ സ്ഥലങ്ങളിൽ പ്രാവർത്തികമാക്കുക. ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ, വലിയ ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഖരദ്രവമാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ ക്രമീകരണം നിർബന്ധമായും ഉറപ്പുവരുത്തി മാത്രം അനുമതി നല്കുക. ജലസ്രോതസ്സുകളിലും പൊതു ഇടങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതിനും കത്തിക്കുന്നതിനും എതിരെ നിയമ നടപടി സ്വീകരിക്കുക. ആശുപത്രി മാലിന്യ സംസ്ക്കരണത്തിന് പ്രത്യേക ശാസ്ത്രീയ മാലിന്യസംസ്ക്കരണം ഉറപ്പു വരുത്തുക. ജൈവ മാലിന്യത്തിൽ നിന്നുള്ള കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക. മനോഭാവത്തിലും ശീലത്തിനും മാറ്റം വരുത്തുന്നതിന് വിജ്ഞാന, വിവര, വ്യാപന പ്രവർത്തനം സംഘടിപ്പിക്കുക.

### 7.14 ഹരിത കർമ്മസേന

തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട ഫീൽഡു തല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന.

#### 7.14.1 ഹരിതകർമ്മസേനാ രൂപീകരണം എങ്ങനെ?

1. പ്രാദേശികമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റോ സ്വയം സഹായ സംഘങ്ങളോ നിലവിലുള്ള സംവിധാനങ്ങളോ ഹരിത കർമ്മസേനയായി പ്രവർത്തിക്കാമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനതല ഹരിത കേരളം മിഷനും ഉപമിഷൻ കർമ്മസമിതിയും വാർഡ് മെമ്പർമാരും അടങ്ങുന്ന യോഗം വിലയിരുത്തി ഭരണ സമിതിക്കു തീരുമാനിക്കാം.

2. കുടുംബശ്രീ സ്വയംസഹായ സംവിധാനം ഇല്ലാത്തപക്ഷം ഭരണ സമിതി നേരിട്ട് താല്പര്യപത്രം ക്ഷണിച്ച് യോഗ്യതയുള്ള ഏജൻസിയെ കണ്ടെത്തി നിയോഗിക്കാം.
3. താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സംരംഭകരൊന്നും വരുന്നില്ലെങ്കിൽ സ്ഥാപനത്തിന് സ്വന്തം നിലക്ക് ഹരിതകർമ്മസേനയെ രൂപീകരിക്കാം.

### 7.14.2 ഹരിത കർമ്മസേന നിർവ്വഹിക്കേണ്ട സേവനങ്ങൾ

1. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കുക.
2. സ്ഥാപിക്കുന്ന സംവിധാനങ്ങൾ ക്രമപ്രകാരമാണോ എന്നു പരിശോധിക്കുക. ഇതിന് ആവശ്യമെങ്കിൽ വിദഗ്ധരുടെ പരിശോധന ഉറപ്പാക്കുക.
3. നിലവിൽ ചില വീടുകളിലും സ്ഥാപനങ്ങളിലും ഉള്ള പ്രവർത്തനക്ഷമമല്ലാത്ത മാലിന്യസംസ്ക്കരണ ഉപാധികളുടെ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കുക.
4. കമ്പോസ്റ്റിംഗ് രീതി സ്വീകരിക്കുന്ന വീടുകളിലും സ്ഥാപനങ്ങളിലും മാസത്തിലൊരിക്കൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കുക.
5. എല്ലാ വീടുകളിലും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ അജൈവമാലിന്യം തരംതിരിച്ച് ശേഖരിക്കണം.
6. പൊതു മാലിന്യസംസ്ക്കരണ സംവിധാനത്തിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നു എങ്കിൽ ഏറ്റെടുത്ത് നടപ്പിലാക്കണം.
7. മലിനജലം ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ദ്രാവക മാലിന്യ സംസ്ക്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന് മാസത്തിൽ രണ്ട് തവണ പരിശോധിക്കുകയും ശുദ്ധീകരിക്കാത്ത മലിനജലം പൊതു സ്ഥലത്തേയ്ക്കോ ജലശേഖരങ്ങളിലേക്കോ ഒഴുകുന്നില്ലെന്നും എവിടെയും തളം കെട്ടി നിർത്തുന്നില്ലെന്നും ഉറപ്പു വരുത്തണം. ഇതിനു വീഴ്ച വരുത്തുന്നവരെ കണ്ടത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കണം.
8. ഗ്രീൻ പ്രോട്ടോകോളുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കണം.
9. തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന യൂസർഫീ പിരിച്ചെടുക്കണം.
10. ഹരിതകർമ്മസേനക്ക് സാമ്പത്തിക സ്വയം പര്യാപ്തത നേടുന്നതിനായി മറ്റു ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കാം. ഉദാഹരണത്തിന് - സ്വാപ് ഷോപ്പ്, റിപ്പയർ ഷോപ്പുകൾ, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും, ഗ്രീൻ പ്രോട്ടോകോളും സംരംഭ സാധ്യതകളും തുടങ്ങിയവ.

### 7.14.3 ഹരിത കർമ്മസേനതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ചുമതലകൾ

1. ഹരിതകർമ്മസേന രൂപീകരിക്കുക, പ്രവർത്തിപ്പിക്കുക.
2. മാലിന്യ സംസ്ക്കരണ ചെലവുകൾക്കുള്ള ഫീസ് നിശ്ചയിക്കുക.
3. ഇളവുകളും യൂസർഫീസും നിശ്ചയിക്കുക.
4. കോർപ്പസ് ഫണ്ടും വയബിലിറ്റി ഗ്യാപ് ഫണ്ടും നീക്കി വയ്ക്കുക.

5. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുക.
6. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനം നല്കുക.
7. ഹരിതകർമ്മസേനയെ സഹായിക്കുന്നതിനും മാലിന്യസംസ്ക്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഹരിതസഹായ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുക.
8. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഓഫീസ് സംവിധാനം ഒരുക്കുക.
9. ഹരിതകർമ്മസേനയക്ക് ആവശ്യമായ വാഹനം ലഭ്യമാക്കുന്നതിന് സഹായിക്കുക. ഇതിന്റെ ദൈനംദിന ചെലവുകളും അറ്റകുറ്റപ്പണിയും അംഗീകൃത വാടകയും ഹരിതകർമ്മസേന നിർവ്വഹിക്കേണ്ടതാണ്.
10. മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ കമ്പ്യൂട്ടർവല്ക്കരിക്കുകയും ഇതിനാവശ്യമായ സ്മാർട്ട് ഫോണും ഇന്റർനെറ്റും ഹരിതകർമ്മസേനയ്ക്ക് ലഭ്യമാക്കുക.
11. യൂസർഫീസിൽ ഇളവു നല്കുന്നതിനും ബി.പി.എൽ. പോലുള്ളവരെ ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ ഇളവ് നല്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനം ഹരിതകർമ്മസേനക്ക് നേരിട്ട് നല്കേണ്ടതാണ്.

### 7.15 അജൈവ മാലിന്യ സംസ്ക്കരണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുമ്പോൾ അജൈവ മാലിന്യ ശേഖരണത്തിനും സംസ്ക്കരണത്തിനും വലിയ പ്രാധാന്യം നല്കേണ്ടതുണ്ട്. നഗരങ്ങളിൽ ഉല്പാദിപ്പിക്കുന്നതിന്റെ ഏതാണ്ട് 29 ശതമാനം മാലിന്യങ്ങളും അജൈവ മാലിന്യത്തിന്റെ ഗണത്തിൽ ഉൾപ്പെട്ടവയാണ്.

### അജൈവ മാലിന്യ ശേഖരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വങ്ങൾ

1. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേനയെ തെരഞ്ഞെടുത്ത് പ്രാപ്തമാക്കുക.
2. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ചു സൂക്ഷിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) നിർമ്മിക്കുക.
3. തദ്ദേശസ്വയംഭരണ സ്ഥാപനം സ്ഥാപിക്കുന്ന അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങളിലെ അജൈവ മാലിന്യത്തിന്റെ രണ്ടാംഘട്ട തരംതിരിവിനും ഷ്രേഡ്ഡിംഗ് ബെയിലിംഗ് എന്നിവ ചെയ്യുന്നതിനും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF) നിർമ്മിക്കുക.
4. എം.സി.എഫ്, ആർ.ആർ.എഫ്. എന്നിവിടങ്ങളിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യം സുരക്ഷിതമായി നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായോ മറ്റു ഏജൻസികളുമായോ കരാറിൽ ഏർപ്പെടുക.

# 8
# നഗര ശുചിത്വ പദ്ധതി
# (സിറ്റി സാനിറ്റേഷൻ പ്ലാൻ CSP)

**ആമുഖം**

ദേശീയ നഗര ശുചിത്വ നയം (2008) പ്രകാരം സംസ്ഥാനങ്ങൾക്ക് സാനിറ്റേഷൻ സ്ട്രാറ്റജിയും, നഗരസഭകൾക്ക് സിറ്റി സാനിറ്റേഷൻ പ്ലാനും തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നുണ്ട്. മഹാത്മജിയുടെ 150-ാമത് ജന്മവാർഷികമായ 2019 ഒക്ടോബർ രണ്ടാം തിയതിയോടെ ഭാരതം പൂർണ്ണമായും ശുചിത്വം കൈവരിക്കണമെന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ് ഭാരത് മിഷൻ (അർബൻ) 2014 ഒക്ടോബർ 2 ന് ആരംഭിച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ നഗരപ്രദേശങ്ങളിൽ 98% കുടുംബങ്ങൾക്കും ശുചിമുറി സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഖരദ്രവ മാലിന്യ പരിപാലനത്തിന്റെ കാര്യത്തിൽ നാം ഇനിയും മുന്നേറേണ്ടതായിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷന്റെ (അർബൻ) മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് നഗരസഭകൾക്ക് വ്യക്തമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. ഓരോ നഗരസഭകളും ഏറ്റെടുക്കേണ്ട ശുചിത്വപദ്ധതികൾ എല്ലാം തന്നെ വ്യക്തമായ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം. അടുത്ത 25 വർഷത്തേക്കെങ്കിലും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി കാണേണ്ടതുമുണ്ട്. ഈ അവസരത്തിലാണ് സിറ്റി സാനിറ്റേഷൻ പ്ലാനിന്റെ പ്രസക്തിയേറുന്നത്. കില ഇതിനോടകം നഗരസഭകളുടെ സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക പിന്തുണയും പരിശീലനവും കേരളത്തിലെ എല്ലാ നഗരസഭകൾക്കും നൽകിയിട്ടുള്ളതും ഇതിനകം 33 നഗരസഭകളുടെ സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആണ്.

### 8.1 എന്താണ് സിറ്റി സാനിറ്റേഷൻ പ്ലാൻ?

നഗരപ്രദേശങ്ങളിൽ ശുചിത്വവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളുടെയും വികസനം സാധ്യമാക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടോടു കൂടി വിവിധങ്ങളായ പദ്ധതികളുടെ ആസൂത്രണവും അവയുടെ ഫലപ്രദമായ നിർവഹ

ണത്തിന് തന്ത്രങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കുന്ന രേഖയാണ് സിറ്റി സാനിറ്റേഷൻ പ്ലാൻ.

സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### 8.1.1 നോഡൽ ഓഫീസറെ നിശ്ചയിക്കൽ

നഗരസഭകളുടെ ശുചിത്വപ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടവും, വിവിധ വകുപ്പുകളുടെയും, മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും ഏകോപന ചുമതലയും നോഡൽ ഓഫീസറിൽ നിക്ഷിപ്തമാണ്. നഗരസഭയുടെ സെക്രട്ടറിയേയോ, മറ്റു കാര്യപ്രാപ്തിയുള്ള ഉദ്യോഗസ്ഥരെയോ നോഡൽ ഓഫീസറായി നിശ്ചയിക്കാവുന്നതാണ്.

ദേശിയ നഗരശുചിത്വ നയത്തിന്റെ നിർവ്വഹണത്തിൽ കേന്ദ്രനഗര വികസന മന്ത്രാലയത്തിന് ജർമ്മൻ ഇന്റർനാഷണൽ കോ ഓപ്പറേഷൻ (G I Z) എന്ന രാജ്യാന്തര ഏജൻസിയുടെ സഹായമുണ്ട്. കേരളം ഉൾപ്പെടെ തെരഞ്ഞെടുത്ത സംസ്ഥാനങ്ങൾക്ക് സ്റ്റേറ്റ് സാനിറ്റേഷൻ സ്ട്രാറ്റജി തയ്യാറാക്കുന്നതിനും തെരഞ്ഞെടുക്കപെട്ട നഗരസഭകൾക്ക് സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്നതിനും സാങ്കേതിക സഹായം നൽകുന്നതും ജർമ്മൻ ഇന്റർനാഷണൽ കോ ഓപ്പറേഷനാണ്.

### 8.1.2 സിറ്റി സാനിറ്റേഷൻ ടാസ്ക് ഫോഴ്സിന്റെ രൂപീകരണം

ദേശിയ നഗര ശുചിത്വ നയത്തിന്റെ അടിസ്ഥാനത്തിൽ സിറ്റി സാനിറ്റേഷൻ പ്ലാൻ തയാറാക്കുന്നതിനായി നഗരസഭയിൽ സിറ്റി സാനിറ്റേഷൻ ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ടതുണ്ട്. നഗരസഭയുടെ ചെയർപേഴ്സൺ തന്നെയാണ് സിറ്റി സാനിറ്റേഷൻ ടാസ്ക്ഫോഴ്സിന്റെ ചെയർപേഴ്സൺ. സെക്രട്ടറി/ നോഡൽ ഓഫീസറെ കൺവീനർ ആക്കാവുന്നതാണ്. കൂടാതെ താഴെ പറയുന്ന അംഗങ്ങളെ കൂടി ഉൾപെടുത്തേണ്ടതുമാണ്.

1. നഗരസഭയിലെ എല്ലാ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്മാരും
2. കേരള വാട്ടർ അതോറിറ്റിയുടെ പ്രതിനിധി
3. എൽ.എസ്.ജി.ഡി, പി.ഡബ്ല്യു.ഡി, ജലസേചന വകുപ്പുകളുടെ എഞ്ചിനീയർമാർ
4. ആരോഗ്യവകുപ്പ്, കുടുംബശ്രീ എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ
5. പൊതുസമൂഹം, കോളനികൾ, ചേരികൾ, ഫ്ളാറ്റുകൾ എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ
6. വ്യാപാര സ്ഥാപനങ്ങളിലെ പ്രതിനിധികൾ
7. ശുചിത്വമേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ
8. ശുചിത്വമേഖലയിലെ തന്നെ യൂണിയൻ പ്രതിനിധികൾ
9. ശുചിത്വമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നുള്ള പ്രതിനിധികൾ

10. വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ
11. നഗരാസൂത്രണ വകുപ്പിൽ നിന്നുള്ള പ്രതിനിധികൾ

### 8.1.3 ടാസ്ക് ഫോഴ്സിന്റെ പ്രധാന ചുമതലകൾ താഴെപറയുന്നവയാണ്

1. സിറ്റി സാനിട്ടേഷൻ പ്ലാനിന്റെ തയ്യാറാക്കലുമായി ബന്ധപ്പെട്ട് അടിസ്ഥാന വിവരശേഖരണവും ആയതിന്റെ കൃത്യത ഉറപ്പാക്കലും
2. നഗരശുചിത്വവുമായി ബന്ധപ്പെട്ട് സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷനുകൾ
3. ശുചിത്വവുമായി ബന്ധപ്പെട്ടുള്ള സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങളുടെയും ചുമതലകളുടേയും നിർവ്വഹണം വിഭവശേഷി അവലോകനം
4. ജനങ്ങളുടെ ശുചിത്വാവബോധം മെച്ചപ്പെടുത്തൽ
5. ശുചിത്വവുമായി ബന്ധപ്പെട്ട പരിപാടികളുടെ ക്രോഡീകരണവും അവലോകനവും
6. സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിന്റെ അവലോകനം
7. സിറ്റി സാനിട്ടേഷൻ പ്ലാനിന്റെ തയ്യാറാക്കലിനും നിർവ്വഹണത്തിനും നഗരസഭയെ സഹായിക്കൽ എന്നിവ

### 8.1.4 ടാസ്ക് ഫോഴ്സിന്റെ പ്രഥമയോഗം ചേരുന്നത്

പ്ലാനിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് യോഗങ്ങളും സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷനുകളും നടത്തേണ്ടതായിട്ടുണ്ട്. പ്ലാൻ രൂപീകരണ പ്രവർത്തനങ്ങൾ കൃത്യമായി നിശ്ചയിക്കുന്നതിനും, ബന്ധപ്പെട്ടവർക്ക് ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ച് നൽകുന്നതിനും, കൃത്യതയോടെ യഥാസമയം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് നൽകുന്നതിനും ടാസ്ക് ഫോഴ്സിന്റെ പ്രഥമയോഗം ചേരേണ്ടതാണ്.

### 8.1.5 വിവരശേഖരണം

പ്ലാൻ തയ്യാറാക്കുന്നതിന് വിപുലമായിട്ടുള്ള വിവരശേഖരണം അത്യാവശ്യമാണ്. നഗരസഭകളുടെ ഭൗതികവും, ഭരണപരവും, ഭൂമിശാസ്ത്രപരവുമായ വിവരങ്ങളും, ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങളും, കാലാവസ്ഥ, മണ്ണിന്റെ ഘടന തുടങ്ങിയവയെകുറിച്ചുള്ള വിവരങ്ങളും, ജലലഭ്യത, ശുചിത്വസൗകര്യങ്ങൾ, ശുചിത്വവുമായി ബന്ധപ്പെട്ട് നഗരസഭകൾ നൽകുന്ന സേവനങ്ങൾ, ഖരദ്രവ മാലിന്യ പരിപാലനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ നിലവിലെ നിയമ വ്യവസ്ഥകളെ (മുൻസിപ്പൽ ആക്ട്, ബിൽഡിംഗ് റൂൾസ്, ശുചിത്വവുമായി ബന്ധപ്പെട്ട് മറ്റ് നിയമങ്ങൾ etc ) കുറിച്ചുള്ള വിവരങ്ങൾ, നഗരസഭാ സംവിധാനങ്ങളുടെ ഘടനയെകുറിച്ചുള്ള വിവരങ്ങൾ (നഗരസഭകൾക്ക് സേവനങ്ങൾ വിട്ട് നൽകിയ സ്ഥാപനങ്ങൾ ഉൾപ്പെടെ) ഭരണ സംവിധാനത്തിലെ പരിഷ്കാരങ്ങളെ കുറിച്ചുള്ള വിവരങ്ങൾ, മുൻസിപ്പൽ ഫിനാൻസിനെകുറിച്ചുള്ള വിവരങ്ങൾ, മാനവശേഷി പരിപാലന വിവരങ്ങൾ, ആരോഗ്യശുചിത്വ പരിപാലന സംബന്ധിയായ വിവരങ്ങൾ തുടങ്ങിയവയൊക്കെ കൃത്യമായി ശേഖരിക്കേണ്ടതും, ഇതുമായി ബന്ധപ്പെട്ടുള്ള മാപ്പുകൾ ലഭ്യമാക്കേണ്ടതു

മാണ്. വിവരശേഖരണത്തിനായി ബന്ധപ്പെട്ട വകുപ്പുകളേയോ, എൻ .ജി ഒ കളേയോ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സെൻസസ് സർവ്വേ റിപ്പോർട്ടുകളേയോ ആശ്രയിക്കാവുന്നതാണ്. വിവരശേഖരണത്തിനായി മേഖല തിരിച്ചുകൊണ്ട് ഓരോരുത്തർക്കും (ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കോ, ടാസ്ക് ഫോഴ്സ് നിശ്ചയിക്കുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ) ഉത്തരവാദിത്വങ്ങൾ നിശ്ചയിച് നൽകാവുന്നതാണ്. സമയ ബന്ധിതമായി വിവരശേഖരണം പൂർത്തിയാക്കുന്നുണ്ടെന്ന് സിറ്റി സാനിറ്റേഷൻ ടാസ്ക് ഫോഴ്സ് ഉറപ്പുവരുത്തേണ്ടതാണ്.

### 8.1.6 ടാസ്ക് ഫോഴ്സിന്റെ ദ്വിതീയ യോഗം

വിവിധ മേഖലകളിലുള്ള വിവരശേഖരണവും, മാപ്പുകൾ ലഭ്യമാക്കലും കഴിഞ്ഞാൽ വിശദമായ അപഗ്രഥനത്തിനും ചർച്ചകൾക്കും നടപടികൾ എടുക്കേണ്ടതുണ്ട്. ബന്ധപ്പെട്ടവരെ വിളിച്ചുചേർത്തു കൺസൾട്ടേറ്റീവ് ചർച്ചകളോ യോഗങ്ങളോ ആകാവുന്നതാണ്. നഗരസഭയിൽ പ്രസ്തുത മേഖലകളിലെ നിലവിലെ സ്ഥിതി എന്താണെന്നും, പ്രശ്നങ്ങൾ എന്താണുള്ളതെന്നും, പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും ഫലപ്രദമായി എങ്ങനെ ഇടപെടാനാകുമെന്നുമൊക്കെയുള്ള വിശദമായ ചർച്ചകൾ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേഖല തിരിച്ചു നടത്തേണ്ടതും, തുടർന്ന് കരട് സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.

### 8.1.7 ടാസ്ക് ഫോഴ്സിന്റെ ത്രിതീയ യോഗം

കരട് സാനിറ്റേഷൻ പ്ലാൻ മേഖല തിരിച്ചു അപഗ്രഥിക്കേണ്ടതും, പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനുള്ള സ്ട്രാറ്റജിയും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഹ്രസ്വ-മധ്യ-ദീർഘകാല കർമ്മ പരിപാടി ആവിഷ്ക്കരിച്ചു പ്ലാൻ അന്തിമമാക്കേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ശില്പശാലയോ യോഗങ്ങളോ സംഘടിപ്പിക്കാവുന്നതാണ്. സിറ്റി സാനിറ്റേഷൻ ടാസ്ക് ഫോഴ്സിന്റെ അനുമതിയോടും, ശുപാർശയോടും തയാറാക്കിയ പ്ലാൻ നഗരസഭകൾ ശുചിത്വ മിഷന് സമർപ്പിക്കേണ്ടതാണ്.

### 8.1.8 സിറ്റി സാനിറ്റേഷൻ പ്ലാനിന്റെ പരിശോധന

ശുചിത്വ മിഷൻ, കൗൺസിൽ ശുപാർശ ചെയ്തു സമർപ്പിക്കുന്ന സിറ്റി സാനിറ്റേഷൻ പ്ലാൻ പരിശോധനയ്ക്ക് വിധേയമാക്കുകയും പ്ലാൻ തയാറാക്കിയതിന്റെ കൃത്യത പരിശോധിക്കുകയും ദേശീയ നഗര ശുചിത്വ നയം (2008) സ്റ്റേറ്റ് സാനിറ്റേഷൻ സ്ട്രാറ്റജി തുടങ്ങിയവക്ക് അനുസൃതമായി തന്നെയാണോ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്നും വിശദമായി വിലയിരുത്തേണ്ടതാണ്.യാഥാർത്യവുമായി പൊരുത്തപ്പെടാത്ത രീതിയിലോ സ്ഥിതി വിവര കണക്കുകൾ കൃത്യതയില്ലാതെയോ ആയിട്ടുള്ള കരട് പ്ലാനുകൾ തിരിച്ചു നൽകേണ്ടതും അത്തരം പ്ലാനുകളുടെ ശരിയായ പൂർത്തീകരണം വീണ്ടും പ്രസ്തുത നഗരസഭകളുടെ ഉത്തരവാദിത്വമായി മാറുകയും ചെയ്യുന്നതാണ്. കൃത്യമായി പൂർത്തീകരിച്ച പ്ലാനുകളുടെ കാര്യത്തിൽ, അന്തിമമായി അംഗീകാരത്തിനായി നഗരസഭകൾക്ക് നൽകുന്നതായിരിക്കും.

### 8.1.9 സിറ്റി സാനിറ്റേഷൻ പ്ലാനിന്റെ അന്തിമ അംഗീകാരം

സിറ്റി സാനിറ്റേഷൻ ടാസ്ക് ഫോഴ്സിന്റെ ശുപാർശയോടു കൂടി, നഗരസഭ കൗൺസിൽ സിറ്റി സാനിറ്റേഷൻ പ്ലാൻ അന്തിമമായി അംഗീകരിക്കേണ്ടതാണ്.

## 8.2 CSP യുടെ പ്രധാന ശുചിത്വ മേഖലകൾ

### 8.2.1 ഖരമാലിന്യ സംസ്ക്കരണം (Solid Waste management - SWM)

ഖരമാലിന്യ സംസ്ക്കരണ സംവിധാനത്തിൽ, ശേഖരണം, വേർതിരിക്കൽ, ഗതാഗതം, സംസ്കരണം, മാലിന്യങ്ങൾ സുരക്ഷിതമായി നീക്കംചെയ്യൽ എന്നിവ അടങ്ങിയിരിക്കുന്നു. എസ്ബിഎം മാർഗ്ഗനിർദ്ദേശങ്ങളിലും ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016 അപ്രകാരമുള്ള ആസൂത്രണത്തിന്റെ ആവശ്യകതയും ഖര മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കുന്നതിലും അവ നടപ്പിലാക്കുന്നതിലുമുള്ള നഗരസഭയുടെ പങ്കാളിത്തം പരാമർശിക്കുന്നുണ്ട്. ആസൂത്രണം ചെയ്യേണ്ട ഒരു പ്രധാന ഘടകമായി സിറ്റി സാനിറ്റേഷൻ പ്ലാൻ ഖരമാലിന്യ സംസ്കരണത്തെ ഉൾക്കൊള്ളുന്നു.

ബേസ്ലൈൻ ഡാറ്റ ശേഖരണത്തിനായി ചുവടെ ലിസ്റ്റു ചെയ്തിരിക്കുന്ന പോയിന്റുകൾ പരിഗണിക്കേണ്ടതുണ്ട്.

1. ഖരമാലിന്യ ഉത്പാദനം
2. പ്രൈമറി കളക്ഷൻ
3. സെക്കണ്ടറി കളക്ഷൻ
4. സംസ്കരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നത്
5. സംസ്കരണ സംവിധാനങ്ങൾ
6. ഓപ്പറേഷൻ ആൻഡ് മെയ്ന്റനൻസ് (O&M)
7. ഡിസ്പോസൽ
8. മാപ്പുകൾ
9. പ്രൊപോസ്ഡ് പ്രോജെക്ടസ്

## 8.3 പൊതു ടോയ്‌ലറ്റുകൾ (Public Toilets)

മുഴുവൻ ജനങ്ങൾക്കും ടോയ്‌ലെറ്റുകളുടെ ലഭ്യത ഉറപ്പാക്കുക എന്നതാണ് സ്വച്ഛ് ഭാരത് മിഷനിലൂടെ ഭാരത സർക്കാർ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം.

ടോയ്‌ലറ്റുകളിലേക്കുള്ള പ്രവേശന മാർഗ്ഗം സംബന്ധിച്ച ബേസ്ലൈൻ ഡാറ്റയിൽ വ്യക്തിഗതവും ഗാർഹികവുമായ ടോയ്‌ലറ്റുകളും ഉൾക്കൊള്ളണം, കൂടാതെ കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ, പൊതു ടോയ്‌ലറ്റുകൾ, സ്കൂൾ സാനിറ്റേഷൻ എന്നിവയെ കുറിച്ചുള്ള ഡാറ്റയും അടങ്ങിയിരിക്കണം. നഗരസഭ അത്തരം വിവരങ്ങൾ വാർഡ് തലത്തിൽ ശേഖരിക്കണം. അതുപോലെ തന്നെ ഓപ്പൺ ഡെഫിക്കേഷൻ, ഓപ്പൺ യൂറിനേഷൻ തുടങ്ങിയവയെ കുറിച്ചുള്ള വിവരങ്ങളും ഉണ്ടായിരിക്കണം. എല്ലാ പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും മതിയായ എണ്ണം സൗകര്യപ്രദമായ ടോയ്‌ലറ്റ് സംവിധാനം ഒരുക്കുക എന്നതായിരിക്കണം പദ്ധതിയുടെ ലക്ഷ്യം.

### 8.4 സ്റ്റോം വാട്ടർ മാനേജ്മെന്റ്

പ്രത്യേകവും സുരക്ഷിതവുമായ ഡ്രെയിനേജ്, സ്റ്റോം വാട്ടർ കൈകാര്യം ചെയ്യുന്നതിനും സ്റ്റോം വാട്ടർ ഓടകളുടെ പരമാവധി കവറേജ് ഉറപ്പാക്കുന്നതിനും സമഗ്രമായ പദ്ധതി സ്റ്റോം വാട്ടർ മാനേജുമെന്റിൽ ഉൾപ്പെടുന്നു. സി.എസ്.പി.യുടെ മറ്റ് ഘടകങ്ങളെപ്പോലെ, ഭാവിയിൽ ജലത്തിന്റെ സുസ്ഥിര പരിപാലനത്തിനുള്ള ആസൂത്രണത്തിലേക്കും ജലസ്രോതസ്സുകൾ കുറയുന്നതും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതവും കണക്കിലെടുത്ത് നഗരത്തിന്റെ പുനഃസ്ഥാപനം മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു ഘട്ടമായി സ്റ്റോം വാട്ടർ മാനേജുമെന്റിനെ കാണേണ്ടത് പ്രധാനമാണ്. ഇതിനായി, സർവ്വീസ് ലെവൽ ബെഞ്ച്മാർക്കുകളുമായി താരതമ്യപ്പെടുത്തി നിലവിലുള്ള / ആസൂത്രണം ചെയ്ത സ്റ്റോം വാട്ടർ ഓടകളുടെ കവറേജ് നെറ്റ് വർക്ക് സംബന്ധിച്ച കൃത്യമായ ഒരു വിലയിരുത്തൽ അനിവാര്യമാണ്. പ്രശ്നങ്ങൾ വിലയിരുത്തി പ്ലാൻ തയ്യാറാക്കണം.

#### 8.4.1 ശേഖരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ:

1. ശേഖരണവും കൈമാറ്റവും
2. നീക്കംചെയ്യൽ
3. വെള്ളക്കെട്ട്
4. പ്രവർത്തനവും പരിപാലനവും
5. മാപ്പുകൾ
6. നിർദ്ദേശിച്ച പ്രോജെക്റ്റുകൾ

### 8.5 വെള്ളക്കെട്ട് / വെള്ളപ്പൊക്കം

നഗരത്തിലെ വാട്ടർ ലോഗിംഗ് ഏരിയ സംബന്ധിച്ച അടിസ്ഥാന വിവരം ശേഖരിക്കണം. പ്രധാന റോഡ് കവലകൾ, അല്ലെങ്കിൽ 50 മീറ്ററോ അതിൽ കൂടുതലോ നീളമുള്ള റോഡുകൾ, അല്ലെങ്കിൽ 50 വീടുകളോ അതിൽ കൂടുതലോ ഉള്ള ഒരു പ്രദേശം എന്നിവിടങ്ങളിൽ വെള്ളം കയറുന്നുണ്ടെങ്കിൽ അവ നഗരസഭ കണ്ടെത്തേണ്ടതുണ്ട്. അവിടെ ഉണ്ടാകുന്ന വെള്ളക്കെട്ടിന്റെ വാർഷിക ആവൃത്തി നഗരസഭ കണക്കാക്കണം. സാധ്യമാകുന്നിടത്തെല്ലാം, പ്രകൃതിദത്തമോ നിർമ്മിച്ചതോ ആയ അഴുക്കുചാലുകൾ രേഖപ്പെടുത്തുന്ന അനുബന്ധ മാപ്പുകൾ ഉപയോഗിച്ച് സർവേ ഡാറ്റ സ്ഥിരീകരിക്കണം. വെള്ളപ്പൊക്കം തടയുന്നതിനായി സ്വീകരിച്ച ഏതെങ്കിലും പ്രത്യേക നടപടികൾ (മഴവെള്ള സംഭരണം, പ്രവേശന പാതകൾ പോലുള്ളവ) അതിന്റെ നിലയെയും പഠനങ്ങളെയും കുറിച്ച് രേഖപ്പെടുത്തേണ്ടതുണ്ട്.ഇവയുടെ അടിസ്ഥാനത്തിൽ സ്ഥായിയായ പ്രശ്നപരിഹാരത്തിന് പ്ലാൻ തയ്യാറാക്കി സമർപ്പിക്കണം.

### 8.6 മലിനജല പരിപാലനം (Liquid waste management)

മലിനജല പരിപാലനത്തിന് രണ്ട് പ്രത്യേക ഘടകങ്ങൾ ആവശ്യമാണ് മലിനജലം, സെപ്റ്റേജ്. ഈ വിഭാഗത്തിൽ മലിനജലവും സെപ്റ്റേജും സംബന്ധിച്ച ആസൂത്രണം ഉൾപ്പെടുന്നു. രണ്ട് ഘടകങ്ങളും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക സുരക്ഷയെ സൂചിപ്പിക്കുന്നു.

### 8.6.1 ശേഖരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ

മലിനജല പരിപാലനത്തെക്കുറിച്ചുള്ള വിവരശേഖരണം മിക്ക നഗരങ്ങളിലും ഒരു വെല്ലുവിളിയാണ്. ട്രീറ്റ്മെന്റ് സംവിധാനങ്ങളുടെ വിശദാംശങ്ങൾ എളുപ്പത്തിൽ ലഭ്യമല്ലാതാകുമ്പോൾ, ജനറേഷൻ, കളക്ഷൻ സിസ്റ്റം, മാപ്പിംഗ് എന്നിവ കൂടുതൽ ബുദ്ധിമുട്ടാണ്. എന്നിരുന്നാലും, ഈ പ്രധാന വിവരങ്ങൾ നഗരത്തിലെ മലിനജല പരിപാലനത്തെക്കുറിച്ച് ശക്തമായ ഉൾക്കാഴ്ച നൽകുന്നു, അതിനാൽ സിഎസ്പിയുടെ ഭാഗമായി ഇത് നൽകണം.

1. മലിനജലത്തിന്റെ ഉത്പാദനം
2. മലിനജലം നിർഗമനം
3. സംസ്കരണ സംവിധാനങ്ങൾ
4. സാമ്പത്തിക വിവരങ്ങൾ
5. പ്രവർത്തനവും പരിപാലനവും
6. മാപ്പുകൾ
7. നിർദ്ദേശിച്ച പ്രോജെക്റ്റുകൾ

മലിനജല ശേഖരണം, ഗതാഗതം (നീക്കം ചെയ്യൽ), സംസ്കരണ സൗകര്യങ്ങൾ എന്നിവ രൂപകൽപ്പന ചെയ്യുന്നതിന് മലിനജല ഉൽപാദനം കണക്കാക്കുന്നത് അടിസ്ഥാന ആവശ്യമാണ്. സാധാരണയായി, നഗരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മലിനജലത്തിന്റെയും സെപ്റ്റേജിന്റെയും വിവരങ്ങൾ വളരെ കുറവാണ്. അതിനാൽ ജലവിതരണത്തെ അടിസ്ഥാനമാക്കിയാണ് മലിനജലത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നത്. ഒരു പ്രത്യേക പ്രദേശത്തെ ജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കാം, അല്ലെങ്കിൽ ജനസംഖ്യയും ഉപയോഗ രീതികളും അടിസ്ഥാനമാക്കി കണക്കാക്കാം, അല്ലെങ്കിൽ യഥാർത്ഥ അളവുകൾ കണക്കാക്കാം. മലിനജല ഉൽപാദനം സാധാരണയായി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ 80% ആയി കണക്കാക്കപ്പെടുന്നു.

## 8.7 സെപ്റ്റേജ് മാനേജ്മെന്റ്

പൈപ്പ് ചെയ്ത മലിനജല സംസ്കരണ സംവിധാനത്തിന്റെ അഭാവത്തിൽ ഒരു കെട്ടിടത്തിൽ തന്നെ ബ്ലാക്ക്, ഗ്രേ വാട്ടർ വേർതിരിക്കുന്നത് ഉറപ്പാക്കണം. ഗ്രേ വാട്ടർ, ഒരു ട്രാപ്പിലൂടെ എണ്ണയും ഗ്രീസും നീക്കം ചെയ്തതിനുശേഷം സോക്പിറ്റിലേക്ക് നയിക്കണം അല്ലെങ്കിൽ ഓൺസൈറ്റ് മലിനജല ശുദ്ധീകരണ സംവിധാനത്തിലേക്ക് നയിക്കാം. ബ്ലാക്ക് വാട്ടർ ഒരു സെപ്റ്റിക് ടാങ്കിലേക്ക് നയിക്കണം.

## 8.8 ജലവിതരണം (Water Supply)

നഗര ശുചിത്വ പദ്ധതിയിൽ, നഗരത്തിലെ ജലവിതരണത്തിന്റെ സ്ഥിതി ബേസ്ലൈൻ ഡാറ്റ ശേഖരണം വഴി വിലയിരുത്തേണ്ടതുണ്ട്. ജലവിതരണത്തെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കിൽ ഉൾപ്പെടുന്ന വിവരങ്ങൾ: നഗരത്തിനുള്ള ജലവിതരണ സ്രോതസ്സ്, വീടുകളിലേക്ക് ജലത്തിന്റെ വിതരണ സംവിധാനം, വിവിധ വാസസ്ഥലങ്ങൾക്കിടയിൽ ജലവിതരണം, ഉപഭോക്തൃ

ഗ്രൂപ്പുകളുടെ തരങ്ങൾ, നഗരത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്ന ദൈർഘ്യം.

ജലവിതരണത്തെക്കുറിച്ചുള്ള ഇനിപ്പറയുന്ന വിവരങ്ങൾ സിഎസ്പിയിൽ സമാഹരിക്കേണ്ടതുണ്ട്:

1. ജലവിതരണത്തിന്റെ സംഘടനാ ഘടന
2. ജലവിതരണ സ്രോതസ്സുകൾ
3. ജലത്തിന്റെ വിതരണവും ട്രീറ്റ്മെന്റും
4. പ്രവർത്തനവും പരിപാലനവും
5. മാപ്പുകൾ / സ്പേഷ്യൽ വിവരങ്ങൾ
6. ജലവിതരണത്തെക്കുറിച്ചുള്ള സാമ്പത്തിക വിവരങ്ങൾ
7. നിർദ്ദിഷ്ട പദ്ധതികൾ

വിവരശേഖരണത്തിന് മുമ്പ്, നഗരത്തിലെ ജലവിതരണ മാനേജ്മെന്റിന്റെ നിലവിലുള്ള ഘടന സി.എസ്.പി തയ്യാറാക്കുന്ന ടീം മനസിലാക്കിയിരിക്കണം. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമാണ്.

നഗരത്തിലെ എല്ലാ വീടുകൾക്കും പ്രദേശങ്ങൾക്കും ജലവിതരണം ഒരു പോലെ അല്ല. ജലവിതരണ ലഭ്യത ശുചിത്വ സംവിധാനങ്ങളുടെ തിരഞ്ഞെടുപ്പിനെ നേരിട്ട് സ്വാധീനിക്കുന്നു. ഈ സേവനത്തിന്റെ പ്രധാന പ്രശ്നങ്ങൾ കണ്ടെത്താൻ ജലവിതരണത്തിന്റെ താഴെ പറയുന്ന 3 വശങ്ങൾ സിഎസ്പിയിൽ വിശകലനം ചെയ്യണം.

1. വാട്ടർ ഡിമാൻഡ് ഫോർകാസ്റ്റിംഗ്
2. സോണൽ ലെവൽ പൈപ്പ്ഡ് വാട്ടർ സപ്ലൈ
3. നോൺറവന്യൂ വാട്ടർ

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രദേശങ്ങളിലും എല്ലാ ഉപഭോക്താക്കൾക്കും 24 മണിക്കൂറും കൃത്യമായ അളവിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്ന പ്ലാൻ തയ്യാറാക്കി സമർപ്പിക്കണം.

## 8.9 പ്രവർത്തന പദ്ധതി

ഒരു നിർദ്ദിഷ്ട നേട്ടം കൈവരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് രേഖപ്പെടുത്തുന്ന ഒരു പ്രമാണമാണ് പ്രവർത്തന പദ്ധതി. നഗര ശുചിത്വ പദ്ധതിയുടെ കാതലാണ് പ്രവർത്തന പദ്ധതി. നിർദ്ദിഷ്ട പ്രവർത്തനങ്ങളെയും അവയുടെ ഓരോ ലക്ഷ്യവും നേടാനുള്ള ക്രമവും ഇത് രൂപരേഖയിലാക്കുന്നു.

നഗരസഭയുടെ പ്രവർത്തന പദ്ധതി സമയപരിധി അടിസ്ഥാനമാക്കിയുള്ളതാണ്. മൂന്ന് തരത്തിലുള്ള കർമപദ്ധതി നഗരസഭകൾ സ്വീകരിക്കുന്നു.

### 8.9.1 ഹ്രസ്വകാല പ്രവർത്തനങ്ങൾ

നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ, നടപ്പിലാക്കാൻ എളുപ്പമുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഇതിനകം തന്നെ ഫണ്ടുകൾ ലഭ്യമാണ്.

ഉയർന്ന രാഷ്ട്രീയ ഇച്ഛാശക്തിയുള്ള പ്രവർത്തനങ്ങൾ മുതലായവ ഹ്രസ്വകാല പ്രവർത്തനങ്ങളായി പട്ടികപ്പെടുത്താം. 3-5 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണിവ.

### 8.9.2 ഇടത്തരം പ്രവർത്തനങ്ങൾ

സാധാരണഗതിയിൽ മുൻകൂട്ടി ആസൂത്രണം ആവശ്യമുള്ള പ്രവർത്തനങ്ങളും, ഫണ്ടിംഗ് ഓപ്ഷനുകളും നിയമപരമായ വ്യവസ്ഥകളും ആവശ്യമുള്ള പ്രവർത്തനങ്ങളുമാണ് ഇടത്തരം പ്രവർത്തനങ്ങളിൽ പട്ടികപ്പെടുത്തിയിരിക്കുന്നത്. 5 മുതൽ 10 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ അവ ലക്ഷ്യമിടേണ്ടതുണ്ട്.

### 8.9.3 ദീർഘകാല പ്രവർത്തനങ്ങൾ

വലിയ തോതിലുള്ള ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റുകൾ, സ്ഥാപന ഘടനയിലുള്ള ദീർഘകാല മാറ്റങ്ങൾ എന്നിവ ഇവിടെ പട്ടികപ്പെടുത്താം. ദീർഘകാല പ്രവർത്തനങ്ങളുടെ സമയപരിധി 10 വർഷത്തിൽ കൂടുതലാണ്.

നമ്മുടെ നഗരങ്ങളിലെ ആരോഗ്യ ശുചിത്വ സേവനങ്ങളുടെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെയും പോരായ്മകളും പരിമിതികളും ശാസ്ത്രീയമായി വിലയിരുത്തി പ്രസ്തുത സേവന മേഖലകളിൽ മുന്നേറാനും സാർവദേശീയമായും ദേശീയമായും അംഗീകരിക്കപ്പെട്ടിട്ടുള്ള സേവന മാനദണ്ഡങ്ങൾ (Service Level Bench Marks) അനുസരിച്ച് അവയുടെ കാര്യക്ഷമതയും പ്രയോഗക്ഷമതയും വർധിപ്പിക്കുന്നതിനും, പൊതുജനാരോഗ്യവും പരിസ്ഥിതിയും ആരോഗ്യകരവും സുഖകരമായ ജീവിതവും ആസൂത്രണം ചെയ്യുന്നതിനുള്ള ഏറ്റവും അടിസ്ഥാനമായ ഒരു പദ്ധതിയാണ് നഗര ശുചിത്വ പദ്ധതി അഥവാ സിറ്റി സാനിറ്റേഷൻ പ്ലാൻ.

# 9
# പ്രളയാനുഭവങ്ങളും കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമവും

വികസനത്തിന്റെ കേരള മാതൃക ഏറെ ചർച്ച ചെയ്യപ്പെടുന്നതാണ്. സാമൂഹിക വികസന സൂചികകളിൽ കേരളം ആർജിച്ച നേട്ടങ്ങൾ വികസിത രാജ്യങ്ങളിലേതുമായി താരതമ്യം ചെയ്യാവുന്ന നിലയിലുള്ളതാണ്. വിദ്യാഭ്യാസം, ആരോഗ്യരക്ഷ, ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശു മരണനിരക്ക്, ജനസംഖ്യാനിയന്ത്രണം എന്നിവയിലെ മികവിനൊപ്പം കുറഞ്ഞ ഭൗതിക സൗകര്യങ്ങളുടേയും ഉൽപാദന വളർച്ചയുടേയും നടുവിലും ഉയർന്ന നിലവാരത്തിലുള്ള സാമൂഹിക ആസ്തികളും, സൂചികകളും ഒട്ടേറെ പഠന വിധേയമായിട്ടുണ്ട്.നാം ആർജ്ജിച്ച മികച്ച സാമൂഹിക നേട്ടങ്ങളുടെ സൂചി കകളും, മാനവിക വികസന സൂചികയും അടിസ്ഥാനമായി ചൂണ്ടിക്കാണി ക്കപ്പെടുന്ന ഘടകങ്ങളിൽ ആരോഗ്യരംഗം, രാഷ്ട്രീയബോധം, സാർവത്രിക വിദ്യാഭ്യാസം, സംസ്ഥാന നയങ്ങളും, നവോത്ഥാന മൂല്യങ്ങളും, മെച്ചപ്പെട്ട കൂലി ഘടന എന്നിവ ഏറെ പ്രാധാന്യമർഹിക്കുന്നു.

എങ്കിലും നാം ആർജ്ജിച്ച മികച്ച നേട്ടങ്ങളും, സാമൂഹ്യ മുന്നേറ്റങ്ങളും നിലനിർത്താനും മുന്നേറാനും കഴിയേണ്ടതുണ്ട്. പാരിസ്ഥിതികവും ഭൗതി കവുമായ പ്രതിസന്ധികളെ അതിജീവിക്കാൻ കഴിയുന്ന നിലയിൽ നമ്മുടെ സമീപകാല അനുഭവങ്ങളായ പ്രളയം, കോവിഡ് പോലുള്ള പ്രതിസന്ധിക ളേയും, ദേശീയവും സാർവ്വദേശീയവുമായ സാഹചര്യങ്ങളെയും വിലയി രുത്തി കൊണ്ടുള്ള നയവും പരിപാടികളും ആവിഷ്കരിച്ച് മുന്നേറേണ്ടിയി രിക്കുന്നു.

## 9.1 2018–19 ലെ പ്രളയാനുഭവങ്ങൾ

1924നു ശേഷം ആദ്യമായാണ് 2018ൽകേരളം വലിയ തോതിലുള്ള ഒരു വെള്ളപ്പൊക്കം നേരിടുന്നത്. ജൂൺ 1 മുതൽ ആഗസ്റ്റ് 19 വരെ നീണ്ട പേമാരി പ്രളയത്തോടൊപ്പം പലയിടങ്ങളിലും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമായി. ആൾനാശം, ജീവസന്ധാരണ മാർഗ്ഗങ്ങൾക്കുണ്ടായ നാശം, സ്വത്ത് നാശം, പശ്ചാത്തല സൗകര്യങ്ങളുടെ കേടുപാടുകൾ, തുടങ്ങി പ്രളയം

കൊണ്ട് ഉണ്ടായ കെടുതികൾ ഏറെയാണ്. സംസ്ഥാനത്തെ സാമൂഹികവും സാമ്പത്തികവുമായ സ്ഥാപനങ്ങളുടെ ചട്ടക്കൂടുകൾ പിടിച്ചുലക്കുകയും ചെയ്തു. 2019ലും (2018ലെ അത്ര തന്നെ രൂക്ഷമായിട്ടല്ലെങ്കിലും) പ്രളയവും തന്മൂലമുള്ള കെടുതികളും സംസ്ഥാനത്ത് ആവർത്തിക്കപ്പെട്ടു.

2018 ജൂൺ 1 മുതൽ ആഗസ്റ്റ് 19 വരെയുള്ള കാലയളവിൽ സാധാരണ പ്രതീക്ഷിക്കുന്ന 1649.5 mm മഴയ്ക്ക് പകരം 2345.6mm (അതായത് അത് 42 ശതമാനത്തോളം അധികം) ആണ് സംസ്ഥാനത്ത് വർഷിച്ചത്. സാധാരണ നിരക്കിൽ നിന്ന് അധികമായി ജൂണിൽ 15 ശതമാനവും ജൂലൈയിൽ 17 ശത മാനവും ആഗസ്റ്റ് 19 വരെയുള്ള കാലയളവിൽ 164 ശതമാനവുമാണ്അധികം മഴ ലഭിച്ചത്.അതായത് ജൂൺ-ജൂലൈ മാസങ്ങളിലെ അധിവർഷത്തിൽ ജല സംഭരണികളും പുഴകളും നിറഞ്ഞിരിക്കുന്ന അവസ്ഥയിലേക്കാണ് ആഗസ്റ്റിൽ 164 ശതമാനം അധികമഴ പെയ്തിറങ്ങിയത്. സംസ്ഥാനത്തെ ആകെ 1664 വില്ലേജുകളിൽ 1259 എണ്ണവും പ്രളയ ബാധിതമായി. ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തൃശൂർ, വയനാട് എന്നീ ഏഴ് ജില്ലകളിൽ മുഴുവനായും പ്രളയ ബാധിതമായി പ്രഖ്യാപിക്കേണ്ടി വന്നു. ജൂലൈ അവ സാനത്തോടെ 35 അണക്കെട്ടുകൾ സംഭരണശേഷി കവിഞ്ഞതിനാൽ തുറന്നു വിടേണ്ടി വന്നു.26 വർഷങ്ങൾക്കു ശേഷമാണ് ഇടുക്കി അണക്കെട്ടിന്റെ അഞ്ചു ഗേറ്റുകളും ഒന്നിച്ചു തുറക്കേണ്ടി വന്നത്. വേമ്പനാട് കായലിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടേയും സംഭരണശേഷിയിലുള്ള പരിമിതി കുട്ടനാട് മേഖലയി ലെ പ്രശ്നം സങ്കീർണ്ണമാക്കി. കബനി, പെരിയാർ, ചാലക്കുടി, പമ്പ, എന്നീ സബ് ബേസിനുകളാണ് കാര്യമായി പ്രളയത്തിന് ഇരയായത്. മിക്കയിടങ്ങ ളിലും വെള്ളപ്പൊക്കം രണ്ടാഴ്ചയോളം നിലനിന്നു. 65188 ഹെക്ടർ സ്ഥലമാണ് വെള്ളത്തിനടിയിൽ ആയത്. 10 ജില്ലകളിലായി 341 മണ്ണിടിച്ചിലുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇതിൽ 143ഉം ഇടുക്കി ജില്ലയിൽ ആയിരുന്നു.

അതായത് സംസ്ഥാന ജനസംഖ്യയുടെ ആറിൽ ഒന്നോളം പേരെ പ്രളയം നേരിട്ട് ബാധിച്ചു. 498 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 12.47 ലക്ഷം ആളുകളെ അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് ക്യാമ്പുകളിലേക്ക് മാറ്റേണ്ടി വന്നു. ആകെ 3274 ക്യാമ്പുകൾ പ്രവർത്തിച്ചു.2019ലെ പ്രളയത്തിൽ രണ്ട് ലക്ഷം പേരെയാണ് 1318 ക്യാമ്പുകളിലായി മാറ്റി പാർപ്പിക്കേണ്ടി വന്നത്. 2019 ആഗ സ്റ്റിൽ രണ്ട് ദിവസംകൊണ്ട് എൺപതോളം മണ്ണിടിച്ചിൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രളയത്തിലും മണ്ണിടിച്ചിലിലും 121 പേർക്ക് ജീവഹാനിയുണ്ടായി.

ഈ രണ്ടു പ്രളയ അവസരങ്ങളിലും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യുടെ മേൽനോട്ടത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റികളും, ജില്ലാ ഭരണകൂടങ്ങളുമാണ് രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തന ങ്ങളും ഏകോപിപ്പിച്ചത്. റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, ആരോഗ്യവകുപ്പ്, പൊതു മരാമത്ത് വകുപ്പ് തുടങ്ങിയ സർക്കാർ സംവിധാനങ്ങൾക്കൊപ്പം പൊതുസമൂ ഹവും ഒറ്റക്കെട്ടായി രക്ഷാപ്രവർത്തനങ്ങളിലും തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പ്രവർത്തിച്ചു എന്നതാണ് എടുത്തുപറയേണ്ട പ്രത്യേ കത. കേന്ദ്രസേനകളായ നാഷണൽ ഡിസാസ്റ്റർ റെസ്ക്യൂ ഫോഴ്സ്, കര

സേന, നാവികസേന, വായുസേന, കോസ്റ്റ് ഗാർഡ് എന്നിവയും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി.

പ്രളയ സമയത്തെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച വെച്ചവരാണ് നമ്മുടെ തീരദേശ മത്സ്യത്തൊഴിലാളികൾ. വെള്ളം നിറഞ്ഞു കിടക്കുന്ന പ്രളയ പ്രദേശങ്ങളിൽ 669 മത്സ്യബന്ധന യാനങ്ങളുമായി 4537 മത്സ്യത്തൊഴിലാളികളാണ് രക്ഷാപ്രവർത്തനത്തിന് തികച്ചും സ്വയം സന്നദ്ധരായി ഇറങ്ങിത്തിരിച്ചത്. പലയിടങ്ങളിലായി കുടുങ്ങിക്കിടന്ന 65,000-ത്തിലധികം ആളുകളെയാണ് ഇവർ രക്ഷിച്ച് സുരക്ഷ സങ്കേതങ്ങളിൽ എത്തിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ച സംഘടനാ സംവിധാനമാണ് കുടുംബശ്രീ. ദുരിതത്തിൽപ്പെട്ടു വലയുന്നവർക്ക് ഭക്ഷണവും മരുന്നുകളും മറ്റ് അത്യാവശ്യ സാധനങ്ങളും എത്തിച്ചു നൽകുന്നതിൽ കുടുംബശ്രീയുടെ സംഘടനാ സംവിധാനം വലിയൊരു പങ്കാണ് നിർവഹിച്ചത്. അതേപോലെ കേരളത്തിന് പുറത്തുള്ള നല്ലൊരു പങ്ക് ആളുകൾ, പ്രത്യേകിച്ച് വിവരസാങ്കേതികവിദ്യ പരിജ്ഞാനമുള്ളവർ രക്ഷാപ്രവർത്തനത്തിന്റേയും ദുരിതാശ്വാസത്തിന്റെയും ഏകോപനം ഇന്റർനെറ്റ് ഉപയോഗിച്ച് വളരെ മികച്ചതാക്കി. പൊതുസമൂഹത്തിന്റെ, പ്രത്യേകിച്ച് യുവജനങ്ങളുടെ വലിയ തോതിലുള്ള പങ്കാളിത്തം ദുരിതാശ്വാസ പ്രവർത്തനത്തെ വേറിട്ടൊരു അനുഭവമാക്കിയതോടൊപ്പം ദുരന്തബാധിതർക്ക് വളരെയധികം ആത്മവിശ്വാസം നൽകി. എല്ലാ ജില്ലകളിലും ഭക്ഷണം, മരുന്ന്, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ ആവശ്യത്തിലധികം ഈ കൂട്ടായ്മയുടെ ഫലമായി സംഭരിക്കാൻ കഴിഞ്ഞു. ഇവയുടെ കാര്യക്ഷമമായ വിതരണത്തിലും പ്രളയാനന്തര ശുചീകരണ പ്രവർത്തനനത്തിലും തികഞ്ഞ ഏകോപനത്തോടെയുള്ള സന്നദ്ധ പ്രവർത്തനം സാധ്യമായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഏകദേശം 1400കോടി രൂപയാണ് 2018-ൽ സംഭാവനയായി കിട്ടിയത്. പ്രധാനമന്ത്രി 600 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് പ്രഖ്യാപിച്ചത്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1800 കോടി രൂപ കൂടി അനുവദിക്കുകയുണ്ടായി.

2018-ലെ പ്രളയത്തിനുശേഷം കേരള സർക്കാർ എ.ഡി.ബി. വേൾഡ് ബാങ്ക് എന്നിവയിലെ വിദഗ്ധരുടെ സഹായത്തോടെ നടത്തിയ നഷ്ടത്തിന്റെ കണക്കെടുപ്പ് പ്രകാരം 26718 കോടി രൂപയുടെ നേരിട്ടുള്ള നഷ്ടം വിലയിരുത്തുന്നു. കൂടാതെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് 31000 കോടി രൂപ വേണ്ടി വരുമെന്നും വിലയിരുത്തുന്നു. മൊത്തം സാമ്പത്തിക നഷ്ടം സംസ്ഥാനത്തിന്റെ ജി.ഡി.പി.യുടെ 2.6 ശതമാനം വരുമെന്ന് കണക്കാക്കപ്പെടുന്നു. 2019ൽ തീവ്രത അല്പം കുറവായിരുന്നുവെങ്കിലും പ്രളയവും മണ്ണിടിച്ചിലും ഈ നഷ്ടക്കണക്കുകൾ വീണ്ടും വർദ്ധിപ്പിച്ചു.

ഈ രണ്ടു വർഷങ്ങളിലെയും ദുരന്തങ്ങളിൽ നിന്ന് നാം പഠിക്കേണ്ടതുണ്ട്. വളരെ വ്യക്തമായി മനസ്സിലാക്കാവുന്ന കാര്യം ആദ്യം നമ്മുടെ സാമൂഹിക സംഘാടന തലത്തിന്റെ കെട്ടുറപ്പാണ്. അധികാര വികേന്ദ്രീകരണവും ശക്തമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശൃംഖലയും ദുരന്താനന്തര പൂർവ്വസ്ഥിതി പ്രാപിക്കാൻ എളുപ്പമാക്കി. എന്നാൽ, മറ്റെല്ലാ തലത്തിലും ഇങ്ങനെയുള്ള ദുരന്തങ്ങൾ നേരിടാൻ നാം പ്രാപ്തമല്ല എന്നുള്ളതും തിരിച്ചറി

യേണ്ടതുണ്ട്. സംഭരണികളുടെ ശേഷി, അണക്കെട്ടുകളുടെ പ്രവർത്തനത്തിലെ പോരായ്മകൾ, നദികളുടേയും മറ്റു ജലസ്രോതസ്സുകളെയും ശോഷണം, തികച്ചും ആസൂത്രിതമല്ലാത്ത വികസന രീതി, ഗുണമേന്മയില്ലാത്ത കെട്ടിട നിർമ്മാണം, ഭൂവിനിയോഗത്തിലെ പാളിച്ചകൾ എന്നീ ഘടകങ്ങൾ നമ്മുടെ പാളിച്ചകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഭൂവിനിയോഗത്തിലെ അശ്രദ്ധയും വികസനത്തിലെ ആസൂത്രണം ഇല്ലായ്മയും കാരണം വളരെ കൂടിയ അനുപാതത്തിൽ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമാണ് ഈ ദുരന്തങ്ങൾക്ക് ഇരയായതെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

## 9.2 കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമം

2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രളയങ്ങൾ സംസ്ഥാനം മുമ്പ് കണ്ടിട്ടില്ലാത്ത അത്രയും വ്യാപകവും വിനാശകരവും ആയിരുന്നു. ഈ ദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല ഘടനാപരമായ പരിമിധികളും വെളിപ്പെടുത്തി. പല സ്ഥാപനങ്ങളുടെയും കാര്യശേഷിക്കുറവ് ഇതുപോലെയുള്ള അതിതീവ്രതയുള്ള സംഭവങ്ങളെ നേരിടുന്നതിൽ സംസ്ഥാനത്തെ അപര്യാപ്തമാക്കി. ഉദാഹരണത്തിന് കൃഷി, ജലം, റോഡ്, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നിലവിലുള്ള ഒന്നിലധികം സ്ഥാപനങ്ങളുടെ പരസ്പരധാരണയില്ലായ്മ മൂലം പ്രകൃതി വിഭവങ്ങളുടെ വികസനത്തിനും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിലും, പൊതു സേവനങ്ങൾ നല്കുന്നതിലും സംയോജിതവും ശാസ്ത്രീയവുമായ ആസൂത്രണവും വികസനവും അസാധ്യമാക്കിത്തീർത്തു. ഈ വിഷയ മേഖലകളെ സമഗ്രമായി സമീപിക്കുന്നതിന് സ്ഥാപനങ്ങളുടെ ഏകീകരണം, ഏകോപനം, കാര്യശേഷി വർധിപ്പിക്കൽ എന്നീ കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. കൃഷി, ജലവിഭവം, ഗതാഗതം, ദുരന്തനിവാരണം, നാഗരിക സേവനങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിലെങ്കിലും സമഗ്രമായ കാഴ്ചപ്പാട് ഉറപ്പുവരുത്തുന്ന നയരൂപീകരണവും പ്രസ്തുത നയം നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമസംവിധാനവും ഒരുക്കേണ്ടതുണ്ട്.

മറ്റൊരു പ്രധാന അപര്യാപ്തതയാണ് നഗരങ്ങളുടെ സ്ഥലപരവും മേഖല തിരിച്ചുള്ളതുമായ ആസൂത്രണത്തിന്റെ കുറവും ദുരന്ത നിവാരണ മാർഗങ്ങൾ മുഖ്യധാരയുടെ ഭാഗമാകാതിരിക്കുന്നതും. അപകടസാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നഗരാസൂത്രണം സംസ്ഥാനത്ത് നിലവിലില്ല എന്നു തന്നെ പറയാം. നിലവിലുള്ള മാസ്റ്റർ പ്ലാനുകളുടെ പോലും ദുർബലമായ നടപ്പിലാക്കൽ കാരണം ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിന് നമുക്കായിട്ടില്ല. പ്രളയകാലത്ത് ഇത്തരത്തിലുള്ള നിർമ്മാണങ്ങൾക്ക് വ്യാപകമായി കേടുപാടുകൾ പറ്റി. നിലവിൽ ഭൂവിനിയോഗം നിയന്ത്രിക്കപ്പെടുന്നത് പരസ്പരബന്ധമില്ലാത്ത വിവിധ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഇത് ഒരു ഏക ഭൂവിനിയോഗത്തിൽ അനുസൃതമാക്കി എടുക്കേണ്ടതുണ്ട്. ഇങ്ങനെയൊരു ഏകോപനം ഭൂവിനിയോഗ നയത്തിന് ഉണ്ടാക്കിയെടുക്കുന്നത് ദുരന്തങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഫലപ്രദമായിരിക്കും.

ദുരന്ത നിവാരണത്തിനും ദുരന്ത പൂർവ്വ പ്രവർത്തനങ്ങൾക്കും സംസ്ഥാനം ഇപ്പോൾ ആശ്രയിക്കുന്നത് ദുരന്തത്തിനു ശേഷമുള്ള ബഡ്ജറ്റ് മുൻഗണനകൾ മാറ്റുന്നത് ഉൾപ്പെടെയുള്ള വിവിധ മാർഗങ്ങളാണ്. ദുരന്തങ്ങൾ മുൻകൂട്ടി കണ്ട് സാമ്പത്തിക ഒരുക്കങ്ങൾ ചെയ്യുന്ന ഇൻഷുറൻസ് പദ്ധതികളെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. കൂടാതെ ദുരന്തങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള പശ്ചാത്തല മേഖലയിലുള്ള നിക്ഷേപങ്ങളും നൂതനമായ വരുമാന മാർഗങ്ങളും ഒരു പരിധി വരെ ദുരന്തപൂർവ്വ വിഭവസമാഹരണം എളുപ്പമാക്കും.

അപകട സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നഗരാസൂത്രണം, നഗര പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, കെട്ടിടങ്ങളുടെ സംരക്ഷണവും നിർമ്മാണവും എന്നിവ സംസ്ഥാനത്തിന് അവശ്യമാണ്. കാലപ്പഴക്കം ചെന്നതും ശരിയായി പരിപാലിക്കപ്പെടാത്തതുമായ പൊതു നിർമ്മിതികൾ അപകട സാധ്യത ഉയർത്തുന്നു.പൊതു നിർമ്മിതികളുടെ ദുരന്തങ്ങളെ അതിജീവിക്കാൻ തക്ക ശേഷിയില്ലാത്ത നിർമ്മാണവും, മോശം പരിപാലനവും ദുരന്തങ്ങളുടെ ആഘാതം വർധിപ്പിച്ചു. ഈ നിർമ്മിതികൾക്ക് ദുരന്തങ്ങളെ അതിജീവിക്കുന്നതിനുതകുന്ന തരത്തിലുള്ള പൊതുവായ സംരക്ഷണ, നിർമ്മാണ മാർഗ്ഗരേഖകൾ അവ നടപ്പിലാക്കാനുള്ള മാർഗങ്ങൾ എന്നിവ വികസിപ്പിക്കണം.

ദുരന്ത സാധ്യതകളെപ്പറ്റിയുള്ള വിവരശേഖരണത്തിന്റെയും വിശകലനത്തിന്റെയും അപര്യാപ്തതയാണ് സംസ്ഥാനം നേരിടുന്ന മറ്റൊരു വെല്ലുവിളി. ജലസംക്രമണത്തെപ്പറ്റിയോ, കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റിയോ വിശ്വസനീയവും പര്യാപ്തവുമായ വിവരശേഖരം നമുക്കില്ല. തുടർച്ചയായി ബന്ധപ്പെട്ട ഘടകങ്ങൾ അളന്നു രേഖപ്പെടുത്തുകയും ചെയ്താലേ ദുരന്ത സാധ്യതകൾ മുൻകൂട്ടി കാണാനും ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനു ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാനും കഴിയൂ. ആരോഗ്യം, വിദ്യാഭ്യാസം, ആവാസ കേന്ദ്രങ്ങളുടെ പരസ്പരബന്ധം എന്നീ മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ കേരളത്തിന്റെ വികസനത്തിന് ശക്തമായ അടിത്തറ പാകിയിട്ടുണ്ട്. എന്നാൽ നമ്മുടെ പശ്ചാത്തല മേഖലയുടെയും പൊതു സേവനങ്ങളുടെയും ദുരന്തങ്ങളെ നേരിടാനുള്ള ശേഷിക്കുറവും ദുരന്തത്തിനു ശേഷം പൂർവ്വ സ്ഥിതി പ്രാപിക്കുന്നതിനുള്ള കഴിവിന്റെ അപര്യാപ്തതയും ഈ പ്രളയം അടയാളപ്പെടുത്തുന്നു.

ഈ വിശകലനത്തിൽ നിന്ന് മനസ്സിലാക്കാവുന്നത് നഷ്ടപ്പെട്ട അതേ രീതിയിൽ പുനർ നിർമിക്കുന്നത് ദീർഘകാലയളവിൽ ഒരു ഗുണവും ചെയ്യില്ല എന്നുള്ളതാണ്. ദുരന്ത സാധ്യതകൾ മുൻകൂട്ടിക്കണ്ട്, ഭാവിയിൽ ഇത്തരത്തിലുള്ള വ്യാപക നാശനഷ്ടങ്ങൾ ഒഴിവാക്കുന്ന വിധത്തിലായിരിക്കണം സംസ്ഥാനം പുനർനിർമ്മിക്കേണ്ടത്. നാം നേരിട്ട ദുരന്താനുഭവങ്ങൾ ഒരു വെല്ലുവിളിയായി എടുത്ത് സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവർക്കും മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഒരു നവകേരള നിർമ്മാണത്തിനുള്ള അവസരമായി നമുക്ക് ഇതിനെ പ്രയോജനപ്പെടുത്താം. ഈ പശ്ചാത്തലത്തിലാണ് സർക്കാർ സമഗ്രവും ഏകോപിതവുമായി എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന ബൃഹത്തും സുസ്ഥിരവുമായ വികസനപാത പിന്തുടരുന്നതുമായ ഒരു പദ്ധതിയായി Rebuild Kerala Development

Programme (RKDP) മുന്നോട്ടുവയ്ക്കുന്നത്. ദുരന്തങ്ങളുടെ ആഘാതത്തിൽ നിന്നും മോചിതമായി ഒരു നവകേരളം കെട്ടിപ്പടുക്കുന്ന കേരളത്തിന്റെ കാഴ്ച പ്പാടാണ് Rebuild & Kerala Initiative (RKI)നെ നയിക്കുന്നത്. ദുരന്തങ്ങളെ നേരിടാൻ കെല്പ്പുള്ളതും ഭാവി ദുരന്തങ്ങളുടെ ആഘാതങ്ങളിൽ നിന്ന് എളുപ്പം മോചിതമാവുന്നതുമായ പരിസ്ഥിതി സന്തുലനം ഉറപ്പുവരുത്തുന്ന പശ്ചാത്തല സൗകര്യങ്ങളോടു കൂടിയതുമായ ഒരു ഹരിത കേരളമാണ് Rebuild & Kerala Initiative ലക്ഷ്യമിടുന്നത്. ഈ കാഴ്ചപ്പാടിന്റെ പൂർത്തീകരണ ത്തിന് മുൻഗണനകൾ നിശ്ചയിക്കുക, നിക്ഷേപ ആവശ്യങ്ങൾ കണ്ടെത്തുക, സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുക, കാര്യക്ഷമമായി തീരുമാനങ്ങൾ എടുക്കുന്നതിനുള്ള പ്രക്രിയ എന്നിവ Rebuild & Kerala Initiativeന്റെ ഭാഗ മാണ്.

### 9.3 പങ്കാളിത്ത പ്രക്രിയ

ദുരന്തനിവാരണവും ദുരന്തപൂർവ്വ പ്രവർത്തനങ്ങളും പൂർണ്ണമായും സാമൂഹിക അടിത്തറ ആവശ്യമുള്ളതും പങ്കാളിത്തം ആവശ്യപ്പെടുന്നതു മാണ്. സർക്കാർ സംവിധാനത്തിന്റെ ഏകോപന പരിചയവും സാങ്കേതിക പരിജ്ഞാനവും ആവശ്യം തന്നെയെങ്കിലും സൂക്ഷ്മതലത്തിലുള്ള ധാരണയും, വിഭവസമാഹരണവും സാമൂഹിക പങ്കാളിത്തത്തിൽ അധിഷ്ഠിതമാണ്. ഒരു ദുരന്തം കൈകാര്യം ചെയ്യുന്നതിന് പൊതുവേ നാല് ഘടകങ്ങളാണുള്ളത്.

- ദുരന്തം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ അടിയന്തരമായി ആളുകളെ സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറ്റൽ
- ദുരന്ത ബാധിതരായ ആളുകൾക്ക് ആവശ്യ സൗകര്യങ്ങളും വസ്തുക്കളും എത്തിക്കൽ
- ദുരന്തപൂർവ്വ ശുചീകരണവും പൂർവ്വസ്ഥിതി പ്രാപിക്കലും
- ദുരന്തനിവാരണ ആസൂത്രണം

ഈ നാലു ഘട്ടങ്ങളിലും ആവശ്യമായ പൊതുജനപങ്കാളിത്തം എങ്ങനെ എന്ന് പരിശോധിക്കാം.

ദുരന്തം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ നടത്തുന്ന രക്ഷാപ്രവർത്തനം മിക്കപ്പോഴും സാങ്കേതിക പരിജ്ഞാനവും മുൻപരിശീലനവും ആവശ്യമു ള്ളതാണ്. എങ്കിലും ഈ രക്ഷാപ്രവർത്തനങ്ങളിൽ തദ്ദേശീയമായ സൂക്ഷ്മ തലത്തിലുള്ള അറിവ് പ്രധാനമാണ്. ഉദാഹരണത്തിന് വെള്ളം മൂടിക്കിടക്കുന്ന ഒരു പ്രദേശത്ത് വെള്ളത്തിനടിയിലുള്ള തടസ്സങ്ങൾ തദ്ദേശീയർക്ക് മാത്രമേ അറിയൂ. പരിശീലനം നേടിയ രക്ഷാപ്രവർത്തകർക്കും ഇക്കാര്യത്തിൽ ഉപ ദേശനിർദേശങ്ങൾ ആവശ്യമുണ്ട്. അതേപോലെ വാർത്താവിനിമയ സൗക ര്യങ്ങൾ നഷ്ടപ്പെട്ടു കഴിഞ്ഞാൽ ഒറ്റപ്പെട്ടു കിടക്കുന്ന ആളുകൾക്ക് പുറം ലോകവുമായി സംവദിക്കാനോ അഭ്യർത്ഥനകൾ നടത്താനോ ആകാതെ വരും. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ (ആളുകൾ ഒറ്റപ്പെട്ടിരിക്കാൻ സാധ്യത യുള്ളവ) ചൂണ്ടിക്കാണിക്കാനാവും. അതേപോലെ മുന്നൊരുക്കങ്ങൾ കുറ വുള്ള സന്ദർഭങ്ങളിൽ സുരക്ഷിതമായ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും സൗ

കര്യപ്പെടുന്നത്താനും പൊതുജനപങ്കാളിത്തം ആവശ്യമാണ്. നേരിട്ടുള്ള രക്ഷാപ്രവർത്തനത്തിലും ഈ പങ്കാളിത്തത്തിന് അവസരമുണ്ട്. എന്നാൽ രക്ഷാദൗത്യത്തിന് ആവശ്യമായ മുന്നൊരുക്കങ്ങളും പരിശീലനവും ഇറങ്ങി

പ്പ ു ൨

പ്പെടുന്നവർക്ക് ഉണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടതുണ്ട്. പ്രത്യേകിച്ച് വൈദ്യുതി, വിഷ ജന്തുക്കളുടെ സാന്നിദ്ധ്യം ജീവിതത്തിന് ഭീഷണി ഉയർത്തുന്ന മറ്റു ഘടകങ്ങൾ നിലനിൽക്കുന്ന സാഹചര്യങ്ങൾ എന്നിവ കൂടി പരിഗണിക്കുമ്പോൾ കഴിഞ്ഞ പ്രളയകാലത്തെ മത്സ്യത്തൊഴിലാളികളുടെ ഇടപെടൽ ഇതിന് നല്ലൊരു ഉദാഹരണമാണ്. ജല സാന്നിദ്ധ്യത്തിൽ നില നിൽക്കാനുള്ള പരിശീലനവും, യാനങ്ങൾ നിയന്ത്രിക്കാനുള്ള കഴിവുമാണ് അവരെ ഇത്രയധികം രക്ഷാപ്രവർത്തനം പറയത്തക്ക പരിക്കുകളില്ലാതെ നിർവഹിക്കുവാൻ സഹായിച്ചത്. എന്നാൽ ശരിയായ പരിശീലനമോ ശാരീരിക ശേഷിയോ ഇല്ലാത്തവർ അമിതാവേശത്തിൽ രക്ഷാവർത്തനങ്ങളിൽ ഏർപ്പെടുന്നത് മൊത്തത്തിലുള്ള അപകടസാധ്യത വർദ്ധിപ്പിക്കുവാനേ ഉപകരിക്കൂ. ഇത്തരത്തിൽ വിവേകപൂർണമായ പൊതുജന പങ്കാളിത്തവും പരിശീലനം നേടിയ രക്ഷാപ്രവർത്തകരെ പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങളുമാണ് പൊതു പ്രവർത്തകരിൽ നിന്നും ഉണ്ടാകേണ്ടത്.

ദുരന്ത ബാധിതരായ ആളുകളെ സുരക്ഷിത കേന്ദ്രങ്ങളിലെത്തിച്ചു കഴിഞ്ഞാൽ ഒരുപാട് സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇത് വ്യവസ്ഥാപിത സർക്കാർ സംവിധാനത്തിന്റെ പരിമിതികൾക്കപ്പുറമാണ്. ഇവിടെ തദ്ദേശീയമായ ഇടപെടലുകൾ അനിവാര്യമാണ്. പൂർണമായും പൊതുജന പങ്കാളിത്തത്തോടെ മാത്രമേ ഈ ഘട്ടം മറികടക്കാനാകൂ. 2018-19 ലെ പ്രളയകാല അനുഭവങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശീയ നേതൃത്വത്തിന്റെയും പങ്ക് എടുത്തു കാണിക്കുന്നതാണ്. എന്നാൽ സർക്കാർ സംവിധാനത്തിൽ നിന്ന് ലഭ്യമാകുന്ന സഹായങ്ങളെല്ലാം ദുരന്തബാധിതർക്ക് എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക കൂടി ചെയ്യേണ്ടതുണ്ട്. അപ്പഴപ്പോഴത്തെ സാഹചര്യം വിലയിരുത്തിക്കൊണ്ടും ആവശ്യങ്ങൾ കണ്ടറിഞ്ഞും നിറവേറ്റി കൊണ്ടുമിരിക്കുന്നത് പൊതുജന പങ്കാളിത്തം കൊണ്ട് മാത്രമേ സാധ്യമാകൂ. ആവശ്യസാധനങ്ങൾക്കൊപ്പം തന്നെ സമൂഹം നമ്മോടൊപ്പമുണ്ടെന്ന സന്ദേശം കൂടി ദുരന്തബാധിതർക്ക് ലഭിക്കുന്നത് അവരെ വലിയ അളവിൽ സമാധാനിപ്പിക്കയും സംതൃപ്തരാക്കുകയും ചെയ്യും. ഇതോടൊപ്പം തന്നെ പ്രധാനമാണ് വൈദ്യസഹായവും, വിവരവിനിമയവും, ദുരിതബാധിതർക്ക് ആവശ്യമായ വൈദ്യസഹായവും മറ്റു പ്രദേശങ്ങളിൽ ഒറ്റപ്പെട്ടുപോയ കുടുംബാംഗങ്ങളുമായുള്ള സമ്പർക്കവും സാധ്യമാക്കുന്നതിനും പ്രാദേശിക ഇടപെടലുകൾ വളരെ പ്രധാനപ്പെട്ടതാണ്.

അതുപോലെ പൊതുജന പങ്കാളിത്തം ആവശ്യപ്പെടുന്ന ഒന്നാണ് ദുരന്തപൂർവ്വ പുനർനിർമ്മാണം. അടിയന്തര സാഹചര്യങ്ങൾ ഒഴിവായാൽ ഉടൻ തന്നെ ആളുകളെ കഴിയുന്നതും അവരവരുടെ സ്ഥലങ്ങളിലേക്ക് തിരിച്ചെത്തിക്കേണ്ടതാണ്. ഇതിനുള്ള മുന്നൊരുക്കങ്ങൾ, വീടുകളും പരിസരവും

ശുദ്ധീകരിക്കുക, അത്യാവശ്യം കേടുപാടുകൾ തീർക്കുക മുതലായ കാര്യങ്ങൾ പെട്ടെന്നും സമയബന്ധിതമായും നടക്കണമെങ്കിൽ ഒരുപാട് ആളുകളുടെ സന്നദ്ധ പ്രവർത്തനം ആവശ്യമാണ്. കൂടാതെ, ദുരന്ത സമയത്തേ പോലെ സാങ്കേതിക പരിശീലനമുള്ള ആളുകളുടെ സേവനം ഈ അവസരത്തിൽ വലുതായി വേണ്ടിവരില്ല. സർക്കാർ സംവിധാനത്തിന്റെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം വൻതോതിലുള്ള പൊതുജന പങ്കാളിത്തവും സന്നദ്ധ സേവനവും ഉണ്ടായാലേ ഈ ഘട്ടം തരണം ചെയ്യാനാകൂ. കേരളത്തിലെ പ്രളയ അനുഭവങ്ങളിൽ തന്നെ ഇത് അനുഭവിച്ചറിഞ്ഞതാണ്. കുടുംബശ്രീ അടക്കമുള്ള സർക്കാരിതര സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് ദുരന്തപൂർവ്വ കേരളത്തെ വളരെ പെട്ടെന്ന് സാധാരണ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നത്.

നാലാമത്തെ ഘട്ടമാണ് ദുരന്തനിവാരണത്തിനുള്ള മുന്നൊരുക്കങ്ങളും ആസൂത്രണവും. സാധാരണ നിലയിൽ ഒരു ദുരന്തമുണ്ടാകുന്നതിനുമുമ്പ് നടക്കേണ്ട പ്രക്രിയയാണ് ഇതെങ്കിലും നിർഭാഗ്യവശാൽ 2018, 2019 വർഷങ്ങളിലെ പ്രളയവും അനുബന്ധ കെടുതികളും വേണ്ടിവന്നു നമ്മെ ഈ വിഷയത്തോട് അടുപ്പിക്കുവാൻ. ദുരന്തനിവാരണ ആസൂത്രണം തികച്ചും താഴേ തട്ടിൽ നടക്കേണ്ട ഒരു പ്രക്രിയയാണ്. കാരണം സാമാന്യവല്ക്കരിച്ചു കൊണ്ടുള്ള ഒരു സമീപനം ഒരിക്കലും പ്രായോഗികമായി പ്രയോജനം ചെയ്യില്ല. പ്രാദേശികമായി സൂക്ഷ്മതലത്തിലുള്ള അറിവ് ദുരന്തനിവാരണത്തിനും മുന്നൊരുക്കങ്ങൾക്കും പ്രയോജനപ്പെടുത്തുന്നത് വളരെ പ്രധാനമാണ്. സംസ്ഥാനതലത്തിലും, ജില്ലാ തലത്തിലും ലഭ്യമായ അടിസ്ഥാനവിവരങ്ങൾ, കാലാവസ്ഥ റിപ്പോർട്ടുകൾ എന്നിവ പ്രയോജനപ്പെടുത്താമെങ്കിലും തദ്ദേശീയമായ ഇടപെടലുകൾ ആസൂത്രണത്തിൽ അനിവാര്യമാണ്. പ്രദേശത്തിന്റെ ഭൂപ്രകൃതി, അപകട സാധ്യതയുള്ള മേഖലകൾ, ഈ മേഖലകളിലുള്ള ജനവാസത്തിന്റെ തോത് അതിൽ തന്നെയുള്ള വിവിധ തരത്തിലുള്ള അവശതകൾ അനുഭവിക്കുന്നവർ, ഈ പ്രദേശങ്ങളിൽ നിന്നും സുരക്ഷിത കേന്ദ്രങ്ങളിലേക്കുള്ള യാത്രാ മാർഗ്ഗങ്ങൾ, സുരക്ഷിത കേന്ദ്രത്തിലുള്ള സൗകര്യങ്ങൾ, രക്ഷാപ്രവർത്തനം വേണ്ടി വന്നാൽ അതിന് ആവശ്യമായ ഉപകരണങ്ങൾ, മറ്റു സാമഗ്രികൾ,യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവയുടെ പ്രാദേശിക ലഭ്യത, ഇക്കാര്യത്തിലുള്ള പ്രാദേശിക തൊഴിൽ മികവ് തുടങ്ങി പ്രാദേശിക പ്രസക്തമായ വിവരങ്ങളുടെ ക്രോഡീകരണവും വിശകലനവും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമാണ്. ആയതിനാൽ ഏതു ദുരന്ത നിവാരണ പദ്ധതിയും താഴെത്തട്ടിൽ നിന്നുള്ള വിവരശേഖരണത്തിന്റേയും വിശകലനത്തിന്റേയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരേണ്ടതാണ്.

### 9.4 വിവിധ വകുപ്പുകളും പ്രവർത്തന പദ്ധതിയും

2018, 2019 വർഷങ്ങളിലെ പ്രളയ അനുഭവങ്ങളിൽനിന്ന് ദുരന്തബാധിതമായതും സംസ്ഥാനത്തിന്റെ പരിസ്ഥിതിപരവും സാമ്പത്തികവുമായ തിരിച്ചുവരവിന് പ്രധാനവുമായ മേഖലകളെ തിരിച്ചറിഞ്ഞ് നയരൂപീകരണം നടത്തിയിരിക്കുന്നു. അങ്ങനെ പ്രധാനമെന്ന് തിരിച്ചറിഞ്ഞ മേഖലകളാണ്

ജലവിഭവ വികസനം, ജലവിതരണം, ശുചിത്വം, നാഗരികം, നിരത്തുകളും പാലങ്ങളും, ഗതാഗതം, വനം., കൃഷി, മൃഗ പരിപാലനവും ക്ഷീര വികസനവും, മത്സ്യബന്ധനം, ഉപജീവനം, ഭൂരേഖ എന്നിവ.

### 9.5 ജലവിഭവ വികസനം

പ്രതിവർഷം ഏകദേശം 300mm മഴ ലഭിക്കുന്ന കേരളത്തിൽ,90 ശതമാനം മഴ ലഭിക്കുന്നത് 6 മാസങ്ങളിലായാണ്. മഴയുടെ കാലവ്യതിയാനവും കുറഞ്ഞ ദൂരത്തിൽ വളരെയധികം വ്യത്യസ്തത കാണിക്കുന്ന ഭൂപ്രകൃതിയും സംസ്ഥാനത്ത് പ്രളയ സാധ്യത വർധിപ്പിക്കുന്നു.2018ലെ പ്രളയത്തിൽ വലുതും ഇടത്തരവുമായ അണക്കെട്ടുകൾ ഒഴികെ ജലസംഭരണത്തിനും നീർവാഴ്ച്ച ഉറപ്പാക്കുന്നതിനുമുള്ള സംവിധാനങ്ങൾക്ക് എല്ലാംതന്നെ കേടുപാടുകൾ പറ്റി. ഇതെല്ലാം സമഗ്രമായ ജലവിഭവ മാനേജ്മെന്റിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നു. ഈ മേഖലയിൽ 2018ലെ പ്രളയാനന്തര പഠനത്തിൽ പ്രധാനമായും ശ്രദ്ധിക്കപ്പെട്ട പോരായ്മകൾ കുന്നിൻ പ്രദേശങ്ങളിലെ മോശമായ നീർത്തട പരിപാലനം, ഭൂവിനിയോഗത്തിലെ അപാകത മൂലം ജലനിർഗമന മാർഗ്ഗങ്ങളിൽ ചെളി അടിയുന്നത്, ഭൂവിനിയോഗ നിയന്ത്രണത്തിന്റെ അഭാവത്തിൽ ജലസംഭരണികൾ വിസ്തൃതി കുറഞ്ഞത്, അണക്കെട്ടുകളുടെ പരിപാലനത്തിലെ പോരായ്മകൾ, ദുരന്തസാധ്യത മുന്നറിയിപ്പിനുള്ള കാലതാമസം, പുഴകളിലെ മാലിന്യനിക്ഷേപങ്ങൾ കാരണം കുറഞ്ഞ ജലസംഭരണശേഷി എന്നിവയാണ്. സ്ഥാപനങ്ങളുടെ കാര്യശേഷി കുറവ്, വിവരശേഖരണത്തിനും വിശകലനത്തിലുമുള്ള പോരായ്മകൾ, നിക്ഷേപ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള വീഴ്ചകൾ എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ. Rebuild & Kerala Initiativeന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങളാണ് നടപ്പിലാക്കേണ്ടത്.

- 2008-ലെ ജലനയമനുസരിച്ച് രൂപീകരിക്കേണ്ട River Basin Mangement Authortiy യുടെ രൂപീകരണം .
- ഈ മേഖലയിൽ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള തന്ത്രരൂപീകരണം.
- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ജലമാനേജ്മെന്റ് പദ്ധതികൾ തയ്യാറാക്കൽ
- ജലം, പരിസ്ഥിതി എന്നിവ നിരന്തരം നിരീക്ഷിക്കുന്നതിനും വിവരശേഖരണവും വിശകലനവും നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കൽ.
- ജലവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവേഷണം, പഠനം, ആസൂത്രണം എന്നീ കാര്യങ്ങൾ ചെയ്യുന്നതിനുള്ള സംവിധാനം.
- വ്യക്തമായി പങ്കും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ചുകൊണ്ട് അണക്കെട്ട് സുരക്ഷാ അതോറിറ്റി (Dam saftey authortiy)യെ ശക്തിപ്പെടുത്തൽ
- ജലസേചന വകുപ്പിനെ റിവർ ബേസിൻ അടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കൽ

## 9.6 ജലവിതരണം

സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 78 ശതമാനവും, നഗരപ്രദേശങ്ങളിൽ 50 ശതമാനവും ആളുകളുടെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്.28 ശതമാനം ആളുകൾക്ക് മാത്രമേ ജലവിതരണ ശൃംഖല വീട്ടിലെത്തുന്നുള്ളൂ. പ്രളയം നന്നായി ബാധിച്ച ഒരു മേഖലയാണ് ജലവിതരണം.2018-ലെ പ്രളയത്തിൽ മാത്രം ഈ മേഖലയിൽ 492.3 കോടി രൂപയുടെ കേടുപാടുകൾ സംഭവിച്ചതായി കണക്കാക്കുന്നു. ഈ മേഖലയുടെ പുനരുദ്ധാരണത്തിന് 766 കോടി രൂപ ആവശ്യമാണ്. മാത്രമല്ല, നിലവിൽ 95 ശതമാനം ജലസ്രോതസ്സുകളും മലിനമാണെന്ന് കണ്ടെത്തിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ജലവിതരണത്തിന് വളരെ കാര്യക്ഷമമായ നയവും സ്ഥാപനങ്ങളും ഉണ്ടാവേണ്ടതുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന വിവിധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ഒരു സംവിധാനം Rebuild Kerala -യുടെ ഭാഗമായി നിലവിൽ വരും. പൊതുജന പങ്കാളിത്തത്തോടെ ജല ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമൊരുക്കും. കിണറുകളിൽ നിന്നും, മറ്റു സ്രോതസ്സുകളിൽ നിന്നുമുള്ള ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു പങ്കാളിത്ത പദ്ധതിക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

## 9.7 ശുചിത്വം

കേരളം 2016ൽ ഗ്രാമപ്രദേശങ്ങളും 2018ൽ നഗരപ്രദേശങ്ങളും വെളിയിട വിസർജ്ജന മുക്തമായെങ്കിലും മലിനജലം, കക്കൂസ് മാലിന്യം എന്നിവ ശേഖരിച്ച് നീക്കം ചെയ്യുന്നതിലും സംസ്കരിക്കുന്നതിലും ഏറെ പുറകിലാണ്. 2018-ലെ പ്രളയത്തിൽ മാത്രം ഏകദേശം ഒരു ലക്ഷത്തിനടുത്ത് കക്കൂസുകൾക്കാണ് കാര്യമായ കേടുപാടുകൾ പറ്റിയത്. ഇതിന്റെ നേരിട്ടുള്ള കെടുതി കാണുന്നത് മലിനമാകുന്ന കുടിവെള്ള സ്രോതസുകളിലാണ്. കൂടാതെ നിലവിൽ സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുന്നതും മാലിന്യം നീക്കം ചെയ്യുന്നതും സ്വകാര്യ അസംഘടിത മേഖലയാണ്. അതിനാൽ തന്നെ മാലിന്യം ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നുവെന്നും ജലസ്രോതസ്സുകളിൽ എത്തുന്നില്ലെന്നും ഉറപ്പുവരുത്താൻ മാർഗ്ഗമില്ല. RKIയുടെ ഭാഗമായി വിവിധ തരത്തിലുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണ നയം രൂപീകരിക്കൽ, മാലിന്യ ശേഖരണത്തിനും നീക്കം ചെയ്യലിനും മാനദണ്ഡങ്ങൾ രൂപീകരിക്കൽ, സംസ്കരണ പ്ലാന്റുകളുടെ നിർമാണവും പരിപാലനവും തുടങ്ങിയ കാര്യങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 9.8 നഗരകാര്യം

വളരെ വേഗത്തിൽ നഗരവല്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളമെങ്കിലും നഗര വികസന രംഗത്ത് നമ്മുടെ സ്ഥാപനങ്ങൾ ദുർബലമാണ്. നിലവിലെ ആസൂത്രണ മാർഗ്ഗരേഖകൾ കൂടുതൽ വർഷങ്ങൾ വേണ്ടിവരുന്ന വൻതോതിലുള്ള നിക്ഷേപം നഗര വികസന രംഗത്ത് കൊണ്ടു

വരാൻ പര്യാപ്തമല്ല. നഗരങ്ങളുടെ വാർഷിക പദ്ധതിയും, മാസ്റ്റർ പ്ലാനും, ജില്ലാ വികസന പദ്ധതിയും തമ്മിൽ പറയത്തക്ക ബന്ധങ്ങളൊന്നുമില്ല. ഇത് മധ്യ ദീർഘകാല ആസൂത്രണത്തെ സാരമായി ബാധിക്കുന്നു. കൂടാതെ പ്രകൃതി ദുരന്ത സാധ്യതകളെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാനുകളുടെ അഭാവവും ഒരു വെല്ലുവിളിയാണ്. നമ്മുടെ നഗരസഭകൾക്ക് പല മേഖലകളിലും വൈദഗ്ധ്യമുള്ള ആളുകളുടെ ഗുരുതരമായ കുറവുണ്ട്. പ്രളയാനന്തര പഠനങ്ങളിൽ അറിയാൻ കഴിഞ്ഞ ഒരു കാര്യം നമ്മുടെ പൊതു നിർമ്മിതികളുടെ ഗുണമേന്മയില്ലായ്മയാണ്. ഇത് മറികടക്കുന്നതിന് സാങ്കേതിക മാർഗ്ഗരേഖകളും മതിയായ പരിശീലനവും ഒരുക്കേണ്ടതുണ്ട്. മറ്റൊരു പ്രധാന പ്രശ്നം സാമ്പത്തിക സ്രോതസ്സുകളാണ്. നമ്മുടെ നഗരസഭകൾ ഒന്നും തന്നെ സാമ്പത്തികമായി സ്വയം പര്യാപ്തതമല്ല.നാഗരിക സേവനങ്ങളുടെ ചെലവ് പോലും പലപ്പോഴും തിരിച്ചുപിടിക്കാനാവുന്നില്ല. ഈ മേഖലയിലെ ഇടപെടലുകൾ 1) നഗരാസൂത്രണം, സേവനങ്ങൾ നൽകുന്നതിലെ സംവിധാനങ്ങൾ, ഭരണമികവ് എന്നിവ ശക്തിപ്പെടുത്തുക, 2) തദ്ദേശ തലത്തിലും ജില്ലാതലത്തിലുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക 3) നഗരശുചിത്വം പോലുള്ള മുൻഗണനാ വിഷയങ്ങൾക്ക് നിക്ഷേപ സഹായം എന്നീ മൂന്ന് പ്രമുഖ വിഷയങ്ങളിൽ ഊന്നിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

### 9.8.1 നിരത്തുകളും പാലങ്ങളും

2018ലെ പ്രളയത്തിനുശേഷം ഏറ്റവും കൂടുതൽ പുനർനിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന മേഖലയാണ് നിരത്തുകളും പാലങ്ങളും. ഈ മേഖലയിൽ മാത്രം പുനർനിർമാണ പ്രക്രിയയ്ക്ക് 8557 കോടി രൂപ ആവശ്യമാണ്. സംസ്ഥാനത്തിന്റെ ഭൂവിനിയോഗത്തിന്റെ പ്രത്യേകതകൾ കാരണം ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ഗതാഗത രീതിയാണ് നിരത്തുകൾ വഴിയുള്ള ഗതാഗതം. നമ്മുടെ നിരത്ത് സാന്ദ്രത ദേശീയ ശരാശരിയേക്കാൾ കൂടുതൽ ആണെങ്കിലും നിരത്തുകളുടെ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ കാര്യക്ഷമതയിലും ഗുണനിലവാരത്തിലും നാം ഏറെ പിന്നിലാണ്. അതിനാൽ പുനർനിർമ്മിക്കപ്പെടുന്ന നിരത്തുകളുടെയും പാലങ്ങളുടെയും അതിജീവന ശേഷിയും നിർമ്മാണ ഗുണനിലവാരവും ഉയർത്തുന്നതിനുള്ള ശ്രമമാണ് RKIൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തെ റോഡ് വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, നിലവിലുള്ള ആസ്തി പരിപാലനത്തിന് ഒരു മാർഗ്ഗരേഖ, പ്രവർത്തന മികവിൽ അധിഷ്ഠിതമായ പരിപാലന കരാറുകൾ, സമഗ്രമായ അപകടസാധ്യതാ നിർണയം, ബദൽ കരാർ രീതികൾ വികസിപ്പിക്കൽ, ആസൂത്രണത്തിൽ ആധുനിക സങ്കേതങ്ങളുടെ ഉപയോഗം, സ്ഥാപനങ്ങളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുന്നത്.

### 9.8.2 ഗതാഗതം

1588 കിലോമീറ്റർ റെയിൽപാത, 2.29 ലക്ഷം കിലോമീറ്റർ റോഡുകൾ, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, 18 തുറമുഖങ്ങൾ, 585 തീരദേശ പാതകൾ, 1687 കിലോമീറ്റർ ഉൾനാടൻ ജലപാതകൾ എന്നിവ ഉൾക്കൊള്ളു

ന്നതാണ് കേരളത്തിന്റെ ഗതാഗത ശൃംഖല. പ്രളയാനന്തര പഠനങ്ങൾ പൊതു ഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലപാതകൾ പോലെയുള്ള ബദലുകൾ ഉപയോഗിക്കുന്നതിന്റെയും പ്രാധാന്യം ചൂണ്ടികാണിക്കുന്നു. ഗതാഗതത്തിന്റെ ഊർജ്ജക്ഷമതയും ഒരു ഘടകമാണ്. ഈ മേഖലയിൽ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നപദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

### 9.9 വനം

സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29 ശതമാനത്തോളം (2524.41 സ്ക്വയർ കിലോമീറ്റർ) വനമേഖലയാണ്. പ്രളയത്തോടനുബന്ധിച്ച് വനമേഖലയിൽ മണ്ണൊലിപ്പ്, മേൽമണ്ണ് നഷ്ടപ്പെടൽ, നദീതീര സസ്യജാലങ്ങൾക്കുള്ള കേടുപാടുകൾ, എന്നിവ കൂടുതലായി അനുഭവപ്പെട്ടു. കൂടാതെ തീരദേശ കണ്ടൽകാടുകൾ, ചതുപ്പുകൾ, കാവുകൾ തുടങ്ങിയ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പരിപാലനത്തിന്റെ ആവശ്യകതയും പ്രളയാനന്തര പഠനങ്ങളിൽ വ്യക്തമാണ്. നിലവിലുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളും വനസമ്പത്തും കർശനമായി നിലനിർത്തേണ്ടപ്പെടേണ്ടതിന് ആവശ്യമായ നിയമനടപടികൾ, വനഭൂമി മറ്റൊരരാവശ്യത്തിനും പരിവർത്തനം ചെയ്യാതിരിക്കാനുള്ള നടപടികൾ എന്നിവയിലൂന്നിയിട്ടുള്ള പഠനങ്ങളും നയരൂപീകരണവുമാണ് ഈ മേഖലയിൽ നിർദേശിച്ചിരിക്കുന്നത്.

### 9.10 കൃഷി

കേരളത്തിന്റെ 52 ശതമാനം ഭൂവിസ്തൃതിയും കാർഷികമേഖലയാണ്. പ്രളയം ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടാക്കിയ ഒരു മേഖലയാണ് ഇത്. വെള്ളപ്പൊക്കം 2886650 ഹെക്ടർ സ്ഥലത്തെ കൃഷിയെ പ്രതികൂലമായി ബാധിച്ചപ്പോൾ മണ്ണിടിച്ചിൽ കാരണം 51194 ഹെക്ടർ ഭൂമി കൃഷിയോഗ്യമല്ലാതായി. 3,15,000 കർഷകരെയാണ് ഇത് നേരിട്ട് ബാധിച്ചത്. പ്രളയത്തിൽ 2723 കോടി രൂപയുടെ കേടുപാടുകളും 3550 കോടി രൂപയുടെ നാശനഷ്ടവും കണക്കാക്കുന്നു. പൂർവസ്ഥിതി പ്രാപിക്കുന്നതിന് 4194 കോടി രൂപയുടെ നിക്ഷേപം ആവശ്യമായിവരും. കാർഷിക മേഖലയിൽ നിലവിലുള്ള ഒരുപാട് ദൗർബല്യങ്ങൾ മനസ്സിലാക്കി അവയ്ക്കു കൂടി പരിഹാരമാകുന്ന ഒരു പുനർനിർമ്മാണ പ്രക്രിയയാണ് RKI വിഭാവനം ചെയ്യുന്നത്. സ്ഥാപനങ്ങളുടെ പുനഃക്രമീകരണം, സാങ്കേതിക വിദ്യയുടെ പരമാവധി ഉപയോഗം, കാർഷിക അടിസ്ഥാനത്തിലുള്ള കച്ചവട സാധ്യതകൾ ആരായൽ, ഉൽപന്നങ്ങളുടെ മൂല്യവർധന എന്നീ കാര്യങ്ങളിലൂന്നിയുള്ള കാർഷിക വികസനമാണ് ലക്ഷ്യമിടുന്നത്.

### 9.11 മൃഗപരിപാലനവും ക്ഷീരവികസനവും

പ്രളയം മൂലം മൃഗങ്ങളുടെ ജീവഹാനി, കാലിത്തീറ്റ, കൃഷിനാശം, ഉപകരണങ്ങൾക്കും നിർമ്മിതികൾക്കുമുണ്ടായ കേടുപാടുകൾ എന്നിങ്ങനെ വിവിധ നഷ്ടങ്ങൾക്ക് കാരണമായി. നിലവിലുള്ള ദൗർബല്യങ്ങൾ കൂടി മറികടക്കുന്ന ഒരു പുനർനിർമ്മാണ പ്രക്രിയയാണ് RKIയിൽ ഉദ്ദേശിക്കുന്നത്. സ്ഥാപന

ങ്ങളുടെ പുന:ക്രമീകരണം, മൃഗസംരക്ഷണ വകുപ്പിന്റേയും ക്ഷീര വികസന വകുപ്പിന്റേയും പുന:സംഘടന, മുഴുവൻ സമയവും മൃഗപരിപാലന സേവനങ്ങൾ ഉറപ്പുവരുത്തുക, മൃഗങ്ങളുടെയും പക്ഷികളുടെയും ശാസ്ത്രീയമായ പ്രജനനവും പരിപാലനവും ഉറപ്പുവരുത്തുക, ഗവേഷണവും പഠനവും, ഉൽപന്നങ്ങളുടെ മൂല്യവർധന, പങ്കാളിത്ത മാതൃകയിലുള്ള വികസനം തുടങ്ങിയ കാര്യങ്ങളിലാണ് ഊന്നൽ നൽകിയിരിക്കുന്നത്.

### 9.12 മത്സ്യബന്ധനം

സംസ്ഥാനത്തിന് വളരെയധികം സാധ്യതകൾ ഉള്ള ഒരു മേഖലയാണ് മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളും. എന്നാൽ പ്രളയത്തിനു മുമ്പുതന്നെ വളരെ അധികം വെല്ലുവിളികൾ നേരിട്ടിരുന്ന ഒരു മേഖലയായിരുന്നു ഇത്. പ്രളയത്തോടനുബന്ധിച്ചുള്ള നാശനഷ്ടങ്ങൾ സ്വതവേ ദുർബലമായ സംവിധാനത്തെ ഗുരുതരമായി തന്നെ ബാധിച്ചു. ഈ ദൗർബല്യങ്ങളെ കൂടി മറികടക്കാൻ തക്ക പുനരധിവാസ പദ്ധതിയാണ് RKI മുന്നോട്ടുവയ്ക്കുന്നത്. വ്യക്തമായ കാഴ്ചപ്പാടും അതിജീവനത്തിലും സ്ഥായിയായ വികസനത്തിലും ഊന്നിയുള്ള തന്ത്രപരമായ നിക്ഷേപവും പരിഷ്കരിക്കപ്പെട്ട ഭരണസംവിധാനവും ഈ മേഖലയിലെ മൂല്യ വർദ്ധനയെ ഉയർന്ന തോതിൽ സാധ്യമാക്കും. കടലിൽ നിന്നുള്ള മത്സ്യബന്ധനം (പ്രത്യേകിച്ച് കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ) ശാസ്ത്രീയമാക്കുക, ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുക, ഈ മേഖലയിൽ ഉണ്ടാകുന്ന ഉണർവ്വ് സാമൂഹിക വികസനത്തിനുതകുന്നതാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങളാണ് ഈ മേഖലയിൽ പുനർനിർമാണ പ്രക്രിയയ്ക്കുള്ളത്.

### 9.13 ഉപജീവനം

പരമ്പരാഗത വ്യവസായങ്ങൾ, വിനോദസഞ്ചാരം, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, ഗ്രാമീണ/കുടുംബശ്രീ സംരംഭങ്ങൾ, കൃഷി, മൃഗപരിപാലനം തുടങ്ങിയവയാണ് കേരളത്തിലെ ഭൂരിഭാഗം ആളുകളുടേയും ഉപജീവനോപാധി. പ്രളയാനന്തരം ഈ മേഖലകളിലൊക്കെ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്കു പുറമെയാണ് തൊഴിൽ നഷ്ടം, ഇത് പ്രളയകാലത്തേക്ക് മാത്രമല്ല, പൂർവസ്ഥിതി പ്രാപിക്കുന്നതു വരെ തുടരും എന്നു കൂടി കാണേണ്ടതുണ്ട്. തികച്ചും പാവപ്പെട്ട തൊഴിൽ വൈദഗ്ധ്യം കുറഞ്ഞ ആളുകൾ ഉപജീവനത്തിനായി ആശ്രയിച്ചു പോരുന്ന തൊഴിൽ മേഖലകളാണ് ഇവയെല്ലാം. അതിനാൽ ഈ മേഖലകളിലെല്ലാം തന്നെ പുനർനിർമാണ പ്രക്രിയയിലെ ഒരു പ്രധാന ഘടകമാണ് തൊഴിൽ ഉറപ്പാക്കലും നിപുണനന പരിശീലനവും.

### 9.14 ഭൂവിനിയോഗം

സംസ്ഥാനത്തെ ഭൂരേഖകളുടെ സ്ഥിതി വളരെ മോശമാണ്. പ്രളയം നേരിട്ട് ബാധിച്ച 981 വില്ലേജുകളിൽ 399നും നൂറിലധികം വർഷം പഴക്കമുള്ള, കടലാസിലും തുണിയിലും സൂക്ഷിച്ചിരിക്കുന്ന, കാലഹരണപ്പെട്ട ഭൂരേഖകളാണുള്ളത്. വ്യക്തവും, വിശ്വസനീയവുമായ ഭൂരേഖ സംവിധാനം ഭരണ

സംവിധാനത്തിന്റെ അനിവാര്യതയാണ്. സുരക്ഷിതമായ ഭൂമിയുടെ ഉടമസ്ഥാവകാശങ്ങൾ ഉറപ്പുനൽകുന്നതിനും ഇത്തരം ഭൂരേഖകൾ അത്യാവശ്യമാണ്. പ്രളയാനന്തര പുനർനിർമാണത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇത്തരത്തിൽ ഭൂമിയിലുള്ള ഉടമസ്ഥാവകാശങ്ങൾ ഉറപ്പു വരുത്തുക എന്നത്. ഇതിന്റെ അഭാവത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഭൂഉടമസ്ഥത നഷ്ടപ്പെടാനുള്ള സാധ്യത വളരെയധികമാണ്. ഈ പശ്ചാത്തലത്തിലാണ് RKI യുടെ ഭാഗമായി ഭൂരേഖകൾ മുഴുവൻ കൃത്യതയോടെ പുനർനിർമ്മിച്ച് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഡിജിറ്റൽ രേഖകളാക്കി സൂക്ഷിക്കുന്നത്. കൂടാതെ, ഇതോടൊപ്പം പുഴകൾ, മറ്റു ജലസംഭരണികൾ തുടങ്ങിയ പ്രകൃതി വിഭവങ്ങളും മാപ്പ് ചെയ്യപ്പെടുന്നത് അപകടസാധ്യതകൾ വിശകലനം ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ഉപകരിക്കും. ഇത് വളരെബൃഹത്തും വൻതോതിൽ വിഭവങ്ങൾ ആവശ്യപ്പെടുന്നതുമായ ഒരു പദ്ധതിയാണെങ്കിലും ദീർഘകാല നിക്ഷേപമെന്ന നിലയിൽ സംസ്ഥാനത്തെ മൊത്തം വികസനത്തിന്റെയും ദുരന്തനിവാരണത്തിന്റെയും പശ്ചാത്തലത്തിൽ ഒഴിവാക്കാനാവാത്തതാണ്.

### 9.15 എംപവേർഡ് കമ്മിറ്റി (Empowered Committee)

Rebuild Kerala Initiativeന്റെ സംഘാടനവും നിയന്ത്രണവും താഴെ പറയുന്ന വിധം നാല് തലങ്ങളിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

മന്ത്രിസഭ

↓

ഉപദേശക സമിതി

↓

High Level Empowered Committee (HLEC)

↓

RKI - Implementation Committee (RKIIC)

നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതും നിയമസഭയിലേക്കാവശ്യമായ ശുപാർശകൾ നൽകുന്നതിനും പുറമേ പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുന്നതും മന്ത്രിസഭയാണ്. മുഖ്യമന്ത്രി നേതൃത്വം നൽകുന്ന ഉപദേശകസമിതിയിൽ വിഷയത്തിൽ വിദഗ്ധരും യുവ വ്യവസായികളും മറ്റു പ്രമുഖ വ്യക്തികളും ഉൾപ്പെടെ 20 അംഗങ്ങളുണ്ട്. RKDPയിൽ വരുന്ന എല്ലാ പദ്ധതി നിർദ്ദേശങ്ങൾക്കും വേണ്ട ഉപദേശവും മാർഗ്ഗനിർദ്ദേശങ്ങളും ഈ സമിതി നൽകുന്നു.

RKI - Implementation Committee യിൽ മുൻചീഫ് സെക്രട്ടറി അധ്യക്ഷനും, റവന്യൂദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയും, മുഖ്യമന്ത്രിയുടെ സെക്രട്ടറിയും അംഗങ്ങളുമാണ്. RKDPയുടെ നടത്തിപ്പും, ഏകോപനവും, റിപ്പോർട്ടിംഗും RKI ICയുടെ ചുമതലയാണ്. പ്രധാന സർക്കാർ വകുപ്പുകളെ

RKI നടപ്പിലാക്കുന്നതിന് സഹായിക്കുക, High level Empowered Committee (HLEC) യുടെ തീരുമാനങ്ങൾക്കനുസൃതമായ നയരൂപീകരണത്തിലും സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിലും ഉൾപ്രേരകമായി പ്രവർത്തിക്കുക, സംസ്ഥാനത്തുള്ള വിവിധ തല്പരകക്ഷികളും വികസന പങ്കാളികളുമായി ബന്ധപ്പെടുക, HLEC യും ഉപദേശകസമിതിക്കും മന്ത്രിസഭക്കും റിപ്പോർട്ട് ചെയ്യുക എന്നതും RKI - Implementation Committeeയുടെ ചുമതലയാണ്.

HLECക്ക് നേതൃത്വം നൽകുന്നത് ചീഫ് സെക്രട്ടറിയാണ്. ജലവിഭവം, തദ്ദേശസ്വയംഭരണ പൊതുമരാമത്ത്, കൃഷി,ധനകാര്യം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സർവേയും,ഭൂരേഖയും, രജിസ്ട്രേഷൻ, കേരള ജല അതോറിറ്റി, ജലനിധി, റവന്യൂ ദുരന്തനിവാരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ വകുപ്പ് സെക്രട്ടറിമാരും RKIIC അംഗങ്ങളും ഈ കമ്മിറ്റിയിൽ അംഗങ്ങളാണ്. നയപരമായ ശുപാർശകൾ പരിശോധിച്ച് ഉറപ്പുവരുത്തുക, പദ്ധതി അംഗീകാരം, പദ്ധതി നടത്തിപ്പിന് മേൽനോട്ടം, വകുപ്പുകളും മറ്റ് ഏജൻസികളും തമ്മിലുള്ള കാര്യങ്ങൾ HLEC യുടെ അധികാരപരിധിയിൽ വരുന്നു .

സ്ഥിരം അംഗങ്ങൾ കൂടാതെ സർക്കാറിന് യുക്തമെന്നു തോന്നുന്ന പക്ഷം മറ്റു പ്രമുഖ വ്യക്തികളെ HLECയിൽ ഉപദേശകരായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള ഉപദേശകർ HLECയിലെ അനൗദ്യോഗിക അംഗങ്ങളായിരിക്കും. ഗവണ്മെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ Rebuild Kerala Initiativeന്റെ Chief Executive Officer ആയി നിയമിക്കുന്നതാണ്. CEO ആയിരക്കും HLECയുടെ മെമ്പർ സെക്രട്ടറി.

HLECയുടെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്.

- ഉപദേശക സമിതിയിലും മന്ത്രിസഭയ്ക്ക് മുൻപിലും അവതരിപ്പിക്കുന്നതിന് RKI-IC സമർപ്പിക്കുന്ന പദ്ധതി രൂപരേഖകളുടെ അംഗീകാരം.
- ആവശ്യമെന്നു തോന്നുന്നപക്ഷം നേരിട്ട് പദ്ധതി രൂപരേഖകൾ തയ്യാറാക്കി മന്ത്രിസഭയിൽ സമർപ്പിക്കൽ
- മന്ത്രിസഭ അംഗീകരിച്ച പദ്ധതി രൂപരേഖകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് അംഗീകരിക്കൽ.
- മന്ത്രിസഭ അംഗീകരിച്ച RKI-യുടെ കീഴിലുള്ള വിവിധ പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിനായി മേൽനോട്ടം വഹിക്കുക.
- RKDP നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം
- RKDPക്ക് ആവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്ന കാര്യത്തിൽ സർക്കാരിനെ ഉപദേശിക്കുക.

HLEC നൽകിയ ഭരണാനുമതികളുടെ പട്ടിക അടുത്ത മന്ത്രിസഭാ യോഗത്തിൽ അറിവിലേക്കായി സമർപ്പിക്കേണ്ടതാണ്. ഭരണപരമായ കാര്യങ്ങൾക്കായി CEOക്ക് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ പദവികൂടി ഉണ്ടായിരിക്കും.

കാര്യക്ഷമമായും വേഗത്തിലും തീരുമാനങ്ങളെടുക്കുന്നതിന് HLECയുടെ തീരുമാനമെടുക്കൽ പ്രക്രിയ ഒരു ഓൺലൈൻ സംവിധാനത്തിൽ കൊണ്ടു വരുന്നതാണ്.

### 9.18 റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP)

2018-ലെ പ്രളയാനുഭവത്തിൽ നിന്ന് പാഠമുൾക്കൊണ്ട് ദുരന്ത സാധ്യതകൾ കുറച്ചുകൊണ്ടും അപകടസാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടുമുള്ള ഒരു നവകേരള നിർമ്മാണത്തിനാണ് കേരള റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം ലക്ഷ്യമിടുന്നത്.14 ജില്ലകളിലായി വിവിധ മേഖലകളിൽ വ്യാപിച്ചു കിടക്കുന്ന പുനർ നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, സ്ഥാപനങ്ങളുടെ പുന സംഘടനയും, ഗവേഷണവും, പഠനവും, പുനക്രമീകരണവും, നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണവും നയരൂപീകരണവും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കൽ, സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും കാര്യശേഷി വർധിപ്പിക്കൽ, നിക്ഷേപ ആസൂത്രണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കൽ തുടങ്ങി വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു. ആസ്തികൾ ഭാവി അപകടങ്ങളെ ചെറുക്കാൻ പര്യാപ്തമാണെന്ന് ഉറപ്പുവരുത്തുക, അതായത് പുതിയ നിർമ്മിതികൾ കൃത്യമായ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്തങ്ങളെ നേരിടാൻ പര്യാപ്തമായ രീതിയിൽ നിർമ്മിക്കുക, പുനർനിർമ്മിക്കുമ്പോൾ നിലവിലുണ്ടായിരുന്ന പഴയ സംവിധാനങ്ങളുടെ ദൗർബല്യങ്ങൾ ഒഴിവാക്കിയും അനുകരിക്കേണ്ട മെച്ചപ്പെട്ട അടിസ്ഥാന പഠനങ്ങൾ ഉറപ്പുവരുത്തിയും മുമ്പുണ്ടായിരുന്നതിനേക്കാൾ നല്ലനിലയിൽ നിർമ്മിക്കുക, ആധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക, നിർമ്മിതികളുടെ ദീർഘകാല നിലനിൽപ്പിനും പരിപാലന ചെലവുകൾ നിയന്ത്രിക്കുന്നതിനും സഹായകമായിരിക്കുന്ന ന്യായവും നീതിയുക്തവുമായ പുനരധിവാസ പദ്ധതികൾ നടപ്പാക്കുക, ഒരു ദുരന്തത്തിനിരയായതുകൊണ്ട് ആരും പാർശ്വവൽക്കരിക്കപ്പെടാതിരിക്കുവാൻ ഇക്കാര്യത്തിൽ മതിയായ ശ്രദ്ധ ആവശ്യമാണ്.

പുനർനിർമ്മാണ പ്രക്രിയയുടെ ഒപ്പം തന്നെ അവ നടപ്പാക്കുന്ന സ്ഥാപനങ്ങളുടെ കാര്യശേഷിയും വർധിപ്പിച്ചില്ലെങ്കിൽ പുരോഗതി ഉറപ്പുവരുത്താൻ ആവില്ല. കഴിയുന്നത്രയും ആളുകളുടെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആയിരിക്കും ആർ.കെ.ഡി.പി യിലേക്ക് പദ്ധതികൾ തെരഞ്ഞെടുക്കുന്നത്. മേഖല പ്രാദേശികാടിസ്ഥാനത്തിൽ മാധ്യമ പിന്തുണയോടെ വികസന സെമിനാറുകൾ നടത്തി ആശയങ്ങൾ സ്വീകരിക്കുന്നതാണ്. എംഎൽഎമാരും എംപിമാരും ഈ ചർച്ചകൾക്ക് നേതൃത്വം നൽകുന്നതാണ്. ഇങ്ങനെ ഉയർന്നുവരുന്ന ആശയങ്ങൾ സംസ്ഥാനതലത്തിൽ വിദഗ്ധരടങ്ങുന്ന സമിതി പരിശോധിച്ച് യുക്തമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക മേഖലകളിൽ ചർച്ചകൾ സംഘടിപ്പിക്കുന്നതും ആശയങ്ങൾ ഉരുത്തിരിഞ്ഞു വരുന്നതിന് സഹായിക്കും. കേരളത്തിലെ 14 ജില്ലകളിലും ദുരന്ത ബാധിതമായ ആലപ്പുഴ, എറണാകുളം, തൃശൂർ,വയനാട് എന്നീ ജില്ലകൾക്ക് കൂടുതൽ പരിഗണന നൽകി കൊണ്ട് പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

## 9.17 'നമ്മൾ നമുക്കായി'

കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ആശയങ്ങൾ സൃഷ്ടിക്കുന്നതിനും ജനകീയ അഭിപ്രായങ്ങൾ ആരായുന്നതിനും ആയി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സജ്ജമാക്കുന്നതായി കഴിഞ്ഞ ഭാഗത്ത് പ്രതിപാദിച്ചിരുന്നു. അതാണ് 'നമ്മൾ നമുക്കായി' എന്ന വെബ്സൈറ്റ് പേജ്. പ്രകൃതി സൗഹൃദമായ പുനർനിർമ്മാണം ജനകീയ പങ്കാളിത്തത്തോടെ എന്ന ലക്ഷ്യമാണ് നമ്മൾ നമുക്കായി എന്ന കർമ്മ പദ്ധതി പ്രാദേശികമായി വരുത്തേണ്ട മാറ്റങ്ങൾ ജനങ്ങൾ തന്നെ വിലയിരുത്തുകയും നമ്മൾ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് നമ്മൾ തന്നെ അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഈ അഭിപ്രായങ്ങൾ പഞ്ചായത്ത് / നഗരസഭ ക്രോഡീകരിച്ച് സംസ്ഥാനതലത്തിലേക്ക് കൈമാറുന്നു. സംസ്ഥാനതലത്തിൽ ഈ നിർദേശങ്ങൾ വിദഗ്ധർ ചർച്ച ചെയ്തു തയ്യാറാക്കുന്നു. രാജ്യാന്തര സെമിനാർ ചർച്ച ചെയ്തു ഭാവിപരിപാടികൾ നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കരട് നിയമങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തി പ്രത്യേക നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന് ഇപ്രകാരം മാറ്റംവരുത്താൻ ലക്ഷ്യമിട്ടുള്ള മൂന്ന് ഘടകങ്ങൾ ഉള്ള പ്രക്രിയയാണ് 'നമ്മൾ നമുക്കായി'. ഒരു മാസത്തിനുള്ളിൽ സംസ്ഥാനത്ത് രണ്ട് ലക്ഷം പേർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അതിന്റേതായ ഒരു ദുരന്ത മാനേജ്മെന്റ് പ്ലാൻ തികച്ചും ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കുക എന്ന ഒരു ദൗത്യം നമ്മൾ നമുക്കായി ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്.

## 9.18 ജനകീയ പങ്കാളിത്ത പദ്ധതി

2020–21 ലേക്കുള്ള വാർഷിക പദ്ധതിയിൽ ദുരന്തനിവാരണത്തിനും നവകേരള സൃഷ്ടിക്കും മുൻതൂക്കം നൽകണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാതലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലും കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നി പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായും പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നതാണ് ലക്ഷ്യം. പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമുള്ള പ്രോജക്റ്റുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്. അതിവൃഷ്ടിയും മഴക്കെടുതിയും കാരണം തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ റോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

2020–21 വർഷത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒപ്പം തന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ദുരന്ത മാനേജ്മെന്റ് പ്ലാനു

കളും തയ്യാറാക്കേണ്ടതുണ്ട്. ദുരന്ത മാനേജ്മെന്റ് പ്ലാനിന്റെ കരട് രൂപരേഖ 2020-21 വർഷത്തെ പദ്ധതി ആസൂത്രണത്തിനുള്ള വാർഡ്/ ഗ്രാമസഭ യോഗങ്ങളിൽ ചർച്ച ചെയ്യണം. തുടർന്ന് വാർഷിക പദ്ധതി വികസന സെമിനാറിനു മുമ്പായി ദുരന്തനിവാരണ പ്ലാൻ ചർച്ച ചെയ്യുന്നതിന് പ്രത്യേക വികസന സെമിനാറും സംഘടിപ്പിക്കേണ്ടതുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 ലെ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് ദുരന്ത മാനേജ്മെന്റ് പ്ലാൻ കൂടി കണക്കിലെടുത്തുകൊണ്ട് വേണം..

ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിനും, കാലാകാലങ്ങളിൽ അത് പരിഷ്കരിക്കുന്നതിനും, ദുരന്ത ലഘൂകരണത്തിനും, ദുരന്തനിവാരണത്തിനും, ദുരന്ത മുന്നൊരുക്കങ്ങളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിന്റെയും പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഒരു ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരന്തനിവാരണം, കാലാവസ്ഥ വ്യതിയാനം, മണ്ണ്ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭിച്ചവർ, വൈദഗ്ധ്യമുള്ളവർ, ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിച്ചവർ, ജനകീയാസൂത്രണം റിസോഴ്സ് പേഴ്സൺമാർ, അധ്യാപകർ, സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ പരിശീലന ടീം അംഗങ്ങൾ, കിലയിൽ നിന്നും പരിശീലനം നേടിയവർ, അക്കാദമിക് സ്ഥാപനപ്രതിനിധികൾ, പഞ്ചായത്തിന്റെ ഭൂപ്രകൃതി നന്നായി അറിയുന്നവർ തുടങ്ങിയവരിൽ നിന്ന് ചുരുങ്ങിയത് 20 പേരെങ്കിലും ഉള്ള ഗ്രൂപ്പാണ് രൂപീകരിക്കേണ്ടത്. ഈ ഗ്രൂപ്പിന്റെ ഉത്തരവാദിത്തങ്ങൾ സർക്കാർ ഉത്തരവ് മുഖേന വ്യക്തമാക്കിയിട്ടുണ്ട്.

### 9.19 ദുരന്ത മാനേജ്മെന്റ്

വാർഷിക പദ്ധതിയുമായി കൂട്ടിയിണക്കുന്ന ഒരു സ്കീം ആണ് സർക്കാർ മുന്നോട്ടു വെക്കുന്നത്. ദുരന്ത മാനേജ്മെന്റ് കൈകാര്യം ചെയ്യുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് പൊതുവായ ചർച്ചകളിലൂടെയും, ട്രാൻസെക്ട് വാക്ക് പോലെയുള്ള ഫീൽഡ് പരിശോധനകളിലൂടെയും മുമ്പുണ്ടായ ദുരന്താനുഭവങ്ങളുടെ വെളിച്ചത്തിലും തയ്യാറാക്കുന്ന പദ്ധതി നിർദേശങ്ങൾ വാർഡ്/ ഗ്രാമസഭ തലത്തിൽ ചർച്ച ചെയ്ത ശേഷം 'ദുരന്ത മാനേജ്മെന്റ് പ്ലാൻ' ചർച്ച ചെയ്യുന്നതിനു വേണ്ടി പ്രത്യേകം വിളിച്ചുചേർക്കുന്ന വികസന സെമിനാറിൽ അവതരിപ്പിക്കുന്നു.പല വിഷയങ്ങളിലുള്ള വിദഗ്ധർ അടക്കം പങ്കെടുക്കുന്ന ഈ വികസന സെമിനാറിൽ നടക്കുന്ന ചർച്ചകളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് അന്തിമമാക്കുന്നു. ദുരന്ത മാനേജ്മെന്റ് പ്ലാൻ നിർദ്ദേശങ്ങളാണ് വാർഷിക പദ്ധതിയിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ പരിഗണിക്കേണ്ടത്. ദുരന്ത മാനേജ്മെന്റ് പ്ലാനിലെ നിർദ്ദേശങ്ങൾ ഒരു പ്രത്യേക വിഷയമേഖലയായല്ല പരിഗണിക്കേണ്ടത്. ഈ പ്ലാനിൽ ഉൾപ്പെടുന്ന നിർദ്ദേശങ്ങൾ പല വിഷയ ഗ്രൂപ്പുകളിലും വരുന്നതാകാം. തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതി ഉൾപ്പെട്ട വാർഷിക പദ്ധതി തദ്ദേശസ്വയം ഭരണ സമിതി ചർച്ചയ്ക്ക് വിധേയമാക്കുകയും അംഗീകാരം നൽകുകയും ചെയ്ത ശേഷം ദുരന്ത നിവാരണ പദ്ധതി ഉൾപ്പെടെ പദ്ധതിരേഖ ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു. ഇങ്ങനെ ദുരന്തനിവാരണ

പദ്ധതി കൂടി ഉൾപ്പെട്ട വാർഷിക പദ്ധതികളാണ് സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത്. അതിനുശേഷം ദുരന്തനിവാരണ പദ്ധതി അറിവിലേക്കും അംഗീകാരത്തിനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുന്നു.

### 9.20 Disaster Risk Management Plan

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തിനുമുള്ള ദുരന്ത മാനേജ് മെന്റ് പ്ലാൻ അതാത് പ്രദേശത്തെ ജനകീയ കൂട്ടായ്മയിലൂടെ അതത് പ്രദേശ ങ്ങളുടെ തനത് പ്രത്യേകതകൾ മനസ്സിലാക്കികൊണ്ട് തയ്യാറാക്കുന്നതായി രിക്കണം. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന ഒരു രേഖ ദുരന്ത അപകടസാധ്യത ലഘൂകരണത്തിനാവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിന് ഉപകരിക്കു ന്നത് കൂടാതെ ദുരന്തബാധിത സമയത്ത് ഉടൻ തീരുമാനങ്ങൾ എടുക്കുന്ന തിന് ഉള്ള ഒരു അടിസ്ഥാന രേഖയായി ഉപകാരപ്പെടും. ഏഴ് അധ്യായങ്ങ ളിലായാണ് ദുരന്ത മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത്. ഒന്നാം അധ്യായത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങളാണ് ഉൾക്കൊള്ളേണ്ടത്.

ദുരന്തം മുന്നൊരുക്ക ലഘൂകരണ സമൂഹ ശാക്തീകരണ നടപടികളാണ് രണ്ട്, മൂന്ന്, നാല് അധ്യായങ്ങളിൽ പ്രതിപാദിക്കേണ്ടത്. ദുരന്ത മുന്നൊരു ക്കങ്ങൾ എന്നാൽ ഒരു ദുരന്തം സംഭവിക്കുകയാണെങ്കിൽ അത് നേരിടാൻ വേണ്ട സൗകര്യങ്ങൾ വിലയിരുത്തലും നിലവിലുള്ള സൗകര്യങ്ങളുമായി താരതമ്യപ്പെടുത്തി വിടവുകൾ കണ്ടെത്തി, ഈ വിടവുകൾ ഒഴിവാക്കാനാ വശ്യമായ നടപടികൾ നിർദ്ദേശിക്കലുമാണ്.

അധ്യായം അഞ്ചിൽ ശേഷികളും വിഭവങ്ങളും വിശദീകരിക്കുന്നു. ഒരു പ്രദേശത്തിന് ദുരന്തം നേരിടാൻ ആവശ്യമായ ശേഷികളും വിഭവങ്ങളും ഈ അധ്യായത്തിൽ വിശദമായി വിശകലനം ചെയ്യപ്പെടണം.ദുരന്തരക്ഷാ പ്രവർത്തനങ്ങൾക്കും അതിനുശേഷവും ആവശ്യം വരുന്ന ഉപകരണങ്ങൾ, വാഹനങ്ങൾ (അവയുടെ ലഭ്യത ഉൾപ്പെടെ) എന്നിവ പട്ടികപ്പെടുത്തണം. പ്രാദേശികമായി ലഭ്യമായ മനുഷ്യവിഭവശേഷി (ഉപകരണങ്ങൾ പ്രവർത്തി പ്പിക്കുന്നതിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവർ, ആരോഗ്യരംഗത്ത് പ്രവർ ത്തിക്കുന്നവർ, സന്നദ്ധ സേവനരംഗത്ത് പ്രവർത്തിക്കുന്നവർ) വിശദമായി മാപ്പ് ചെയ്യേണ്ടതുണ്ട്.

അധ്യായം ഏഴിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ചുമതലപ്പെട്ടവരുടെയും വിവരങ്ങൾ ഫോൺ നമ്പർ സഹിതം എളുപ്പം മനസ്സിലാകത്തക്ക രീതിയിൽ പട്ടികയിൽ ഉൾപ്പെടുത്തണം.

# CONTRIBUTORS

**Dr. Joy Elamon**
Director General, Kerala Institute of Local Administration (KILA), Kerala – 680581, director@kila.ac.in
Ph:- 9446521312

**Dr. Sunny George**
Professor, Urban Planning
Kerala Institute of Local Administration (KILA),
Kerala – 680581
george@kila.ac.inPh:- 9446604973

**Mr. K.V. Govindan**
Member, District Planning Committee, Chuzhali P.O.,
Kannur – 670 142
kvgovindan@gmail.com
Ph:- 9447684686

**Mr. Ravi K.K.**
District Facilitator
People's Planning, Ernakulam
ravikkthanal@gmail.com
Ph:- 9446434659

**Mr. K.V. Abdul Malik**
Project Director
IMPACT Kerala (Ltd.)
Second Floor, State Municipal House
Vazhuthacadu,Trivandrum -695 010
kvmalik69@gmail.com
Ph:- 9447193838

**Prof. K. Balagopalan**
Poorna Chandra
Moolankavu P.O.
Sulthan Batheri, Wayanad – 673 592
kbalagopalan@gmail.com
Ph:- 9447188489

**Adv. T.S. Saifudeen**
Corporation Secretary (Rtd.)
Urban Affairs Department
Aroor P.O., Ernakulam
saifdeents@gmail.com
Ph:- 9961881727

**Mr. Subodh S.**
Project Officer
Ayyankali Urban Employment Guarantee Scheme (AUEGS)
O/o the Director of Urban Affairs,
Swaraj Bavan, Nandancode
P.O.,Trivandrum – 695 003
subodhsundaresan@gmail.com
Ph:- 9496743562

**Mr. Ajayakumar P.**
Technical Officer
Haritha Kerala Mission
Trivandrum – 695 004
ajayanhi@gmail.com
Ph:- 9447221655

**Mrs. Saranya S.**
Research Associate
Kerala Institue of Local Administration (KILA),
Kerala – 680581
saranyas@kila.ac.in
Ph:- 8281922799

**Adv. Neha Miriam Kurian**
Programme Co-ordinator
KILA Regional Office
Kumarapuram, Trivandrum
nehakurian@kila.ac.in
Ph:- 8891946654